VII ധനകാര്യം:

2014–15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. ശക്തൻ): സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മാണിസാർ അവതരിപ്പിക്കുന്ന 12–ാമത്തെ ബഡ്ജറ്റും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സാറിന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ നാലാമത്തെ ബഡ്ജറ്റുമാണ്. കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലും നടത്തിയ പ്രഖ്യാപനങ്ങൾ ഒട്ടുമുക്കാലും പ്രാവർത്തികമാക്കിയതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നാലാമത്തെ ബഡ്ജറ്റ് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ദീർഘനാളത്തെ അനുഭവജ്ഞാനവും ധനകാര്യ മാനേജ്മെന്റിന്റെ വൈദഗ്ദ്ധ്യവുംകൊണ്ടാണ് സാമ്പത്തിക മാന്ദ്യവും പണപ്പെരുപ്പവും സൃഷ്ടിച്ച കൊടുങ്കാറ്റുകളെ അതിവിദഗ്ദ്ധമായി അതിജീവിച്ച് ഒരു ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ മാണിസാറിന് കഴിഞ്ഞത്. നമ്മുടെ സംസ്ഥാനം മാത്രമല്ല, ഇൻഡ്യാ രാജ്യം കണ്ട ഏറ്റവും പ്രഗത്ഭനായ ധനകാര്യ വകുപ്പുമന്ത്രിയാണ് മാണിസാർ. 'ഇൻഡ്യൻ രാഷ്ട്രീയത്തിലെ ഹിമവാൻ' എന്ന് വിശേഷിപ്പിക്കുന്നതായിരിക്കും കൂടുതൽ ശരി. കഴിഞ്ഞ പന്ത്രണ്ട് തെരഞ്ഞെടുപ്പുകളിൽ ഒരു നിയോജകമണ്ഡലത്തിൽ നിന്നുതന്നെ തുടർച്ചയായി മത്സരിച്ച് പന്ത്രണ്ടിലും വിജയിച്ച ഒരു ജനനേതാവ്. ഒരു തെരഞ്ഞെടുപ്പിൽ ഒരു നിയോജകമണ്ഡലത്തിൽ മത്സരിച്ചാൽ പിന്നെ ആ നിയോജകമണ്ഡലത്തിൽ നിന്ന് അടുത്ത പ്രാവശ്യം വിജയിക്കണമെന്നുണ്ടെങ്കിൽ പെടുന്നപാട് നമുക്കെല്ലാവർക്കും അറിയാം. പന്ത്രണ്ട് പ്രാവശ്യം ഒരേ നിയോജകമണ്ഡലത്തിൽ മത്സരിച്ച് പന്ത്രണ്ട് പ്രാവശ്യവും വിജയിച്ച ഒരു നേതാവാണ് മാണി

സാർ. അടുത്ത വർഷമാകുമ്പോൾ അതായത് ഇനി ഒരു വർഷംകൂടി കഴിയുമ്പോൾ മാണിസാർ നിയമസഭയിലേയ്ക്ക് ആദ്യമായി തെരഞ്ഞെടുത്തിട്ട് 50 വർഷം തികയാൻ പോകുകയാണ്. കേരളത്തിൽ ഇന്നുവരെ ആർക്കും ഈ ഭാഗ്യമുണ്ടായിട്ടില്ല. എനിക്ക് തോന്നുന്നു, ഇൻഡ്യയിൽത്തന്നെ ആർക്കും തുടർച്ചയായി 50 വർഷം തികയ്ക്കാനുള്ള ഭാഗ്യം ഇതുവരെ ഉണ്ടായിട്ടില്ല, അത് മാണിസാറിന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഏറ്റവും കൂടുതൽക്കാലം എം.എൽ.എ. ആയിരിക്കാൻ കഴിയുന്നത് മാണിസാറിനാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, മറുപടി പറയാനായി അങ്ങ് ഇതെല്ലാം കുറിച്ച് വയ്ക്കുന്നുണ്ടോ?

ശ്രീ. എൻ. ശക്തൻ: സർ, ഈ കാലത്തിനിടയിൽ പകുതിയിൽ കൂടുതൽ കാലവും മന്ത്രി. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായത് ആര് എന്ന് ചോദിച്ചാൽ അതും മാണിസാർ തന്നെയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽകാലം ധനകാര്യ വകുപ്പുമന്ത്രിയായത് ആര് എന്നു ചോദിച്ചാൽ അതും മാണിസാർ തന്നെയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ചത് ആരെന്ന് ചോദിച്ചാൽ അതും മാണിസാർ തന്നെയാണ്. എല്ലാ റിക്കാർഡും മാണി സാറിന് അവകാശപ്പെട്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇങ്ങനെ എല്ലാമുള്ളൊരു നേതാവിനെ ഇതേ സീറ്റിൽത്തന്നെ ഇരുത്താൻ തന്നെയാണോ എല്ലാക്കാലത്തും ഉദ്ദേശിക്കുന്നത്?

ശ്രീ. എൻ. ശക്തൻ: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ച കാര്യത്തിലേയ്ക്ക് ഞാൻ വരികയാണ്. എനിക്കൊരു അഭ്യർത്ഥനയുണ്ട്, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്

ഞാൻ മുഖവിലയ്ക്ക് എടുക്കുകയാണ്. അങ്ങയെപ്പോലെ ഇത്രയും പ്രഗത്ഭ നായ, ഇത്രയും കഴിവുള്ള ഒരു ഭരണാധികാരി, ഒരു ജനനേതാവ് ഒരു സംസ്ഥാനത്ത് മാത്രം പ്രവർത്തിക്കുന്ന ഒരു പാർട്ടിയുടെ നേതാവായാൽ പോര. ഞാൻ വിനയത്തോടുകൂടി അഭ്യർത്ഥിക്കട്ടെ, അങ്ങ് കോൺഗ്രസ്സി ലേയ്ക്ക് വരണം. ഇത്രയും പ്രഗത്ഭനായ നേതാവിന്റെ സേവനം കോൺഗ്ര സ്സിന് വേണം. കോൺഗ്രസ്സിന്റെ ദേശീയ നേതാക്കളിലൊരാളാകണം മാണി സാർ എന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എം. എ. ബേബി: സർ, കോൺഗ്രസ്സിന്റെ അഖിലേന്ത്യാതലത്തി ലുള്ള അവസ്ഥ ഇന്ന് അറിയാം. എല്ലായിടത്തും കോൺഗ്രസ്സ് തകർന്നു കൊണ്ടിരിക്കുകയാണ്. അത്തരം ഒരു സമയത്ത് മാണിസാറിനെ കോൺഗ്ര സ്സിലേയ്ക്ക് ഡെപ്യൂട്ടി സ്പീക്കർ ക്ഷണിക്കുന്നതിന്റെ ഉദ്ദേശ്യം സദുദ്ദേശ്യം തന്നെയാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. എൻ. ശക്തൻ: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് തകരുമെന്ന് ഇവർ പറഞ്ഞു. കോൺഗ്രസ്സ് തകർന്നില്ല. കേന്ദ്രത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽത്തന്നെ ഗവൺമെന്റ് അധികാരത്തിൽ വന്നു. അതിനുമുമ്പുള്ള തെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് അധികാരത്തിൽ വരില്ലെന്ന് നിങ്ങൾ പറഞ്ഞു, കോൺഗ്രസ്സ് അധികാരത്തിൽ വന്നു. ഒരു സംശയവും വേണ്ട, ഈ തെരഞ്ഞെടുപ്പിനുശേഷം കേന്ദ്രത്തിൽ, ഇൻഡ്യ യിൽ കോൺഗ്രസ്സ് അധികാരത്തിൽ വരും. അക്കാര്യത്തിൽ ഒരു സംശ യവും വേണ്ട എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഇടയ്ക്ക് ഞാൻ ഒരു വാക്ക് പറഞ്ഞോട്ടെ, ഒരു വർഷ ത്തിനിടയിൽ ഡെപ്യൂട്ടി സ്പീക്കർക്ക് കിട്ടുന്ന ഏക അവസരമാണ് ഈ പ്രസംഗം. നിങ്ങളെല്ലാവരുംകൂടെ അത് .......

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ ഡെപ്യൂട്ടി സ്പീക്കർക്ക് സമയം കൊടുക്കാം. പക്ഷേ ഒരു കാര്യം, ഇൻഡ്യാ രാജ്യത്ത് ആദ്യമായി രൂപം കൊണ്ട ഒരു റീജിയണൽ പാർട്ടിയായ കേരളാ കോൺഗ്രസ്സിലെ എതിരി ല്ലാത്ത നേതാവാണ് മാണിസാർ. ആ മാണിസാറിനെ തട്ടിയെടുക്കാൻ നിങ്ങൾ ശ്രമിക്കരുത്. അതിന് ഡെപ്യൂട്ടി സ്പീക്കർ കൂട്ടുനിൽക്കരുത് എന്നു കൂടി പറയുകയാണ്. ഒരു കാര്യംകൂടി, നാടാർ സമൂഹത്തിന്റെ ഏറ്റവും ആത്മീയ ആചാര്യനായ വൈകുണ്ഠ സ്വാമികളെ ആദ്യമായി സഭയിൽ അനുസ്മരിച്ചുകൊണ്ട് നടപടി സ്വീകരിച്ചതും അദ്ദേഹത്തിന്റെ നാമധേയം നിലനിർത്താൻവേണ്ടിയുള്ള നടപടിയെടുത്തതും കേരളാ കോൺഗ്രസ്സ് ചെയർമാനായ മാണിസാറിന്റെ ബഡ്ജറ്റിലാണ് എന്ന കാര്യം മറക്കരുത്.

ശ്രീ. എൻ. ശക്തൻ: സർ, എനിക്ക് സമയം തരണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് മാണിസാറിനെ ഇപ്പോൾ ക്ഷണിച്ചു. അങ്ങ് മാണിസാറിന്റെ ഒരു ശിഷ്യനായിരുന്നു. ശിഷ്യൻ പോയ പിറകെ ഗുരുവിനെക്കൂടി അങ്ങ് ക്ഷണിക്കുകയാണോ? എന്നുള്ളതറിഞ്ഞാൽ കൊള്ളാം.

ശ്രീ. എൻ. ശക്തൻ: സർ, എന്റെ രാഷ്ട്രീയ ഗുരു മാണിസാർ തന്നെ യാണ്. ഒരു സംശയവുമില്ല. അത് ഞാൻ ഈ സഭയിലും പരസ്യമായി അംഗീകരിച്ചിട്ടുള്ളതാണ്. ഒരു ശിഷ്യൻ എന്ന നിലയിലാണ് ഞാൻ ബഹുമാ നപ്പെട്ട മാണിസാറിനോട് ഒരു അഭ്യർത്ഥന നടത്തിയത്. അത് ശരിയാണെന്ന് എനിക്ക് തോന്നിയതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇതുപോലെ ഇത്രയും പ്രഗത്ഭനായ ഒരു നേതാവിന്റെ സേവനം ഒരു സംസ്ഥാനത്ത് മാത്രം ഒതുങ്ങിനിന്നാൽ മതിയോ; മാണിസാർ കേരളത്തിൽ മാത്രം ബഡ്ജറ്റ് അവത

രിപ്പിച്ചാൽ മതിയോ? 12 ബഡ്ജറ്റായി. ഈ ഗവൺമെന്റിന്റെ കാലാവധി തീരുമ്പോൾ 14 ബഡ്ജറ്റാകും. മാണിസാർ കേന്ദ്രത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കണ്ടേ? മാണിസാറിന്റെ സേവനം കേരളത്തിന് മാത്രമല്ല, ഇൻഡ്യയ്ക്ക് മുഴുവൻ ലഭിക്കണം. കോൺഗ്രസ്സിന്റെ ദേശീയ നേതാക്കളിലൊരാളായി മാണിസാറും മാറണം. കേന്ദ്രത്തിലും ബഡ്ജറ്റ് അവതരിപ്പിക്കണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ആവശ്യം പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. കെ. എം. മാണിയുടെ കേരള കോൺഗ്രസ്സ് രൂപംകൊണ്ട കാലത്ത് ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും രൂപംകൊണ്ട പ്രാദേശിക കക്ഷികളുടെ നേതാക്കന്മാരെല്ലാം അതാത് സംസ്ഥാനത്ത് മുഖ്യമന്ത്രിമാരായിട്ടുണ്ട്. എന്നാൽ കെ. എം. മാണിസാറിനെ ഒരിക്കലും ഈ കേരളത്തിലെ മുഖ്യമന്ത്രിയാക്കാൻ കോൺഗ്രസ്സ് സമ്മതിക്കില്ല എന്നല്ലേ അങ്ങ് ഉദ്ദേശിക്കുന്ന കാര്യം?

ശ്രീ. എൻ. ശക്തൻ: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, മുഖ്യമന്ത്രിയേക്കാൾ വലിയ സ്ഥാനത്ത് മാണിസാർ വരണമെന്നുള്ളതുകൊണ്ടാണ് ഞാൻ മാണിസാറിനെ കോൺഗ്രസ്സിലേയ്ക്ക് ക്ഷണിച്ചത്. കേരളാ കോൺഗ്രസ്സ് പാർട്ടി കോൺഗ്രസ്സിൽ ലയിക്കണം. അതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇനിയും ഏറ്റവും കുറഞ്ഞത് മൂന്ന് തെരഞ്ഞെടുപ്പിലെങ്കിലും മത്സരിക്കാൻ മാണിസാറിന് കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനേക്കാൾ 10–12 വയസ്സ് മാണിസാറിന് കുറവാണ്. അതുകൊണ്ടുതന്നെ കുറഞ്ഞത് ഒരു മൂന്ന് തെരഞ്ഞെടുപ്പിലെങ്കിലും.......

ശ്രീ. സി. കെ. നാണു: സർ, അങ്ങ് പറഞ്ഞതുപോലെ, ഡെപ്യൂട്ടി സ്പീക്കർക്ക് ആദ്യമായി കിട്ടുന്ന അവസരമാണിത്. ഈ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കക്ഷിയുടെ സീനിയറായ, നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെ പരസ്യമായി അദ്ദേഹത്തിന്റെ പാർട്ടിയിൽ നിന്ന് രാജിവച്ച് വേറൊരു നിലപാട് സ്വീകരിക്കാനായി ഡെപ്യൂട്ടി സ്പീക്കർ നടത്തുന്ന ഈ അഭ്യർത്ഥന രേഖയിലുണ്ടാകാൻ പാടില്ല. നാളെ വായിക്കുന്ന കുട്ടികൾക്ക് ഇത് മാതൃകയാകരുത്. സഭയിൽ എന്തും ഏത് സ്ഥാനത്തിരിക്കുന്ന ആൾക്കും പറയാമെന്നാണോ? ഇവിടെ നാളെ കോടിയേരി ബാലകൃഷ്ണൻ എഴുന്നേറ്റുനിന്ന് എന്നെ അദ്ദേഹത്തിന്റെ പാർട്ടിയിലേയ്ക്ക് ക്ഷണിക്കുക. സി.പി.ഐ.ക്കാർ എഴുന്നേറ്റ് എന്നെ ക്ഷണിക്കുക. അങ്ങോട്ടും ഇങ്ങോട്ടും.......മാർക്കറ്റിൽ വന്നവരാണോ നമ്മൾ; എന്താണ് ഇത്?

ശ്രീ. എൻ. ശക്തൻ: സർ, ബഹുമാനപ്പെട്ട നാണുവേട്ടനെപ്പോലെയുള്ള പ്രഗത്ഭരായ, പരിചയസമ്പന്നരായ ജനപ്രതിനിധികൾ എന്റെ വ്യക്തിപരമായ അഭിപ്രായത്തെ സ്വാധീനിക്കരുത്, അത് നിഷേധിക്കരുത് എന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്.

ശ്രീ. സി. എഫ്. തോമസ്: സർ, ഈ സംസ്ഥാനത്തെ എല്ലാ അവസ്ഥകളും ശരിക്ക് പരിശോധിച്ച്, ഈ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടി ഒരു സംസ്ഥാന പാർട്ടി ആവശ്യമാണെന്നുള്ള നല്ല പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട് പ്രവർത്തിച്ച് മുന്നോട്ടുപോകുന്ന ഒരു പാർട്ടിയെ മറ്റൊരു പാർട്ടിയിലേയ്ക്ക് ക്ഷണിക്കുക എന്നുപറയുന്നത് ഒരു സാമാന്യ മര്യാദയ്ക്ക് നിരക്കുന്നതാണോ?

ശ്രീ. എൻ. ശക്തൻ: സർ, ബഹുമാനപ്പെട്ട സി.എഫ്. സാറെ, കടൽപോലെ കിടക്കുന്ന ഈ പാർട്ടിയിൽ വന്നാൽ കേരളാ കോൺഗ്രസ്സിന് എന്ത്

സംഭവിക്കുമെന്നുള്ള ഉത്കണ്ഠ അങ്ങേയ്ക്ക് ഉണ്ട്. അത് മനസ്സിലാക്കുന്നു. പക്ഷേ ഞാൻ ഒന്ന് പറയട്ടെ, കേരളാ കോൺഗ്രസ്സിലെ നേതാക്കന്മാരെപ്പറ്റി എനിക്ക് നല്ലവണ്ണമറിയാം. കേരളാ കോൺഗ്രസ്സിലെ നേതാക്കന്മാർ നല്ല കഴിവുള്ളവരാണ്. അത്രയും കഴിവുള്ള, ജനസമ്മതിയുള്ള നേതാക്കന്മാർ കോൺഗ്രസ്സിൽ വന്നാലും അവർക്ക് അതേനില നിലനിർത്താൻ കഴിയും, കോൺഗ്രസ്സിന്റെ നേതാക്കന്മാരായി തുടരാൻ കഴിയും. അതുകൊണ്ട് കേരളാ കോൺഗ്രസ്സ് ..........

മി. സ്പീക്കർ: ഡെപ്യൂട്ടി സ്പീക്കർ, അങ്ങ് ഇനി വിഷയത്തിലേയ്ക്ക് വരിക.

ശ്രീ. എൻ. ശക്തൻ: സർ, ഞാൻ വരികയാണ്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. കേരളം കണ്ട ഏറ്റവും കാര്യക്ഷമമായ ഗവൺമെന്റാണ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. ഇതുവരെ ഒരു ഗവൺമെന്റും ചെയ്തിട്ടില്ലാത്ത വികസനവും ക്ഷേമപ്രവർത്തനങ്ങളും ഉമ്മൻ ചാണ്ടി സാറിന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് ചെയ്യുന്നുണ്ട്. അടുത്ത കാലത്ത് ഇൻഡ്യാ ടുഡേ നടത്തിയ ഒരു സർവ്വേയിൽ ഇൻഡ്യയിലെ ഏറ്റവും മികച്ച സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തുകയുണ്ടായി.

ആദ്യമായിട്ടാണ് ഈ ബഹുമതി കേരളത്തിന് ലഭിക്കുന്നത്. ഇതിനുമുമ്പ് ഇങ്ങനെയൊരു ബഹുമതി കേരളത്തിന് ലഭിച്ചിട്ടേയില്ല. ഐക്യരാഷ്ട്രസഭ യുടെ അംഗീകാരംപോലും പിടിച്ചുപറ്റുന്നതിന് നമ്മുടെ മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട മാണിസാറിനും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനത്തോടു കൂടി ഞാൻ ഓർമ്മിക്കുന്നു. മറ്റ് മുഖ്യമന്ത്രിമാർപോലും നമ്മുടെ മുഖ്യ മന്ത്രിയെ അനുകരിക്കുന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. അക്ഷരാർത്ഥത്തിൽ ഊണും ഉറക്കവുമില്ലാതെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും

സമൂഹത്തിന്റെ അടിത്തട്ടിലുള്ള ആരും തിരിഞ്ഞുനോക്കാനില്ലാത്ത പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്ന മുഖ്യമന്ത്രി സത്യത്തിൽ നമുക്ക് അഭിമാനമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടി പാവപ്പെട്ട കുറേ ആളുകൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് മാത്രമല്ല........ കുമാരനാശാൻ പാടിയത് ''മാറ്റുവിൻ ചട്ടങ്ങളെ'' എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാവപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിന് തടസ്സം നിൽക്കുന്ന ചട്ടങ്ങളെല്ലാം ഓരോന്നായി മാറ്റിക്കൊണ്ട്, അതിന് ഗവൺമെന്റ് ഓർഡർ ഇഷ്യൂ ചെയ്തുകൊണ്ട് പാവങ്ങൾക്ക് ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യുന്നുവെന്നുള്ളത് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ തൊട്ടടുത്തിരിക്കുന്ന ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങളോട് ഞാനൊന്ന് ചോദിക്കട്ടെ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് അഞ്ചുവർഷം നിങ്ങൾ അധികാരത്തിലിരുന്നു. നിങ്ങളൊന്ന് സ്വയം തിരിഞ്ഞ് നോക്കണം. ഈ സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികളിൽ ഏതെങ്കിലുമൊന്ന് നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞോ? സ്മാർട്ട് സിറ്റി എടുത്തുനോക്കിയാൽ, അത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങ് നടപ്പിലാക്കാൻ ശ്രമിച്ചതാണ്. ഞാൻ ആ മന്ത്രിസഭയിൽ മന്ത്രിയായിരുന്നു. അന്ന് എല്ലാ നടപടികളും പൂർത്തിയായി ഒപ്പുവയ്ക്കുന്ന ഘട്ടമെത്തിയപ്പോൾ എഗ്രിമെന്റ് വയ്ക്കരുതെന്ന് അന്നത്തെ പ്രതിപക്ഷ നേതാവും പ്രതിപക്ഷവും പറഞ്ഞു. ഈ സ്മാർട്ട് സിറ്റി നടപ്പിലാക്കണം, എഗ്രിമെന്റ് വയ്ക്കണമെന്ന് മന്ത്രിമാരായ ഞങ്ങളെല്ലാം അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞു. പ്രതിപക്ഷം അങ്ങനെയൊരു എതിർപ്പ് പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ കാലത്ത് ഇത് ഒപ്പുവയ്ക്കണ്ട, നമുക്ക് ഇത് അതേപടി വച്ചിട്ടുപോകാം, അടുത്ത് നമ്മൾ

അധികാരത്തിൽ വരികയാണെങ്കിൽ നടത്താം അല്ലെങ്കിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റ് അത് ചെയ്യട്ടേയെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മുഴുവൻ നടപടിയും പൂർത്തിയാക്കി വച്ചതിനുശേഷമാണ് അത് വച്ചിട്ടുപോയത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് കേരളത്തിൽ ഇടതുപക്ഷം അധികാരത്തിൽവന്നു. അഞ്ചുവർഷം നിങ്ങൾ അധികാരത്തിലിരുന്നു. ഈ കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർക്ക് ഇത്രയും പ്രയോജനം ചെയ്യുന്ന കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സ്മാർട്ട് സിറ്റി നടപ്പിലാക്കാൻ അഞ്ചുവർഷം അധികാരത്തിലിരുന്നിട്ട് നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ സ്വയം ചിന്തിക്കണം. നിങ്ങൾക്ക് കഴിഞ്ഞില്ല. അടുത്ത് വീണ്ടും യു.ഡി.എഫ്. അധികാരത്തിൽ വന്നു. അധികം കഴിയുന്നതിനുമുമ്പു തന്നെ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കി. ഇപ്പോൾ അതിന്റെ ഒന്നാംഘട്ടം പ്രവർത്തനം തുടങ്ങാൻ പോകുകയാണ്. അതുപോലെയുള്ള ഒരു സംഭവ മാണ് വിഴിഞ്ഞം തുറമുഖം. നമ്മുടെ കേരളത്തിന്റെതന്നെ മുഖച്ഛായ മാറ്റുന്ന, തിരുവനന്തപുരം ജില്ലയിലെ ഇത്രയും വലിയൊരു വികസനമെന്ന് പറയുന്നത് വേറെയില്ല. ആ വിഴിഞ്ഞം തുറുമുഖ പദ്ധതി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, ഉമ്മൻചാണ്ടിസാർ മുഖ്യമന്ത്രിയായിരി ക്കുന്ന കാലഘട്ടത്തിൽ മുഴുവൻ നടപടിയും പൂർത്തിയാക്കി അന്നത്തെ പ്രധാനമന്ത്രി തറക്കല്ലിടുന്ന ഘട്ടംവരെ ഏതാണ്ട് എത്തിയതാണ്. പെട്ടെന്ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ വിഴിഞ്ഞം തുറുമുഖത്തിന് അതിന്റെ തുടക്കം കുറിക്കാൻ കഴിഞ്ഞില്ല. തുടർന്ന് കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. അഞ്ചുവർഷം നിങ്ങൾ അധികാരത്തിലിരുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് എന്തെങ്കിലും ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞോയെന്ന് സ്വയമൊന്ന് ആലോചിക്കണം. നിങ്ങൾക്ക് ഒന്നും ചെയ്യാൻ

കഴിഞ്ഞില്ല. അഞ്ചുവർഷം നിങ്ങൾ വെറുതെ പാഴാക്കി. വീണ്ടും ഉമ്മൻ ചാണ്ടി സാർ അധികാരത്തിൽ വന്നു, യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുകയാണ്. കേരളത്തിന്റെ സ്വപ്ന പദ്ധതിയിൽ, മുഖച്ഛായ മാറ്റാവുന്ന ഏറ്റവും നല്ല വികസന പരിപാടി അതിപ്പോൾ ചെയ്യുന്നു. അതുപോലെയല്ലേ കൊച്ചി മെട്രോ; അത് യാഥാർത്ഥ്യമാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; അഞ്ചുവർഷം അധികാരത്തിലിരുന്നില്ലേ; വെറുതേ വച്ചിരുന്നില്ലേ? മോണോ റെയിൽ കോഴിക്കോടും തിരുവനന്തപുരത്തും...... ഇങ്ങനെ എത്രതന്നെ ഉദാഹരണം വേണമെങ്കിലും എടുത്തുപറയാൻ കഴിയും. ഇടതുപക്ഷം അധികാരത്തിലിരുന്നപ്പോൾ ഒന്നും ചെയ്യാൻ കഴിയാതെ പോയതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം ചെയ്തതിൽ ഏറ്റവും നല്ല കാര്യമായി ഞാൻ കാണുന്നത് ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കാൻ തീരുമാനിച്ചതാണ്. 25 കിലോ അരി ബി.പി.എൽ. വിഭാഗത്തിലുള്ള മുഴുവൻ ആളുകൾക്കും കൊടുക്കുകയാണ്. 25 കിലോയും കൊടുക്കുന്നു. കിട്ടുന്നില്ലായെന്ന് നിങ്ങളൊരു വ്യാപകമായ പ്രചരണം നടത്തുന്നു. ഇന്ന് രാവിലെയും എനിക്ക് ബന്ധമുള്ള റേഷൻകട ഉടമകളെ വിളിച്ച് സംസാരിച്ചു. 25 കിലോ അരിയും കൊടുക്കുന്നുണ്ട്. ഏറ്റവും മോശമായ അരി കൊടുക്കുന്നുവെന്നാണ് അടുത്ത് അവർ നടത്തിയ ഒരു പ്രചരണം. മോശമായത് എന്നല്ല, ഏറ്റവും നല്ല അരിയാണ് കൊടുക്കുന്നതെന്നാണ് ഇന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ജയ അരിയേക്കാൾ........ ഇവിടുത്തെ ഏറ്റവും പ്രധാനപ്പെട്ട സമ്പന്നൻമാർ ഉപയോഗിക്കുന്ന അരിയേക്കാൾ ഏറ്റവും നല്ല അരിയാണ് ഇന്ന് റേഷൻകടകളിലൂടെ ഒരു കിലോ അരിക്ക് ഒരു രൂപാവച്ച് കൊടുക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ

ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു കിലോ അരി മൂന്ന് രൂപയ്ക്ക് കൊടുക്കാൻ തീരുമാനിച്ചു. എപ്പോഴാണ് തീരുമാനിച്ചത്? ആ ഗവൺമെന്റ് അധികാരത്തിൽവന്ന ഉടനെ തീരുമാനിച്ചില്ല. അവർ നാലര വർഷം ഭരിച്ചിട്ട് അടുത്ത തെരഞ്ഞെടുപ്പിലേയ്ക്ക് പോകുന്നതിന് തൊട്ടുമുമ്പ് വോട്ട് പിടിക്കുന്നതിനുവേണ്ടി ഒരു തെരഞ്ഞെടുപ്പ് പ്രചരണ ആയുധമായി തെരഞ്ഞെടുപ്പിന് രണ്ടു മാസം കിടന്നപ്പോൾ ആ പദ്ധതി നടപ്പിലാക്കി. നിങ്ങൾക്ക് അത് കൊടുക്കാൻ കഴിഞ്ഞോ; എത്ര ജില്ലയിൽ കൊടുക്കാൻ കഴിഞ്ഞു? നിങ്ങൾ പേരിന് കൊണ്ടുവന്നു. പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻതന്നെ അഞ്ചുവർഷവും കൊടുക്കാനാണ് തീരുമാനിച്ചത്. ഒരു കിലോ അരി ഒരു രൂപയ്ക്ക്, 25 കിലോ അരി ഈ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അരിയുടെ വില വർദ്ധിച്ചുവെന്ന് നിങ്ങൾ കഴിഞ്ഞ കുറേക്കാലമായി ഒരു വലിയ പ്രചരണം നടത്തുന്നല്ലോ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന അരി വിലയേക്കാൾ അൽപ്പം വില ഇപ്പോൾ കുറഞ്ഞിട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങൾ അന്വേഷിച്ച് നോക്കൂ. ഇന്നും നാളെയും മറ്റെന്നാളും ഈ ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ഇവിടെ നടക്കുന്നുണ്ടല്ലോ. നിങ്ങൾ പുറത്തുള്ള അരിയുടെ വിലയൊന്ന് അന്വേഷിച്ച് നോക്കണം. മൂന്ന് വർഷമായി അരിയുടെ വില അൽപ്പംപോലും വർദ്ധിപ്പിക്കാതെ പിടിച്ചുനിർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. കാരുണ്യ ലോട്ടറിയിലൂടെ........ ഞാൻ ബഡ്ജറ്റിലേയ്ക്ക് വരുന്നുണ്ട്. ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഒന്നിരിക്കണം. കാരുണ്യ ലോട്ടറിയിലൂടെ 27275 പേർക്ക് സഹായം കൊടുക്കുന്നതിന് കഴിഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ലോട്ടറി

എവിടെ കൊണ്ടുപോയി? സാന്റിയാഗോ മാർട്ടിൻ അടക്കമുള്ളവർ കൊണ്ടുപോയ ലോട്ടറിയെ തിരിച്ചുകൊണ്ടുവന്ന് 286 കോടി രൂപ ഈ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് വിതരണം നടത്തുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. മൂന്ന് സെന്റ് ഭൂമിവീതം പാവപ്പെട്ടവർക്ക് കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ലക്ഷക്കണക്കിന് ആളുകൾക്ക് കൊടുക്കുന്നു. ഒരു കാര്യം എടുത്തുപറയട്ടേ, ആന പ്രസവിച്ചാൽ അടുത്ത് നിൽക്കുന്ന മൃഗങ്ങൾപോലും അത് അറിയില്ല. പക്ഷേ ഒരു കോഴി മുട്ടയിട്ടാൽ പുരപ്പുറത്ത് കയറിനിന്ന് കൂവി നാട്ടുകാരെ മുഴുവൻ അറിയിക്കും. അതുപോലെയാണ് യു.ഡി.എഫ്. ഇത്രയും നല്ല കാര്യങ്ങൾ ചെയ്തിട്ടും അത് ആരും അറിയുന്നില്ല. ഇടതുപക്ഷം ഒരു ചെറിയ കാര്യം ചെയ്താൽപ്പോലും നാട്ടുകാരെ അറിയിക്കും. ഞാൻ ബഡ്ജറ്റിലേയ്ക്ക് വരികയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, കേരളത്തിന്റെ നട്ടെല്ലെന്ന് പറയുന്നത് കർഷകരാണ്. ആ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ആശ്വാസം പകരുന്ന ഒട്ടേറെ നല്ല പ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ള ഒരു ബഡ്ജറ്റാണ് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെതന്നെ പാവപ്പെട്ട കുടുംബങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പെൺകുട്ടികൾക്ക് ലാപ്ടോപ്പ് സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചത് ഏറ്റവും വലിയ കാര്യമായി ഞാൻ കാണുകയാണ്. അച്ഛനും അമ്മയുമില്ലാത്ത കുട്ടികളുടെ പ്ലസ് ടുവരെയുള്ള പഠനച്ചെലവ് ഗവൺമെന്റ് വഹിക്കാൻ ഈ ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ട്. അത് ഏറ്റവും നല്ല കാര്യമാണ്. രോഗികൾക്ക് ചികിത്സയ്ക്ക് മാസംതോറും 1,000 രൂപാവീതം കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റാണ്. അത് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഇതിനേക്കാൾ വലിയൊരു സഹായ

പദ്ധതിയുണ്ടോ? 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ചികിത്സക്ക് ആവശ്യമായ ചെലവ് മുഴുവൻ ഗവൺമെന്റ് കൊടുക്കുകയാണ്. ഏറ്റവും വിവാദമായ ഗ്യാസിനുപോലും 41 രൂപ 32 പൈസ കുറച്ചുകൊടുത്ത ഒരു ബഡ്ജറ്റാണ് ഇത്.

ഇത്രയും കൂടുതൽ ക്ഷേമപെൻഷനുകൾ നൽകിയ, പാവപ്പെട്ടവർക്കും സമൂഹത്തിന്റെ അടിത്തട്ടിലുളളവർക്കും ഇത്രയും വാരിക്കോരി കൊടുത്ത മാണി സാറിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡയാലിസിസ് നടത്തുന്ന വൃക്ക രോഗികൾക്ക് ഒരു സഹായവും ഉണ്ടായില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ അവർക്ക് പ്രതിമാസം 525 രൂപ വീതം ആദ്യം കൊടുത്തു, പിന്നീട് അത് 900 ആക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ പാവപ്പെട്ട വൃക്ക രോഗികൾക്ക് 1100 രൂപ വീതം മാസം തോറും കൊടുക്കുമെന്ന് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു. ക്യാൻസർ രോഗകൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നൽകിയിരുന്ന 200 രൂപ ധനസഹായം ഈ ഗവൺമെന്റ് വന്നപ്പോൾ 525 രൂപയാക്കി. പിന്നീടത് 800 രൂപയായും ഇപ്പോൾ 1000 രൂപയായും വർദ്ധിപ്പിച്ചിരിക്കുന്നു. 200 രൂപയുണ്ടായിരുന്ന പെൻഷൻ 1,000 രൂപയാക്കി മാറ്റിയിരിക്കുന്നു. ഏതെങ്കിലും കാലഘട്ടത്തിൽ ഇങ്ങനെ നടന്നിട്ടുണ്ടോ? കുഷ്ഠരോഗികൾക്ക് നൽകിയിരുന്ന 200 രൂപയുടെ സഹായം ഇപ്പോൾ 1,000 രൂപയാക്കിയിരിക്കുന്നു. അതുപോലെ ക്ഷയരോഗികൾക്ക് വളരെ തുച്ഛമായ പെൻഷൻ ഉണ്ടായിരുന്നത് 1,000 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ/എയ്ഡഡ് അന്ധ–ബധിര വിദ്യാലയങ്ങളിലെ വിദ്യാർത്ഥി

കൾക്ക് നൽകുന്ന ഗ്രാന്റ് 1,000 രൂപയാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ഒരു ഗ്രാന്റില്ലായിരുന്നു. അനാഥാലയങ്ങളിലെ അന്തേവാസികൾ പ്രതിമാസം 800 രൂപ വീതം ഗ്രാന്റ് നൽകും. 80 വയസ്സ് കഴിഞ്ഞ പാവപ്പെട്ട, വാർദ്ധക്യം ബാധിച്ചവർക്കുള്ള പെൻഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 300 രൂപയായിരുന്നത് ഇപ്പോൾ 1,200 രൂപയാക്കിയിരിക്കുന്നു. ഇങ്ങനെയുള്ള പെൻഷനുകൾക്കൊക്കെ സാധാരണ വരുത്തുന്ന വർദ്ധനവ് പത്തോ, അമ്പതോ, നൂറോ രൂപയായിരിക്കും. പക്ഷേ 300 രൂപ എന്നത് മൂന്ന് വർഷം കൊണ്ട് 1,200 രൂപയാക്കി വർദ്ധിപ്പിച്ചു. ഇതുപോലെ മുഴുവൻ പെൻഷനും വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു കാര്യം പറയട്ടെ, കാറൽ മാർക്സ് ഇത് അറിയുകയാണെങ്കിൽ ശവക്കല്ലറയിൽ നിന്നും എഴുന്നേറ്റുവന്ന് ഉമ്മൻ ചാണ്ടി സാറിനും മാണി സാറിനും ഷേക്ക്ഹാൻഡ് കൊടുക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. സമൂഹത്തിന്റെ അടിത്തട്ടിലുള്ള പാവങ്ങൾക്ക് അത്രമാത്രം ആനുകൂല്യങ്ങൾ കൊടുക്കുന്ന ഒരു ബഡ്ജറ്റാണിത്. ഇതുപറയുമ്പോഴും ബഹുമാനപ്പെട്ട മാണി സാറിനോട് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. ഓട്ടോറിക്ഷയുടെ ടാക്സിൽ വരുത്തിയിട്ടുള്ളത് ചെറിയ വർദ്ധനവാണെങ്കിലും അതുകൊണ്ട് വന്നിരിക്കുന്ന മെസ്സേജ് വലുതാണ്. ഓട്ടോറിക്ഷയ്ക്ക് ടാക്സ് കൂട്ടിയെന്ന് ഇപ്പോൾ വ്യാപകമായ പ്രചരണം നടക്കുകയാണ്. ഇതിന്റെ ഫലമായി യാത്രക്കാരുടെ കൈയിൽ നിന്നും കൂടുതൽ പണം വാങ്ങാൻ തുടങ്ങിയിരിക്കുന്നു. ഓട്ടോറിക്ഷയിൽ സഞ്ചരിക്കുന്നത് പാവപ്പെട്ട ആളുകളാണ്. ഈ സമൂഹത്തിലെ സമ്പന്നന്മാരല്ല. പാവപ്പെട്ട ആളുകളിൽ നിന്നും ഓട്ടോറിക്ഷാക്കാർ കൂടുതൽ തുക വാങ്ങുമെന്നതുകൊണ്ട് അതിൽ നിന്നും കിട്ടുന്ന വരുമാനം വേണ്ടെന്നുവയ്ക്കാൻ തയ്യാറാ

കണം. അതിൽനിന്നും കാര്യമായ വരുമാനം ഗവൺമെന്റിന് കിട്ടുന്നില്ല. ഓട്ടോറിക്ഷയ്ക്കുള്ള ടാക്സ് ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : പത്ത് സീറ്റുള്ള പുഷ്ബാക്ക് കോൺട്രാക്ട് കാര്യേജിന് ഒരു വർഷം കൊടുക്കേണ്ടത് 2,80,000 രൂപയാണ്. ഓട്ടോറിക്ഷയുടെ കാര്യം പറഞ്ഞതുപോലെ കോൺട്രാക്ട് കാര്യേജിന്റെ കാര്യം കൂടി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ശക്തൻ : ബഹുമാനപ്പെട്ട എ. കെ. ബാലൻ, 300 രൂപയുണ്ടായിരുന്ന പെൻഷൻ 1,000-ഉം 1200-ഉം രൂപയുമാക്കി വർദ്ധിപ്പിച്ചു. അതുപോലെ തന്നെ പാവപ്പെട്ടവർക്ക് ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്നു. ഇതിനുള്ള സാമ്പത്തികം വേണമെങ്കിൽ എവിടെയെങ്കിലും അല്പം വർദ്ധനവ് വരുത്തേണ്ടിവരും. അതുപോലെ, ഇപ്പോൾ മണൽ കിട്ടാനില്ലാതെ നിർമ്മാണമേഖലയാകെ സ്തംഭിച്ചിരിക്കുന്നു. അതുകൊണ്ട് പാവപ്പെട്ടവർ വളരെയധികം ഉപയോഗിക്കുന്ന എം. സാൻഡിന്റെ വില വർദ്ധിക്കാതിരിക്കുന്നതിന് അങ്ങ് ശ്രദ്ധിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ 100 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള വീടുകളെ നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്, അത് 150 സ്ക്വയർ മീറ്ററെങ്കിലുമാക്കിമാറ്റണം. 1,500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾ വയ്ക്കുന്നവരെ പാവപ്പെട്ടവരായി കണ്ടുകൊണ്ട് അവർക്ക് കൂടുതൽ ടാക്സ് വരാതെ ശ്രദ്ധിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഒന്നുരണ്ട് ചെറിയ ആവശ്യങ്ങൾ കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ സാമൂഹ്യ പരിഷ്ക്കർത്താവായ വൈകുണ്ഠം സ്വാമിക്ക് സ്മൃതി മണ്ഡപം നിർമ്മി

ക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ദീർഘവർഷങ്ങളായി ഗവൺമെന്റിന് മുമ്പിൽ സമർപ്പിച്ചിരിക്കുന്ന ഒരു ആവശ്യമാണിത്. അതുപോലെതന്നെ വൈകുണ്ഠം സ്വാമി അന്തർദേശീയ പഠന ഗവേഷണ കേന്ദ്രത്തിന് തുക അനുവദിച്ചെങ്കിലും അത് കുറവാണ്, വർദ്ധിപ്പിക്കണം. കാര്യമായ ഒരു വർദ്ധനവ് വൈകുണ്ഠം സ്വാമി അന്തർദേശീയ പഠന ഗവേഷണ കേന്ദ്രത്തിന് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഒരാവശ്യം കൂടി ഞാൻ സമർപ്പിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഗവൺമെന്റ് പോളിടെക്നിക് അനുവദിച്ചുതരണമെന്നാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറിനോടും മാണി സാറിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനാവശ്യമായ അഞ്ചേക്കർ വസ്തുവും ആ പോളിടെക്നിക്കിനാവശ്യമായ മുഴുവൻ കെട്ടിടങ്ങളും നൽകാൻ ഞങ്ങൾ തയ്യാറാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. നമ്മൾ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ മുമ്പിലാണ്. ഈ ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞാൽ നമ്മളെല്ലാം പാർലമെന്റ് തെരഞ്ഞെടുപ്പിലേയ്ക്ക് പോകും. ഇവിടെ എന്റെ പ്രസംഗം തുടങ്ങിയപ്പോൾത്തന്നെ പല സംശയങ്ങളും ബഹുമാന്യരായ അംഗങ്ങൾക്കുണ്ടായി. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഇന്ത്യയിൽ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന പ്രധാന നിയമങ്ങളിലൊന്നാണ് ഭക്ഷ്യസുരക്ഷാ നിയമം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇത്രയും വിപ്ലവകരമായ, പാവപ്പെട്ടവർക്ക് പ്രയോജനം ചെയ്യുന്ന ഒരു കാര്യം വേറെയുണ്ടായിട്ടില്ല. ഇന്നൊരു ചായ കുടിക്കണമെങ്കിൽ പത്ത് രൂപ കൊടുക്കണം. അതേസമയം ആറ് രൂപയും കൊണ്ട് പോയാൽ മൂന്ന് രൂപയ്ക്ക് ഒരു കിലോ അരിയും, രണ്ട് രൂപയ്ക്ക് ഒരു കിലോ ഗോതമ്പും, ഒരു രൂപയ്ക്ക് ഒരു കിലോ

പയറും വാങ്ങാൻ സാധിക്കും. ആറ് രൂപ കൊടുത്താൽ ഒരു കിലോ അരിയും ഒരു കിലോ ഗോതമ്പും ഒരു കിലോ പയറും വാങ്ങി തിരിച്ചുവരാനുള്ള സംവിധാനം ഇന്നുണ്ട്. നിങ്ങളുടെ എം.പി. മാരും തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസിനെ സപ്പോർട്ട് ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. പിന്നെ എന്തിനാണ് വെറുതേ ബഹളമുണ്ടാക്കുന്നത്? ഈ തെരഞ്ഞെ ടുപ്പിൽ കോൺഗ്രസ് തന്നെയാണ് വിജയിച്ചുവരേണ്ടത്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുക വഴി പട്ടിണിയില്ലാത്ത ഒരു രാജ്യമായി ഇന്ത്യ മാറി. ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. രാജ്യത്ത് വലിയ മാറ്റങ്ങൾ വന്നു. ഇതിനെല്ലാം ജനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ പ്രതികരിക്കും. കോൺഗ്രസിന് അനുകൂലമായ ഒരു തെരഞ്ഞെടുപ്പായിരിക്കുമിത്. തെരഞ്ഞെടുപ്പു കഴിഞ്ഞ് കേന്ദ്രത്തിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു പുതിയ ഗവൺമെന്റ് വരു മ്പോൾ ആ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യാൻ കേരളത്തിലെ ഇടതുപ ക്ഷവും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകു പ്പുമന്ത്രിയെ ഞാനും അഭിനന്ദിക്കുകയാണ്. ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ കാരണം കൊണ്ടല്ല. ഞാനടക്കമുള്ള എല്ലാവരെയും പറഞ്ഞുപറ്റിച്ച ആ വൈഭ വത്തെ എങ്ങനെയാണ് അഭിനന്ദിക്കാതിരിക്കുന്നത്? കഴിഞ്ഞ രണ്ട് ബഡ്ജറ്റ് പ്രസംഗങ്ങൾ വായിച്ചുനോക്കിയപ്പോഴാണ് ഈ തോന്നലെനിക്കുണ്ടായത്. കേരള സർക്കാരിന്റെ ധനസ്ഥിതി സുസ്ഥിരമാണ്, അതിന്റെ സാധ്യതകളെ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയും മറ്റു മന്ത്രിമാരും ഉപയോഗപ്പെടുത്തു ന്നില്ല എന്നുള്ളതാണ് ഞാനെടുത്ത നിലപാട്. പക്ഷേ, ഇത്തവണത്തെ ബഡ്ജറ്റ് കണക്ക് കിട്ടിയപ്പോഴാണ് സുസ്ഥിരമെന്നു പറഞ്ഞ കാര്യങ്ങളെ,

ചിന്തിച്ചിരുന്ന കാര്യങ്ങളെ, പത്തുവർഷം കൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരും എൽ.ഡി.എഫ്. സർക്കാരും ഉണ്ടാക്കിയ നേട്ടങ്ങളെ എങ്ങനെയാണ് ഒരുവർഷം കൊണ്ട് പൊളിച്ചടുക്കിയതെന്ന് മനസ്സിലായത്. 2012–13–ൽ റവന്യൂ കമ്മി വെറും 3500 കോടി രൂപ മാത്രമാണ് എന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രസംഗിച്ചു, നമ്മളത് വിശ്വസിച്ചു. സ്വഭാവികമായി ആ കണക്കിനെ മുഖവിലയ്ക്കെടുക്കുമ്പോൾ, ഒരു സംശയവും വേണ്ട റവന്യൂ കമ്മി ഒരു ശതമാനംപോലുമില്ലാതെ 2014–15 ഒരു മിച്ച ബഡ്ജറ്റായി മാറുമെന്ന് ഞങ്ങൾ വിചാരിച്ചു. എന്നാൽ ഇപ്പോൾ കണക്ക് വന്നപ്പോൾ എന്താണ് കാണുന്നത്? 3500 കോടി രൂപയല്ല, 9351 കോടി രൂപയാണ് കമ്മി. എങ്ങനെ ഈ മറിമായം വന്നു എന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രസംഗിക്കുമ്പോൾ ഒരു പ്രാവശ്യമെങ്കിലും വിശദീകരിക്കേണ്ടതല്ലേ? ഈ ബഡ്ജറ്റിലും അതുതന്നെ ആവർത്തിച്ചിരിക്കുന്നു. ഇവിടെ പറഞ്ഞിട്ടുള്ള 7131 കോടി രൂപയുടെ കമ്മിയല്ല, 10000–നും 14000–നുമിടയ്ക്കുമുള്ള കമ്മി വരുമെന്ന കണക്ക് പറഞ്ഞപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് അത് ഐസക്കിന്റെ എസ്റ്റിമേറ്റ്, ഇത് ഞങ്ങളുടെ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് കമ്മിറ്റി പരിശോധിക്കും, പ്രതീക്ഷിക്കുന്ന വരുമാനം കൂടുകയും കുറയുകയും ചെയ്യും എന്നാണ്. ഇത് എന്റെ കണക്കല്ല, എന്റെ എസ്റ്റിമേറ്റല്ല, ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലെ എസ്റ്റിമേറ്റാണ്. പ്രസംഗത്തിൽ പറയുന്ന കണക്കും അക്കൗണ്ട്സിലെ കണക്കും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ഏത് കണക്കാണ് ഞങ്ങൾ സ്വീകരിക്കേണ്ടത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം, അങ്ങയുടെ പ്രസംഗത്തിൽ നാലാമത്തെ പാരഗ്രാഫിൽ നമ്മുടെ വരുമാന വളർച്ചാ നിരക്ക് 11 ശതമാനമാണെങ്കിലും വിവിധ വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും

നടപ്പിലാക്കിയത് മുഖാന്തിരം സംസ്ഥാനത്തിന്റെ ചെലവിനത്തിൽ 20 ശതമാനത്തോളം വർദ്ധനവ് ഈ വർഷമുണ്ടായിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഡിസംബർ വരെ മുൻവർഷത്തെ അപേക്ഷിച്ച് 11 ശതമാനം വരുമാന വളർച്ചയും 20 ശതമാനം ചെലവും എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ വരുമാനം 11 ശതമാനമല്ല 24 ശതമാനം വർദ്ധിക്കുമെന്നാണ് അക്കൗണ്ട്സിൽ പറഞ്ഞിരിക്കുന്നത്. വരുമാനം കൂട്ടിവച്ചു. അതുപോലെ ചെലവ് 20 ശതമാനമല്ല, 14 ശതമാനമേ വർദ്ധിക്കൂ എന്നാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട ധനമന്ത്രി, ഞാൻ അങ്ങേയ്ക്ക് വഴങ്ങാം. അങ്ങ് എഴുന്നേറ്റുനിന്ന് പ്രസംഗത്തിലെ കണക്കാണോ അക്കൗണ്ട്സിലെ കണക്കാണോ ശരി എന്ന് മറുപടി പറയണം. അങ്ങേയ്ക്കത് പറയാൻ കഴിയുമോ; ഇങ്ങനെയുള്ള ഒരു ബഡ്ജറ്റ് ആരെങ്കിലും കണ്ടിട്ടുണ്ടോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഡോ. തോമസ് ഐസക്, അങ്ങ് പറയുന്നതാണ് ശരിയെന്ന് അഹങ്കരിക്കേണ്ടതില്ല. എനിക്ക് പറയാനുള്ളതെല്ലാം കുറിച്ചുവയ്ക്കുന്നുണ്ട്, റിപ്ലൈ സ്പീച്ചിൽ പറയുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏതായാലും ബഡ്ജറ്റ് പ്രസംഗത്തിലെ കണക്കാണോ അക്കൗണ്ട്സിലെ കണക്കാണോ ശരി എന്നുള്ളതറിയാൻ ഞങ്ങൾ കാത്തിരിക്കാം. ഇപ്പോൾ മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് കിട്ടിയിട്ടുണ്ട്. അതു വായിച്ചുനോക്കുമ്പോൾ എന്താണ് മനസ്സിലാകുന്നത്. അടുത്ത വർഷം റവന്യൂ കമ്മി പൂജ്യമാക്കാൻ നമ്മൾ നിശ്ചയിച്ചിരുന്നതാണ്, അങ്ങനെ ആകില്ലെന്നത് പോകട്ടെ, രണ്ടോ മൂന്നോ വർഷം കഴിയുമ്പോൾ ആകുമോ; ഇല്ല. 2015–16–ലും 2016–17–ലുമുള്ള കണക്ക് നോക്കൂ,

റവന്യൂ കമ്മി 1.22 ശതമാനമെന്ന് നിശ്ചയിച്ചുവച്ചിരിക്കുകയാണ്. കഴിഞ്ഞ 20 വർഷക്കാലമായി റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരുകൾ അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ചെയ്തു, ഞങ്ങളും ചെയ്തു. പക്ഷെ, ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസമെന്നത്, അന്ന് ശ്രീ. എ. കെ. ആന്റണി ചെലവ് ഞെരുക്കി കമ്മി ഇല്ലാതാക്കാൻ ശ്രമിച്ചു, ജനങ്ങൾ എതിർത്തു. ഞങ്ങൾ വരുമാനം കൂട്ടി കമ്മി ഇല്ലാതാക്കാൻ ശ്രമിച്ചു, കമ്മി കുറച്ചുകൊണ്ടുവന്നു. ഞങ്ങൾ അധികാരത്തിൽ നിന്ന് പോകുന്ന വർഷം റവന്യൂ കമ്മി 1.36-ൽ എത്തി. പിറ്റേ വർഷം ശമ്പളപരിഷ്ക്കരണമായതുകൊണ്ട് അത് കൂടുമെന്നറിയാം, ഞങ്ങളാരും വിമർശിക്കുന്നില്ല. പക്ഷേ, കേരളത്തിന്റെ ചരിത്രത്തിൽ എപ്പോഴും ശമ്പളപരിഷ്ക്കരണം കഴിഞ്ഞാൽ പിറ്റേ വർഷം മുതൽ റവന്യൂ കമ്മി കുറയും. എന്നാൽ ഇവിടെ ഉണ്ടായിരിക്കുന്നത്, 2012-13-ൽ റവന്യൂ കമ്മി 2.6 ശതമാനമായി കൂടിയിരിക്കുന്നു. ഈ വർഷത്തെ കമ്മി 3 ശതമാനത്തിനപ്പുറമാണെന്ന് ഞാൻ പറയുന്നു. അതാണ് ഞാൻ പറഞ്ഞത്, ഫിസ്കൽ കൺസോളിഡേഷന്റെ കടയ്ക്കൽ കത്തി വച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തെ നേട്ടങ്ങളെ മുഴുവൻ ഇല്ലാതാക്കിയിരിക്കുകയാണ്. എന്നിട്ട്, നിങ്ങൾ ചെലവഴിക്കുന്നു, കൃഷിക്കാരെ സഹായിക്കുന്നു എന്ന ഭാവമാണ്. ഒരു പ്രമുഖപത്രത്തിൽ വന്ന കാർട്ടൂൺ - ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കർഷകനൃത്തം ചെയ്യുന്നു, അതു കണ്ട് അമ്പരന്നിരിക്കുകയാണ് മുഖ്യമന്ത്രിയും ഞാനും. നിങ്ങൾ എത്ര തുകയാണ് കൃഷിക്ക് വച്ചിട്ടുള്ളതെന്ന് ഞാൻ പരിശോധിച്ചു. പ്ലാനിന്റെ അക്കൗണ്ട് ഞങ്ങൾക്ക്

തന്നിട്ടുണ്ടല്ലോ, വാചകമടിയല്ല, പണമെത്ര വച്ചിട്ടുണ്ട് എന്നുള്ളതാണ്. കേട്ടോളൂ, 2012–13–ൽ മൊത്തം പ്ലാനിന്റെ 8.09 ശതമാനം, 2013–14–ൽ മൊത്തം പ്ലാനിന്റെ 7.38 ശതമാനം, ഇപ്പോഴത്തെ ബഡ്ജറ്റിൽ, 2014–15–ൽ മൊത്തം പ്ലാനിന്റെ 8.69 ശതമാനം – എവിടെയാണ് വർദ്ധനവുള്ളത്? ഇവിടെ ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ കാര്യമെടുക്കാം, എല്ലാമെടുക്കുന്നില്ല, എല്ലാമെടുത്താൽ വളരെ രസകര മാണ്. കർഷകരക്ഷാ പരിപാടികൾ – അപ്പുറത്തിരിക്കുന്ന ആരെയും ഞാൻ വെല്ലുവിളിക്കുന്നു – ഈ പറയുന്നതിൽ ഏതെങ്കിലുമൊന്ന് നടപ്പിലാക്കിയിട്ടു ണ്ടെങ്കിൽ എഴുന്നേറ്റുനിന്നു പറയണം. ഒന്ന്, ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നു – എവിടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. രണ്ട്, എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത കാർഷിക വായ്പ ഉറപ്പാക്കും – കൊടുത്തതുപോലും നിർത്തലാക്കുകയല്ലേ ചെയ്തത്? മൂന്ന്, കാർഷിക വായ്പാ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്. നാല്, അഡ്വാൻസായി പറഞ്ഞേക്കാം, ഇത് ചെയ്തിട്ടുണ്ട് – കാർഷികാദായ നികുതിയിൽ നിന്ന് വ്യക്തികളെ ഒഴിവാക്കും. അടുത്തത്, സംയോജിത കൃഷിത്തോട്ട പദ്ധതി, ഹൈടെക് ഫാമുകൾ പത്തെണ്ണം വീതം പതിനായിരം – എവിടെയുണ്ട്? തീർന്നില്ല, മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ പതിനാലെണ്ണം – എവിടെ യാണ് തുടങ്ങിയത്? നെല്ല് സംഭരണത്തിന് റിവോൾവിംഗ് ഫണ്ടിലേയ്ക്ക് അഡ്വാൻസ് കൊടുക്കുമെന്ന് പറഞ്ഞു, കൊടുത്തില്ല. ഞങ്ങൾ ഫയൽ മൂവ് ചെയ്തിട്ടുണ്ടെന്ന് ശ്രീ. കെ.പി. മോഹനൻ നിയമസഭയിൽ പറഞ്ഞതാണ്. കർഷക ഉത്പാദകസംഘങ്ങളും കർഷക മാർക്കറ്റുകളും ഇപ്പോൾ പുതിയ തായി മിൽമ മോഡലായി അവതരിപ്പിച്ചിട്ടുണ്ട്. ജൈവ കൃഷിക്ക് കേരളാ

ബ്രാൻഡ് ഇത്തവണയും പ്രഖ്യാപിച്ചിട്ടുണ്ട്. തെങ്ങിൽ നിന്നുള്ള നീര ഉത്പാദനം, കൃഷിക്കാർക്ക് സമഗ്ര വിള ഇൻഷ്വറൻസ്. ശ്രീ. വി.ഡി. സതീശൻ ഇതു കഴിഞ്ഞ് സംസാരിക്കുന്നുണ്ടല്ലോ, അപ്പോൾ ഇതിനെല്ലാം മറുപടി പറയണം, ധനകാര്യ വകുപ്പുമന്ത്രി ഇനി മറുപടി പറയുമ്പോൾ മാത്രമേ വാ തുറക്കുകയുള്ളൂ. പറയുന്ന എല്ലാ കാര്യങ്ങളും നടപ്പാക്കാൻ കഴിയില്ല – പുതിയ പദ്ധതികളാണ്, പക്ഷെ ഭാവിയിലെങ്കിലും നടപ്പിലാക്കേണ്ടതല്ലേ; ഈ വർഷത്തെ ലാസ്റ്റ് ബാച്ച് സപ്ലിമെന്ററി ഡിമാന്റ്സ് ഗ്രാന്റല്ലേ ഇരിക്കുന്നത്? ശ്രീ. വി. ഡി. സതീശൻ അതൊന്ന് വായിച്ച് നോക്കിയിട്ട് ഈ പറഞ്ഞ സ്കീമുകളിൽ ഏതെങ്കിലും ഒന്നിന് ടോക്കൺ പ്രൊവിഷനെങ്കിലും വച്ചിട്ടുണ്ടെങ്കിൽ പറയണം. മാണിസാർ ഇങ്ങനെ കൃഷിക്കാരെ പറഞ്ഞു പറ്റിക്കരുത്. മറുപടിയുണ്ടെങ്കിൽ ആരെങ്കിലും പറയൂ, ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടോ? ഞാൻ വെല്ലുവിളിക്കുകയാണ്. അതിൽ ആകെ വരുന്ന പ്രധാനപ്പെട്ട കാര്യം റബ്ബർ മാർക്കറ്റ് ഫെഡിന് കൊടുക്കുന്ന തുകയാണ്. അതല്ലാതെ എസ്.ഡി.ജി.യിൽ വേറെ എന്തുണ്ട്?

ശ്രീ. കെ. അച്ചുതൻ: സർ, ഞാൻ പ്രസിഡന്റായ തത്തമംഗലം കാർഷിക സഹകരണ ബാങ്കിൽ നിന്നും കർഷകർക്ക് പലിശരഹിത വായ്പ കൊടുക്കുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: അത് എനിക്കറിയില്ല. പക്ഷേ, എനിക്കറിയാവുന്ന കാര്യമുണ്ട്. നെൽക്കൃഷിക്ക് കൊടുത്തുകൊണ്ടിരുന്ന പലിശരഹിത വായ്പ ഇപ്പോഴില്ല. നിങ്ങളുടേത് നല്ല ബാങ്കാണ്, ബാങ്കിൽ നിന്ന് കാശ് എടുത്ത് പലിശ സബ്സിഡി കൊടുക്കുന്നുണ്ടാകാം. വെജിറ്റബിൾ കൃഷി ചെയ്യുന്നതിന് നാല് ശതമാനം പലിശയ്ക്ക് വായ്പ കൊടുത്തിരുന്നത് ഇപ്പോഴില്ല. കുടുംബശ്രീക്ക് സബ്സിഡി കൊടുത്തിരുന്നു, ഇപ്പോൾ കൊടു

ക്കുന്നില്ലെന്നു മാത്രമല്ല ജില്ലാ ബാങ്കിൽ ഷെയറെടുത്തില്ലെങ്കിൽ ഇനി കൊടുക്കുകയില്ല എന്ന സ്ഥിതിയിലായി. ഷെയർ എടുക്കാൻ തയ്യാറായപ്പോൾ വച്ചിരിക്കുന്ന ഡിമാന്റ് കുടുംബശ്രീക്ക് ഇതുവരെ കൊടുത്തിട്ടുള്ള പണത്തിന്റെ അനുപാതത്തിൽ ഷെയറെടുക്കണമെന്നതാണ്. ആർക്കെങ്കിലും എടുക്കാൻ കഴിയുന്നതാണോ? ഇതാണ് ചെയ്തിരിക്കുന്നത്. ശ്രീ. കെ. അച്ചുതന്റെ ബാങ്ക് നല്ല ബാങ്കാണ്, ബാങ്കുകളായാൽ അങ്ങനെ വേണം. പക്ഷേ, ആ നഷ്ടം സഹിക്കാൻ എല്ലാവർക്കും കഴിയണമെന്നില്ല. സർക്കാർ നിങ്ങൾക്ക് എന്തെങ്കിലും പലിശ സബ്സിഡി നൽകിയിട്ടുണ്ടോ, അതാണ് പ്രശ്നം.

ഇനി ഈ വർഷത്തെ ബഡ്ജറ്റിലെ കർഷകരക്ഷാ പരിപാടികൾ വായിക്കാം, ഇതെല്ലാം അങ്ങ് നൃത്തം ചെയ്ത് പറയുന്ന കാര്യങ്ങളാണ്. ഇതിന് ആർക്കെങ്കിലും വിശദീകരണം പറയാനുണ്ടെങ്കിൽ പറയണം. മാണിസാറിനും പറയാവുന്നതാണ്, അവസാനത്തേക്ക് മാറ്റിവയ്ക്കേണ്ട. കർഷകർക്ക് 90% സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയാവകാശവും കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്ത് ഇൻഷ്വറൻസ് നടത്തിയാലും കൃഷിക്കാരന് എങ്ങനെയാണ് വില നിശ്ചയിക്കാൻ സാധിക്കുന്നത്? പ്രാഥമിക എക്കണോമിക്സ് അറിയാവുന്ന ആരെങ്കിലും ഇതിനെക്കുറിച്ച് വ്യക്തമാക്കണം. കൃഷിക്കാരുടെ എണ്ണം ലക്ഷക്കണക്കിനാണ്. ഇൻഷ്വറൻസ് വാങ്ങാൻ വരുന്നത് രണ്ടോ മൂന്നോ പേരാണ്. നിങ്ങൾ ചെയ്യേണ്ടിയിരുന്നത് വില നിശ്ചയിക്കാനുള്ള അവകാശം കൊടുക്കലല്ല, തറവില പ്രഖ്യാപിക്കുകയെന്നുള്ളതാണ്. നിങ്ങൾ ഈ വർഷത്തെ പ്ലാൻ ഒന്നു വായിക്കണം. അതിൽ പഴയ ക്രോപ് ഇൻഷ്വറൻസിനെക്കുറിച്ചെല്ലാം പറഞ്ഞിട്ടുണ്ട്. അതുമായി യാതൊരു ബന്ധവുമില്ലാതെ ഒരു പുതിയ ഇൻഷ്വറൻസ് സ്കീം ഈ ബഡ്ജ

റ്റിൽ കൊണ്ടുവന്നിരിക്കുകയാണ്. ഇതിനായി 50 കോടി രൂപയാണ് പ്രൊവിഷൻ വച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ഷിബു ബേബി ജോൺ ഇവിടെയുണ്ടായിരുന്നെങ്കിൽ ഹെൽത്ത് ഇൻഷ്വറൻസ് പ്രീമിയമായി എത്ര തുക കൊടുക്കേണ്ടിവരുമെന്ന് ചോദിക്കാമായിരുന്നു. ഞാൻ പറയുന്നു, 200 കോടിയിലധികം രൂപ വേണ്ടിവരും. അപ്പോഴാണ് കേരളത്തിലെ മൊത്തം കൃഷിക്കാർക്കും ഇൻകം ഗ്യാരന്റി ചെയ്തുകൊണ്ട് ഇൻഷ്വറൻസ് നൽകുന്നതിനായി 50 കോടി രൂപ മാറ്റിവച്ചിരിക്കുന്നത്, ഇതെങ്ങനെ ശരിയാകും?

ശ്രീ. കെ. എം. മാണി : ബഡ്ജറ്റിൽ 100 രൂപ വച്ചാൽ പോലും ആതറൈസേഷൻ കൊടുക്കാവുന്നതാണ്. 50 കോടി രൂപ ഉൾപ്പെടുത്തിയാൽ അത് 100 കോടിയോ 150 കോടി രൂപയോ ആക്കാൻ ഒരു പ്രയാസവുമില്ല. We can additionally authorise any amount. 50 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ; അതല്ലേ റിയലിസ്റ്റിക്ക് എന്നു പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക് : കഴിഞ്ഞ വർഷം 20 കോടി രൂപയാണ് വച്ചത്. എന്നിട്ട് ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഗ്രാന്റിൽ ഇൻഷ്വറൻസ് സ്കീമിന് ടോക്കൺ പ്രൊവിഷൻ പോലും വച്ചിട്ടില്ലല്ലോ. എന്തുകൊണ്ടാണ് വയ്ക്കാത്തതെന്ന് ഞാൻ വ്യക്തമാക്കാം– റവന്യൂ കമ്മി ഇത്രയും നില്ക്കുമ്പോൾ എസ്.ഡി.ജി.–യിൽ വേറെ എന്തെങ്കിലും ഉൾപ്പെടുത്താൻ ഒരു ഫിനാൻഷ്യൽ സെക്രട്ടറിയും സമ്മതിക്കുകയില്ല. ഇതുതന്നെയാണ് അടുത്ത വർഷവും ആവർത്തിക്കാൻ പോകുന്നത്. കേരളത്തെ ഹൈടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നതിന് 200 കോടി രൂപ വകയിരുത്തുന്നുവെന്ന് പറഞ്ഞിരിക്കുന്നു. ഈ തുകകൊണ്ട് ചെയ്യുന്ന കാര്യങ്ങളെക്കു

റിച്ചും അങ്ങയുടെ ബഡ്ജറ്റിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്, അത് ഞാൻ വായിക്കാം.

(എ) പോളി ഹൗസുകളുടെ ചെലവിന്റെ 90 % വായ്പ – പോളി ഹൗസിന് 90% തുക ബാങ്കിൽ നിന്ന് വായ്പ ലഭിക്കും, 10% കൃഷിക്കാർ മുടക്കും. അതിനുവേണ്ടി അങ്ങ് പ്രത്യേകമായി ഒന്നും കൊടുക്കേണ്ട ആവശ്യമില്ല.

(ബി) വായ്പ മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്ന കർഷകർക്ക്/സംഘടനകൾക്ക് എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം സബ്സിഡി – അത് അങ്ങ് കൊടുക്കേണ്ടതാണ്. പക്ഷേ ഇത് ബാക്ക് എൻഡ് സബ്സിഡിയാണ്, മുതലും പലിശയും മുഴുവൻ തിരിച്ചടച്ചു കഴിയുമ്പോൾ കൊടുത്താൽ മതി, ഇപ്പോൾ പണം കൊടുക്കേണ്ട ആവശ്യമില്ല.

(സി) സൗജന്യ വൈദ്യുതി – ഇതിനും അങ്ങ് പണം കൊടുക്കേണ്ട ആവശ്യം വരുന്നില്ല.

(ഡി) കെട്ടിട നികുതി ഇളവ് – അത് പഞ്ചായത്താണ് കൊടുക്കുന്നത്.

(ഇ) ഇതോടൊപ്പം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും സ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നുമുള്ള എല്ലാ സാമ്പത്തിക സഹായങ്ങളും അഗ്രി കാർഡ് വഴി ലഭ്യമാക്കുന്നതാണ്. – ഇതിനും തുകയൊന്നും ചെലവഴിക്കേണ്ടതില്ലല്ലോ. ഇങ്ങനെ ഒരു പൈസ പോലും ചെലവില്ലാത്ത പദ്ധതിക്ക് 200 കോടി രൂപ ഉദാരമായി വകയിരുത്തിയിരിക്കുന്നു. ഈ പറഞ്ഞ പദ്ധതിക്ക് എവിടെയാണ് നിങ്ങൾ 200 കോടി രൂപ ചെലവാക്കുന്നതെന്ന് വ്യക്തമാക്കണം. ഇതെല്ലാം ഒരുതരത്തിൽ ജനങ്ങളെ കബളിപ്പിക്കുന്ന പരിപാടിയാണ്, ഇതാണ് ബഡ്ജറ്റിൽ എഴുതിവച്ചിരിക്കുന്നത്. അതേ സമയം നിങ്ങൾ

പറയുന്ന ഇൻഷ്വറൻസ് സ്കീമിനാണെങ്കിൽ 300 – 400 കോടി രൂപ വരെ വേണ്ടിവരുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. താങ്ങുവിലയേക്കാൾ ഉൽപ്പന്ന വില താണു കഴിഞ്ഞാൽ ഇൻഷ്വറൻസ് തുക കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയൊരവസ്ഥ വന്നാൽ സാധാരണ ചെയ്യുന്നത് ബഫർ സ്റ്റോക്ക് ചെയ്യുകയാണ്. നിങ്ങൾ അത് ചെയ്യുന്നില്ല ഇൻഷ്വറൻസ് കമ്പനി വില തന്നുകഴിഞ്ഞാൽ കർഷകർക്ക് തുക കൊടുക്കുമെന്നാണ് പറയുന്നത്. എന്നുപറഞ്ഞാൽ ഇത്രയും തുക ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കണമെങ്കിൽ 400–500 കോടി രൂപ ചെലവ് വരും, ആ സ്ഥാനത്താണ് 50 കോടി രൂപ വച്ചിരിക്കുന്നത്. ഇതിൽനിന്ന് മനസ്സിലാകുന്നത് ഇത് ആരോ എഴുതിക്കൊടുത്ത ബഡ്ജറ്റാണെന്നാണ്. പ്ലാനിംഗ് ബോർഡിന്റെ ഈ വർഷത്തെ പ്ലാൻ ഞാൻ പരിശോധിച്ചപ്പോൾ നിങ്ങൾ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ഒരു കർഷകരക്ഷാ പരിപാടിയും അതിൽ ഉൾപ്പെട്ടിട്ടില്ല. ഗഹനമായിട്ടുള്ള ചിന്തയോ പരിശോധനയോ ഇല്ലാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഒരു ആശയം വരുന്നു, ആശയത്തിന് പത്തോ നൂറോ കോടി രൂപ വയ്ക്കുന്നു, നമ്മടെ മാധ്യമങ്ങളിലെല്ലാം വലിയ പ്രചാരണം വരുന്നു. ഈ രീതിയിലുള്ള വചകമടി ശരിയല്ല. സ്റ്റേറ്റ് ഇൻഷ്വറൻസുവഴി രണ്ട് ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുമെന്ന് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഷിബു ബേബി ജോൺ ഇവിടെ ഇല്ലാത്തത് ഭാഗ്യമായി. ആരോഗ്യ ഇൻഷ്വറൻസ് ഇപ്പോൾത്തന്നെ 29 ലക്ഷംപേർക്ക് കൊടുക്കുന്നുണ്ട്. ആർ.എസ്.ബി.വൈ. യൂണിവേഴ്സലാക്കുകയാണ് ചെയ്യേണ്ടത്. വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് കൊടുക്കുന്നതിനെക്കുറിച്ച് പറയുകയാണെങ്കിൽ, ചെറുകിട കർഷകരുടെ പെൺകുട്ടികൾക്കാണ് ലാപ്ടോപ്

കൊടുക്കുന്നത്, അതും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്നവർക്ക് മാത്രം. ഇത് കൊടുക്കേണ്ടതില്ലെന്ന അഭിപ്രായമെനിക്കില്ല, എല്ലാ പെൺകുട്ടികൾക്കും കൊടുക്കണമെന്നാണ് പറയുന്നത്. നമ്മുടെ നാട്ടിലെ ബി.പി.എൽ. വിഭാഗത്തിലുള്ളവരുടെയും, എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരുടെയും, കർഷകത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും കശുവണ്ടിത്തൊഴിലാളികളുടെയും മക്കൾക്കും കൊടുക്കണം. ഈ കാര്യങ്ങളെക്കുറിച്ചൊന്നും ചിന്തിക്കാതെയാണ് ഈ സ്കീം പറഞ്ഞിരിക്കുന്നത്. കാർഷികോത്പന്ന വിപണനത്തിന് സംഘങ്ങൾക്ക് അഞ്ചുലക്ഷം രൂപവരെ പലിശരഹിത വായ്പ കൊടുക്കുമെന്ന് . ബഡ്ജറ്റിലെ 14-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നു. ഇപ്രാവശ്യം മിൽമയുടെ പ്രവർത്തന മാതൃകയിലാണ്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 20 കോടി രൂപ എവിടെപ്പോയി? ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുമെന്ന് പറയുന്നു, കഴിഞ്ഞ വർഷം അങ്ങ് പ്രഖ്യാപിച്ച റിസ്ക് ഇൻഷ്വറൻസിന്റെ മറ്റൊരു രൂപമല്ലേ ഇത്? ചെറുകിട ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്ന കാര്യത്തെക്കുറിച്ചും പറയുന്നുണ്ട്. ഇതുപോലെയാണ് ഓരോ കാര്യങ്ങളെക്കുറിച്ചും പറയുന്നത്. നമുക്കൊക്കെ അപ്പപ്പോൾ തോന്നുന്ന കാര്യങ്ങൾ എഴുതി പ്രഖ്യാപിക്കുകയും എസ്.ഡി.ജിയിൽ ടോക്കൺ പ്രൊവിഷൻ പോലും വയ്ക്കാതിരിക്കുകയും ചെയ്യുക എന്നത് ഒരു ബഡ്ജറ്റിന്റെ രീതിയാണോ? ഒന്നുരണ്ടു കാര്യങ്ങൾകൂടി വ്യക്തമാക്കിയിട്ട് ഞാൻ അവസാനിപ്പിക്കാം. മോട്ടോർ വാഹനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളെല്ലാം വിലക്കയറ്റം സൃഷ്ടിക്കും, അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വർക്ക്സ് കോൺട്രാക്ടിനെക്കുറിച്ച് അങ്ങ് ഗൗരവത്തിൽ

ചിന്തിക്കണം. വർക്ക് കോൺട്രാക്ട്സിൽ, കോമ്പൗണ്ട് ചെയ്യുന്നവർക്ക് 3% നികുതി ഏർപ്പെടുത്തിയരിക്കുകയാണ്. പുറത്തു നിന്ന് നിർമ്മാണ സാധനങ്ങൾ കൊണ്ടുവന്നാൽ പതിന്നാലര ശതമാനം നികുതി കൊടുക്കണമൊയിരുന്നു. ഇപ്പോൾ അത് ആറ് ശതമാനമായി ഏകീകരിച്ചു. ഇതിൽ നിന്നും വ്യക്തമാകുന്നത് രണ്ടു ശതമാനം സി.എസ്.റ്റി.യും കൊടുത്ത് ഇവിടെ സാധനങ്ങൾ കൊണ്ടുവന്നാൽ ഡെവലപേഴ്സിന് എട്ടു ശതമാനം ലാഭം ലഭിക്കുമെന്നാണ്. പിന്നീട് നമ്മുടെ നാട്ടിൽ നിന്ന് ആരെങ്കിലും സിമന്റോ സ്റ്റീലോ ഗ്രാനൈറ്റോ മാർബിളോ എന്തെങ്കിലും വാങ്ങുമോ? ഇപ്പേൾത്തന്നെ ആരെങ്കിലും വീട് വയ്ക്കുകയാണെങ്കിൽ സ്വന്തം ഉപയോഗത്തിന് പുറത്തുനിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവരും. ഇനി വരാൻ പോകുന്നത് ഡെവലപേഴ്സും പുറത്തുനിന്ന് സാധനം വാങ്ങിക്കും എന്നതാണ്, എന്തിനാണ് ഇത് ചെയ്യുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ : എട്ട് മിനിട്ട് കൂടുതലായി.

ഡോ. ടി.എം. തോമസ് ഐസക് : വെളിച്ചെണ്ണയെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്തിനാണ് ബാക്കിയുള്ള എണ്ണകൾക്കെല്ലാം നികുതി വയ്ക്കുന്നത്? ഇതും കൃഷിക്കാരുടെ പ്രശ്നമാണ്. കേര കർഷകരെ സഹായിക്കുന്നതിന് വെളിച്ചെണ്ണയ്ക്ക് സബ്സിഡി കൊടുത്താൽ മതിയല്ലോ. റേഷൻ കടകൾ വഴി 20 രൂപ പാമോയിലിന് സസബ്സിഡി നൽകുന്നുണ്ട്. വെളിച്ചെണ്ണയ്ക്ക് 10 രൂപ സബ്സിഡി വയ്ക്കുകയാണെങ്കിൽ വിലക്കയറ്റമൊഴിവാക്കി കൃഷിക്കാരെ സഹായിക്കാമല്ലോ. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല, നികുതി കാര്യങ്ങളെക്കുറിച്ച് ഇനി സന്ദർഭം ഉണ്ടാകുമ്പോൾ പറയാം. ഏതായാലും ഞാൻ അഭിനന്ദിച്ചതിന്റെ കാര്യം മാണി സാറിന് മനസ്സിലായിക്കാണും.

ഇങ്ങനെ ഒന്നുമില്ലായ്മയിൽനിന്ന് വലിയൊരു മായാ സ്വപ്നമുണ്ടാക്കാൻ സാധിക്കുന്നത് ഒരു പ്രത്യേക വൈഭവമാണ്.

ശ്രീ. കെ എം. മാണി : ഈ പ്രശംസ ഞാൻ അങ്ങേയ്ക്ക് തിരിച്ചു തരുന്നു. യാതൊരു അടിസ്ഥാനവുമില്ലാതെ, ഒന്നുമില്ലായ്മയിൽ നിന്ന് ഇങ്ങനെയൊരു പ്രശ്നം കെട്ടിപ്പൊക്കാനുള്ള അങ്ങയുടെ വൈഭവം പ്രശംസനീയമാണ്. എനിക്ക് നൽകിയ പ്രശംസ ഞാൻ അങ്ങേയ്ക്ക് നൽകുന്നു.

ഡോ. ടി. എം. തോമസ് ഐസക്: മാണി സാർ തരുന്ന എല്ലാ പ്രശംസയും സന്തോഷപൂർവ്വം സ്വീകരിക്കുന്നു. ബഡ്ജറ്റിൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാം നടപ്പാക്കണമെന്നാണ് എന്റെ അഭിപ്രായം. പ്ലാനിംഗ് ബോർഡുമായി ആലോചിച്ച് അടുത്ത എസ്.ഡി.ജി.യിൽ ഇതിനൊക്കെ പണം ഉൾക്കൊള്ളിക്കുമെന്നാണ് ഞാൻ കരുതുന്നത്. 2013-2014-ൽ സി & എ. ജിയുടെ റിപ്പോർട്ട് വരുമല്ലോ; അന്നും ഞങ്ങളൊക്കെ ഉണ്ടാകും, ഞങ്ങളും അത് പരിശോധിക്കുന്നതാണ്. ഏതായാലും സാറിന്റെ ഈ പണി കാണുമ്പോൾ, വരാൻപോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പോടെ രാഷ്ട്രീയം തീരുമോയെന്ന് എനിക്കൊരു ശങ്ക തോന്നുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷവും മന്ത്രിയായി ഈ നിയമസഭയിൽ വരുമെന്നും ഇവിടത്തെ പഴയ കണക്കിനെക്കുറിച്ചെല്ലാം ന്യായീകരിക്കേണ്ടിവരുമെന്നുള്ള ചിന്ത അങ്ങയിൽ കാണാത്തതുകൊണ്ട് സംശയിച്ചുപോയതാണ്. ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷവും രാഷ്ട്രീയം ഉണ്ടെന്ന് വിചാരിക്കുകയാണ് നല്ലത്.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്തുണയ്ക്കുന്നു. സാധാരണ നിയമസഭാ തെരഞ്ഞെടുപ്പും പാർലമെന്റ് തെരഞ്ഞെടുപ്പും വരുന്നതിനുതൊട്ടുമുമ്പായി അവതരിപ്പിക്കപ്പെടുന്ന ബഡ്ജ

റ്റുകളിലെല്ലാം വലിയ മത്താപ്പും പൂത്തിരിയുമെല്ലാം കത്തിച്ച് ജനങ്ങളെ കബളിപ്പിക്കുന്ന ധാരാളം പ്രഖ്യാപനങ്ങൾ നടത്തി ജനപ്രിയ ബഡ്ജറ്റെന്നു വരുത്തി യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കുന്ന ബഡ്ജറ്റുകളാണ് കേരളത്തിൽ എന്നും അവതരിപ്പിക്കപ്പെട്ടിട്ടുളളത്. പക്ഷെ ഈ ബഡ്ജറ്റിന്റെ തുടക്ക ത്തിൽത്തന്നെ സംസ്ഥാനം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി യെക്കുറിച്ചും കഴിഞ്ഞ വർഷത്തെ നമ്മുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴി യാത്തതിനെക്കുറിച്ചും വളരെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ഒരു വശത്ത് നമ്മൾ ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്ന നിരക്കിൽ 8.53 ശതമാനം സാമ്പത്തിക വളർച്ച നേടിയപ്പോൾ മറുവശത്ത് നമുക്കറിയാം, ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി നമ്മുടെ രാജ്യം ഒരുപാട് സാമ്പത്തിക പ്രശ്നങ്ങളെ നേരിടുകയാണ് എന്നുള്ള കാര്യം. അതുകൊണ്ടു തന്നെ നമ്മൾ ഉദ്ദേശിച്ചതുപോലെയുള്ള നികുതിവരുമാനം നമുക്കുണ്ടായി ട്ടില്ല. അതേയവസരത്തിൽ നികുതി വരുമാനം കുറഞ്ഞപ്പോൾ ചെലവ് ചുരുക്കാനല്ല ഈ ഗവൺമെന്റ് ശ്രമിച്ചത്. യഥാർത്ഥത്തിലുള്ള വികസന പദ്ധതികൾക്കും അടിസ്ഥാന വികസന പദ്ധതികൾക്കും ക്ഷേമ പദ്ധതി കൾക്കും യാതൊരുവിധ ചോർച്ചയുമുണ്ടാകാതെ നടപ്പിലാക്കാനാണ് ശ്രദ്ധി ച്ചത്. അതിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റായിരുന്നു ഈ ഗവൺമെന്റ് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് വളരെ പ്രയാസ കരമായ സാമ്പത്തിക സാഹചര്യങ്ങളിൽപ്പോലും ചെലവുകൾ വെട്ടിച്ചുരു ക്കാൻ ഈ ഗവൺമെന്റ് ഒരിക്കലും ശ്രമിച്ചിട്ടില്ല. 1550 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളാണ് ഇപ്പോൾ മുന്നോട്ടുവയ്ക്കുന്നത്. വിഭവ സമാഹ രണം അനിവാര്യമായ ഒരു ഘട്ടത്തിലാണ് നമ്മൾ എത്തിനിൽക്കുന്നത്.

നമുക്ക് കൂടുതൽ പണം കണ്ടെത്തിയേ മതിയാകൂ. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്, നികുതി വരുമാനം കുറയുന്ന കാര്യത്തെക്കുറിച്ചൊക്കെ സൂചിപ്പിച്ചു. നമുക്കെല്ലാവർക്കും ഓർമ്മയുണ്ടാകും, 2004–ൽ ആണ് 'വാറ്റ് നിയമം' ആദ്യമായി നിയമസഭ പാസ്സാക്കിയത്. അന്ന് വാറ്റ് നിയമത്തെ അതിശക്തിയായി എതിർത്ത ഒരാളാണ് ഡോ. ടി. എം.തോമസ് ഐസക്. അത് കേരളത്തിന് നാശമായിരിക്കുമെന്ന് അന്ന് അദ്ദേഹം പറഞ്ഞു. അന്ന് ഞങ്ങൾ ജൂനിയർ മെമ്പർമാരായിരുന്നു. പക്ഷെ ഞങ്ങളുടെ പരിമിതമായ അറിവുവച്ചുകൊണ്ട് ഞങ്ങൾ പറഞ്ഞു, രണ്ടുമൂന്ന് വർഷക്കാലത്തേയ്ക്ക് നഷ്ടം വരും, അത് കേന്ദ്ര സർക്കാർ നികത്തും, അതിനുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വൻവർദ്ധനവാണ് ഉണ്ടാകാൻ പോകുന്നതെന്ന്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി.ഡി. സതീശൻ എപ്പോഴും എല്ലായിടത്തും ഇത് പറയുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. വാറ്റിന്റെ എഫിഷ്യൻസിയെക്കുറിച്ചായിരുന്നില്ല തർക്കം. ഞങ്ങളുടെ തർക്കം ഫിസ്ക്കൽ ഓട്ടോണമി ഓഫ് ദി സ്റ്റേറ്റ് ഗവൺമെന്റ് ആയിരുന്നു. നിങ്ങൾക്ക് നിരക്കുകളിൽ മാറ്റം വരുത്താനും അധിക വിഭവ സമാഹരണം നടത്താനുമെല്ലാമുള്ള എല്ലാ അവകാശങ്ങളും ഇല്ലാതാകുന്നതുകൊണ്ടാണ് എതിർത്തത്. അല്ലാതെ എഫിഷ്യൻസി, സെൽഫ് പോളിസി സിസ്റ്റം എന്നിവയെക്കുറിച്ച് തർക്കമില്ലായിരുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, അങ്ങുതന്നെ വാറ്റിന്റെ ഷെഡ്യൂൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റി, പന്ത്രണ്ടര ശതമാനം എന്നുള്ളത് 20 ശതമാനംവരെയാക്കി പുതിയ ഷെഡ്യൂളുകൾ ഉണ്ടാക്കിയ ആളാണ്. എന്ത് ഓട്ടോണമി

യാണ് വാറ്റിൽ നഷ്ടപ്പെട്ടത്. അങ്ങയുടെ ഭരണകാലത്ത് അങ്ങയുടെ ബഡ്ജറ്റിൽത്തന്നെ 20 ശതമാനം ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: അയൽ സംസ്ഥാനങ്ങളുടെ നിരക്കിൽ നിന്നും വ്യത്യസ്തമായി വാറ്റ് കൊണ്ടുവന്നാൽ ട്രേഡ് അങ്ങോട്ട് പോകും. അവിടെ നിങ്ങൾക്ക് ആ ചോയിസില്ല.

ശ്രീ. വി.ഡി. സതീശൻ: ഇപ്പോഴുമുണ്ടല്ലോ. ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ സ്വർണ്ണത്തിന് ഒരു ശതമാനമാണ് നികുതി. എന്നാൽ കേരളത്തിൽ അത് 5 ശതമാനമല്ലേ. നമ്മൾ വരുമാനം ഉണ്ടാക്കാൻവേണ്ടി കോമ്പൗണ്ടിംഗ് സിസ്റ്റം ഉൾപ്പെടെ പല സിസ്റ്റവും കൊണ്ടുവന്നു. കോമ്പൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരാനും ഒരു ഷെഡ്യൂളിൽനിന്നും മറ്റൊരു ഷെഡ്യൂളിലേയ്ക്ക് മാറ്റാനുമൊക്കെയുള്ള പൂർണ്ണമായ ഫിസ്ക്കൽ ഓട്ടോണമി യഥാർത്ഥത്തിൽ വാറ്റ് സമ്പ്രദായത്തിലുണ്ട്. അന്ന് അതിനെ എതിർത്ത അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് ഏറ്റവും വലിയ ബെനിഫിഷ്യറിയായി മാറിയത്. വാറ്റ് സമ്പ്രദായം നിലവിൽ വന്നതുകൊണ്ട് ഞങ്ങൾ പ്രവചിച്ചതുപോലെ പതിനായിരക്കണക്കിന് കോടി രൂപ അന്നത്തെക്കാലത്ത് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായി. ആ നികുതി വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ നല്ല ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഞങ്ങൾ അതിനെ അപ്രിഷിയേറ്റ് ചെയ്തിട്ടുണ്ട്. പക്ഷെ വരുമാനം കൂടുതൽ ഉണ്ടാകാനുള്ള കാരണങ്ങളുണ്ടായി. ഇന്നത്തെ സാമ്പത്തിക സാഹചര്യം വളരെ വ്യത്യസ്തമാണ്. ലോകം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഒരു സാമ്പത്തിക പശ്ചാത്തലമുണ്ട്. ഇവിടെ കണക്കുകളെക്കുറിച്ച് സൂചിപ്പിച്ചല്ലോ, കണക്കുകൾ എങ്ങനെയാണ് വരുന്നത്;

ആദ്യം ഒരു ബഡ്ജറ്റിൽ വരുമ്പോൾ ഒരു ബഡ്ജറ്റ് എസ്റ്റിമേറ്റുണ്ടാകും. തലേ വർഷത്തെ ബഡ്ജറ്റ് കണക്കുകളുടെ, സി. & എ.ജി.–യുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ ഒരു എസ്റ്റിമേറ്റുണ്ടാകും. റവന്യൂ വരുമാനം ഇത്രയുണ്ടാകും, ചെലവിത്രയുണ്ടാകും ഫിസ്ക്കൽ ഡെഫിസിറ്റ് ഇത്രയുണ്ടാകും എന്നുള്ള ഒരു കാൽക്കുലേഷനുണ്ടാകും. രണ്ടാമത്തെ കണക്ക് പുതുക്കിയ കണക്കാണ്. ആ പുതുക്കിയ കണക്ക് ഇപ്പോൾ നിലവിൽ വന്നു. അതിനുശേഷം മാർച്ചുമാസം കഴിഞ്ഞാൽ സി.&എ.ജി. –യുടെ റിപ്പോർട്ട് വരുമ്പോഴാണ് യഥാർത്ഥത്തിലുള്ള കണക്കുകളുണ്ടാകുന്നതെന്ന് നമുക്കറിയാം. ഈ മൂന്ന് കണക്കുകളും തമ്മിൽ സാധാരണ വ്യത്യാസങ്ങളുണ്ടാകാറുണ്ട്. നമ്മുടെ പ്രതീക്ഷയല്ലേ ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നുപറയുന്നത്. നമുക്ക് നികുതി വരുമാനത്തിൽ ഇത്ര ശതമാനം വർദ്ധനവുണ്ടാകും, ചെലവുകൾ ഇത്രയായിരിക്കും. ആ ചെലവുകൾ മറ്റ് സാമ്പത്തിക സാഹചര്യങ്ങളിലും മറ്റ് പ്രശ്നങ്ങളാലും വരുമാന വർദ്ധനവുണ്ടായില്ല. ഇതല്ലേ സംഭവിച്ചത്. അല്ലാതെ ഏത് കള്ളക്കണക്കാണ് ബഡ്ജറ്റിൽ അവതരിപ്പിച്ചിരിക്കുന്നത്; ഏത് കണക്കാണിവിടെ മൂടി വച്ചിരിക്കുന്നത്. ഇവിടെ ആ ഖണ്ഡികയിൽ പറയുന്ന കാര്യവും അക്കൗണ്ട്സും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്; ഇരുപതോ ഇരുപത്തിനാലോ ശതമാനം നികുതി വരുമാനം ഞങ്ങൾ പ്രതീക്ഷിച്ചു, ഉണ്ടായില്ല ഡിസംബർ മാസമായപ്പോഴേക്കും 11 ശതമാനമേ ആയുള്ളൂ. അവസാനത്തെ ക്വാർട്ടറിൽ ഇനിയും കുറെ മാറ്റങ്ങൾ ഈ കണക്കിലുണ്ടാകും. സാധാരണ നമുക്ക് ഏറ്റവും കൂടുതൽ വരുമാനവും ചെലവും ഉണ്ടാകുന്നത് അവസാനത്തെ ക്വാർട്ടറിൽ ആണ്. ഇപ്പോൾ അങ്ങനെയാണല്ലോ എല്ലാ വർഷവും സംസ്ഥാനത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

അതിനുശേഷം സി.& എ.ജി.-യുടെ അക്കൗണ്ട് വരുമ്പോൾ പുതിയ കണക്കുണ്ടാകും. അല്ലാതെ കണക്കിൽ കാര്യങ്ങൾ മൂടിവച്ചിരിക്കുന്നു എന്നുപറയുന്നത് വളരെ ആസൂത്രിതമായ ഒരു പരിപാടിയാണ്. ഈ ബഡ്ജറ്റ് പ്രഖ്യാപിക്കുന്നതിനുമുമ്പേ ഡോ. ടി.എം. തോമസ് ഐസക് മാതൃഭൂമിയിൽ ലേഖനമെഴുതി, മറ്റ് പല സ്ഥലങ്ങളിലും പറഞ്ഞ്, സാമ്പത്തികമായ വലിയൊരു കള്ളക്കളിയുണ്ടാകും എന്നുള്ള അജണ്ട ഫിക്സ് ചെയ്തിരിക്കുകയാണ്. എന്നിട്ട് ഈ ബഡ്ജറ്റിനെക്കുറിച്ച് മാധ്യമങ്ങളിൽ നടന്ന മുഴുവൻ ചർച്ചകളിലും സാമ്പത്തികമായ വലിയ കള്ളക്കണക്ക് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിരിക്കുന്നു, റവന്യൂ കമ്മി മൂടി വച്ചിരിക്കുന്നു, സാമ്പത്തിക-ധനക്കമ്മി കൂടിയിരിക്കുന്നു എന്നെല്ലാമുള്ള വലിയ പ്രതിസന്ധി ഉണ്ടാക്കി ഈ ബഡ്ജറ്റിലെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് വളരെ ബുദ്ധിപൂർവ്വമായി , കൗശലത്തോടുകൂടി അദ്ദേഹം അദ്ദേഹത്തിന്റെ അജണ്ട നടപ്പിലാക്കി. യഥാർത്ഥത്തിൽ ഈ ബഡ്ജറ്റിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളാണ് ഇവിടെ നടത്തേണ്ടത്. ഇതൊരു കാർഷിക ബഡ്ജറ്റാണ് എന്നുള്ള പൊതുവായ രീതിയാണുണ്ടായിരിക്കുന്നത്. 'ഇൻകം ഗ്യാരണ്ടി സ്കീം' നടപ്പിലാക്കുമ്പോൾ സാധാരണ കർഷകർക്ക് വില നിർണ്ണയാവകാശം കൊടുക്കുക, അവരിൽ ആത്മവിശ്വാസം വളർത്തുക, ഗവൺമെന്റ് അതിന് പിന്തുണ കൊടുക്കുക തുടങ്ങിയ പുതിയ കാര്യങ്ങളെ എന്തിനാണ് എതിർക്കുന്നത്; ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളാണ് നമുക്കുണ്ടാകേണ്ടത്. 'ഹൈടെക്' എന്നു പറയുന്നത് ഒരു പരീക്ഷണമാണ്. ഇക്കണോമിക് റിവ്യൂവും കാർഷിക റിപ്പോർട്ടുകളും പറയുന്നതെന്താണ്; കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ ഏരിയ

ഓഫ് കൾട്ടിവേഷൻ കുറഞ്ഞുവരുന്നു എന്നല്ലേ. 12 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിരുന്ന നെൽകൃഷി രണ്ട് ലക്ഷം ഹെക്ടറായി കുറ ഞ്ഞിരിക്കുന്നു. നാളികേരം കുറഞ്ഞിരിക്കുന്നു. ഏരിയ ഓഫ് കൾട്ടിവേഷൻ കുറഞ്ഞപ്പോൾ സമാന്തരമായ ആധുനിക മാർഗ്ഗങ്ങൾകൂടി അന്വേഷി ക്കണം. ഹൈടെക് രീതികൾ അന്വഷിക്കണം. ഹൈടെക് കാർഷിക രീതി കളുടെ പരീക്ഷണങ്ങൾ നമ്മൾ നടത്തണം. അതേ അവസരത്തിൽ ഇപ്പോൾ വേണ്ടത് 'വിത്ത് മുതൽ വിപണി' വരെ കർഷകരെ താങ്ങി നിർത്തുന്ന സംവിധാനങ്ങളാണ്. അവർക്ക് നിലനിൽക്കാൻ കഴിയണം. കുടുംബശ്രീ വഴി, തൊഴിലുറപ്പ് പദ്ധതി വഴി നിലമൊരുക്കാനുള്ള സഹായം നൽകണം, നല്ല വിത്തുകളും വളവും കൊടുക്കണം, സബ്സിഡി സ്കീമുകളുണ്ടാ കണം, അവരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് സംഭരിക്കുമെന്നുള്ള ഉറപ്പ് കർഷകർക്ക് കൊടുക്കണം തുടങ്ങിയ കാര്യങ്ങളാണ് കാർഷിക മേഖലയെ പിടിച്ചുനിർത്തുന്നതിനുവേണ്ടി പ്രധാനമായും ചെയ്യാനുള്ളത്. ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ സവിശേഷതയായി ഞാൻ കാണുന്നത് യുവസംരംഭകർക്ക് നൽകുന്ന പിന്തുണയാണ്. നമ്മുടെ സംസ്ഥാനത്ത് ആദ്യമായിട്ടാണ് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഒരു ബഡ്ജറ്റിലൂടെ അഡ്രസ്സ് ചെയ്യപ്പെടുന്നത്.

എല്ലാ ഡിപ്പാർട്ടുമെന്റിലേയും ഒരു ശതമാനം തുക നീക്കി വച്ചിരിക്കുക യാണ്. ഏകദേശം 500 കോടി രൂപ പുതിയ സംരംഭങ്ങൾക്ക് വരുന്നു. ആയി രക്കണക്കിന് ആശയങ്ങളും പുതിയ സ്റ്റാർട്ട്-അപ് സംരംഭങ്ങളുമായി നമ്മുടെ ചെറുപ്പക്കാർ മുന്നോട്ടുവരുമ്പോൾ, അവരെ സഹായിക്കാൻ നിരവധിയായ

സംരംഭങ്ങൾക്ക് വലിയ സാമ്പത്തിക പിൻബലത്തോടുകൂടി, വലിയ ഒരു വേദിക്ക് വാതിലുകൾ തുറന്നുകൊടുക്കുന്ന, ഒരു വലിയ ബഡ്ജറ്റായി ഞാൻ ഇതിനെ കാണുന്നു. യുവ സംരംഭകർക്കും വനിതാ സ്വയം സംരംഭകർക്കും എല്ലാവർക്കും പ്രത്യേകമായ പദ്ധതികൾ കൊടുക്കുന്നുണ്ട്. ഇതേ അവസരത്തിൽത്തന്നെ പ്രവാസികളുടെ പണം, കോടിക്കണക്കിന് രൂപ കേരളത്തിലേയ്ക്ക് വരുന്നത് അനാവശ്യമായ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കപ്പെടുമ്പോൾ ഈ പണം ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കുവേണ്ടി, സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി, ഭാവിയിൽ അവർക്കും കൂടി പ്രയോജനപ്പെടുന്ന പദ്ധതികൾക്കുവേണ്ടി എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ചുള്ള ചർച്ചകൾ കൂടി ഇതോടൊപ്പം തുടങ്ങിവെയ്ക്കണമെന്നുകൂടി ഞാൻ നിർദ്ദേശിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് പ്രസംഗം വായിച്ചിട്ട് കുറേ കാര്യങ്ങൾ നടപ്പാക്കിയില്ല എന്നു പറഞ്ഞു. ഡോ. ടി.എം. തോമസ് ഐസക് ധനകാര്യ മന്ത്രിയായിരുന്ന സമയത്ത് ഞാൻ സഭയിൽ ഒരു ബഡ്ജറ്റ് പ്രസംഗം നടത്തിയിരുന്നു. ആ പ്രസംഗം മുഴുവൻ അതിനുമുമ്പിലുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നടപ്പാക്കാത്ത കാര്യങ്ങളെക്കുറിച്ചായിരുന്നു. 12 വർഷം മുമ്പ് ഞാൻ ബഡ്ജറ്റിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചിട്ടുണ്ട്. ഇത് 13-ാമത്തെ വർഷമാണ് ബഡ്ജറ്റിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്നത്. മാറിമാറി വരുന്ന എല്ലാ ബഡ്ജറ്റ് പ്രസംഗത്തിലും ഒരുപാട് പ്രഖ്യാപനങ്ങൾ സാധാരണ ഉണ്ടാകാറുണ്ട്. കഴിഞ്ഞ 10 വർഷത്തെ ബഡ്ജറ്റ് പ്രസംഗമെടുത്ത് പരിശോധിച്ചു നോക്കിയാൽ നടക്കാത്ത പദ്ധതികളായിരിക്കും കൂടുതൽ ഉണ്ടാകുന്നത്. നടക്കാത്ത പദ്ധതികളെക്കുറിച്ച് നമ്മൾ

ഗൗരവതരമായി ആലോചിക്കേണ്ട ഒരു വിഷയമാണ്. ശ്രീ. കെ.എം. മാണി സാറിന്റെ ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തെക്കുറിച്ചല്ല ഞാൻ പറയുന്നത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി, കേരളത്തിൽ അവതരിപ്പിക്കപ്പെടുന്ന ബഡ്ജറ്റുകളിലെ വലിയൊരു ശതമാനം പദ്ധതികൾ നടപ്പാകുന്നില്ല. അതിനുള്ള ആ പെർഫോർമൻസ് ഓഡിറ്റിംഗ് നടക്കുന്നില്ല. ഒരു സാമ്പത്തിക വർഷത്തേയ്ക്കാണ് പദ്ധതികൾ പ്രഖ്യാപിക്കുന്നത്. ഇതെല്ലാം കഴിഞ്ഞ് എപ്പോഴാണ് ഇത് വിലയിരുത്തുന്നത്? ഒരു വർഷത്തേയ്ക്ക് പ്രഖ്യാപിക്കുന്ന പദ്ധതികൾ എല്ലാ ക്വാർട്ടറുകളിലും പരിശോധിക്കപ്പെടണ്ടേ? ഓരോ ക്വാർട്ടറിലും ആനുപാതികമായ പുരോഗതി പരിശോധിക്കപ്പെടണ്ടേ? അത് പരിശോധിച്ച്, ബഡ്ജറ്റിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണ്ടേ? നടപ്പാക്കാൻ പറ്റാത്ത പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ച് ബഡ്ജറ്റിന്റെ പവിത്രതയും വിശ്വാസ്യതയും നമ്മൾ നശിപ്പിച്ചുക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് വരുമ്പോൾ പ്രകടന പത്രിക അവതരിപ്പിച്ചാൽ നാട്ടിലാരെങ്കിലും വിശ്വസിക്കുമോ? നാട്ടിലൊരാൾക്കും വിശ്വാസമില്ല. ഒരാൾക്കും വിശ്വാസ്യതയില്ലാത്ത സംഭവമാണ് പ്രകടനപത്രിക. തോട്ടിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കും എന്ന് പണ്ട് സിനിമയിൽ പാടിയതുപോലെ പ്രകടനപത്രിക ഇറക്കുകയാണ് ആളുകൾ. ആ പ്രകടനപത്രികയുടെ നിലവാരത്തിലേയ്ക്ക്, നമ്മുടെ ബഡ്ജറ്റ് നിർദ്ദേശങ്ങളെ മാറ്റരുത്. ബഡ്ജറ്റിന് ഒരു പവിത്രതയും വിശ്വാസ്യതയുമുണ്ടാകണം. അതിനെക്കുറിച്ച് ഇപ്പോഴുള്ള കൺവെൻഷണൽ ബഡ്ജറ്റിംഗ് രീതിയിൽ നിന്നും മാറണമെന്നുള്ള ഒരു നിർദ്ദേശം ഞാൻ വിനയപൂർവ്വം സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. അതുപോലെ നികുതി വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ

സ്വീകരിക്കണ്ടേ? അതിനും പരമ്പരാഗതമായ മാർഗ്ഗങ്ങളിലൂടെ നമ്മൾ പോകുന്നു. ശാസ്ത്രീയമായ തരത്തിൽ, ഈ നികുതി വകുപ്പിനെത്തന്നെ പരിഷ്ക്കരിക്കണ്ടേ? ഇപ്പോൾ ഇവിടെ എന്താണ് ചെയ്യുന്നത്? സാധാരണക്കാരായ ആളുകളെ, സ്വാധീനമില്ലാത്ത ആളുകളെ അല്ലെങ്കിൽ എന്തെങ്കിലും ഒരു ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ആളുകളെ ബുദ്ധിമുട്ടിക്കുകയും വലിയ സ്രാവുകൾ രക്ഷപ്പെട്ടുപോകുകയും ചെയ്യുന്ന നികുതിയുടെ നെറ്റ് വർക്കാണ് ഇന്ന് സംസ്ഥാനത്തുള്ളത്. അതിന് ഒരു സംശയവും വേണ്ട. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. നമ്മൾ എല്ലാവരും കൂടി ഉണ്ടാക്കിവച്ച ഒരു നെറ്റ് വർക്കാണ് കേരളത്തിലുള്ളത്. ഇത് മാറണം. ഇത് മാറിയേ മതിയാകൂ. ഇതിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനുമായി ഗൗരവതരമായ ചർച്ചകൾ നടത്തണം. അക്കാഡമിക്കായി നടക്കുന്ന ചർച്ചകൾ പ്രായോഗിക തലത്തിൽ എത്രമാത്രം കൊണ്ടുവരുന്നുണ്ട് എന്ന് പരിശോധിക്കപ്പെടണ്ടേ? ഇത് അശാസ്ത്രീയമായ നികുതി സമ്പ്രദായമാണ്. വീണ്ടും നമ്മൾ അതിലേയ്ക്ക് തിരിച്ചുവരികയാണ്. വാറ്റ് വന്നപ്പോഴുണ്ടായ വലിയ സമാധാനം ഈ അശാസ്ത്രീയമായ നികുതി സമ്പ്രദായത്തിന് മാറ്റം വരുമെന്നുള്ളുതായിരുന്നു. പണ്ട് എങ്ങനെയാണ്? പണ്ട് സർക്കാരിന് 100 കോടി രൂപ വേണം. 100 കോടി രൂപ വേണമെങ്കിൽ 10 ഐറ്റമെടുത്ത് ഓരോന്നിനും കൂട്ടും. ഓരോ ഐറ്റത്തിനും ഓരോ പ്രോഡക്ടിനും നികുതി വർദ്ധിപ്പിക്കുമ്പോൾ മാർക്കറ്റിലുണ്ടാക്കുന്ന ഇംപാടിനെക്കുറിച്ച് യാതൊരു പഠനവുമില്ല. അതുമായി ബന്ധപ്പെട്ട ഇൻഡസ്ട്രിക്ക് എന്ത് സംഭവിക്കുന്നുവെന്നതിനെക്കുറിച്ച് പഠനമില്ല. രണ്ട് ശതമാനം നികുതി, നാല് ശതമാനം നികുതി ആളുകൾക്ക് എങ്ങനെ കൊടുക്കും? നാല് ശതമാനം എന്നത് എട്ട് ശതമാ

നമാക്കും എട്ട് ശതാനം എന്നത് പത്ത് ശതമാനമാക്കും. അപ്പോൾ ടാക്സ് വെട്ടിക്കാനുള്ള പ്രവണത ആളുകൾക്കുണ്ടാകും. ഒരുപക്ഷെ നാല് ശതമാന മാകുമ്പോൾ, സർക്കാരിന് ലഭിക്കേണ്ട നികുതിപോലും എട്ട് ശതമാനമോ പത്ത് ശതമാനമോ ആക്കുമ്പോൾ നികുതി വെട്ടിപ്പുമൂലം കിട്ടാതെ പോകുന്ന അശാസ്ത്രീയമായ നികുതി സമ്പ്രദായമാണ് നിലവിലുള്ളത്. വാറ്റ് വന്നതിനു ശേഷവും ഇന്നലെ തോന്നിയതുപോലെ ഒരു ഷെഡ്യൂളിൽ നിന്നും മറ്റൊരു ഷെഡ്യൂളിലേയ്ക്ക് സൗകര്യത്തിനനുസരിച്ച് എല്ലാം അങ്ങോട്ടുമിങ്ങോട്ടും മാറിക്കൊണ്ടിരിക്കുകയാണ്. വിഭവസമാഹരണത്തിന്റെ പേരിൽ പുതിയ നികുതി നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ അതിന് മുമ്പ് കൃത്യമായ മാർക്കറ്റ് സ്റ്റഡി നടത്തി ആ പ്രോഡക്ടിനെക്കുറിച്ച് പഠിച്ച്, ആ ഇൻഡസ്ട്രിയെക്കുറിച്ച് പഠിച്ച്, അത് ഉണ്ടാക്കാൻ പോകുന്ന മാറ്റങ്ങൾ എന്താണെന്ന് മനസ്സിലാക്കി നമ്മുടെ വരുമാനത്തെ ദീർഘകാലത്തേയ്ക്ക് ഈ വരുമാനമുണ്ടാക്കുന്ന രീതി യിലാക്കി മാറ്റാൻ വേണ്ടിയുള്ള ശ്രമങ്ങൾ കൂടി വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ധനോത്തരവാദിത്വനി യമത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇതുവരെ ഡോ. ടി.എം.തോമസ് ഐസകിന്റെ നേതൃത്വത്തിൽ അത് എതിരായിട്ടുള്ള കാര്യമായിരുന്നു. അങ്ങനെ പാടില്ല. കേന്ദ്ര ഗവൺമെന്റും ധനകാര്യകമ്മീഷനും ഇങ്ങനെ സംസ്ഥാനങ്ങളുടെ മേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കരുത്.

ഡോ. ടി.എം.തോമസ് ഐസക്: സർ, നിങ്ങൾ ഞാൻ പറഞ്ഞിട്ടുള്ളത് എന്താണെന്ന് നോക്കിക്കോളൂ. റവന്യൂ കമ്മി കുറയ്ക്കണമെന്നതിനെക്കുറിച്ച് എപ്പോഴെങ്കിലും ഞാൻ എതിർത്തിട്ടുണ്ടോ? ധനകമ്മിയുടെ നിയന്ത്രണം പാടില്ല, കേരളത്തിന് കൂടുതൽ റോഡ് വേണമെങ്കിൽ ആ പണമെടുത്ത് കടം

മേടിച്ച് ചെലവാക്കണം. ഇതാണ് നിലപാട്. അല്ലാതെ കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ടിനെയല്ല പിന്താങ്ങുന്നത്.

ശ്രീ. വി.ഡി. സതീശൻ: അങ്ങ് വിമർശിക്കുന്നത്, ധനകാര്യ സംബന്ധിയായ ഒരു അനാർക്കിയെയാണ്, അരാചകത്വത്തെയാണ്. എന്താണ് അരാചകത്വം? ധനകാര്യ സംബന്ധിയായ അരാചകത്വം എന്നുപറയുന്നത് നികുതി വരുമാനം വർദ്ധിക്കാതിരിക്കുക, നികുതി വരുമാനം തീരെ വർദ്ധിക്കാതിരിക്കുക, നികുതി പിരിച്ചെടുക്കാതിരിക്കുക എന്നതാണ്. എന്നാൽ എല്ലാ പരിധികളും വിട്ട് ചെലവ് വർദ്ധിക്കുക, ചെലവ് ചെയ്യുന്നതിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാതിരിക്കുക, ഇതിനെയാണ് അനാർക്കിയെന്ന് പറയുന്നത്. ഈ സാഹചര്യം ഇന്ത്യയിലെ എല്ലാ സംസ്ഥാന ങ്ങളിലും ഉണ്ടാകുകയും വ്യാപകമായി യാതൊരു നിയന്ത്രണവുമില്ലാതെ കട മെടുക്കുകയും ചെയ്ത സാഹചര്യത്തിൽ, വലിയ കടക്കെണിയിലേയ്ക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങൾ കൂപ്പുകുത്തിയപ്പോൾ നമ്മുടെ ഭരണഘടനയനു സരിച്ച് കേന്ദ്ര ഗവൺമെന്റിന് ഇടപെടാനുള്ള അവകാശമുള്ളതുകൊണ്ട് ധന കാര്യ കമ്മീഷൻ ഇടപെടുകയും ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് പാസ്സാക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, നിങ്ങൾ ഇത്ര വർഷം കൊണ്ട് റവന്യൂ കമ്മി ഇല്ലാതാക്കണം, നിങ്ങൾ ധനകമ്മി മൂന്ന് ശതമാന മാക്കിനിർത്തണം, അതല്ലേ നമ്മൾ ഇവിടെ പാസ്സാക്കിയ നിയമം. അതിലേയ്ക്കുള്ള ശ്രമങ്ങളല്ലേ കൊണ്ടുവന്നത്. കഴിഞ്ഞ വർഷവും നമ്മൾ വളരെ വലിയ ശ്രമം നടത്തിയില്ലേ. ഈ വർഷമുണ്ടായ, പ്രത്യേകമായ സാഹചര്യത്തിൽ റവന്യൂ കമ്മിയും ധനകമ്മിയും വർദ്ധിക്കുകയും ചെയ്തു. അതിനർത്ഥം ഈ വർഷം ഒരു ബുദ്ധിമുട്ടുണ്ടായി, പ്രയാസമുണ്ടായി. അടുത്ത വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽപോലും ഇതുണ്ടാകാൻ പാടില്ല

എന്ന അങ്ങയുടെ സമീപനത്തോടെ എനിക്ക് തീരെ യോജിപ്പില്ല. ഞാൻ അതിനോട് വിയോജിക്കുന്നു. ഈ വർഷം ഒരു ബുദ്ധിമുട്ട് വന്നു, ഈ വർഷം ദാരിദ്ര്യമാണ്, കുറച്ച് കഷ്ടപ്പാടുണ്ട്. അടുത്ത വർഷവും ദാരിദ്ര്യവും കഷ്ട പ്പാടും ആയിരിക്കണം എന്ന് പറയുന്നത് ശരിയാണോ? അടുത്ത വർഷം നമുക്ക് ഒരുപാട് മാറ്റങ്ങളുണ്ടാകും. നമുക്ക് നികുതി പിരിവ് കുറേക്കൂടി ഊർജ്ജിതമാക്കണം. പുതിയ വിഭവ സമാഹരണമേഖലകൾ നമ്മൾ കണ്ടെത്തണം. അനാവശ്യമായ ചെലവുകൾ നിയന്ത്രിക്കണം. കേന്ദ്ര ത്തിൽനിന്നുള്ള നികുതി വിഹിതം കൂടുതലായി വർദ്ധിക്കും, മാറ്റങ്ങളുമുണ്ടാ കും. ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്ന് പറയുന്നത് നമ്മുടെ പ്രതീക്ഷയാണ്. നമ്മുടെ പ്ലാനിൽത്തന്നെ വലിയ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. വാർഷിക അടങ്കലിൽതന്നെ വലിയ പ്രതീക്ഷയോടുകൂടിയാണ് നമ്മൾ വച്ചിരിക്കുന്നത്. പ്ലാനിന്റെ സൈസ് കുറയ്ക്കാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. ഇത് പരസ്പരം ബാലൻസ് ചെയ്തുകൊണ്ടുള്ള ഒരു പ്രവർത്തനമാണ്. നമ്മൾ ഉദ്ദേശിക്കാത്ത ചില കാര്യങ്ങൾ എക്സ്റ്റേർണൽ ഇന്റർവെൻഷൻ വരുമ്പോൾ പല കാര്യങ്ങളും ബാഹ്യമായ പ്രശ്നങ്ങൾകൊണ്ട് നമ്മുടെ നിയന്ത്രണത്തിൽ നിൽക്കാതെ പോകുന്ന സാഹചര്യങ്ങൾ നമ്മുടെ സംസ്ഥാ നത്ത് ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്, ദേശീയ തലത്തിലും ഉണ്ടായിട്ടുണ്ട്. ദേശീയ തലത്തിൽ ഇപ്രാവശ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വരച്ചുവച്ച ഒരു ചിത്രമുണ്ട്. രണ്ട് അക്കത്തിലേയ്ക്ക് 2008 വരെ നമ്മുടെ സാമൂഹിക വളർച്ചാനിരക്ക് പൊയ്ക്കൊണ്ടിരുന്ന സാഹചര്യത്തിലായിരുന്നു. ദേശീയ തലത്തിൽ നമ്മുടെ വരുമാനം എത്രയാ യിരുന്നു? കസ്റ്റംസ് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി, ഇൻകം ടാക്സ് എല്ലാം

റെക്കോർഡ് വർദ്ധനവാണ് ഉണ്ടായത്. രാജ്യത്ത് വലിയ സാമ്പത്തിക വളർച്ച ഉണ്ടായില്ലേ? ആ സാമ്പത്തിക വളർച്ചയിലൂടെ ഉണ്ടായ മാർജിൻ, നികുതി വരുമാനം തന്നെ. ആ മാർജിൻ കൊണ്ടല്ലേ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കോടിക്കണക്കിന് രൂപ കേരളത്തിലേയ്ക്ക് വന്ന എൻ.ആർ.എച്ച്.എം.–ഉം ഇന്നിപ്പോൾ ആത്മവിശ്വാസത്തോടെ നടപ്പിലാക്കുന്ന ഫുഡ് സെക്യൂരിറ്റി ബില്ലും റൈറ്റ് ടു എഡ്യൂക്കേഷൻ ബില്ലും എല്ലാം കേന്ദ്ര ഗവൺമെന്റാണ് പാസ്സാക്കിയത്. ആയിരക്കണക്കിന് കോടി രൂപ ഇന്ത്യയുടെ ഗ്രാമങ്ങളിലേയ്ക്ക് നമുക്ക് കൈമാറ്റം ചെയ്യപ്പെടാൻ കഴിഞ്ഞു. രാജ്യം നേടിയ സാമ്പത്തിക വളർച്ചയിലൂടെ ഉണ്ടായ മാർജിൻ സാധാരണക്കാരന്റെ വീടുകളിൽ എത്തിക്കുന്ന, സോഷ്യസിലിസ്റ്റ് നയങ്ങൾക്കാണ് ദേശീയ ഗവൺമെന്റ് രൂപം കൊടുത്തത്. വെറുതെ മൈക്കിലൂടെ നമുക്ക് ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ പറ്റില്ല. ക്ഷേമ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ രാജ്യത്ത് സാമ്പത്തിക വളർച്ചയുണ്ടാകണം. അതിന് ഇക്കണോമിക് ആക്ടി വിറ്റി ഉണ്ടാകണം. ആ ഇക്കണോമിക് ആക്ടിവിറ്റി നമ്മുടെ രാജ്യത്ത് ഉണ്ടാകുകയും അതിലൂടെ സ്വാതന്ത്ര്യത്തിനുശേഷം റെക്കോർഡ് വരുമാനം ഉണ്ടാകുകയും ചെയ്തു. പിന്നീടാണ് അപ്രതീക്ഷിതമായ ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായത്. ആ മാന്ദ്യമുണ്ടായപ്പോൾപോലും ലോക ത്തിലെ സമ്പദ് ഘടനകൾ ചീട്ടുകൊട്ടാരം പോലെ തകർന്ന് വീണപ്പോഴും ഇന്ത്യൻ സമ്പദ് ഘടനയുടെ അടിത്തറയ്ക്ക് ഒരു പോറൽ പോലും ഏൽപ്പി ക്കാതെ ദേശീയ ഗവൺമെന്റിന് പിടിച്ചുനിർത്താൻ കഴിഞ്ഞൂവെന്നുള്ളതാണ് യു.പി.എ. ഗവൺമെന്റിന്റെ നേട്ടം. പക്ഷെ ഗ്ലോബൽ റിസെഷന്റെ പ്രശ്നങ്ങ ളുണ്ട്. ലോക രാജ്യങ്ങളുടെയെല്ലാം പർച്ചേസിംഗ് പവർ ഇല്ലാതായിരിക്കുന്നു.

ഇന്ന് ഏതെങ്കിലും ഒരു രാജ്യത്തിനുമാത്രമായി ഒരു സാമ്പത്തിക കാര്യങ്ങൾ തീരുമാനിക്കാൻ പറ്റുമോ?

പെട്രോളിയം പ്രോഡക്ടുകൾക്ക് രൂക്ഷമായ വിലവർദ്ധനവാണുണ്ടായിരിക്കുന്നത്. ആ വിലവർദ്ധനവിൽ 80 ശതമാനവും പെട്രോളിയം പ്രോഡക്ടുകൾ ഇംപോർട്ട് ചെയ്യുന്ന ഒരു രാജ്യങ്ങളിലാണ് ഉണ്ടായിട്ടുള്ളത്. നമുക്കുണ്ടായിരുന്ന ഫോറിൻ എക്സ്ചേഞ്ച് ബാലൻസ് വിറ്റുതുലച്ച സാഹചര്യത്തിൽനിന്ന് റെക്കോർഡ് ഫോറിൻ എക്സ്ചേഞ്ച് ബാലൻസുള്ള ഒരു രാജ്യത്തിലേയ്ക്ക് നാം എത്തിയില്ലേ. ഉല്പന്നങ്ങളെല്ലാം ഇറക്കുമതി ചെയ്യുകയും അതിനുവേണ്ടി പണം കൊടുക്കുകയും ചെയ്യേണ്ട സവിശേഷ സാഹചര്യങ്ങളുണ്ടായിരുന്നു. രാജ്യത്ത് ഇൻഫ്ളേഷനുണ്ടായപ്പോൾ സി.ആർ.ആർ നിരക്ക് കൂട്ടിക്കൊണ്ട് നമ്മൾ പണം വിത്ഡ്രോ ചെയ്തു. രാജ്യത്ത് ലിക്വിഡിറ്റി ക്രഞ്ചുണ്ടായപ്പോൾ, പണം ഇല്ലാത്ത അവസ്ഥയുണ്ടായപ്പോൾ, സി.ആർ.ആർ നിരക്ക് കുറച്ച് ബാങ്കുകളിൽനിന്ന് പണം ഫിനാൻസ് മാർക്കറ്റിലേയ്ക്ക് ഡമ്പ് ചെയ്തു. ഇതെല്ലാം ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവൺമെന്റ് പ്രസിസന്ധികളുണ്ടാകുമ്പോൾ നടത്തുന്ന ഇടപെടലുകളാണ്. ടെക്സ്റ്റ് ബുക്കിലെ സാമ്പത്തിക ശാസ്ത്രമല്ല ഇപ്പോഴുള്ളത്. ലോകം മുഴുവൻ മാറിക്കൊണ്ടിരിക്കുമ്പോൾ ധാരാളം മാറ്റങ്ങൾ എല്ലാ ഭാഗത്തും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ഇന്ന് ഉദ്ദേശിക്കുന്ന കാര്യമല്ല മൂന്ന് മാസം കഴിയുമ്പോഴുണ്ടാകുന്നത്. സമയാസമയങ്ങളിലുള്ള ഇന്റർവെൻഷൻ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇന്നൊരു പ്രതിസന്ധിയുണ്ടെന്ന് കരുതി കേളത്തിന്റെ സമ്പദ് വ്യവസ്ഥ മുഴുവൻ തകർന്നുപോയി, കൂപ്പുകുത്താൻ പോകുന്നു എന്ന രീതിയിൽ അഭിപ്രാ

യപ്പെടുന്നത് ശരിയല്ല. പണ്ട് ആസിയൻ കരാർ വന്നപ്പോൾ കേരളം തീർന്നുപോയി, അറബിക്കടലിൽ പോയി വീഴും എന്നുപറഞ്ഞ് അന്നൊരു പ്രസംഗം നടത്തിയിരുന്നു. ആസിയൻ കരാർ കൊണ്ട് ഒരു ദോഷവും കേരളത്തിന് സംഭവിച്ചില്ല. അന്ന് അങ്ങയുടെ പ്രസംഗം കേട്ടാൽ ആത്മഹത്യ ചെയ്യുമായിരുന്നു. കാരണം ഇനി കേരളത്തിൽ ജീവിച്ചിട്ട് കാര്യമില്ല, കേരളവും കേരളത്തിലെ കർഷകരും വ്യവസായവുമെല്ലാം തകർന്നുപോയി എന്ന മട്ടായിരുന്നു. ഒരു സാമ്പത്തിക ശാസ്ത്രജ്ഞനായ അങ്ങ് ഇത്രയും പെസിമിസ്റ്റാകരുത്. ആ പ്രതിസന്ധികളിൽനിന്ന് കരകയറാനുള്ള ആർജ്ജവം നമുക്കെല്ലാവർക്കുമുണ്ടാകണം. അതിനെ മറികടക്കാനുള്ള കൂട്ടായ തീരുമാനങ്ങളുണ്ടാകണം. നികുതി പരിഷ്കരണം നടത്തുകയും നികുതി പിരിവ് ഊർജ്ജിതമാക്കുകയും ട്രഷറികളെ ശക്തിപ്പെടുത്തുകയും വേണം. ട്രഷറികളെ ദുർബലപ്പെടുത്താൻ പാടില്ല. നമുക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ ട്രഷറികൾ നന്നായിരിക്കണം. ട്രഷറികളിൽ നിന്ന് മറ്റ് ബാങ്കുകളിലേയ്ക്ക് പണം മാറ്റുന്നതിനോട് യോജിപ്പില്ലാത്ത ആളാണ് ഞാൻ. ട്രഷറിയുടെ സേവിംഗ്സ് ബാങ്ക് ശക്തിപ്പെടുത്തണം. ഒരു സർക്കാരുദ്യോഗസ്ഥന് ട്രഷറിയിൽ 500 രൂപ ബാലൻസ് മതി, അപ്പോൾ 1200 കോടി രൂപ ട്രഷറിയിലെടുക്കാൻ കഴിയും. ബാങ്കിൽ കിടക്കുന്ന പണം ആ ബാങ്കുകൾക്ക് വരുമാനമാണ്. അവർക്ക് റൊട്ടേറ്റ് ചെയ്യാനുള്ള തുകയാണ്. അത് ട്രഷറിയിലേയ്ക്ക് കൊണ്ടുവന്ന് ട്രഷറി സേവിംഗ്സ് ബാങ്കിനെ ശക്തിപ്പെടുത്തണം. സാമ്പത്തിക രംഗത്ത് നമ്മൾ ഒരുമിച്ചെടുക്കേണ്ട ധാരാളം തീരുമാനങ്ങളുണ്ട്. ഡോ. ടി.എം. തോമസ് ഐസക് അപ്പുറത്തുനിന്ന് ഇതുപോലൊരു മോശം ബഡ്ജറ്റ് കണ്ടിട്ടില്ല എന്ന് പ്രസംഗിക്കുകയും, ഞാൻ ഇതുപോലെ മഹത്തരമായൊരു

ബഡ്ജറ്റ് ഉണ്ടായിട്ടില്ല എന്ന് ഇപ്പുറത്തുനിന്ന് പ്രസംഗിക്കുകയും ചെയ്യാൻ തുടങ്ങിയിട്ട് കുറെക്കാലമായി. ഇക്കാര്യത്തിൽ നമുക്കൊരു സമന്വയമുണ്ടാക ണം. നികുതി പിരിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം, അനാവശ്യമായ ചെലവുകളുണ്ടാകരുത്, ചെലവ് ചുരുക്കണം, വികസന പ്രവർത്തനങ്ങളും അസറ്റ് ക്രിയേഷനുമുണ്ടാകണം, മൂലധന ചെലവ് വർദ്ധിപ്പിക്കണം, വളരെ കാര്യക്ഷമമായി പണം ചെലവഴിക്കാൻവേണ്ടിയുള്ള ധനവിനിയോഗ മാർഗ്ഗ ങ്ങൾ ആരായണം. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, രണ്ടുപേരും ഭരി ക്കുമ്പോൾ, നടപ്പാക്കാൻ പോകുന്ന പദ്ധതികളാണെന്ന വിശ്വാസം ജനങ്ങൾക്കുണ്ടാകണം. പദ്ധതികൾ നടപ്പാക്കിയാൽ പോലും ആളുകൾക്ക് വിശ്വാസമില്ലാത്ത സ്ഥിതിയിലേയ്ക്ക് ബഡ്ജറ്റിന്റെ നിർദ്ദേശങ്ങൾ പോകരുത്. ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പാ ക്കുന്ന കാര്യത്തിലും അടിസ്ഥാനപരമായ മാറ്റമുണ്ടാകണം എന്നുമാത്രം ഈ സഭയുടെ മുമ്പാകെ ഒരു നിർദ്ദേശം സമർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പി ക്കുന്നു

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. മുമ്പ് ഒരു പൂജാരിയുടെ മകൻ ഒരു കള്ളന്റെ വീട്ടിലും കള്ളന്റെ മകൻ പൂജാരിയുടെ വീട്ടിലും വളർന്നു. കാലം കഴിഞ്ഞപ്പോൾ കള്ളന്റെ വീട്ടിൽ വളർന്ന പൂജാരിയുടെ മകൻ കള്ളനായിത്തീർന്നു. ശ്രീ. കെ.എം. മാണി അങ്ങനെ ആയി എന്നല്ല ഞാൻ പറയുന്നത്. പക്ഷേ അദ്ദേഹം അങ്ങനെയാകാൻ പരിശ്രമിക്കുന്നു. അദ്ദേഹം ഈ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുന്നു എന്നാണ് ഞങ്ങൾക്ക് മന സ്സിലാക്കാൻ കഴിഞ്ഞത്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ നടപ്പാക്കാൻ കഴി

യുന്ന കാര്യങ്ങൾ മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ എന്ന് എന്റെ സുഹൃത്ത് ശ്രീ. വി.ഡി. സതീശൻ പറഞ്ഞു. പക്ഷേ അങ്ങനെയല്ല അവതരിപ്പി ച്ചിരിക്കുന്നത് എന്നാണ് ഞങ്ങൾ പറയുന്നത്. കഴിഞ്ഞ മൂന്ന് ബഡ്ജറ്റും അങ്ങനെയല്ല അവതരിപ്പിച്ചത്. നാലാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും ആ നിലയിൽത്തന്നെയാണ് തുടരുന്നത്. ഏതൊരു ഭരണാധികാരിയും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അടിസ്ഥാനപരമായി ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ആ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കണം. ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം എന്നിവ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. അടിസ്ഥാന ആവശ്യങ്ങൾ നടപ്പിലാക്കുന്ന നിലയിലേയ്ക്കുള്ള ഒരു നിർദ്ദേ ശവും അവതരണവുമാണ് ബഡ്ജറ്റിൽ ഉണ്ടാകേണ്ടത്. പക്ഷേ ഈ ബഡ്ജ റ്റിൽ അത്തരമൊരു നിർദ്ദേശമോ അവതരണമോ ഉണ്ടായില്ല എന്നതാണ് ബഡ്ജറ്റ് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്. 500 കോടി രൂപ യുവസംരംഭകർക്കായി നൽകുമെന്ന് ബഡ്ജറ്റിൽ പറഞ്ഞതായി ഇവിടെ ശ്രീ. വി.ഡി. സതീശൻ പറയുകയുണ്ടായി. മാണിസാർ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ അങ്ങനെ പറഞ്ഞതായി ഞാൻ കേട്ടില്ല. മുഖ്യമന്ത്രി പുറത്ത് യോഗത്തിൽ പറഞ്ഞതാണെന്ന് തോന്നുന്നു. പറയാത്ത കാര്യം ഈ സഭയിൽ പറയുന്നത് ശരിയല്ല. അതുതന്നെ കബളിപ്പിക്കലാണ്. ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ഭക്ഷ്യവസ്തുക്കളുടെ ..............

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ശ്രീ. വി.ഡി.സതീശൻ ഇവിടെ പറഞ്ഞ കാര്യം മാണി സാർ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടു മെന്റുകളിൽനിന്നും ഒരു ശതമാനം സംരംഭകർക്കുവേണ്ടി മാറ്റിവയ്ക്കുകയാ

ണ്. അത് 500 കോടി രൂപയിൽ കൂടുതൽ വരും. ഇത് വ്യക്തമായി ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഇവിടെ 20000 കോടി രൂപയുടെ കാര്യമാണ് പറഞ്ഞത്. 500 കോടി രൂപയുടെ കാര്യം, നിയമസഭയിൽ പറയുമ്പോൾ അതിന് വ്യക്തത വേണം. വ്യക്തതയില്ലാതെ നിയമസഭയിൽ പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ഭക്ഷ്യസുരക്ഷ നടപ്പാക്കുന്നത് സംബന്ധിച്ച് പറയുന്നതാണ്. ആളുകൾക്ക് ഭക്ഷണം ലഭിക്കണം. അതിനുവേണ്ടി പൊതുവിതരണ ശൃംഖലകളെ മെച്ചപ്പെടുത്താൻ കഴിയുന്ന തരത്തിൽ ഏതെങ്കിലുമൊരു ഇടപെടൽ ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? പുതിയ ഏതെങ്കിലും പദ്ധതികൾ പൊതുസംവിധാനത്തെ മെച്ചപ്പെടുത്താനായി ഈ ബഡ്ജറ്റിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതൊന്നുമില്ല എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. അത് ഈ ഗവൺമെന്റിന്റെ മുഖമാണ്. ഈ ഗവൺമെന്റിനെ വികൃതമാക്കുന്ന മുഖമാണ് മാണി സാർ ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. വസ്ത്രമേഖലയ്ക്ക് നികുതി വർദ്ധിപ്പിച്ചപ്പോൾ അതിന്റെ ദോഷം അനുഭവിക്കുന്നത് സാധാരണ ജനങ്ങളാണ്. മാണിസാർ എന്താണ് അങ്ങനെ അവതരിപ്പിച്ചതെന്ന് എനിക്ക് മനസിലാകുന്നില്ല. കാരണം സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്ന സരിത എസ്. നായർ കോടതിയിൽ നിന്ന് കോടതികളിലേയ്ക്ക് പോകുമ്പോൾ വില കൂടിയ സാരിയും ചുരിദാറും ധരിച്ച് ബ്യൂട്ടി പാർലറിൽപോയി വേഷം മാറി വരുന്ന രീതിയിലാണ് പോകുന്നത്. എന്തുകൊണ്ട് കേരള ഗവൺമെന്റ് ഇത് കാണുന്നില്ല, ഇത്രയും കൂടിയ വസ്ത്രങ്ങൾ ധരിച്ച് എങ്ങനെ ഒരു പ്രതിക്ക് കോടതിയിൽ വരാൻ അവസരമുണ്ടാകുന്നു,

ആ വസ്ത്രങ്ങൾ എന്തുകൊണ്ട് കണ്ടുകെട്ടുന്നില്ല എന്ന് കോടതി ചോദിച്ചിരുന്നു. മാണി സാറിന് അക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയില്ല. മുഖ്യമന്ത്രിക്കേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് മാണി സാർ വസ്ത്രങ്ങൾക്കെല്ലാം നികുതി ഏർപ്പെടുത്താൻ തീരുമാനിച്ചു. ആരും ഇനി വസ്ത്രം ധരിക്കണ്ട എന്ന നിലയിലേയ്ക്കാണ് മാണി സാർ ഈ ബഡ്ജറ്റിലൂടെ ദ്രോഹിച്ചിരിക്കുന്നത്. വസ്ത്ര വ്യാപാര മേഖലയിൽ നികുതി വർദ്ധിപ്പിച്ചപ്പോൾ പാവപ്പെട്ട ആളുകളുടെ ഉടുതുണി ഉരിയുന്ന നിലയിലേയ്ക്ക് മാണി സാർ ആ ബഡ്ജറ്റിനെ കണ്ടത്. അതുപോലെയാണ് പാർപ്പിടത്തിന്റെ കാര്യവും. ഇതുസംബന്ധിച്ച് ആദ്യമായി ചിന്തിച്ചത് എം.എൻ ഗോവിന്ദൻ നായരാണ്. ഇപ്പോൾ മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കാൻ സഹായിക്കുന്ന തരത്തിലുള്ള എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ? മാണി സാർ ഇത് ശ്രദ്ധിക്കാതിരിക്കാൻവേണ്ടി അദ്ദേഹത്തിന്റെ അരികിൽ ആളുകൾ പോയി ചെവിയിൽ കാര്യങ്ങൾ പറയുന്നുണ്ട്. മാണി സാർ പാവപ്പെട്ട ആളുകളെക്കുറിച്ച് ചിന്തിക്കുന്ന ആളെന്നാണ് ഞാൻ ധരിക്കുന്നത്, നല്ല മനുഷ്യനാണ്, അദ്ദേഹത്തെ കണ്ടാൽ ക്രിസ്തുദേവൻ ഭൂമിയിലേയ്ക്കിറങ്ങി വരുന്നതുപോലെയാണ് തോന്നുന്നത്. അദ്ദേഹം വത്തിക്കാനിൽ പോയ ആളാണ്. പക്ഷേ അദ്ദേഹത്തിന്റെ മനസ് ഇങ്ങനെ കടുകട്ടി ആയിപ്പോയല്ലോ എന്നാണ് ഞാൻ ചിന്തിക്കുന്നത്. പാവപ്പെട്ടവർക്ക് വീട് വയ്ക്കാൻ കഴിയില്ല. മണൽ വാരാൻ കഴിയുന്നില്ല. ഇപ്പോൾ എം.സാൻഡിനും പാറപ്പൊടിക്കും വില കൂട്ടാൻ തീരുമാനിച്ചു. തടി കിട്ടാനില്ല. വിറകില്ല എന്ന് പറഞ്ഞപ്പോൾ നിങ്ങൾ മരം നട്ട് വെള്ളം ഒഴിച്ച് അതിനെ വളർത്തി വലുതാക്കി വിറക് വെട്ടി ഉണക്കി പാചകം ചെയ്യൂ എന്നാണ് ഇവിടെ ഒരു പ്രധാനമന്ത്രി പറഞ്ഞത്. തടി കിട്ടാനില്ല, അലൂമിനിയം ഉൾപ്പെടെയുള്ളവയ്ക്ക് വില വർദ്ധിപ്പിച്ചിരി

ക്കുന്നു. എങ്ങനെയാണ് സാധാരണക്കാർ വീട് വയ്ക്കുന്നത്? സാധാരണ ക്കാർക്ക് വീട് വയ്ക്കാൻ കഴിയുന്ന വിധത്തിൽ ഈ ബഡ്ജറ്റിൽ എന്തെങ്കി ലും നിർദ്ദേശമുണ്ടോ?

ശ്രീ. കെ. എം. മാണി : സർ, ഏറ്റവും കുറഞ്ഞ 4 ശതമാനം പലിശയ്ക്ക് വായ്പ കൊടുത്തു.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അത്തരത്തിൽ വായ്പ കൊടുക്കാൻ കഴിയില്ല. സഹകരണ മേഖലയിലെ ഗഹാൻ അടക്കം ചിട്ടികളിലുമൊക്കെ നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. അങ്ങ് പറയുന്നത് നല്ല കാര്യമാണ്. പക്ഷേ, കൊടുക്കാൻ കഴിയണ്ടേ? തേനിൽ വിഷം ചേർത്തുകൊടുക്കുന്നതു പോലെയാണ് അങ്ങയുടെ സംസാരവും രീതിയും. പറയുമ്പോൾ തേനും കഴിക്കുമ്പോൾ വിഷവുമാണ്. താങ്കളുടെ മെയ്‌വഴക്കത്തെ ഞാൻ അംഗീകരി ക്കുന്നു. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾ കേഴുകയാണ്. കുടിവെള്ളവും ഉടുതുണിയുമില്ല. കുടിവെള്ളത്തിന് ഒരു പദ്ധതിയും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പറഞ്ഞ 4 ശതമാനം പലി ശയ്ക്ക് വായ്പ കൊടുക്കുന്ന ഹൗസിംഗ് പ്രോഗ്രാമിന് പകരം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ദുർബല വിഭാഗങ്ങൾക്ക് വീടുകൊടുത്തത് സൗജന്യമായിട്ടാണ്. അത്തരത്തിൽ 55000 വീടുകൾ വയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് 50000 രൂപ വീതം തന്നിട്ടും പണമില്ലാത്തതുകൊണ്ട് 10000 വീടുകൾപോലും നിർമ്മിച്ചില്ല. ആ പ്രശ്നം പരിഹരിക്കുന്നതിന് 70000 രൂപ ഓരോ വീടിനും അധികം നൽകുമെന്ന് ശ്രീ. കെ. എം. മാണി മൂന്നുനാല്

തവണ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ഒരു പൈസ പോലും കൊടുക്കാതെ, വായ്പ 4 ശതമാനം പലിശയ്ക്ക് കൊടുക്കുമെന്ന് ഇപ്പോൾ പറയുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അതുതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. ശ്രീ. കെ. എം. മാണി പറയുമെന്നല്ലാതെ നടപ്പാക്കില്ല. ലക്ഷം വീടുകൾ ഒറ്റ വീടായി കൊടുക്കുകയാണ് ഇടതുപക്ഷ ഗവൺമെന്റ് ചെയ്തത്. പണമില്ലാത്തതുകൊണ്ട് എം.എൻ. ലക്ഷംവീട് പദ്ധതിയും ഇ.എം.എസ്. ഭവന പദ്ധതിയും പ്രകാരം വീടുകൾ പണിയാൻ കഴിയുന്നില്ല. കുടിവെള്ളത്തിന് പദ്ധതിയില്ലെന്നാണ് ഞാൻ പറഞ്ഞുവന്നത്. തൊടുപുഴയിൽ ശ്രീ. പി.ജെ. ജോസഫിന്റെ മണ്ഡലത്തിൽ ഒരു മ്യൂസിയം ഉണ്ടാക്കാൻ പണം അനുവദിച്ചിരിക്കുന്നു. വെള്ളം മ്യൂസിയത്തിൽ കണ്ടാൽ മതിയോ, കുടിക്കാൻ വേണ്ടേ.

"തലയ്ക്കുമീതെ ശൂന്യാകാശം താഴെ മരുഭൂമി
തപസ്സുചെയ്യും വേഴാമ്പൽ ഞാൻ
ദാഹജലം തരുമോ, ദാഹജലം തരുമോ"

കേരളത്തിലെ ജനങ്ങൾ കേഴുകയാണ്. സാറിനെക്കുറിച്ച് ജനങ്ങൾക്ക് പ്രതീക്ഷ ഉണ്ടായിരുന്നു. കാർഷികമേഖലയെക്കുറിച്ച് എനിക്ക് മുമ്പ് പലരും ചർച്ച ചെയ്തതാണ്. എനിക്കുശേഷവും നിരവധി ആളുകൾ ചർച്ച ചെയ്യുന്നുണ്ട്. അതിൽ മുൻ വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരനും ഉൾപ്പെടും. അവർ പറയും എന്നുള്ളതുകൊണ്ട് ഞാൻ ആ മേഖലയിലേയ്ക്ക് പോകുന്നില്ല. നാട്ടിൻ പ്രദേശങ്ങളിൽ കുട്ടികളെ കളിപ്പിക്കുന്ന മാന്ത്രികന്മാരുണ്ട്. ആ മാന്ത്രികന്മാരെപ്പോലെ ലൊട്ടുലൊടുക്ക് വിദ്യകളുമായി ശ്രീ. കെ. എം. മാണി ഇറങ്ങിയിരിക്കുകയാണ്. കാർഷികമേഖലയിൽ ബോധവത്ക്കരണം, സെമിനാറുകൾ, സിംപോസിയം, എൻഡോവ്മെന്റ് അവാർഡ്, ക്യാഷ്

അവാർഡ്, സ്കോളർഷിപ്പ് തുടങ്ങിയവ നടത്തിയാൽ എങ്ങനെയാണ് നെല്ലുൽപ്പാദനവും ഭൂമിയുടെ വിസ്തൃതിയും, നാളികേരത്തിന്റെ ഉൽപ്പാദനവും കൂടുന്നത്? ഹൈടെക് എന്ന പേരുപറഞ്ഞ് ജനങ്ങളെ പേടിപ്പിക്കുകയാണ്. ഇവിടെ നികുതി വർദ്ധിപ്പിക്കുന്നു. രാവിലെ ഡെപ്യൂട്ടിസ്പീക്കർ പറഞ്ഞതു പോലെ, ചെറുപ്പക്കാർ സ്വയംതൊഴിൽ കണ്ടെത്താൻ വായ്പയെടുത്താണ് ഓട്ടോറിക്ഷ സർവ്വീസ് നടത്തുന്നത്. അത്തരം ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും നികുതി വർദ്ധിപ്പിക്കുമ്പോൾ യാത്രാക്കൂലി കൂടാൻ പോവുകയാണ്. ജനങ്ങളെ എരിതീയിൽ നിന്ന് വറചട്ടിയിലേയ്ക്ക് ഇടുന്ന സമീപനവുമായിട്ടാണ് ഇവിടെ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഇത്രയും താഴാൻ പാടുണ്ടോ? മനുഷ്യന് ദേവന്മാരോടൊപ്പം ഉയരാം, പിശാചിനൊപ്പം താഴുകയും ചെയ്യാം. അങ്ങ് ദേവനോളം ഉയരണമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആ നിലയിലേയ്ക്ക് അങ്ങ് മാറണം. സാമൂഹ്യക്ഷേമ പെൻഷനുകൾ എല്ലാം കുടിശ്ശികയാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളവർക്കും പിരിഞ്ഞുപോയവർക്കും കഴിഞ്ഞ മൂന്ന് വർഷമായി പെൻഷൻ കുടിശ്ശികയാണ്. 178 കോടി രൂപയാണ് അത്തരത്തിൽ കൊടുക്കാനുള്ളതെന്ന് ഞാൻ നിയമസഭയിൽ ഉന്നയിച്ച കാര്യമാണ്.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട അംഗം, പ്രസംഗം ചുരുക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : എല്ലാ പെൻഷനുകളും കുടിശ്ശികയാണ്. പെൻഷനുകൾ 100 രൂപ വീതം കൂട്ടി. ആശാ പ്രവർത്തകർക്ക് ആദ്യം 500 രൂപയായിരുന്നത് 600 രൂപയും 700 രൂപയുമായി വർദ്ധിപ്പിച്ചു. 2013 ഏപ്രിൽ മാസം മുതൽ അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, ക്ഷേമനിധിയുമായി ബന്ധപ്പെട്ടുള്ള കയർ–കശുവണ്ടി–കൈത്തറി തൊഴിലാളി പെൻഷനുകൾ വർദ്ധിപ്പിച്ചിട്ടില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അവയൊന്നും വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല, നക്കാപ്പിച്ച കാണിച്ച് അവതരണം നടത്തിപ്പോവുകയാണ് ചെയ്തത്. കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും അനുവദിച്ച തുക കൊടുത്തിട്ടില്ല. ആശാ വർക്കർമാരുടെ കാര്യം പറയാം. അവർക്ക് 600 രൂപയാക്കിയതും 700 രൂപയാക്കിയതും കൊടുത്തിട്ടില്ല. ഇപ്പോഴത് 900 രൂപയാക്കിയിരിക്കുകയാണ്. കല്ലു കൊത്താനുണ്ടോയെന്ന് പണ്ട് ചോദിക്കുന്നതുപോലെ ആശാ പ്രവർത്തകർ ഗർഭിണികളുണ്ടോയെന്നും കുട്ടികളുണ്ടോയെന്നും ചോദിച്ച് രാവിലെ മുതൽ വീടുകൾ കയറിയിറങ്ങുകയാണ്. അവർക്ക് കിട്ടുന്ന 500 രൂപകൊണ്ട് എങ്ങനെ ജീവിക്കാൻ കഴിയും? ആശാ വർക്കർമാരെ സ്ഥിരം തൊഴിലാളികളായി പ്രഖ്യാപിച്ച് അവർക്ക് ക്ഷേമനിധിയും ഇ.എസ്.ഐ. യും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുകൊണ്ട് സാമൂഹ്യക്ഷേമ രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കണം. ഞാൻ പുതിയ എം. എൽ.എ. ആണ്. കഴിഞ്ഞ നാല് ബഡ്ജറ്റ് അങ്ങ് അവതരിപ്പിച്ചു. ഞാൻ പത്തനംതിട്ട ജില്ലയിലെ അടൂർ മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നത്. പത്തനംതിട്ട ജില്ലയ്ക്കും അവിടെ നിന്നുള്ള മൂന്ന് പ്രതിപക്ഷ എം.എൽ.എ. മാരുടെ മണ്ഡലങ്ങൾക്കും യാതൊരു പദ്ധതിയുമില്ല. കോന്നി, ആറന്മുള മണ്ഡലങ്ങളിൽ കൊടുത്തിട്ടുണ്ട്. ഇത്തവണ ഞാൻ പ്രതീക്ഷിച്ചു. എന്റെ മണ്ഡലത്തിൽ പ്രധാനപ്പെട്ട അടൂരും പന്തളവുമായി ബന്ധപ്പെട്ട ധാരാളം നിർദ്ദേശങ്ങൾ നൽകിയതാണ്. ഒന്നും അംഗീകരിച്ചില്ല. എന്റെ മണ്ഡലത്തിനോട്

കാണിച്ച നീതിനിഷേധം പൊറുക്കാൻ കഴിയില്ല. അതിൽ പ്രതിഷേധിച്ച് എന്റെ മണ്ഡലത്തിലെ ജനങ്ങളേയും കൂട്ടി ഉപവാസമിരിക്കാൻ പോവുകയാണ്. മണ്ണടി വേലുത്തമ്പി ദളവ സ്മാരകത്തിന് പണം അനുവദിക്കണമെന്ന പ്രൊപ്പോസൽ തന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, പ്രസംഗം ചുരുക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, മാത്രമല്ല എന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അതിനായി മാറ്റിവച്ചു. അന്താരാഷ്ട്ര നിലവാരമുള്ള പഠനകേന്ദ്രമാക്കി മാറ്റുന്നതിനാണ് പ്രൊപ്പോസൽ കൊടുത്തത്. അതും അംഗീകരിച്ചില്ല. അടൂർ പട്ടണത്തിൽ പാലം പണിയുന്നതിന് 2 കോടി രൂപ ആവശ്യപ്പെട്ടതും തന്നില്ല. പന്തളം കുറുന്തോട്ടയം പാലം, കോടതി സമുച്ചയം പി.ഡബ്ല്യു.ഡി. കോംപ്ലക്സ് തുടങ്ങി നിരവധി പ്രൊപ്പോസലുകൾ നൽകിയിട്ടും ഒന്നിനും പണം അനുവദിച്ചില്ല. എന്താണ് എന്നോട് ഇങ്ങനെ ചിറ്റമ്മനയം കാണിക്കുന്നത്? അതിൽ പ്രതിഷേധിച്ച് എന്റെ മണ്ഡലത്തിലെ ജനങ്ങളുമായി ശക്തമായ സമരവുമായി മുന്നോട്ട് പോവുകയാണ്. അങ്ങ് ഇനിയെങ്കിലും കനിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മി. ചെയർമാൻ : പ്രസംഗം ചുരുക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ :സർ, ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു. എല്ലാ പത്രങ്ങളും അങ്ങയുടെ ബഡ്ജറ്റിനെക്കുറിച്ചെഴുതി. 'ജീവിതഭാരം കൂട്ടുന്ന ബഡ്ജറ്റ്', 'ഹോട്ടലുകൾ അടച്ചുപൂട്ടുന്ന ബഡ്ജറ്റ്', 'ആർക്കോ വേണ്ടി ചമച്ച ബഡ്ജറ്റ്', 'പ്രതീക്ഷ തകർത്ത് വിലയ്ക്ക് തീ പിടിക്കുന്ന ബഡ്ജറ്റ്', 'വിലക്കയറ്റം തടയാൻ നടപടിയില്ലാത്ത ബഡ്ജറ്റ്' ഇങ്ങനെയൊണ്

കേരളത്തിലെ പത്രങ്ങൾ എഴുതിയത്. ഈ ബഡ്ജറ്റ് തികച്ചും നിരാശാജനക മാണെന്നും മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കുന്നതുമാണെന്നാണ് ആർച്ച് ബിഷപ് സൂസപാക്യം പറഞ്ഞത്. അങ്ങ് ഗീതോപദേശം പറഞ്ഞാണ് നിർത്തി യത്. ഞാനും ഗീതോപദേശം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അർജുനൻ കൃഷ്ണനോട് പറഞ്ഞതാണ്.

'അഹോ! ബത! മഹത്പാപം കർത്തും വ്യവസിതാ വയം
യദ്രാജ്യ സുഖലോഭേന ഹന്തും സ്വജനമുദ്യതാ:'

ഇതിന്റെ അർത്ഥം, 'രാജ്യത്തിലും സുഖത്തിലുമുള്ള അതിമോഹം നിമിത്തം നാം യുദ്ധത്തിൽ സ്വന്തം ആളുകളെ കൊല്ലാനായി നിശ്ചയിച്ചത് വലിയ പാപ മാണ്' എന്നാണ്. അധികാരം നിലനിർത്താൻ കേരളത്തിലെ ജനങ്ങളെ കൊല്ലാൻ ശ്രമിച്ച അങ്ങയുടെ ബഡ്ജറ്റ് മോശമാണ്, പാപമാണ് എന്നു പറഞ്ഞുകൊണ്ട് ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, 12-ാമത് ബഡ്ജറ്റ് അവതരിപ്പിച്ച് ചരിത്രം കുറിച്ച ശ്രീ. കെ. എം. മാണിയുടെ ധനവിനിയോഗത്തിലെ സാമൂഹിക ജാഗ്രത യേയും പ്രായോഗികതയേയും നീതിബോധത്തേയും ഞാൻ അഭിനന്ദിക്കുന്നു. ഒരു നല്ല ധനകാര്യ വകുപ്പുമന്ത്രി നിധി കാക്കുന്ന ഭൂതമല്ലല്ലോ. ധാരാളം പണം സംഭരിച്ച് അതിന്റെ മുകളിലിരുന്ന് ഒന്നും ചെലവാക്കാതെയിരിക്കുന്ന ഭൂതത്തെ പോലെ പണം കാക്കൽ മാത്രമല്ല നല്ല ധനകാര്യ വകുപ്പുമന്ത്രിയുടെ ചുമതല. ശ്രീ. കെ. എം. മാണിയെ സംബന്ധിച്ചിടത്തോളം ആവശ്യത്തിന് ആർദ്രമായ മനസ് ഉണ്ടായതുകൊണ്ട് എല്ലാ നല്ല കാര്യങ്ങൾക്കും പണം ചെലവഴിക്കുകയും കേരളത്തിന്റെ വികസനോന്മുഖമായ എല്ലാ പ്രവർത്തന

ങ്ങൾക്കും നല്ല തുടക്കം കുറിക്കുകയും അവ വിജയത്തിലേയ്ക്ക് കുതിക്കുകയും ചെയ്യുന്ന സന്ദർഭത്തിലാണ് ശ്രീ. കെ. എം. മാണി ഈ ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് അങ്ങേയ്ക്ക് ലഭിച്ച സാർവ്വജനകീയമായ അംഗീകാരം കൊണ്ടാണ്.

ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസകിന്റെ സൈദ്ധാന്തിക പ്രഭാഷണത്തെക്കാൾ അങ്ങയുടെ പ്രഭാഷണം സി.പി.ഐ. (എം.) കാർക്ക് ഇഷ്ടമായതുകൊണ്ടാണ് അങ്ങയെ പ്ലീനത്തിനുപോലും വിശിഷ്ടാതിഥിയായി ക്ഷണിച്ചതെന്നു ഞാൻ വിചാരിക്കുകയാണ്. പ്രായോഗികജ്ഞാനം അങ്ങയിൽ നിന്ന് ലഭിക്കണം. സൈദ്ധാന്തികമായി ധാരാളം കാര്യങ്ങൾ പറയാൻ എളുപ്പമാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസകിന്റെ പ്രസംഗം കേൾക്കാൻ വളരെ മനോഹരമാണ്. അദ്ദേഹത്തിന്റെ ഐഡിയോളജിക്കൽ സ്പീച്ച്, അദ്ദേഹത്തിന് നല്ല സങ്കൽപ്പങ്ങളുണ്ട്. പക്ഷെ, അദ്ദേഹം ഇവിടെ പ്രസംഗിച്ചപ്പോൾ നടക്കാത്ത ധാരാളം കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയ്ക്ക്, ഡോ. ടി. എം. തോമസ് ഐസകിന്റെ കാലത്ത് അവതരിപ്പിച്ചിട്ട് നടക്കാത്ത കാര്യങ്ങളെ സംബന്ധിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചാൽ ഇതുപോലുള്ള നാല് വോള്യങ്ങൾ വേണ്ടിവരും. എവിടെപ്പോയി അങ്ങയുടെ Al-Barakah? അതുപോലെതന്നെ മലമ്പുഴയിൽ നിന്ന് മണ്ണെടുക്കുമെന്ന് പറഞ്ഞതുപോലുള്ള ധാരാളം നൂതന ആശയങ്ങളുണ്ടായി, പക്ഷെ അതെവിടെയുമെത്തിയില്ല. ബഹുമാനപ്പെട്ട കെ. എം. മാണിക്ക് നീതിബോധമുണ്ട്, അതുമാത്രമല്ല അദ്ദേഹത്തിന് സമൂഹത്തോട് അതിയായ വിതരണത്തിനുള്ള ജാഗ്രതയുമുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, Al-Barakah ഇപ്പോൾ Cheraman Financial Services Ltd എന്ന പേരിൽ അംഗീകാരം നേടി പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങെങ്കിലും അത് അറിഞ്ഞിരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അങ്ങയുടെ കാലത്ത് ധാരാളം ആശയങ്ങളുണ്ടായിട്ടുണ്ട്. അത് പിന്നീട് പ്രയോഗത്തിൽ വന്നിട്ടുണ്ട്. അതുപോലെതന്നെ ശ്രീ. കെ. എം. മാണി ഇപ്പോൾ പറയുന്ന കാര്യങ്ങൾ ഇപ്പോൾ പെട്ടെന്ന് നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിലും പിന്നീട് ചിലതൊക്കെ നടപ്പിലാക്കാൻ സാധിക്കും. എല്ലാം ഒരൊറ്റ സമയംകൊണ്ട് നടപ്പിലാക്കുക എന്നുള്ളതല്ല. അങ്ങ് പറഞ്ഞതുതന്നെയാണ് അതിനുള്ള മറുപടി. ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതിൽ ധാരാളം നല്ല ആശയങ്ങളുണ്ട്. അതിപ്പോഴല്ലെങ്കിൽ ബാക്കി അടുത്ത വർഷംകൊണ്ട് പൂർത്തീകരിക്കപ്പെടും. അങ്ങ് ധനകാര്യ വകുപ്പു മന്ത്രിയായിരുന്നപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കുന്നതിൽ എന്ത് മാനദണ്ഡമാണ് സ്വീകരിച്ചത്? ശ്രീ. കെ. എം. മാണി ഇവിടെ സർക്കാർ ഉടമസ്ഥതയിലുള്ള 22 കോളേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. നിയമസഭാമണ്ഡലങ്ങളിൽ എവിടെയൊക്കെയാണോ കോളേജില്ലാത്തത്, അവിടെയൊക്കെ കോളേജുകൾ കൊടുത്തു എന്നതാണ് ശ്രീ. കെ. എം. മാണി സ്വീകരിച്ച ഒരു മാനദണ്ഡം. അങ്ങയുടെ അഞ്ച് വർഷത്തെ ഭരണത്തിനിടയിൽ അങ്ങ് ആകെ അനുവദിച്ചത് ഒരൊറ്റ ഗവൺമെന്റ് കോളേജാണ്. അത് അങ്ങ് അങ്ങയുടെ മണ്ഡലത്തിൽത്തന്നെ എടുക്കുകയുണ്ടായി. അതാണോ നീതിബോധം? കൂടെ നിൽക്കുന്നവർക്കുപോലും കൊടുക്കാനുള്ള വിശാലമനസ്കത അങ്ങേയ്ക്കുണ്ടായില്ല. 32 വർഷത്തിനുശേഷം ആദ്യമായി 4 മെഡി

ക്കൽ കോളേജുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. നടക്കാൻ പോകുന്നില്ലായെന്ന് പലരും പറഞ്ഞു. എന്റെ നിയോജക മണ്ഡലത്തിന് ഒരു മെഡിക്കൽ കോളേജ് അനുവദിച്ചു, അന്ന് ആകെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 3 കോടി രൂപയാണ്. പലരും ചോദിച്ചു, 3 കോടി രൂപകൊണ്ട് 4 മെഡിക്കൽ കോളേജോ? മനോഹരമായ മെഡിക്കൽ കോളേജ് മഞ്ചേരിയിൽ ഉയർന്നു വന്നു. പാവപ്പെട്ട 100 കുട്ടികൾ അവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ അവർ ഏറ്റവും മികച്ച നിലവാരത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ചുരുങ്ങിയ ചെലവിൽ ഗവൺമെന്റ് ഉടമസ്ഥതയിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. 4 മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചുകഴിഞ്ഞു, 9 എണ്ണത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഇടുക്കിയിലെ രണ്ടാമത്തെ കോളേജിന്റെയും അതുപോലെതന്നെ തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിന്റെയും ആപ്ലിക്കേഷൻ ഈ പ്രാവശ്യം കൊടുത്തു. അടുത്ത അദ്ധ്യയന വർഷത്തോടുകൂടി മെഡിക്കൽ കോളേജ് ആരംഭിക്കാൻ പോകുകയാണ്. കഴിഞ്ഞ 5 വർഷക്കാലം ഞാനോർക്കുന്നു, അന്നത്തെ വിദ്യാഭ്യാസ ബിൽ ബഹുമാനപ്പെട്ട എം. എ. ബേബി അവതരിപ്പിച്ചപ്പോൾ രാത്രി 3 മണിക്കാണ് ശ്രീ. കെ. എം. മാണി പ്രസംഗിച്ചത്. രാത്രി 3 മണിക്കൊക്കെ ഉറക്കമിളച്ചിരിക്കുന്നതുകണ്ട് ഞങ്ങൾ പുതിയ അംഗങ്ങൾക്കൊക്കെ ഭയങ്കര അത്ഭുതമായിരുന്നു. മെഡിക്കൽ ബില്ലായിരുന്നു അത്. ആ ബില്ലിലെ എന്തെങ്കിലും കാര്യങ്ങൾ നിലനിർത്താൻ നിങ്ങൾക്ക് കഴിഞ്ഞോ? അന്നത്തെ സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജുകളെയൊക്കെത്തന്നെ ധാരാളം കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഭീഷണിപ്പെടുത്തുന്ന രീതിയിലുള്ള സംസാരങ്ങളുണ്ടായി എന്നതൊഴിച്ചാൽ

ശ്രീ. കെ. എം. മാണി പറഞ്ഞു, ഇത് കോടതിയുടെ വരാന്തയിലെത്തുമ്പോഴേയ്ക്കും തള്ളിപ്പോകും, അത് സംഭവിച്ചില്ലേ? പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വകാര്യ മേഖലയെ കൂച്ചുവിലങ്ങിടുന്നതിനുവേണ്ടി അവരോടൊപ്പം നിൽക്കുക, ഇന്നൊരു പ്രശ്നവും ആ ഭാഗത്തില്ലല്ലോ. മാത്രമല്ല, അതിന് പ്രായോഗികമായി പുതിയ ഡോക്ടർമാരെ കൊണ്ടുവരുന്നതിനുവേണ്ടി മിടുക്കന്മാരായ ഏകദേശം 1500 ഡോക്ടർമാർ പുതിയതായി ഒന്നുരണ്ട് വർഷത്തിനകം ഗവൺമെന്റ് കോളേജുകളിൽ നിന്ന് വരാൻ പോകുകയാണ്. നമ്മളത് കാണണ്ടേ? അതുപോലെതന്നെ 12 താലൂക്കുകൾ പ്രഖ്യാപിച്ചു. താലൂക്ക്, ജില്ലകൾ, വില്ലേജുകൾ എന്നിവയൊക്കെത്തന്നെ ഒരു രാജ്യത്തിന്റെ വികസനത്തിന് ത്വരിതപ്പെടുത്തുന്ന അത്യാവശ്യ ഘടകങ്ങളല്ലേ? നിങ്ങൾക്ക് ഒരു വില്ലേജ് ഓഫീസെങ്കിലും ആരംഭിക്കാൻ സാധിച്ചോ? നിങ്ങൾ ധാരാളം കാര്യങ്ങൾ പറഞ്ഞു. പക്ഷെ പണത്തിന്റെ കണക്കല്ല, അങ്ങയുടെ കണക്കിനെയുമൊക്കെത്തന്നെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ കണക്ക് മാത്രമാണോ കാര്യം; കണക്കിൽ പണം കുറവുവരുമ്പോൾ അത് ഉണ്ടാക്കിയെടുക്കുക, അതിനുള്ള വിഭവ സമാഹരണത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കുക, സാധാരണക്കാരന് കൂടുതൽ നികുതി ഭാരമില്ലാത്ത വിധത്തിലുള്ള ശുപാർശകൾ നൽകുക, അമിതഭാരമെന്നു തോന്നുന്ന ശുപാർശകൾ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പലപ്പോഴും ഉണ്ടാകാറുണ്ട്. അങ്ങനെയുള്ളത് ചർച്ചയ്ക്കുശേഷം യാതൊരു പ്രയാസവുമില്ലാതെ അദ്ദേഹം പലതും പിൻവലിക്കാറുണ്ട്, ഈ ചർച്ചയുടെ സ്പിരിറ്റ് അദ്ദേഹം ഉൾക്കൊള്ളാറുണ്ട്. ഇപ്പോൾത്തന്നെ ബഡ്ജറ്റ് അവതരണത്തിനു ശേഷം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രയാസമുള്ള ഭാഗങ്ങളുണ്ടെങ്കിൽ

നമുക്ക് ആലോചിക്കാമെന്ന് അദ്ദേഹം പറയുകയുണ്ടായി. അങ്ങനെയുള്ള കാര്യങ്ങൾ ഒരു ബെസ്റ്റ് സ്പിരിറ്റും നല്ല ചർച്ചയോടുംകൂടി മുന്നോട്ടു കൊണ്ടു പോകുകയെന്നു പറയുന്നത് ചെറിയ കാര്യമാണോ? കർഷകരെ സംബന്ധി ച്ചിടത്തോളം ഇത്രമാത്രം പ്രതീക്ഷ നൽകുന്ന ഒരു കാര്യം വേറെയില്ല. ബഹു മാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് കർഷകർക്ക് മാത്രം എന്തിനാണ് ലാപ്ടോപ്, എല്ലാപേർക്കും കൊടുത്തുകൂടേ? എന്ന് ചോദിക്കുകയുണ്ടായി. അതൊരു നല്ല ആശയമാണ്. എന്നുപറഞ്ഞ് ആർക്കും കൊടുക്കരുത് എന്നല്ല. കർഷകർക്ക് ലാപ്ടോപ് കൊടുക്കുകയെന്നുപറയുന്നത് ഒരു നിസ്സാര കാര്യമ ല്ല, അംഗീകാരത്തിന്റെ പ്രശ്നമാണ്. ഞാനൊരു കർഷക പുത്രനാണ്. മുമ്പ് രക്ഷകർത്താക്കളോടൊപ്പം പാടത്തിൽ പണിയെടുക്കുന്നതിനുവേണ്ടി പോയ ശേഷം സ്കൂളിലേയ്ക്ക് ചെല്ലുമ്പോൾ ശരീരത്തിൽ ചെളിയുണ്ടായിരിക്കും, ചെവിയിലൊക്കെ ചെളി കാണാമായിരിക്കും. അപ്പോൾ ഉദ്യോഗസ്ഥന്മാരു ടെയും അദ്ധ്യാപകരുടെയും ഡോക്ടർമാരുടെയും മക്കളൊക്കെത്തന്നെ 'പാട ത്തുനിന്ന് നേരെ കയറി വരികയാണോ' എന്ന് ചോദിച്ചുകൊണ്ട് എന്നെ കളി യാക്കിയിരുന്നു. അപ്പോൾ അങ്ങനെയുള്ള കർഷകർക്ക് ഇന്നും അതുപോ ലെയുള്ള അവഹേളനങ്ങളുണ്ടാകുമ്പോൾ ഒരിക്കലും ഒരു കർഷകന്റെ പുത്ര നാകരുതെന്ന് പല കർഷക പുത്രന്മാരും ആഗ്രഹിച്ചുപോകാറുണ്ട്. അങ്ങനെ നിൽക്കുന്ന കർഷകരുടെ മക്കൾക്ക് ഈ ലാപ്ടോപ് എനിക്കെന്തുകൊണ്ട് കിട്ടിയെന്ന് ചോദിച്ചാൽ എന്റെ അച്ഛൻ അല്ലെങ്കിൽ എന്റെ അമ്മ ഒരു ഹെക്ട റിൽ താഴെ ഭൂമിയുള്ള കർഷകനാണ്, അതുകൊണ്ട് എനിക്ക് കേരള ഗവൺമെന്റിൽ നിന്ന് കിട്ടിയ അംഗീകാരമാണ്. കർഷകരെ അംഗീകരിക്കുന്ന ഒരു ഗവൺമെന്റ് കേരളത്തിലുണ്ട് എന്നുപറയപ്പെടുമ്പോൾ ഇവിടെയുള്ള

കുട്ടികൾക്ക് അഭിമാനബോധമുണ്ടാകും. അവർക്ക് കൃഷിയിലേയ്ക്ക് മടങ്ങിപ്പോകാനുള്ള താൽപ്പര്യമുണ്ടാകും. അതല്ലാതെ ഒരു ലാപ്ടോപ് എന്നുപറഞ്ഞാൽ അതുകൊണ്ട് എല്ലാമായി എന്നുള്ളതല്ല. അതൊരു കർഷകന്റെ അഭിമാനത്തിന്റെ, അംഗീകാരത്തിന്റെ ഒരു പ്രതീകമായി നമ്മൾ കാണണം. ഇങ്ങനെയുള്ള നല്ല കാര്യങ്ങൾ പറയുന്നുണ്ട്. അതുപോലെതന്നെ ഇന്നവേറ്റീവ് പ്രോജക്ടുകൾക്കുവേണ്ടി ഓരോ വകുപ്പുകൾക്കും നീക്കിവയ്ക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ 1% തുക മാറ്റിവയ്ക്കുകയാണ്. പുതിയ സംരംഭകർക്ക് 1% തുകയെന്നുപറയുമ്പോൾ 6200 കോടി രൂപയിലധികം വരും ചെറിയ കാര്യമാണോ? എന്നു വിചാരിച്ച് 6200 കോടി രൂപയ്ക്കും നാളെത്തന്നെ പ്രോജക്ടുണ്ടാക്കുകയെന്നുള്ളതല്ല. ചെറുപ്പക്കാരായ ആളുകൾക്ക് അവസരമുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. പരമ്പരാഗതമായ നമ്മുടെ ശൈലിയെന്താണ്, പത്താതരം പാസ്സായാൽ നേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പോകുക, എന്നിട്ട് തൊഴിലില്ലാത്തവരുടെ പട്ടിക നോക്കുമ്പോൾ മുപ്പതിനായിരമോ, നാൽപ്പതിനായിരം, അമ്പതിനായിരം, നാലു ലക്ഷം, അഞ്ചു ലക്ഷം എന്നിങ്ങനെ ഏറ്റവും തൊഴിലില്ലാത്തവരുടെ പട്ടികയായി നമ്മൾ അഭിമാനപൂർവ്വം ഉയർത്തിപ്പിടിക്കുന്നതിന് പകരമായി കുട്ടികൾക്ക് പഠിക്കുമ്പോൾത്തന്നെ ചെറിയ പ്രോജക്ടുകളുണ്ടാക്കുന്നതിനുവേണ്ടി, ആ പ്രോജക്ടുകൾ കൊണ്ടുവന്നാൽ അതിൽ താൽപ്പര്യമുള്ള ആളുകൾക്ക്, കോളേജുകൾക്കുതന്നെ അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നല്ല രീതിയിലുള്ള നിർദ്ദേശങ്ങൾ നൽകി, ആ പ്രോജക്ടുകൾക്ക് അംഗീകാരം നൽകി, പലിശരഹിത വായ്പകൾ നൽകി, സബ്സിഡി നൽകി, അങ്ങനെയുള്ള ഐഡിയകൾ ഡെവലപ്പ് ചെയ്യുന്നതിനുള്ള കാര്യങ്ങൾ കൊണ്ടുവരിക.

നല്ല മിടുക്കന്മാരായ, നൈപുണ്യമുള്ള ആളുകൾ ഇന്ന് വളർന്നുവരികയാണ്. അവർക്ക് അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളത് ഒരു ഗവൺമെന്റിന്റെ ബാദ്ധ്യതയല്ലേ? നമ്മളതിനെ സ്പിരിറ്റോടുകൂടി കാണണ്ടേ? നടപ്പിലാക്കുകയില്ലായെന്ന് പറയുന്നതിലല്ല, നടപ്പിലാക്കാനുള്ള ഇച്ഛാശക്തി നമുക്ക് ഓരോരുത്തർക്കും ഉണ്ടാകണം. ഒരു നിയോജക മണ്ഡലത്തിൽ 100 രൂപ തന്നാൽ അതെങ്ങനെ എ.എസ്. ആക്കാമെന്നതിന്റെ പുറകേ നമ്മളോടണം. അതല്ലാതെ 100 രൂപയേ കിട്ടിയിട്ടുള്ളൂവെന്ന് വിലപിക്കുകയല്ല ചെയ്യേണ്ടത്. അങ്ങനെയുള്ള വിലാപ കാവ്യങ്ങൾ എഴുതുന്നതിനുപകരമായി ലഭിച്ച പണം എത്രമാത്രം പ്രായോഗികമായി നമ്മുടെ സംസ്ഥാനത്ത് നമ്മുടെ ജില്ലയിൽ നടപ്പിലാക്കാൻ കഴിയുമെന്നല്ലേ നമ്മളാലോചിക്കേണ്ടത്? അതുപോലെ തന്നെ ഇവിടെ ഗ്രാമവികസനത്തെ സംബന്ധിച്ച് പറയുകയുണ്ടായി. പൊതുരംഗത്ത് പ്രവർത്തിക്കുന്നവർക്കൊക്കെ അറിയാം, ഗ്രാമവികസനത്തിന്റെ ഫണ്ട് പലപ്പോഴും കേന്ദ്ര ഗവൺമെന്റിൽ നിന്ന് **PMGSY** പോലുള്ള ഫണ്ടുകൾ ടെണ്ടർ ചെയ്തുപോകും. അതിന്റെ എക്സസ് ഒരു നയാപൈസയ്ക്ക് മുകളിൽ ഒരാൾ ടെണ്ടർ എടുത്തുകഴിഞ്ഞാൽ പിന്നെ ആ വർക്ക് നടക്കുകയില്ല. അങ്ങനെ എത്ര റോഡുകളുടെ പ്രവർത്തനം മുടങ്ങിക്കിടക്കുന്നു. ആയിരക്കണക്കിന് റോഡുകൾ ഇന്ന് തുടങ്ങാൻ കഴിയാതെ പോകുകയാണ്. സെൻട്രൽ ഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ച് ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ആ വർക്കുകൾ ഏറ്റെടുക്കാൻ ആളില്ലാതെ ആ വർക്കുകൾ പ്രശ്നമായി നിലനിൽക്കുന്നതാണ് കാരണം. അങ്ങനെയുള്ള വർക്കുകൾക്ക് സപ്പോർട്ടിനുവേണ്ടി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നല്ല കാര്യമാണ്. എനിക്കു തോന്നുന്നത്, ആദ്യത്തെ സംരംഭമാണ്. ഗ്രാമവികസനത്തിനുവേണ്ടി കോടി

ക്കണക്കിന് രൂപ നീക്കിവച്ച കൂട്ടത്തിൽ ഇക്കാര്യത്തിൽ പ്രത്യേകമായി പ്രായോഗികമായി നേരിടുന്ന ഒരു പ്രയാസമെന്ന നിലയ്ക്ക് ആ പ്രയോഗിക വിഷമതകൾ ദൂരീകരിക്കുന്നതിനുവേണ്ടി ശ്രീ. കെ. എം. മാണി ചെയ്ത കാര്യങ്ങൾ ചെറുതാണോ? അതുപോലെ, അനാഥക്കുട്ടികൾക്ക് പരിരക്ഷ. കേരളത്തിൽ നമുക്കറിയാം, എല്ലാ സമുദായങ്ങളും അനാഥാലയങ്ങൾ നടത്തുന്നുണ്ട്. ഞാനൊരു ഓർഫനേജിന്റെ പ്രവർത്തകനാണ്, അവിടെ ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്. അതുപോലെ, മറ്റ് ഓർഫനേജുകൾ. ആ ഓർഫനേജുകളിൽ പഠിക്കുന്ന ഒരു പ്രത്യേക സമുദായത്തിൽപ്പെട്ട കുട്ടികൾക്കുമാത്രമേ പരിരക്ഷ ലഭിക്കുന്നുള്ളൂ. ഗവൺമെന്റ് അതിനുവേണ്ട സപ്പോർട്ട് നൽകുന്നുണ്ട്. പക്ഷെ, ഇവിടെ 10 വയസ്സിനുതാഴെയുള്ള അനാഥകുഞ്ഞുങ്ങൾ ഉണ്ടാവുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്, ചെറിയ കാര്യമാണോ? മുമ്പിവിടെ ബഹുമാനപ്പെട്ട എളമരം കരീം പറയുകയുണ്ടായി, ഈ ഗവൺമെന്റ് ഇവിടെ യത്തീംഖാനപോലെയാണ് പ്രവർത്തിക്കുന്നത്. യത്തീംഖാനകൾ പ്രവർത്തിക്കേണ്ടി വരുന്നത് ഗവൺമെന്റുകൾ കാര്യക്ഷമമല്ലാത്തതുകൊണ്ടാണ്. ഇങ്ങനെയുള്ള വൃദ്ധരെയും, വയോധികരുമുൾപ്പെടുന്ന അനാഥരായ ആളുകളെ സംരക്ഷിക്കാൻ ഗവൺമെന്റ് പരാജയപ്പെടുമ്പോഴാണ് മറ്റുള്ള സന്നദ്ധ സംഘടനകൾ മുന്നോട്ടുവരേണ്ടത്. ഒരു സന്നദ്ധ സംഘടനകളും ഏറ്റെടുക്കാൻ കഴിയാതെ ഒരു അനാഥകുഞ്ഞും നാളെ തെരുവിലേയ്ക്ക് പോകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്ന ഒരു പ്രൊവിഷൻ വയ്ക്കുകയും പണം വകയിരുത്തുകയും ചെയ്തത് ചെറിയ കാര്യമാണോ? അതുപോലെതന്നെ പ്രയാസമനുഭവപ്പെടുന്ന ആളുകൾ ക്യാൻസർ രോഗികളാണെങ്കിൽ അവർക്ക് പ്രതിമാസം 1000/- രൂപ

കൊടുക്കുമെന്ന് ഗ്യാരണ്ടി തരികയാണ്. ജീവിതത്തിന് സുരക്ഷിതത്വ ബോധം ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ് ഗവൺമെന്റ് ചെയ്യുന്നത്. ഒരു ഗവൺമെന്റിന് പോലീസ് ഉണ്ടാകുന്നുവെന്നുള്ളതിന്റെ അർത്ഥമെന്താണ്; പോലീസുകാർ ഇവിടത്തെ ഓരോ വീടിനും സുരക്ഷിതത്വം ഉണ്ടാക്കുന്നുവെന്നുള്ളതുകൊണ്ടാണ് ആളുകൾ കിടന്നുറങ്ങുന്നത്. നമ്മുടെ രണ്ടേമുക്കാൽ രൂപയുടെ പൂട്ടിന്റെ ബലത്തിലല്ല, പകരം ഇവിടെയൊരു പോലീസുണ്ട്, ഇവിടെ ചോദിക്കാനും പറയാനും ആളുണ്ട് എന്നുള്ളൊരു സുരക്ഷിതത്വ ബോധമുള്ളതുകൊണ്ടാണ് നമ്മൾ വീടുകളിൽ സുഖമായി കിടന്നുറങ്ങുന്നത്.

അതുപോലെ, കേരളത്തിൽ ഒരു അനാഥകുഞ്ഞും ഉണ്ടാകാൻ പോകുന്നില്ല, ഒരു പ്രയാസമുണ്ടാകുന്ന ആളുമുണ്ടാകാൻ പോകുന്നില്ല, മരുന്നു ലഭിക്കാതെ പോകുന്നവരുമുണ്ടാകുന്നില്ല എന്നുള്ളത് ചെറിയ കാര്യമാണോ? ലോട്ടറിയുടെ കാര്യം അന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് ഇവിടെ ഓർക്കുകയാണ്. ലോട്ടറി ഇവിടെ നിയന്ത്രിക്കണമെങ്കിൽ സാന്റിയാഗോ മാർട്ടിനേയും അതുപോലെ ഭൂട്ടാൻ ലോട്ടറിയേയും....... കാശിട്ട് കാശുവാരാൻ എന്ന പരസ്യമിപ്പോഴില്ലല്ലോ. ആ പരസ്യം നിന്നുപോയി. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ തന്ത്രപരമായ ഇടപെടൽകൊണ്ടുമാത്രമാണ് ആ പരസ്യം നിറുത്തിയത്. ഇപ്പോൾ ആ ലോട്ടറി എവിടെയെങ്കിലുമുണ്ടോ? അന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് കേന്ദ്രത്തിൽ നിയമം മാറ്റണമെന്നാണ്. നിയമം മാറ്റുന്നതിനുപകരം ശ്രീ. കെ. എം. മാണി ഉള്ള നിയമം പൊടിതട്ടിയെടുത്തുകൊണ്ട് നടപ്പിലാക്കിയപ്പോൾ ലോട്ടറി തട്ടിപ്പുകാരെ ഈ രാജ്യത്തുനിന്നും തുടച്ചുമാറ്റാൻ കഴിഞ്ഞുവെന്നുമാത്രമല്ല രാജ്യത്തിന് അഭിമാനമായിക്കൊണ്ടുതന്നെ കാരുണ്യ ലോട്ടറി

ഇന്ന് ഏറ്റവും കൂടുതൽ വരുമാനംകൂടി നൽകുന്ന ബൃഹത്തായ ഒരു പദ്ധതി യായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള പ്രായോഗികമായ കാര്യങ്ങൾ നമ്മൾ എടുത്തുപറയണ്ടേ? അതുപോലെ പ്രവാസി ക്ഷേമത്തിനുവേണ്ടി കുറച്ച് പണം നീക്കിവച്ചിട്ടുണ്ട്. ഒരു വർഷം 80910 കോടി രൂപ പ്രവാസിക ളിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന് നിക്ഷേപമായി ലഭിക്കുന്നുണ്ട്. ഈ വർഷം നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനമെന്നുപറയുന്നത് 54966.85 ആണ്. ഇത് അങ്ങ് പറഞ്ഞ കണക്കാണ്. വിദേശ മലയാളികളുടെ നിക്ഷേപം മാത്രം 80910 കോടി രൂപവരും. മാത്രവുമല്ല അടുത്ത വർഷം ഒരു ലക്ഷം കോടി രൂപ കവിയുമെന്ന് അങ്ങ് തന്നെ പ്രതീക്ഷയർപ്പിച്ചു. ഈ പണം ഫലപ്രദമായി ചെലവഴിക്കാൻ കഴിഞ്ഞാൽ, അവർക്ക് നല്ല പ്രോജക്ട് ഐഡിയാസ് കൊടുത്താൽ പണം നിക്ഷേപിക്കാൻ അവർ മുന്നോട്ടുവരും. അതിനാണ് ഇന്നവേറ്റീവ് കൗൺസിൽ. സെൻട്രൽ ഗവൺമെന്റിൽ ബഹുമാ നപ്പെട്ട പ്രധാനമന്ത്രി പ്രത്യേകമായി താല്പര്യമെടുത്തുകൊണ്ട് സാം പിത്രോദ യുടെ ചെയർമാൻഷിപ്പിൽ അങ്ങനെയുള്ള ഒരു കൗൺസിൽ നിലവിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിൽ ഇത് പ്രഖ്യാപിക്കു കയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിൽ വളരെ ഫലപ്രദ മായി ഇടപെടാൻ, ബ്യൂറോക്രസിയുടെ പിടിയിലമർന്നുപോകാതിരിക്കാൻ, ബ്യൂറോക്രസിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ചട്ടപ്പടിയുള്ള പ്രവർത്തന ത്തിന് അപ്പുറമായി ധിഷണാ ബോധമുള്ള, കാഴ്ചപ്പാടുള്ള, കേവലം രാഷ്ട്രീ യത്തിന്റെ അടിസ്ഥാനത്തിലല്ലാതെ പുതിയ പുതിയ പ്രോജക്ടുകൾക്ക് ഐഡിയ കൊടുക്കുന്നതിനുവേണ്ടി നമ്മുടെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കൃഷി മേഖലയിലും, വ്യാവസായിക മേഖലയിലും ഉണർവുണ്ടാക്കുന്നതിനു

വേണ്ടി ഈ കൗൺസിലുകൾക്ക് വലിയ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സന്ദർഭമുണ്ടാകണമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിലമ്പൂർ–നഞ്ചൻകോഡ് റെയിൽവേ ലൈനിനുവേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നല്ല കാര്യമാണ്.. നിലമ്പൂർ–നഞ്ചൻകോഡ് റെയിൽ എന്ന ആശയം ബ്രിട്ടീഷുകാരുടെ കാലത്തു തുടങ്ങിയതാണ്. ഇതുവരെ ഒരു നയാ പൈസ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ വച്ചിട്ടില്ല. ഇപ്പോൾ ആദ്യമായിട്ടാണ് 5 കോടി രൂപ വകയിരുത്തിയത്. നാലായിരം കോടി രൂപയോളം വേണ്ടിവരുന്നതിന് 5 കോടി രൂപ വകയിരുത്തിയാൽ എത്ര മതിയാകുമെന്ന് ചോദിക്കുന്നവരുണ്ടാകും. എന്നാൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള വകുപ്പുമന്ത്രിയും കൂടി ഈ 5 കോടി രൂപ പ്രയോജനപ്പെടുത്തി മുന്നോട്ടു പോകുകയാണെങ്കിൽ ഫെബ്രുവരി മാസത്തിൽ വരുന്ന സെൻട്രൽ ബഡ്ജറ്റിൽ കാര്യമായ സംഖ്യ നീക്കിവയ്ക്കുന്നതിനും കർണ്ണാടക ഗവൺമെന്റുമായി ..... കർണ്ണാടകത്തിൽനിന്നാണ് കൂടുതൽ സ്ഥലം ഇതിലേയ്ക്ക് വരേണ്ടത്. നമുക്കറിയാം ഇന്ന് എറണാകുളം മുതൽ ബാംഗ്ലൂർവരെ പോകുന്ന യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ. രാത്രിയായാൽ സഞ്ചാരം പാടില്ല. അതുപോലെ ബസ്സിൽ പോകുകയാണെങ്കിൽ അമിതമായ ചാർജാണ് ഈടാക്കുന്നത്. അതുകൊണ്ട് ഈ റെയിൽ യാഥാർത്ഥ്യമാകുകയാണെങ്കിൽ കൊച്ചിയിൽ നിന്ന് ഏറ്റവും ഷോർട്ടസ്റ്റ് റൂട്ടായി ബാംഗ്ലൂർ സിറ്റിയിലേയ്ക്ക് പോകാൻ കഴിയും. കർണ്ണാടകത്തിൽ നിന്നുള്ള ചരക്കുകടത്തു പോലുള്ള മറ്റനവധി നല്ല കാര്യങ്ങൾ വാണിജ്യ രംഗത്ത് പ്രയോജനപ്പെടും. അതുകൊണ്ട് ഈ സന്ദർഭത്തിൽ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരു

ത്തിയതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ സംഖ്യ നീക്കിവച്ചതിനപ്പുറമായി ഇത് പ്രായോഗികമാക്കുന്നതിനുവേണ്ടി സെൻട്രൽ ഗവൺമെന്റിന്റെ അടുത്ത ബഡ്ജറ്റുമായി ബന്ധപ്പെട്ട് കർണ്ണാടക ഗവൺമെന്റുമായി ചർച്ച ചെയ്തുകൊണ്ട് ഇത് യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾകൂടി നടത്തണമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അങ്ങ് മാപ്പിളകവി പുലിക്കോട്ടിൽ ഹൈദർ സ്മാരകത്തിനുവേണ്ടി 10 ലക്ഷം രൂപ നീക്കിവച്ചിരുന്നു. ഇത്തവണ അത് നീക്കിവയ്ക്കാൻ വിട്ടുപോയതാണെന്നു തോന്നുന്നു. അതിന് സ്വന്തമായി സ്ഥലമുണ്ട്. സ്മാരകത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. അതിലേയ്ക്ക് 25 – 50 ലക്ഷം രൂപയെങ്കിലും നീക്കിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി, പ്രവാസികൾക്ക് നിതാഖത്ത് പോലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ അവരെ സപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ടെങ്കിലും അത് മതിയാകില്ല. അവരുമായി ചർച്ച നടത്തി കുറച്ചുകൂടി സംഖ്യ കൂടുതൽ വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം അവരുടെ നിക്ഷേപം പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾകൂടി നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. എല്ലാപേരും അവരവരുടെ കക്ഷിബന്ധങ്ങൾ ബലപ്പെടുത്താനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും ഏതൊരാൾക്കും ഏതുപാർട്ടിയിൽവേണമെങ്കിലും പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇപ്പോൾ കണ്ണൂർ ജില്ലയിലുള്ള നമോ വിചാർ മഞ്ച് സി.പി.ഐ.(എം.) ൽ ലയിക്കാൻ പോകുകയാണ്. നമോ വിചാർ മഞ്ചിന്റെ ആളുകൾ ആരാണ്? ശ്രീ. നരേന്ദ്ര

മോഡിയെ പ്രധാനമന്ത്രിയാക്കാൻ സ്ഥാനാർത്ഥിയാക്കുന്നതിൽ എതിർപ്പുള്ള വരല്ല. ശ്രീ. നരേന്ദ്ര മോഡിയെ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് കൊണ്ടുവര ണമെന്നുപറയുന്നവരാണ്. ബി.ജെ.പി.യുടെ പഴയ പ്രസിഡന്റ് ശ്രീ. സി. കെ. വാസുവും ശ്രീ. അശോകനുമാണ് അതിൽ നിന്നും പുറത്തേയ്ക്ക് പോയിട്ടു ള്ളത്. അവർ പുറത്തേയ്ക്ക് പോകാനുണ്ടായ കാരണം സൈദ്ധാന്തികമായി ട്ടുള്ളതല്ല, മറ്റെന്തെങ്കിലും രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസവുമല്ല. നില വിലുള്ള ബി.ജെ.പി. പ്രസിഡന്റ് ശ്രീ. രഞ്ജിത്തിനെ മാറ്റണമെന്നതാണ് അവർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം. ശ്രീ. രഞ്ജിത്തിനെ മാറ്റണമെന്ന അഭിപ്രായ വ്യത്യാസത്തിന് മറുഭാഗത്തേയ്ക്ക് പോയിട്ടുള്ള ശ്രീ. സി. കെ. വാസുവിനേയും ശ്രീ. അശോകനേയും ഉൾക്കൊള്ളുന്ന നരേന്ദ്രമോഡി വിചാർ മഞ്ച് സി.പി.ഐ. (എം.) ൽ ലയിച്ചാലുണ്ടാകുന്ന സാഹചര്യത്തെ സംബന്ധിച്ച് നിങ്ങൾ തമ്മിൽ അഭിപ്രായ സമന്വയമുണ്ടായിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ ജില്ലയിൽ ബി.ജെ.പി. – യിൽ നിന്ന് രാജിവച്ചിട്ടാണ് അവർ വരുന്നത്. ബി.ജെ.പി.യുടെ രാഷ്ട്രീയത്തോട് അവർ വിടപറയുകയാണ്. അങ്ങനെ ബി.ജെ.പി. രാഷ്ട്രീയം ഒഴിവാക്കി സി.പി.ഐ. (എം.) രാഷ്ട്രീയം ശരിയാണ് എന്നുപറഞ്ഞ് വരുന്നതിൽ എന്താണ് തെറ്റ്?

ശ്രീ. എം. ഉമ്മർ: ഒരു തെറ്റുമില്ല. അങ്ങയുടെ നേതാവായ പ്രതിപക്ഷ നേതാവിനെയൊന്ന് ബോധ്യപ്പെടുത്തിക്കൊടുത്താൽ മതി. കേരളത്തിലെ ജനങ്ങൾക്ക് പിന്നീട് ബോധ്യമായിക്കൊള്ളും. മുന്നണി രാഷ്ട്രീയത്തിലുള്ള മാറ്റങ്ങളുണ്ടാകുമ്പോൾ ഇതുപോലെയുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോയി കേന്ദ്രത്തിൽ കോൺഗ്രസിന് ബദലാകാൻ കഴിയുമെന്ന ധാരണയോടുകൂടി മുന്നോട്ടുപോകുന്നവർ ഇത് പുനഃപരിശോധിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ വെള്ളിയാഴ്ച നിയമസഭയിൽ അവതരിപ്പിച്ച 2014–15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും ഒരു പോലെ നിരാശപ്പെടുത്തിയ ഒരു ബഡ്ജറ്റായിപ്പോയി. ഭരണപക്ഷത്തെ പ്രമുഖ എം.എൽ.എ.മാരിൽ ഒരാളായ ശ്രീ. കെ. മുരളീധരൻ, ശ്രീ. കെ. എം. മാണി പണ്ട് അവതരിപ്പിച്ച ബഡ്ജറ്റുകളുടെ ഒരു തലയെടുപ്പ് ഇത്തവണത്തെ ബഡ്ജറ്റിൽ ഇല്ലാതെപോയി എന്ന് പറയുകയുണ്ടായി. ശ്രീ. കെ. മുരളീധരന്റെ പിതാവ് ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്തും നിരവധി ബഡ്ജറ്റുകൾ അവതരിപ്പിച്ച ആളാണ് ശ്രീ. കെ. എം. മാണി. അന്നത്തെ തലയെടുപ്പ് ഇന്നില്ല എന്നല്ല അദ്ദേഹം പറഞ്ഞത്. പഴയ ബഡ്ജറ്റുകളുടെ തലയെടുപ്പ് ഇന്നില്ലാതെപോയി എന്നുപറയുന്നത് ശരാശരി ഒരു കേരളീയന്റെ വികാരമാണ് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നേരത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഓരോ മേഖലയ്ക്കും പ്രത്യേകമായി ഊന്നൽ കൊടുത്തിരുന്നു. ഒരു ഘട്ടത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ജെൻഡർ ബഡ്ജറ്റെന്ന് ചിലർ വിളിച്ചു. മറ്റൊരു വർഷത്തെ ബഡ്ജറ്റിനെ ചിലർ ഗ്രീൻ ബഡ്ജറ്റെന്നു വിളിച്ചു. ഏറ്റവും അവസാനത്തെ വർഷത്തെ ബഡ്ജറ്റിനെ റോഡ് ബഡ്ജറ്റെന്നു വിശേഷിപ്പിച്ചു. ഒരു മേഖലയ്ക്കും പ്രത്യേകമായ ഊന്നൽ കൊടുക്കാതെ കേരളത്തിലെ കാതലായ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാത്ത ഒരു ബഡ്ജറ്റാണ് 2014– 2015 സാമ്പത്തിക വർഷത്തേയ്ക്ക് അവതരിപ്പിച്ചിരിക്കുന്നത്. ഇന്ന് നാട്ടിലെ പ്രധാനപ്പെട്ട പ്രശ്നമെന്താണെന്നുവച്ചാൽ വിലക്കയറ്റമാണ്. ഈ വിലക്കയറ്റത്തെ

അഡ്രസ്സ് ചെയ്യാൻ ബഡ്ജറ്റിൽ പുതിയ നിർദ്ദേശങ്ങളുണ്ടോ? പൊതുവിപണി യിലെ ഇടപെടലിനെ, ഗവൺമെന്റ് സംവിധാനങ്ങളെ ശക്തിപ്പെടുത്താൻ എന്തെങ്കിലും ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചിട്ടുണ്ടോ? ഏത് തരത്തിലാണ് ഇന്ന് നാട്ടിലെ സാധാരണക്കാരൻ അനുഭവിക്കുന്ന ഏറ്റവും രൂക്ഷമായ വില ക്കയറ്റത്തെ അഡ്രസ്സ് ചെയ്യാനായി ഈ ബഡ്ജറ്റിലൂടെ ശ്രമിക്കുക എന്നത് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിലൂടെ വ്യക്തമാക്കുമെന്ന് ഞാൻ വിശ്വസിക്കു ന്നു. ഇവിടെ ജി.എസ്.ഡി.പി.യിൽ വർദ്ധനവുണ്ടെന്ന് പറഞ്ഞു. പക്ഷേ ഒരു കാര്യം വളരെ ഗൗരവമായി കാണണം. അത് കേരളത്തിന്റെ കാതലായ പ്രശ്നമാണ്. ഉത്പാദന മേഖലയുടെ വിഹിതം ശതമാനാടിസ്ഥാനത്തിൽ ജി. എസ്.ഡി.പി.യിൽ കുറഞ്ഞുവരികയാണ്. അതിനു പ്രധാനകാര്യം, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് കഴിയുന്നില്ല. ഇത്തവ ണത്തെ ബഡ്ജറ്റിൽ ചില പ്രഖ്യാപനങ്ങളുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ നേരത്തെ നടത്തിയ പ്രഖ്യാപനങ്ങളുടെ സ്ഥിതി എന്താണ്? 2012– 13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റാണ് എന്റെ കൈവശമിരിക്കുന്നത്. അതിലെ 9–ാം പേജിൽ 22–ാം നമ്പർ ഖണ്ഡികയിൽ ഹൈടെക് കൃഷിരീതി വ്യാപകമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട് ഇതുവരെ നടപ്പാക്കിയിട്ടില്ല. രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. ഈ വർഷവും അതു ണ്ട്. മൈക്രോ ഇറിഗേഷൻ, ന്യൂട്രിയന്റ് വളപ്രയോഗം, ഗ്രീൻ ഹൗസ്, കാർബൺഡയോക്സൈഡ് പ്രയോഗം, മണ്ണിനെ അമിതമായി ആശ്രയി ക്കാത്ത കൃഷിരീതി, മുന്തിയ സങ്കരയിനം വിത്തുകളുടെ ഉപയോഗം എന്നീ ഘടകങ്ങളാണ് പ്രധാനമായും ഹൈടെക് കൃഷിരീതിയിൽ പ്രയോജനപ്പെടു ത്തുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അന്ന് പറയുകയു

ണ്ടായി. 2012–13 ബഡ്ജറ്റിൽ അവതരിപ്പിച്ച ആ ഹൈടെക് കൃഷിരീതിയാണ് രണ്ടുവർഷം കഴിഞ്ഞ് വീണ്ടും ഇത്തവണത്തെ ബഡ്ജറ്റിലും വന്നിരിക്കുന്നത്. റൈസ് ബയോപാർക്ക് 2012–13 ലെ ബഡ്ജറ്റിലുള്ളതാണ്. രണ്ട് റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്ടും പാലക്കാട്ടുമാണ് റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. നല്ല ആശയമാണ്. പക്ഷേ രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. കുട്ടനാട് എം.എൽ.എ. നിരവധി തവണ നിവേദനം കൊടുത്തിരിക്കുന്നു. ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ല. അപ്പോൾ അതിന്റെ ആശയമെന്താണ്? ഓയിൽ എക്സ്ട്രാക്റ്റ് ചെയ്തശേഷം കാലിത്തീറ്റ നിർമ്മിക്കുന്ന എക്സ്പെല്ലർ യൂണിറ്റ്, വൈക്കോൽ തവിടുമായി ബ്ലെൻഡുചെയ്തുള്ള കാലിത്തീറ്റ ഉത്പാദനം, നെല്ലിന്റെ പുറംതോടുപയോഗിച്ച് വൈദ്യുതി ഉത്പാദനം, വൈക്കോൽ അവശിഷ്ടങ്ങളുപയോഗിച്ച് കൂൺ കൃഷി എന്നിവയാണ് റൈസ് പാർക്കിലൂടെ വിഭാവനം ചെയ്യുന്നത്. അതിലും പ്രധാനപ്പെട്ടത് പ്രൊഫ. എം.എസ്.സ്വാമിനാഥൻ ഫൗണ്ടേഷനിൽനിന്ന് ഇതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കും. ഇത്തവണത്തെ ബഡ്ജറ്റിലും അതൊക്കെ ലഭ്യമാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പൊതു–സ്വകാര്യ–കർഷക കൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ പ്രത്യേക കമ്പനികൾ രൂപീകരിച്ച് പ്രസ്തുത പാർക്കുകളുടെ പ്രവർത്തനം നടത്തുന്നതിന് 10 കോടി രൂപ വിലയിരുത്തുന്നു, രണ്ടുവർഷം കഴിഞ്ഞിട്ടും അതിൽ എത്ര കോടി രൂപ ചെലവാക്കി.

2012–13–ലെ ബഡ്ജറ്റിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നു. നാളികേര ഉൽപ്പാദനം രണ്ടിരട്ടിയും

മൂന്നിരട്ടിയും വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്ന് പറഞ്ഞ് 15 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചു. ആ തുക ചെലവാക്കിയോ; ഈ ബയോപാർക്ക് ആരംഭിക്കാൻ കഴിഞ്ഞോ? 2012-ലെ ബഡ്ജറ്റിൽ ഗ്രീൻ ഹൗസ് പദ്ധതി പ്രഖ്യാപിച്ചു. കാർഷിക മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് നാന്ദി കുറിക്കുന്ന അത്യാധുനിക സാങ്കേതിക വിദ്യയായ ഗ്രീൻ ഹൗസ് പദ്ധതി കേരളത്തിന്റെ എല്ലാ പ്രദേശത്തും വ്യാപിപ്പിക്കാനുള്ള ഒരു പരിപാടി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇതിനായി ഓരോ പഞ്ചായത്തിലും മൂന്ന് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിന് സർക്കാർ വിഹിതമായി 45 കോടി രൂപയും മാറ്റിവച്ചു. 2012-13-ൽ കാർഷിക മേഖലയിൽ പ്രഖ്യാപിച്ച ഒരു പ്രഖ്യാപനവും നടന്നില്ല. 2013-14 ബഡ്ജറ്റിലും കർഷകരക്ഷാ പരിപാടികൾ വന്നു. ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നതിലേക്കായി 50 കോടി രൂപ മാറ്റിവച്ചു; പക്ഷെ പലിശ എഴുതിത്തള്ളിയോ? എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത വായ്പ നൽകുന്നതിനായി 30 കോടി രൂപ മാറ്റിവച്ചു. ഈ പ്രാവശ്യവും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ കാർഷിക വായ്പാ തിരിച്ചടവിന് റിസ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നുവെന്ന് പ്രഖ്യാപിച്ചു. ഈ വർഷത്തെ ബഡ്ജറ്റിലും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. സംയോജിത കൃഷിത്തോട്ട പദ്ധതി അനുസരിച്ച് 10000 സ്ഥലങ്ങളിൽ 10000 രൂപ വീതം കൊടുക്കുമെന്ന് പറഞ്ഞു. അതിനായി 10 കോടി രൂപ വേണം. അത് ആയിട്ടില്ല. മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ, ഒരു ഗ്രാമത്തിന് മൂന്ന് കോടി രൂപയെന്ന കണക്കിൽ 14 ഗ്രാമ

ങ്ങൾക്കായി 42 കോടി രൂപ കഴിഞ്ഞ വർഷം മാറ്റിവച്ചതാണ്. അത് നടപ്പിലായോ? കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ നെല്ല് സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് നടപ്പിലാക്കി. നെല്ല് സംഭരണം നടക്കുമ്പോൾത്തന്നെ അതിന്റെ വിലയ്ക്കുള്ള ചെക്ക് സർവ്വീസ് സഹകരണ ബാങ്കുകൾവഴി കൃഷിക്കാർക്ക് നൽകുന്നതാണ് ഈ പദ്ധതി. വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഓരോ അരിമിൽ സ്ഥാപിക്കുന്നതിനുവേണ്ടി 14 കോടി രൂപ വകയിരുത്തി. റിവോൾവിംഗ് ഫണ്ടും ആയിട്ടില്ല, നെല്ല് സംഭരണവും ആയിട്ടില്ല. കാർഷിക ഉൽപ്പാദന സംഘങ്ങൾക്കും കർഷക മാർക്കറ്റുകൾക്കുംവേണ്ടി കഴിഞ്ഞ വർഷം 25 കോടി രൂപ നീക്കിവച്ചു. അത് നടന്നിട്ടില്ല. ഈ ബഡ്ജറ്റിൽ കാതലായ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാൻ തക്കവണ്ണമുള്ള ഒരു പ്രഖ്യാപനവുമില്ല. എന്തെങ്കിലും ഈ ബഡ്ജറ്റിനെപ്പറ്റി ഭരണപക്ഷത്തിന് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അത് കർഷക പ്രധാനമായൊരു ബഡ്ജറ്റാണെന്നാണ് പറയാൻ കഴിയുക. പക്ഷെ, കാർഷിക മേഖലയെ സമുദ്ധരിക്കുന്ന പ്രഖ്യാപനങ്ങൾ മാത്രമാണ് കഴിഞ്ഞ വർഷം നടന്നത്. ഇവിടെ ശ്രീ. ചിറ്റയം ഗോപകുമാർ ഒരു കാര്യം പറഞ്ഞു, ഞങ്ങളുടെ ജില്ലയായ പത്തനംതിട്ടയിൽ അഞ്ച് മണ്ഡലങ്ങളാണുള്ളത്. മൂന്ന് എം.എൽ.എ.-മാർ എൽ.ഡി.എഫ്.-നും രണ്ടുപേർ യു.ഡി.എഫ്.-നുമുണ്ട്. ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞപ്പോൾ യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർക്ക്, പ്രത്യേകിച്ച് ശ്രീ. അടൂർ പ്രകാശ് പ്രതിനിധാനം ചെയ്യുന്ന കോന്നി മണ്ഡലത്തിൽ വാരിവിതറി. അങ്ങേയ്ക്ക് തിരുവല്ലാ മണ്ഡലവും അടൂരുമെല്ലാം അറിയാം, ഇല്ലെന്നല്ല ഞാൻ പറയുന്നത്. അവിടേക്ക് ഒരു പദ്ധതിയുമില്ല. അവിടെ ഒരു ഗവൺമെന്റ് ആശുപത്രിയുടെ

പണി പകുതിയായി നിൽക്കുകയാണ്. ബാക്കി പണി പൂർത്തിയാക്കാൻവേണ്ടി പണം അനുവദിക്കണമെന്ന് ഞാൻ പറഞ്ഞുവെങ്കിലും അതിനുവേണ്ടി ഒന്നും കിട്ടിയിട്ടില്ല. ഈ വിവേചനം പാടില്ല. ഇപ്പോൾ ഓട്ടോറിക്ഷയ്ക്കും ടാക്സ് കൊണ്ടുവന്നിരിക്കുകയാണ്. പാവപ്പെട്ട ഓട്ടോറിക്ഷാത്തൊഴിലാളികളെ ഉപദ്രവിക്കണമായിരുന്നോ? നികുതിപ്പിരിവിൽ കഴിഞ്ഞ നാളുകളിൽ വൻ വീഴ്ചയുണ്ടായില്ലേ? മരാമത്തിൽ 1400 കോടി രൂപ കുടിശ്ശികയായില്ലേ? മരാമത്ത് പണികൾക്ക് കരാറുകൾ മൈനസായി ക്വാട്ട് ചെയ്തിരുന്നുവെങ്കിൽ ഇന്നത് അധീകരിച്ച് 25–40% ആയി വരുന്നതിന് കാരണം പണം കിട്ടാത്തതുകൊണ്ടാണ്. പാവപ്പെട്ട ഓട്ടോറിക്ഷാക്കാരെ ബുദ്ധിമുട്ടിക്കുന്നതിന് പകരം മാണി സാറിന് കൈവയ്ക്കാൻ കഴിയുന്ന ഒരു മേഖലയായിരുന്നു സിഗരറ്റിന്റെ നികുതി വർദ്ധിപ്പിക്കുക എന്നത്. മദ്യത്തിന്റെ നികുതി 105% എന്നതിൽ നിന്നും 115% ആക്കി വർദ്ധിപ്പിച്ചു, ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സിഗരറ്റിന് രാജസ്ഥാനിൽ 65%–വും പഞ്ചാബിൽ 55%–വുമാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. ലോകാരോഗ്യ സംഘടന സിഗരറ്റിന്റെ നികുതി വർദ്ധിപ്പിക്കണമെന്ന് പറയാനൊരു കാരണമുണ്ട്. ലോകാരോഗ്യ സംഘടന പറയുന്നത് ക്യാൻസർ രോഗികളിൽ ബഹുഭൂരിപക്ഷവും പുകയിലയുടെ ഉപയോഗം മൂലമാണ് ക്യാൻസർ രോഗികളായി മാറുന്നതെന്നാണ്. 2013–ൽ മുസ്സോറിയിൽ കൂടിയ 13 സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റി എടുത്ത തീരുമാനം സിഗരറ്റിന്റെ നികുതി വർദ്ധിപ്പിക്കണമെന്നുതന്നെയാണ്. ഞാൻ അറിയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സിഗരറ്റിന്റെ നികുതി 30%–മായി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞിരുന്നുവെന്നാണ്. പക്ഷെ, അവിടെ സ്പർശിക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. ഇന്ത്യൻ ടുബാക്കോ കമ്പനി കഴിഞ്ഞ വർഷമുണ്ടാക്കിയ ലാഭം 9000 കോടി രൂപയാണ്. സിഗരറ്റിന് നികുതി വർദ്ധിപ്പിച്ചാൽ എം.ആർ.പി.-യിൽത്തന്നെ സാധനം വിൽക്കണം. അപ്പോൾ ഗവൺമെന്റിന്റെ വരുമാനം വർദ്ധിക്കുകയാണ്. കൂടാതെ, അതുവഴി ജനങ്ങളുടെ ഉപഭോഗവും കുറയ്ക്കുവാൻ കഴിയും. കേരളത്തിലെ ആർ.സി.സി.-യിൽ എത്തിച്ചേരുന്ന ക്യാൻസർ രോഗികളിൽ 40%-വും പുകയിലയുടെ ഉപയോഗംകൊണ്ട് രോഗികളായി മാറിയവരാണ്. വെസ്റ്റ് ബംഗാളിൽ ഇപ്പോൾ 35%-മാണ് സിഗരറ്റിന്മേലുള്ള നികുതി. ആ നികുതി വർദ്ധിപ്പിക്കാതിരുന്നതിനെപ്പറ്റി നിരവധി പ്രതികരണങ്ങൾ, സർവ്വോദയ പ്രവർത്തകരും ഗാന്ധിയൻ പ്രവർത്തകരും മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവരുമെല്ലാം നടത്തിയ പ്രതികരണങ്ങൾ സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. അങ്ങനെ പലതരത്തിലും പാവപ്പെട്ടവരെ ഉപദ്രവിക്കാൻ ശ്രമിച്ച ഈ ബഡ്ജറ്റിലൂടെ സിഗരറ്റ് അടക്കമുള്ള നമ്മൾ നിരുത്സാഹപ്പെടുത്തേണ്ട പ്രവണതകൾക്ക് നികുതി വർദ്ധിപ്പിക്കാൻ മാണി സാർ ശ്രമിച്ചില്ല. അത് അങ്ങേയറ്റം പ്രതിഷേധകരമാണ്. ഇതിൽ പ്രധാനപ്പെട്ട വിഷയം, മുൻപേ പറഞ്ഞത് ഒരുവാക്കിൽ ആവർത്തിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. കേരളത്തിലെ ജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നമായ വിലക്കയറ്റം അഡ്രസ് ചെയ്യാൻ പദ്ധതിയില്ല. കേരളത്തിന്റെ ജി.എസ്.ഡി.പി.-യിൽ വർദ്ധനവുണ്ടായി എന്നുപറയുമ്പോൾത്തന്നെ കാർഷിക മേഖലയടക്കം ഉൽപ്പാദന മേഖല ജി.എസ്.ഡി.പി. കൊടുക്കുന്ന വിഹിതത്തിൽ, ശതമാനക്കണക്കിൽ വന്ന കുറവ് പരിഹരിക്കാൻവേണ്ടി കാർഷിക മേഖലയെ സമുദ്ധരിക്കാൻ പ്രഖ്യാപനങ്ങളല്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ആത്മാർത്ഥതയില്ലെന്ന് കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളി

ലൂടെ ഈ ഗവൺമെന്റ് തെളിയിച്ചിരിക്കുന്നു. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, മാണി സാറിന്റെ 12-ാമത് ബഡ്ജറ്റിനെ വളരെ സന്തോഷത്തോടുകൂടിത്തന്നെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. മാത്യു റ്റി. തോമസും ഡോ. ടി. എം. തോമസ് ഐസകും പറഞ്ഞത് മാണി സാർ പ്രഖ്യാപിച്ചതൊന്നും നടപ്പാക്കുകയില്ല എന്നാണ്. അതാണ് അവരുടെ പരാതി. ആ പരാതിയിൽ എന്ത് അർത്ഥമുണ്ട്? കാർഷിക മേഖലയിലെ മാറ്റങ്ങൾ സംബന്ധിച്ച മാണി സാറിന്റെ പ്രഖ്യാപന ങ്ങളെല്ലാം നടപ്പിലാക്കാനുള്ള നടപടികളായിട്ടുണ്ട്. എനിക്ക് അക്കാര്യം ബോധ്യമുണ്ട്. കൃഷി വകുപ്പ് ആ കാര്യത്തിൽ കൂടുതൽ ശുഷ്ക്കാന്തി കാണിക്കണമെന്ന് വേണമെങ്കിൽ അഭിപ്രായം പറയാം. അതല്ലാതെ നടപ്പാ ക്കിയില്ലെന്ന് പറയാൻ കഴിയില്ല. ഡോ. ടി. എം. തോമസ് ഐസക് എന്റെ ഏറ്റവും അടുത്ത സുഹൃത്താണ്. എനിക്ക് അദ്ദേഹത്തോട് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. 2010-11-ൽ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റാണിത്. (*2010-11-ലെ ബഡ്ജറ്റിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു.*) ആ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ചെളിയാണ്. ബഡ്ജറ്റിൽ പറഞ്ഞ കാര്യം നടപ്പിലാക്കിയില്ലെന്ന് പരാതി പറയുമ്പോൾ അങ്ങയുടെ കാലത്ത് എന്താണ് നടന്നതെന്ന് നോക്കാം. 1000 കോടി രൂപയുടെ ഹരിത ഫണ്ടിന് രൂപം നൽകു കയാണ്. "*ഹരിത്*" എന്ന പേരിട്ടത് അങ്ങാണ്. അഞ്ച് വർഷംകൊണ്ട് ഈ ചെളി വാരാൻ 100 കോടി രൂപ വകയിരുത്തുന്നു. ഒരു രൂപയുടെ ചെളി വാരിയോ? അങ്ങ് പറയൂ. അങ്ങയുടെ പ്രഖ്യാപനത്തിൽ ഒരു രൂപയുടെ

പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞോ; ഇല്ലല്ലോ. അപ്പോൾ നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങൾ പ്രഖ്യാപിച്ച് പാരമ്പര്യമുള്ള ഡോ. ടി. എം. തോമസ് ഐസക് ഇങ്ങനെ പറയാമോ? ചെളിയുടെ കാര്യം പോകട്ടെ. സ്ത്രീകളുടെ മൂത്രപ്പുര, അതെങ്കിലുമൊന്ന് ഉണ്ടാക്കണ്ടേ? ഡോ. ടി. എം. തോമസ് ഐസക് അദ്ദേഹത്തിന്റെ 2010–11–ലെ ബഡ്ജറ്റിന് "*ജൻഡർ ബഡ്ജറ്റ്*" എന്നാണ് പേരിട്ടത്. ഓർക്കുന്നുണ്ടോ? അതുകേട്ട് ഞാൻ അവിടെയിരുന്ന് ചിരിച്ചതാണ്. അതിന്റെ 9–ാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്, കേരള ത്തിലെ ബസ് സ്റ്റാൻഡുകൾ, മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ വിശ്രമ സ്ഥലങ്ങളോ മൂത്രപ്പുരയോ ഇല്ല. അതുണ്ടാക്കുന്നതിനു വേണ്ടി 8 കോടി രൂപ വച്ചിരിക്കുന്നു. ഒരു രൂപ ചെലവാക്കിയോ? ഒരു മൂത്ര പ്പുരയെങ്കിലുമുണ്ടാക്കിയോ? അതുണ്ടാക്കാത്ത ഡോ. ടി. എം. തോമസ് ഐസക് കോടികളുടെ ആനുകൂല്യങ്ങൾ ഈ രാജ്യത്തെ കാർഷിക മേഖല യ്ക്കുവേണ്ടി വാരിവിതറിയ മാണി സാറിനെ കുറ്റപ്പെടുത്തുന്നതിൽ എന്ത് അർത്ഥമുണ്ട്?

ഡോ. ടി. എം. തോമസ് ഐസക്: സർ, റെക്കോർഡ് പറഞ്ഞുതരാം. ജൻഡർ ബഡ്ജറ്റ് തുടങ്ങിയ ആദ്യത്തെ ആഡിറ്റ് നടന്ന വർഷം ഈ പറയുന്ന രീതിയിൽ സ്ത്രീകൾക്ക് നേരിട്ട് ഗുണം ചെയ്യുന്ന പ്രോജക്ടുകൾക്ക് പ്ലാനിൽ 4% ആണ് വകയിരുത്തിയിരുന്നത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ശേഷം അത് 9% ആയി കൂടി. ഇത് തെളിയിക്കുന്നതിന് പ്ലാനിംഗ് ബോർഡിൽ രേഖയുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എത്ര വകയിരുത്തിയെന്നല്ല, പ്രഖ്യാപനങ്ങളിൽ എത്രയെണ്ണം നടപ്പാക്കിയെന്നതാണ് ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, നടപ്പാക്കിയ കാര്യമാണ് പറയുന്നത്. ഇതിൽ മാണി സാറിന്റെ സംഭാവവനയെന്താണെന്ന് ചോദിച്ചാൽ ഈ ജൻഡർ ഓഡിറ്റ് നിർത്തലാക്കി എന്നുള്ളതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് അങ്ങ് വന്നില്ല. പാവപ്പെട്ട സ്ത്രീകൾക്കുവേണ്ടി മൂത്രപ്പുരയുണ്ടാക്കാൻ 8 കോടി രൂപ വകയിരുത്തിയിട്ടും ഒരു രൂപപോലും ചെലവഴിക്കാത്ത അങ്ങ് ഇവിടെവന്ന് വർത്തമാനം പറയേണ്ട കാര്യമുണ്ടോ? വിമാനത്താവളം ഉണ്ടാക്കിയില്ലെന്ന പരാതി എനിക്ക് മനസ്സിലാകുന്നുണ്ട്. പക്ഷെ മൂത്രപ്പുര കെട്ടാൻ പണം നീക്കിവച്ചിട്ടും അത് നിർമ്മിക്കാത്ത മുൻധനകാര്യ മന്ത്രി ഇങ്ങനെവന്ന് കുറ്റപ്പെടുത്തുന്നത് മോശമാണെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. അതൊരു ചർച്ചയാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇത് അങ്ങയെ ഓർമ്മിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ഈ ബഡ്ജറ്റിന്റെ പ്രത്യേകത എന്താണ്? രണ്ടര മണിക്കൂർ നേരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗം നടത്തി. അതിൽ 40 മിനിട്ടു നേരവും കേരളത്തിലെ ഏറ്റവുമധികം വേദനിക്കുന്ന പാവപ്പെട്ട കർഷകനുവേണ്ടിയുള്ള പ്രഖ്യാപനങ്ങളാണ്. ആ പ്രഖ്യാപനങ്ങളോരോന്നും കേരളത്തിലെ 65%-ത്തോളം വരുന്ന കർഷകന്റെ മനസ്സിൽ മായാതെ നിൽക്കും. സംശയമില്ല. ആ പ്രഖ്യാപനങ്ങൾ ഓരോന്നും ആ രീതിയിലാണ്. ഒരു സംശയവുമില്ലാത്ത കാര്യമാണത്. കർഷക രാഷ്ട്രമായ ഇന്ത്യയിൽ ഒരു കാർഷിക ബഡ്ജറ്റിനെപ്പറ്റി ചർച്ച ചെയ്യേണ്ട കാലം വരികയാണ്.

കാർഷിക ബഡ്ജറ്റിനെപ്പറ്റി ചർച്ച ചെയ്യാൻ ഇന്ത്യാ രാജ്യം തയ്യാറാകുമ്പോൾ സംസ്ഥാനങ്ങളിലും കർഷക ബഡ്ജറ്റ് പ്രത്യേകമായി ഉണ്ടാകേണ്ട

സാഹചര്യം ഉണ്ടാകും. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ സംരക്ഷിക്കുന്ന ഒരു ബഡ്ജറ്റ് എന്ന നിലയിൽ കർഷക ബഡ്ജറ്റ് ഉണ്ടാകുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങനെ വന്നാൽ കാർഷിക മേഖലയുടെ ബഡ്ജറ്റിന്റെ മുൻഗാമിയായിട്ടായിരിക്കും മാണി സാറിന്റെ പന്ത്രണ്ടാമത്തെ ബഡ്ജറ്റിനെ ലോകം പരിഗണിക്കുകയെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇത്രമാത്രം വേദനിക്കുന്ന കർഷക സമൂഹത്തോട് ഉത്തരവാദിത്തം വേണ്ടേ? ആ ഉത്തരവാദിത്തം പൂർണ്ണമായി നിറവേറ്റുന്ന ഒരു ബഡ്ജറ്റ് അവതിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്, അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു, കേരളാ കോൺഗ്രസ്സിനെ ഇല്ലാതാക്കി..... മാണി സാറിനെയും ഞങ്ങളെയും എല്ലാം സ്വീകരിക്കുന്ന കാര്യമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അഭ്യർത്ഥനയോട് ഒന്നും ഞങ്ങൾ പറയുന്നില്ല. കാരണം അദ്ദേഹം ഞങ്ങളുടെ പാർട്ടിക്കാരനായിരുന്നു. നല്ല പാർട്ടിക്കാരനായിരുന്നു. പക്ഷെ പരസ്യമായി ഒരു പാർട്ടിയെ ഇല്ലാതാക്കുന്ന ചർച്ച വേണമായിരുന്നോ എന്ന് അദ്ദേഹവും അദ്ദേഹം സംസാരിക്കുന്നതുപോലെ ചിന്തിക്കുന്നവരാരെങ്കിലുമുണ്ടെങ്കിൽ ചിന്തിക്കണം എന്നൊരു അഭ്യർത്ഥന നടത്തുന്നു. പ്രാദേശിക പാർട്ടികൾ ഈ രാജ്യത്തിന് ആവശ്യമാണ്. വരുന്ന തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇന്ത്യാ രാജ്യം ഭരിക്കുന്നത് ആരെന്ന് തീരുമാനിക്കാൻ പോകുന്നത് ഇന്ത്യയിലെ പ്രാദേശിക പാർട്ടികളായിരിക്കും. ഒരു തർക്കവും അക്കാര്യത്തിൽ വേണ്ട. നിങ്ങളും പിന്തുണ തരും. ശ്രീ. രാഹുൽഗാന്ധി പ്രധാനമന്ത്രിയായി വരുമ്പോൾ പിന്തുണ കൊടുക്കാൻ നിങ്ങളും കാണും. എനിക്കറിയാം. ആ ബോദ്ധ്യത്തോടുകൂടി തന്നെയാണ് ഞാൻ ഇതുപറയുന്നത്.

എനിക്ക് ഒന്നുരണ്ട് ചെറിയകാര്യങ്ങൾ പറയാനുണ്ട്. അങ്ങയുടെ ബഡ്ജറ്റിൽ ചില മാറ്റങ്ങൾ ഞാൻ ആഗ്രഹിക്കുന്നുണ്ട്. വ്യാപാരി വ്യവസായി കൾ–10 ലക്ഷത്തോളം വരുന്ന കച്ചവടക്കാരുടെ വികാരം മാനിക്കാതെ പോകാൻ കഴിയില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മാണി സാറിന്റെ പ്രഖ്യാപനം വന്നപ്പോൾ അവർ വേദനയോടുകൂടി ചില കാര്യങ്ങൾ പറഞ്ഞു. ആ പറഞ്ഞ കാര്യങ്ങൾക്കൊക്കെ പരിഹാരമുണ്ടാക്കിക്കൊണ്ട് അവരുടെ പ്രശ്നം പരിഹരിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാണി സാറിനോട് ഈ കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സെയിൽ ബിൽ നൽകിയില്ലെങ്കിൽ ഫൈനിനു പുറമേ പ്രോസിക്യൂഷൻ വ്യവസ്ഥ കൂടി വച്ചിരിക്കുകയാണ്. അത് വേണോ മാണി സാറേ? പാവപ്പെട്ട നമ്മുടെ കച്ചവടക്കാരെ പിടിച്ച് ജയിലിലിടണോ? നമുക്ക് വേണ്ട. നമുക്ക് ഫൈൻ ചെയ്യാം അവരെ നിലയ്ക്ക് നിർത്താം. ഈ ഒരുവർഷംകൂടി അവരെ പ്രോസിക്യൂഷൻ നടത്തണ്ട. അതുപോലെതന്നെ വ്യാപാരികൾക്ക് നിലവിലു ള്ള വാറ്റ് രജിസ്ട്രേഷന്റെ പരിധി ഇപ്പോൾ 10 ലക്ഷം രൂപയെന്ന് മാത്രമേ മാണി സാർ പറഞ്ഞുള്ളൂ. കഴിഞ്ഞ തവണ 5 ലക്ഷം രൂപയെന്ന് പറഞ്ഞത് 10 ലക്ഷം രൂപയാക്കി. ഇത്തവണ 10 ലക്ഷം രൂപയെന്ന് പറഞ്ഞത് 20 ലക്ഷം രൂപയാക്കാനാണെന്ന് എനിക്കറിയാം. അത് 20 ലക്ഷം രൂപയാക്കി കൊടുക്ക ണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. അതുപോല ചെറു കിട ടെക്സ്റ്റെയിൽ വ്യാപാരികളുടെ വിൽപ്പനയുടെ അടിസ്ഥാനത്തിൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഈടാക്കണമെന്ന നിയമം ഒഴിവാക്കണം, അതും ആവശ്യമില്ല. ചെറുകിട ജൗളിക്കടക്കാരെ ഉപദ്രവിക്കുന്നത് ശരിയല്ല. അത് ഒഴിവാക്കണമെന്നതാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ വാറ്റ്

ടാക്സ് കുടിശ്ശികയ്ക്ക് 36 ശതമാനം പലിശ ഈടാക്കുന്നതിനുള്ള ഒരു ബഡ്ജറ്റ് നിർദ്ദേശം നമുക്കാവശ്യമില്ല. അങ്ങനെ വന്നാൽ 36 ശതമാനം................

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. അതിൽ സെക്ഷൻ 67 പ്രകാരം ടൈം ലിമിറ്റുണ്ട് അതിനോടൊപ്പം സ്റ്റാറ്റ്യൂട്ടറി ഫോംസ് കൂടി വയ്ക്കണമെന്ന് പറയുന്നത് ഒരു അർത്ഥവുമില്ലാത്ത ഹരാസ്മെന്റിലേക്കേ നയിക്കുകയുള്ളൂ. സെൽഫ് കംപ്ലയിൻസാണല്ലോ വാറ്റിന്റെ പ്രധാനപ്പെട്ട സവിശേഷത. ഒരുപാട് ഹരാസ്മെൻറിലേക്ക് നയിക്കാൻ പറ്റുന്ന നിർദ്ദേശം ബഡ്ജറ്റിൽ ഉണ്ട്. ആ കാര്യംകൂടി അങ്ങ് പരിഗണിക്കണം.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായത്തോട് യോജിക്കുന്നു. നികുതി നിർദ്ദേശങ്ങൾ ജനങ്ങളെ വേദനിപ്പിക്കാത്തത് ആകണം. എന്നാൽ നികുതി ഖജനാവിലേക്ക് വന്നേ പറ്റുകയുള്ളൂ. ആ ഒരു സാഹചര്യം സൃഷ്ടക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മാണി സാർ ചർച്ച ചെയ്യണം. വാറ്റ് ടാക്സ് കുടിശ്ശിക 36 ശതമാനമെന്നത് കടുത്തുപോയി. അത്രയും പലിശ വേണോ? അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം വ്യാപാരികൾ അപ്പീൽ കൊടുക്കുമ്പോൾ ഓരോ പോയിന്റിലും അപ്പീൽ കൊടുക്കുമ്പോൾ അര ശതമാനം. അതിൽ ഡോ. ഐസക്കും കുറ്റക്കാരനാണ്. കൊടുക്കാനില്ലാത്ത നികുതിക്ക് അസസ്മെന്റ് ഉണ്ടാക്കിയിട്ട് അതിന് അപ്പീൽ കൊടുക്കുന്നവർ അര ശതമാനം കെട്ടണം. അപ്പീൽ തള്ളിയാൽ വേറെ അപ്പീൽ കൊടുക്കുന്നതിന് വേറെ അര ശതമാനം

പിന്നെയും കെട്ടണം. ഇത് കച്ചവടക്കാരുടെ പണി തീർക്കുന്ന ഇടപാടാണ്. ഞാൻ കണക്കെടുത്തു നോക്കി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഓരോ തവണ അപ്പീൽ കൊടുക്കുമ്പോഴും ലായേഴ്സ് ഫണ്ടിലേക്ക് അതിന്റെ ശതമാനം കൂടി കൊടുക്കേണ്ടി വരും.

ശ്രീ. പി. സി. ജോർജ്: സർ, അത് പിടിച്ചുപറിയല്ലേ. അതുംകൂടി ഒഴിവാക്കുന്ന കാര്യം ചർച്ച ചെയ്യണമെന്നതാണ് എന്റെ അഭിപ്രായം. വാറ്റ് രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികളും വാറ്റ് രജിസ്ട്രേഷൻ ഓരോവർഷവും പുതുക്കുന്ന ഫീസിനോടുകൂടി ക്ഷേമനിധി അംഗത്വം നൽകുന്ന രീതിയിൽ നിയമ ഭേദഗതി ചെയ്യാൻ കഴിയുമോ എന്ന കാര്യവും പരിശോധിക്കണം എന്നാണ് എന്റെ അഭിപ്രായം. വ്യാപാരികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 10 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തുന്നു. വളരെ പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ഞാൻ നിസ്സാരമായി കാണുന്നില്ല. അങ്ങ് ആനുകൂല്യം കൊടുത്തതിനെ ഞാൻ എതിർക്കുന്നില്ല. ബഡ്ജറ്റിലെ പാരഗ്രാഫ് 358 ൽ പറയുന്നത്. കപ്പലിലെ ഇന്ധനമായി ഉപയോഗിക്കുന്ന ഫർണസ് ഓയിലിന് 14.5 ശതമാനമായിരുന്ന നികുതി 5 ശതമാനമാക്കി കുറച്ചിട്ടുണ്ട്. ഞാൻ യോജിക്കുന്നു. ഈ ഇനം കാര്യങ്ങളിൽ ഉള്ളതിനെക്കാൾ കൂടുതൽ ആനുകൂല്യം കൊടുക്കാൻ കഴിയും. 14.5 എന്നത് 5 ആക്കുന്നതിന് പകരം 8 ശതമാനമാക്കി നിർത്തിയാൽ മൂന്ന് ശതമാനം വർദ്ധനവ് വരും. അങ്ങനെയെങ്കിൽ 6.5 ശതമാനം കുറച്ചുവെന്ന് വരും, കപ്പലുകൾക്കും ഗുണകരമാകും നമ്മൾ അവർക്ക് ആനുകൂല്യം കൊടുത്തുവെന്നും വരും. അതോടൊപ്പം കേരളത്തിലെ ഖജനാവിലേക്ക് പണം വരികയും

ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നു തന്നെയാണ് എന്റെ അഭിപ്രായം.

പ്രാദേശികമായി പറയുമ്പോൾ കാഞ്ഞിരപ്പള്ളി താലൂക്കിലുള്ള ഏക താലൂക്കാശുപത്രിയെന്ന് പറയുന്നത് പൊൻകുന്നം താലൂക്കാശുപത്രിയാണ്. ആ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഇനി അവിടെ താലൂക്കാശുപത്രിയായി ഉയരേണ്ട ആശുപത്രി മുണ്ടക്കയം സി.എച്ച്.സി.-ആണ്. അത് താലൂക്കാശുപത്രിയായി ഉയർത്താനുള്ള തീരുമാനം ഉണ്ടാകണം. വളരെ പ്രധാനപ്പെട്ട ഒരു റിക്വസ്റ്റ് കൂടി ബഹുമാനപ്പെട്ട മാണി സാറിന്റെ മുന്നിൽ സമർപ്പിക്കുകയാണ്. നമ്മളെപ്പോലുള്ള ജനപ്രതിനിധികളാണ് ത്രിതല പഞ്ചായത്ത് മെമ്പർമാർ. ഇപ്പോൾ മെമ്പർമാരല്ലാത്ത ആയിരക്കണക്കിന് പാവങ്ങളുണ്ട്. കേരളത്തിലെ മുഴുവൻപേർക്കും പെൻഷൻ വാരിവിതറുന്ന മാണി സാർ എന്തുകൊണ്ട് അവരെ മറക്കുന്നു? അവരെ മാണി സാർ മറക്കരുത്. മാണി സാറിന്റെ പന്ത്രണ്ടാമത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരള സംസ്ഥാനത്ത മുഴുവൻ മുൻ ത്രിതല പഞ്ചായത്ത് മെമ്പർമാർക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മെമ്പർമാർക്കും പെൻഷൻ ഏർപ്പെടുത്തണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. അത് തികച്ചും ന്യായമാണ്. ഇന്നത്തെ പഞ്ചായത്ത് മെമ്പർമാരെ പോലെയല്ല, ആരും തെറ്റിദ്ധരിക്കരുത്. അവരെ മോശമാക്കാൻ പറയുന്നുവെന്നും ആരും തെറ്റിദ്ധരിക്കരുത്. എന്നാൽ ഞാൻ പറഞ്ഞതിൽ ഇത്തിരി അർത്ഥമുണ്ട്. ഇപ്പോഴത്തെ മെമ്പർമാരെപ്പോലെയല്ല 16 കൊല്ലം പഞ്ചായത്ത് മെമ്പർമാരായി നടന്ന എത്രയോ പാവങ്ങളുണ്ട്. ഒരു രൂപപോലും വരുമാനം ഇല്ലാത്തവർ, ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിച്ചവർ. ജനങ്ങൾക്കുവേണ്ടി ജീവിച്ചവർ. ഇന്ന്

രോഗം പിടിച്ച് ജീവിക്കുന്ന ആ പാവങ്ങളോട് ഒരു കരുണ കാണിക്കാനുള്ള ബാധ്യത നമുക്ക് വേണ്ടേ. അതുകൊണ്ട് ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ബുധനാഴ്ച അങ്ങ് സംസാരിക്കുമ്പോൾ ത്രിതല പഞ്ചായത്തിലെ പെൻഷൻ പറ്റിയ മെമ്പർമാർക്കും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി മെമ്പർമാർക്കും നിർബന്ധമായും പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. 5 വർഷം മെമ്പറായിരുന്നവർക്ക് 300 രൂപ, 10 വർഷം മെമ്പറായിരുന്നവർക്ക് 400 രൂപ 10 വർഷത്തിൽകൂടുതലുള്ളവർക്ക് 500 രൂപ ഇങ്ങനെ കൊടുക്കണം. ഏതെങ്കിലുമൊരു വിധത്തിൽ സ്ലാബ് സിസ്റ്റം ഏർപ്പെടുത്തികൊണ്ടാണെങ്കിലും ഈ വിഭാഗങ്ങൾക്ക് നിർബന്ധമായും പെൻഷൻ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നു കൂടി പറഞ്ഞുകൊണ്ട് മാണി സാറിന്റെ 12-ാമത്തെ ബഡ്ജറ്റ് ഏറ്റവും ഉത്തമമായ ബഡ്ജറ്റാണ്. ഒന്നിനൊന്ന് മെച്ചപ്പെട്ട ബഡ്ജറ്റാണ് ഇനിയും ഇതുപോലുള്ള ബഡ്ജറ്റുകൾ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ മനുഷ്യ സമൂഹത്തിന് നൻമ ചെയ്യാൻ അങ്ങേയ്ക്ക് ആയുസ്സും ആരോഗ്യവും സർവശക്തനായ ദൈവം തമ്പുരാൻ നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരും ബഹുമാനിക്കുന്നയാളാണ് മാണി സാർ. പക്ഷേ മാണി സാറിന്റെ ബഡ്ജറ്റ് വായിച്ചു തീർന്നപ്പോൾ വളരെയധികം സഹതാപമാണ് തോന്നിയത്. ഞാൻ മാദ്ധ്യമങ്ങൾ നോക്കിയപ്പോൾ മിക്കവാറും മാദ്ധ്യമങ്ങളും അതേ അഭിപ്രായം തന്നെയാണ് എഴുതിയിരിക്കുന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ഭരണപക്ഷത്തിന്റെതന്നെ പ്രതികരണം നമുക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞതാണ്. മലയാള മനോരമയും മാതൃഭൂമിയും ഈ

ഗവൺമെന്റിനെ അങ്ങേയറ്റം പ്രശംസിക്കുന്ന രണ്ടു പത്രങ്ങളാണ്. ഒരു പത്രത്തിൽ മാണി സാറിന്റെ 'കിസാൻ മാണിക്യം', മനോഹരമായ അദ്ദേഹത്തിന്റെ കുടുംബ ചിത്രമടക്കം നൽകിയിട്ടുണ്ട്. രണ്ടാമത്തെ പത്രത്തിൽ □ജയ് കിസാൻ□. മനോരമയുടെയും മാതൃഭൂമിയുടെയും മുഖപ്രസംഗം ഒന്ന് വായിച്ചുനോക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ രണ്ടു പത്രങ്ങളും ഈ ബഡ്ജറ്റിനെ നഖശിഖാന്തം എതിർത്തിരിക്കുകയാണ്. കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിനോട് ഞങ്ങൾക്കെല്ലാം യോജിപ്പാണ്. പക്ഷേ ആശ്വാസം നൽകുമ്പോൾ പ്രഖ്യാപനങ്ങൾ മാത്രം പോരാ. കാരുണ്യ ഭാഗ്യക്കുറി നല്ലൊരു പദ്ധതിയാണ്. പക്ഷേ കൃഷിക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഒരുപാട് സംവിധാനങ്ങൾ വേണം. ആ സംവിധാനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ കഴിയുമോ എന്നെനിക്ക് വലിയ സംശയമാണ്. അതുകൊണ്ട് ആ പരീക്ഷണം നടത്തുന്നതിൽ വിരോധമില്ല. പക്ഷേ കൃഷിയുടെ കാര്യം പറയുമ്പോൾ അങ്ങ് മനസ്സിലാക്കണം, കേരളത്തിലെ കാർഷിക മേഖല വലിയ വളർച്ച നേടിയെന്ന് അവകാശപ്പെടുന്നുണ്ട്. കണക്കിലൊന്നും എനിക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷെ, 2013-ലെ കാർഷികമേഖലയുടെ സാമ്പത്തിക റിവ്യൂ പരിശോധിച്ചപ്പോൾ നെല്ല്, പയറുവർഗ്ഗങ്ങൾ, പച്ചക്കറി സാധനങ്ങൾ, നാണ്യവിളകൾ ഇവയിൽ യഥാർത്ഥത്തിൽ വളർച്ച നേടിയിട്ടുള്ളത് കുരുമുളകും റബ്ബറും മാത്രമാണ്. റബ്ബറിന് വളർച്ചയുണ്ടെങ്കിലും ഇറക്കുമതി നയം, ഇറക്കുമതി നയത്തെ എല്ലാവരും പ്രശംസിക്കുന്നുണ്ടെങ്കിലും 90 രൂപയാണ് ഒരു കിലോ റബ്ബറിന് വില കുറഞ്ഞത്. 240 രൂപയിൽനിന്ന് ഇപ്പോൾ 150 രൂപയായി. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന റബ്ബർ 8,05,000 മെട്രിക് ടൺ ആണ്. നമ്മുടെ രാജ്യത്താകെ ഉല്പാദി

പ്പിക്കുന്നത് 9,37,000 മെട്രിക് ടൺ ആണ്. നമ്മുടെ ഉപഭോഗം 9,72,000 മെട്രിക് ടൺ ആണ്. ഇവിടെ 35000 മെട്രിക് ടൺ ഇറക്കുമതി ചെയ്താൽ മതി. പക്ഷെ, രണ്ടരലക്ഷത്തിലധികം മെട്രിക് ടൺ ഇറക്കുമതി ചെയ്യുകയാണ്. ഈ ഇറക്കുമതി നയം തിരുത്തണം. കൃഷിക്കാരുടെ പാർട്ടിയെന്നു പറയുന്ന കേരള കോൺഗ്രസ് അത് ആവശ്യപ്പെടുമോ? 1960-ലെ SION (Standard Input Output Norms) തിരുത്താൻ മാണി സാർ ആവശ്യപ്പെടുമോ? അതു പോലെ ക്വാർട്ടർലി ലൈസൻസ് സ്ഥിരമായി കൊടുത്തിരിക്കുകയാണ്. കേരളത്തിന്റെ സമ്പത്ത് ആർക്കും അപഹരിക്കാൻ തക്കവിധത്തിലുള്ള നിയന്ത്രണങ്ങളും വൻകിട കുത്തകമുതലാളിമാരിൽ നിക്ഷിപ്തമായിരിക്കുകയാണ്. റബ്ബറിന്റെ ഇറക്കുമതി മൂലം നമുക്ക് നഷ്ടപ്പെടുന്നത് 7245 കോടി രൂപയാണ്. കേരളത്തിലെ സാമ്പത്തിക സ്ഥിതി വളരെയധികം വഷളാവുകയാണ് ചെയ്യുന്നത്. സാമ്പത്തിക കമ്മിയുടെ കാര്യമൊന്നും ഞാൻ പരാമർശിക്കുന്നില്ല, അതിന്റെ കണക്കിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മലയാള മനോരമ പറയുന്നത്, സാമ്പത്തിക ഉത്തരവാദിത്ത നിയമം ഇവിടെ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നാണ്. മലയാള മനോരമ വെറുതെ പറയില്ലല്ലോ, ഈ ഗവൺമെന്റിനെ പിന്താങ്ങാൻ ബാധ്യതയുള്ള ഒരു മാദ്ധ്യമമാണത്. കൂടാതെ, നമ്മുടെ കടം 1,14,000 കോടി രൂപയായെന്നും അതിൽ പറയുന്നു. കടം വർദ്ധിക്കുന്നതിൽ വിരോധമൊന്നുമില്ല. പക്ഷേ നമുക്ക് മൂലധനച്ചെലവുണ്ടോ? വികസനം നടക്കുന്നുണ്ടോ? ഇതാണ് നമ്മൾ പരിശോധിക്കേണ്ടത്. പദ്ധതി നിർവ്വഹണം, ഈ വർഷവും താളം തെറ്റിയ സാഹചര്യത്തിൽ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യം കൈവരിക്കാനായില്ല. ഇത് എന്റെ വാക്കല്ല, മലയാള മനോരമയുടെ വാക്കാണ്. അതുകൊണ്ട് ഇത് കേരളത്തിന്റെ ഭാവിയെ

തകർക്കുന്ന നയമാണ്. കേരളത്തിലെ വിലക്കയറ്റം തടഞ്ഞുനിർത്താൻ കഴിയുന്നില്ല എന്നു മാത്രമല്ല, തടഞ്ഞുനിർത്താൻ കഴിയില്ലെന്ന് മാണി സാർ തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നുണ്ട്. ശരിക്കും പറഞ്ഞാൽ ഇത് കേരളത്തിന്റെ ഭാവിയെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുന്നതാണ്. മാതൃഭൂമിയുടെ മുഖപ്രസംഗത്തിൽ, അവർ ഇടത്തരക്കാർക്ക് വേണ്ടിയാണ് വേദനിക്കുന്നത്. ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ ഇടത്തരക്കാർക്ക് ജീവിതം കുറച്ചുകൂടി ദുസ്സഹമാകുകയാണ്. അപ്പോൾ ഇടത്തരക്കാരുടെ ജീവിതം ഇതുപോലെ ദുസ്സഹമാകുകയാണെങ്കിൽ പാവപ്പെട്ടവന്റെയും തൊഴിലാളികളുടെയും സ്ഥിതിയെന്താണ്? വിലക്കയറ്റംമൂലം കുടുംബ ബഡ്ജറ്റ് താളം തെറ്റിയപ്പോഴാണ് ധനമന്ത്രി 1556 കോടി രൂപയുടെ പുതിയ നികുതികൾ കൂടി ഏർപ്പെടുത്തിയത്. പുതിയ നികുതികളെപ്പറ്റി ഇവിടെ ധാരാളം ചർച്ചകൾ വന്നു. ആ ചർച്ചകളോട് ഞാനും യോജിക്കുകയാണ്. ഓട്ടോറിക്ഷ, കാറുകൾ, മോട്ടോർ വാഹനങ്ങൾ, ആഡംബര ബസുകൾ, കോൺട്രാക്ട് കാരേജുകൾ ഇതിനെല്ലാം നികുതി വർദ്ധിപ്പിച്ചാൽ പാവപ്പെട്ടവർ എന്തുചെയ്യും? നാളെ ഓട്ടോറിക്ഷ-ടാക്സി തൊഴിലാളികൾ പണിമുടക്കുകയാണ്. പണിമുടക്ക് സമരത്തെ ക്ഷണിച്ചുവരുത്തുന്നതിനുമുമ്പ്, അങ്ങയുടെ മറുപടി പ്രസംഗത്തിന് മുമ്പ് ആ നികുതിയെല്ലാം പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മദ്യത്തിന്റെ വില വർദ്ധിപ്പിച്ചപ്പോൾ എല്ലാവരും യോജിച്ചു. പക്ഷേ എനിക്ക് അതിനോട് യോജിപ്പില്ല. കാരണം മദ്യത്തിന്റെ വില വർദ്ധിപ്പിച്ചാലും വിലക്കയറ്റം രൂക്ഷമാകും. അതിൽത്തന്നെ 400 കോടി രൂപയല്ല, എന്റെ കണക്കനുസരിച്ച് 750-ലധികം കോടി രൂപയുടെ വർദ്ധനവ് വരും. ഒരു കെയ്സ് മദ്യത്തിന് 400 രൂപയ്ക്ക് മേൽ വരുന്ന മദ്യത്തിനാണ് 10% ടാക്സ്. 2012-13-ൽ 8800 കോടി രൂപയാണ് ഗവൺമെന്റിന്റെ വരവ്. പര

മാവധി പോയാൽ 1000 കോടി രൂപ വരെയാണ് വില കുറഞ്ഞ മദ്യമെന്നത്, ബാക്കിയെല്ലാം 400 രൂപയേക്കാൾ വില വർദ്ധിച്ചവയാണ്. അതുകൊണ്ട് 750–800 കോടി രൂപയുടെ വർദ്ധനവ് വരും. മദ്യത്തിന്റെ വില കുറയ്ക്കുന്നതിനോട് ആരും യോജിക്കില്ല. ഞാനും യോജിക്കുന്നില്ല. യഥാർത്ഥത്തിലത് വിലക്കയറ്റത്തിന് കാരണമാകുന്നതാണ്. യഥാർത്ഥത്തിൽ പുതിയ നികുതികൾ ഏർപ്പെടുത്താതെ നിലവിലുള്ള നികുതികൾ പിരിച്ചെടുക്കേണ്ടേ? പിരിച്ചെടുക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല? വരവ് കുറയുന്നു, ചെലവ് വർദ്ധിക്കുന്നു. ധനമന്ത്രിയുടെ കുഴപ്പം കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. നമ്മുടെ സിസ്റ്റത്തിന്റെ കുഴപ്പമാണ്. ആ സിസ്റ്റം എന്തുകൊണ്ട് കുഴയുന്നു എന്നുള്ളതിനെപ്പറ്റി പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നടപടികളെ ധനമന്ത്രി തന്നെ വിമർശിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെടുത്താൽ 2012–13–ലെ സാമ്പത്തിക അവലോകനത്തിൽ പറയുന്നതാണ്, എന്റെ കണക്കല്ല. കേന്ദ്ര ഗവൺമെന്റിൽനിന്ന് പ്രതീക്ഷിച്ചത് 12523.93 കോടി രൂപ, എന്നാൽ ലഭിച്ചത് 9862 കോടി രൂപയാണ്. 2661 കോടി രൂപയുടെ നഷ്ടമാണ് നമുക്ക് വന്നിരിക്കുന്നത്. എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് അത് കണക്കു പറഞ്ഞ് വാങ്ങുന്നില്ല. 2013–14–ലും ഈ സ്ഥിതിയാണല്ലോ. 2014–15–ൽ 20,000 കോടി രൂപയാണ് പ്രതീക്ഷ എന്ന് പറഞ്ഞ മാണി സാർ അത് കേന്ദ്ര ഗവൺമെന്റ് കനിഞ്ഞാലേ നടക്കൂവെന്നാണ് പറയുന്നത്. എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിനോട് കണക്കുപറഞ്ഞ് അവകാശങ്ങൾ നേടാൻ കഴിയുന്നില്ല? കേന്ദ്രം ഭരിക്കുന്നവർ തന്നെ കേരളം ഭരിച്ചാൽ എല്ലാം നേടാനാവുമെന്നതാണല്ലോ നിങ്ങളുടെ അവകാശവാദം. അപ്പോൾ ശരിക്കും പറഞ്ഞാൽ ഇത് കേന്ദ്രത്തിൽ നിന്നും വാങ്ങാൻപോലും കഴിയുന്നില്ല. ആഭ്യന്തര വരുമാനം സ്വരൂപിക്കാനുള്ള ചട്ടക്കൂടില്ല. അച്ചടക്കവും കാര്യക്ഷമതയുമില്ല.

വസ്തുത ഇതല്ലേ? കേരള കോൺഗ്രസിന്റെയോ മാണി സാറിന്റെയോ കുഴപ്പ മല്ല ഇത്. നമ്മുടെ ചട്ടക്കൂടിന്റെ പ്രശ്നമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയ ത്തിന്റെ പ്രശ്നമാണ്. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ നിയന്ത്രിക്കുന്നത് ഈ രാജ്യത്തെ സമ്പന്നവർഗ്ഗമാണ്. ഇവിടെ പണപ്പെരുപ്പം മൂലം വിലവർദ്ധനവ് കഴിഞ്ഞ രണ്ടു വർഷമായി രൂക്ഷമായി എന്നാണ് ധനമന്ത്രി പറയുന്നത്. അദ്ദേഹം പറയുന്നത് പണപ്പെരുപ്പം 10% മാത്രമാണെന്നാണ്. റേറ്റ് ഓഫ് ഇൻഫ്ളേഷൻ ഫോർ പ്രൈമറി ആർട്ടിക്കിൾസ്, അത് 18.19% ആയി സ്ഥിര മായി നിൽക്കുകയാണ്. ശരിക്കും പറഞ്ഞാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സ്ഥിതിയെന്താകും? രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ നിയന്ത്രി ക്കുന്നത് ഈ രാജ്യത്തെ സമ്പന്നമാരാണ്. ഇവിടെ അഴിമതി കൊടികുത്തി വാഴുകയാണ്.

ബഡ്ജറ്റ് പാവപ്പെട്ടവരുടെയും പണിയെടുക്കുന്നവരുടെയും താല്പര്യ ങ്ങൾ നിഷേധിക്കുകയാണ്. ശരിക്കുപറഞ്ഞാൽ, 2001-06 കാലത്തെ യു. ഡി.എഫ്. ഗവൺമെന്റിന്റെ അതേ പതിപ്പാണിത്. വർക്കിംഗ് ക്ലാസ്സിനെ സംബ ന്ധിച്ചിടത്തോളം, ആ വർക്കിംഗ് ക്ലാസിന്റെ കാര്യമെടുക്കുമ്പോൾ പരമ്പരാ ഗത വ്യവസായ മേഖല, പൊതുമേഖല, ശരിക്കും പറഞ്ഞാൽ കശുവണ്ടി ഒഴിച്ച് ബാക്കിയെല്ലാ പരമ്പരാഗത വ്യവസായ മേഖലകളും ശവപ്പറമ്പായി മാറിയിരിക്കുകയാണ്. കശുവണ്ടിയുടെ മേഖലയിൽ അരാജകത്വം വർദ്ധിച്ചു വരികയാണ്. ഗവൺമെന്റിന്റെ കുഴപ്പമാണിത്. കേരളത്തിലെ ഉപഭോക്തൃ വില സൂചിക 2008-ലെ സാമ്പത്തിക സർവ്വേ പ്രകാരം 151 ആയിരുന്നു. 2013-ൽ അത് 238 ആയി ഉയർന്നപ്പോൾ നമ്മുടെ ജീവിതവിലനിലവാര സൂചിക ഉയരേണ്ടതാണ്. എന്നാൽ സർക്കാരിന്റെ കണക്കനുസരിച്ച് അതിന നുസൃതമായി ഉയർന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് ലിവിംഗ് ഇൻഡക്സിന്റെ

പ്രശ്നം ചർച്ച ചെയ്തിട്ട് ഒരു കമ്മിഷനെ വച്ചു. കമ്മീഷൻ റിപ്പോർട്ട് കൊടുത്തിട്ട് രണ്ടുകൊല്ലമായി. ഗവൺമെന്റ് നടപ്പിലാക്കുന്നില്ല. അതിന്റെ ഫലമായി വർക്കിംഗ് ക്ലാസിന്റെ യഥാർത്ഥ വരുമാനം നഷ്ടപ്പെടുകയാണ്. അപ്പോൾ പാവപ്പെട്ട തൊഴിലാളിയുടെ ലിവിംഗ് ഇൻഡക്സിന്റെ കാര്യത്തിൽ ഉള്ള നഷ്ടം മൂലം, തൊഴിലാളികളുടെ യഥാർത്ഥ വരുമാനത്തിൽ ഭയങ്കരമായ നഷ്ടമാണ്. ഇതു തൊഴിലാളിവർഗ്ഗത്തോടു ചെയ്യുന്ന വലിയ അപരാധമാണ്. കാഷ്യൂ മേഖലയിൽ 3 ലക്ഷം തൊഴിലാളികളുണ്ട്. ഇതിൽ ഏതാണ്ട് രണ്ട് ലക്ഷത്തി തൊണ്ണൂറായിരം തൊഴിലാളികളും വെറും പാവപ്പെട്ട സ്ത്രീ തൊഴിലാളികളാണ്. അവർ പത്തു-നാലായിരം കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്നവരാണ്. ആ മേഖലയോട് കാണിക്കുന്ന സമീപനം എന്താണ്; ഇപ്പോൾ 17.65 ശതമാനം കഴിഞ്ഞവർഷത്തേക്കാൾ അധികം വരവ്/ചെലവുവരുന്ന ബഡ്ജറ്റാണെന്നാണ് പ്രഖ്യാപനം. ഇവിടെ കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും മാതൃകാസ്ഥാപനങ്ങളാണ്. ആ മാതൃകാസ്ഥാപനങ്ങളെ തകർക്കുകയാണ്. കഴിഞ്ഞ വർഷം 76.90 കോടി രൂപ കൊടുത്തു. ഇപ്രാവശ്യം 50 കോടി രൂപയായി ചുരുക്കി. 50 കോടി രൂപയിൽ താഴെയാണ്. എന്തുകൊണ്ട് കുറച്ചു; കശുവണ്ടി വ്യവസായം നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്നതും സമ്പദ് വ്യവസ്ഥയിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന വ്യവസായവുമാണ്. ഇവിടെ കാഷ്യു കോർപ്പറേഷൻ ഗ്രാറ്റുവിറ്റി ഇനത്തിൽ 36 കോടി രൂപ കൊടുക്കാനുണ്ട്. അത് നൽകുന്നതിന് യാതൊരു പദ്ധതിയുമില്ല. ലേബർ മിനിസ്റ്റർ അക്കാര്യത്തെക്കുറിച്ച് ശ്രദ്ധിക്കുന്നുമില്ല. കശുവണ്ടി വ്യവസായം അൺഹൈജീനിക്കാണ്. ഒരുപാട് വ്യവസായ സ്ഥാപനങ്ങൾ, എന്തുകൊണ്ട് അന്വേഷണം നടത്തി, നടപടി

എടുക്കുന്നില്ല. നിയമം എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല. ഇപ്പോൾ ഇവിടെ കശുമാവ് കൃഷിയെക്കുറിച്ച് പറഞ്ഞു. അങ്ങയുടെ മണ്ഡലത്തിൽതന്നെ പതിനയ്യായിരത്തോളം കശുവണ്ടിതൊഴിലാളികളുള്ളതാണ്. ചവറയിൽ ധാരാളം ഫാക്ടറികളുണ്ട്. കാഷ്യു കൾട്ടിവേഷനുവേണ്ടി 4.5 കോടി രൂപ വീതം എല്ലാവർഷവും മാറ്റിവയ്ക്കുന്നുണ്ട്. അത് ചെലവഴിക്കുന്നുണ്ടോ. ആ കമ്മിറ്റി ഫങ്ഷൻ ചെയ്യുന്നുണ്ടോ? കശുവണ്ടി വികസനവും കശുവണ്ടി കൃഷി വികസനവും മുരടിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിൽനിന്ന് 5 വർഷക്കാലത്തേയ്ക്ക് കണക്കുപറഞ്ഞ് 58 കോടി രൂപ വാങ്ങിയതാണ്. 2 വർഷം ചെലവാക്കി. പിന്നീട് തുക കിട്ടുന്നില്ല; ചെലവഴിക്കുന്നില്ല. മാച്ചിംഗ് ഫണ്ട് വച്ചാൽ ആ തുക ചെലവഴിക്കുന്നുണ്ടോ. മത്സ്യബന്ധന മേഖലയോട് അങ്ങേയറ്റത്തെ അവഗണനയാണുള്ളതെന്ന് ആർച്ച് ബിഷപ്പ് സൂസപാക്യം പറഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ യില്ല. 177 കോടി രൂപയേയുള്ളൂ. മണ്ണെണ്ണയ്ക്ക് 100 കോടി രൂപയുണ്ട്. മണ്ണെണ്ണ ഇപ്പോൾ യഥാർത്ഥത്തിൽ 700 ലിറ്റർ വേണം. പകരം 114 ലിറ്ററാണ് കൊടുക്കുന്നത്. 700 ലിറ്ററിനും സബ്സിഡി കൊടുക്കുമോ? അങ്ങനെ കൊടുത്തെങ്കിൽ മാത്രമേ പ്രയോജനമുള്ളൂ. അതാണ് മണ്ണെണ്ണയുടെ സബ്സിഡിയുടെ വിഷയം. അതുപോലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളായ വീട്, വെള്ളം, വെളിച്ചം, ശുചിത്വം എന്നീ കാര്യങ്ങളിൽ എന്ത് ശ്രദ്ധയാണ് ഗവൺമെന്റിനുള്ളത്. നമ്മുടെ രാജ്യത്ത് ആന്ധ്രാപ്രദേശ് കഴിഞ്ഞാൽ ഏറ്റവുമധികം മത്സ്യബന്ധനമുള്ളതും മത്സ്യം ഉല്പാദിപ്പി ക്കുന്നതുമായ സംസ്ഥാനമാണ് കേരളം. അതുകഴിഞ്ഞേയുള്ളൂ ഗുജറാത്ത്. അപ്രകാരമുള്ള കേരളത്തിൽ അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ തൊഴിലാളി

കൾക്ക് എന്തുകൊണ്ട് കൊടുക്കുന്നില്ല. കേരളത്തിൽ മാത്രം ഏതാണ്ട് അയ്യായിരത്തിലധികം കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന വ്യവസായമാണത്. ഇത് രാജ്യത്താകെ 18000 കോടി രൂപയാണ് നേടിത്തരുന്നത്. മത്സ്യബന്ധനമേഖലയിൽ ഡീസൽ സബ്സിഡിയില്ല. ഇൻബോർഡ് എൻജിൻ ഘടിപ്പിച്ച ബോട്ടുകളിലും വള്ളങ്ങളിലും ഡീസലാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് ഡീസലിന് സബ്സിഡി വേണം. അതുപോലെതന്നെ പ്രകൃതിദത്തമായ ദുരന്തങ്ങൾ ഉണ്ടാകും. ഇപ്പോൾ കഴിഞ്ഞ ദിവസം ഒരു തീപിടുത്തമുണ്ടായി. ധാരാളം വലയും എഞ്ചിനും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടപ്പോൾ നഷ്ടപരിഹാരം കൊടുക്കാൻ കഴിയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിന് പരിഹാരം ഉണ്ടാക്കണ്ടേ? രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ ആവശ്യങ്ങൾക്ക് വിധേയമായിട്ടുള്ള നിയമങ്ങൾ വേണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ ശ്രദ്ധിക്കുന്ന ആളാണ്. അദ്ദേഹം പുതിയ കുറച്ച് നിയമനിർമ്മാണം നടത്തിയതിൽ ചില നിയമങ്ങൾ ഭരണഘടനാവിരുദ്ധമാണ്. പക്ഷേ പാവപ്പെട്ടവന്റെ സമ്പത്ത് നഷ്ടപ്പെട്ടാൽ പ്രകൃതിദുരന്തത്തിന് ......

മി. ചെയർമാൻ : യെസ്.......

ശ്രീ. പി.കെ. ഗുരുദാസൻ : സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. അങ്ങയുടെ നാട്ടിലെ കാര്യമാണ് പറയുന്നത്. കയർ മേഖലയിൽ മൂന്നര ലക്ഷം തൊഴിലാളികൾ...... ശ്രീ. പി. തിലോത്തമന്റെ ശ്രദ്ധക്ഷണിക്കലിന് ശ്രീ. അടൂർ പ്രകാശ് മറുപടി പറഞ്ഞത് പതിനായിരം തൊഴിലാളികളെങ്കിലും വരുമെന്നാണ്. അദ്ദേഹത്തിന്റെ കണക്കിൽ പതിനായിരമേയുള്ളൂ. കയർ വ്യവസായം തകർക്കുകയാണ്. മങ്ങാട്, എന്റെ മണ്ഡലത്തിലാണ്, എന്റെ

സ്വന്തം നാടല്ല. മങ്ങാട്, അഷ്ടമുടി തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോൾ കയർ വ്യവസായമില്ല. കയർ സൊസൈറ്റികളെല്ലാം ജപ്തിചെയ്യുകയാണ്. പത്തോ പതിനൊന്നോ സെന്റ് സ്ഥലമുള്ള കയർ സൊസൈറ്റികളുടെയെല്ലാം സ്വത്തു വകകൾ ജില്ലാബാങ്കുകൾ ജപ്തിചെയ്യുകയാണ്. ഞാൻ ആ പ്രശ്നം മന്ത്രിയുടെ മുമ്പിൽ കൊണ്ടുവന്നു. പക്ഷേ ഒരു നടപടിയുമുണ്ടായില്ല. കയർ വ്യവസായം തകരട്ടെയെന്നാണോ? മൂന്നരലക്ഷം തൊഴിലാളികളുടെ വ്യവസായമാണ്. ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. ബഡ്ജറ്റിൽ 116 കോടി രൂപയുണ്ട്. 70.58 കോടി രൂപ യന്ത്രവത്ക്കരണത്തിനുവേണ്ടി വച്ചിരിക്കുകയാണ്. എന്ത് യന്ത്രവത്ക്കരണമാണ് ഇവിടെ നടപ്പിലാക്കാൻ പോകുന്നത്? ആരോട് ആലോചിച്ചാണ് ചെയ്തത്? 2010-11-ൽ കൈത്തറി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീമായി 10 കോടി രൂപ മാത്രമാണ് ഇതു വരെ കൊടുത്തിട്ടുള്ളത്. അപ്പോൾ മറ്റുള്ള മേഖലകളിൽ എന്താണെന്ന് അറിഞ്ഞുകൂടേ. കൊല്ലം ജില്ലയെ സംബന്ധിച്ച് രണ്ട് വലിയ പരാതികളുണ്ട്. ഒന്ന്, മെഡിക്കൽ കോളേജ് അനുവദിക്കാമെന്ന് ഹെൽത്ത് മിനിസ്റ്റർ അവിടെ വന്ന് പ്രഖ്യാപിച്ചു. മെഡിക്കൽ കോളേജ് ആവശ്യപ്പെട്ടുകൊണ്ട് കേരള കോൺഗ്രസ്സും സി.പി.ഐ.(എം)-ഉം സി.പി.ഐ.-യും കോൺഗ്രസ്സും എല്ലാ പാർട്ടിയുംകൂടി ചേർന്ന് സർവ്വകക്ഷി സമ്മേളനം നടത്തി. മെഡിക്കൽ കോളേജ് ഈ വർഷമില്ല. കേരളത്തിൽ എല്ലാ ജില്ലകളിലുമുണ്ട്. അങ്ങേയറ്റം അവഗണനയാണ്. ഞങ്ങൾ സമരത്തിലേയ്ക്ക് പോകാൻ നിർബന്ധിതരാകുകയാണ്. കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. നഗരപ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഞങ്ങൾ ആവശ്യപ്പെടുന്നത് കല്ലടയാറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് നഗരത്തിൽ കൊണ്ടുവന്ന്

ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യണം. അതുപോലെ ഇ.പി.എഫ്. പെൻഷൻ മിനിമം 1000 രൂപ കൊടുക്കാൻ ഡോ. മൻമോഹൻസിംഗ് നിർബന്ധിതനായി. എല്ലാ തൊഴിലാളികൾക്കും ക്ഷേമ പെൻഷൻ 1000 രൂപയും അംഗൻവാടി ജീവനക്കാർക്ക് 2000 രൂപയും ആശാ വർക്കേഴ്സിന് 1000 രൂപയും കൊടുക്കണം. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യം പറയാൻ എനിക്ക് സമയമില്ല. അത് എന്റെ മറ്റ് സുഹൃത്തുകൾ പറയട്ടെ. കെ.എസ്.ആർ.ടി.സി–യിലെ പെൻഷന്റെ കാര്യം ഗവൺമെന്റ് ഏറ്റെടുക്കണം. എല്ലാ സംസ്ഥാനങ്ങളിലും അതാണ് സ്ഥിതി. 36 ഐ.റ്റി.ഐ.–കൾ അനുവദിച്ചു. 2010–11–ൽ പത്തെണ്ണം പ്രഖ്യാപിച്ചതിൽ രണ്ടെണ്ണമേ നടപ്പിലാക്കിയുള്ളൂ. ഐ.റ്റി.ഐ.–കൾ ആരംഭിക്കുക എന്നത് കേരളത്തിന്റെ പൊതുവായ ആവശ്യമാണ്. അതുപോലെ സ്കാറ്റേർഡ് വർക്കേഴ്സിനും ഹെഡ്‌ലോഡ് വർക്കേഴ്സിനും ഒരു പൈസ പോലും നീക്കി വച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് അവർക്ക് അഞ്ചരകോടി രൂപ കൊടുത്തു. അങ്ങനെ നിരവധി വിഷയങ്ങളാണുള്ളത്. ആ വിഷയങ്ങളെല്ലാം പരിഗണിക്കാൻ ഗവൺമെന്റ് നിർബന്ധിതമാണ്. ഈ ബഡ്ജറ്റ്, ആന്റി വർക്കിംഗ് ക്ലാസ് ബഡ്ജറ്റാണ്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ ഈ ബഡ്ജറ്റ് പ്രൊപ്പോസലിനെ പിന്താങ്ങുകയാണ്. ആകെ എനിക്ക് 4 മിനിറ്റാണുള്ളത്. 1000 നാവുള്ള അനന്തൻ വിചാരിച്ചാൽപ്പോലും ശ്രീ. കെ. എം. മാണി സാറിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ സാരാംശങ്ങളിലേയ്ക്ക് കടക്കാൻ കഴിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എങ്കിൽപ്പോലും ഞാൻ എന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട്

മാത്രമേ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളു. ഈ ബഡ്ജറ്റിന്റെ രചനയ്ക്കിടയിൽ മാണിസാറിന്റെ മനസിലുണ്ടായിരുന്ന കവിത എന്തായിരിക്കുമെന്ന് ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഇവിടത്തെ ചർച്ചയുടെ അടിസ്ഥാനത്തിൽ എനിക്ക് ഓർമ്മവന്നത് ശ്രീമതി. ഒ.വി. ഉഷയുടെ ഒരു കവിതയാണ്. അത് പിന്നീട് സിനിമാപാട്ടായും വന്നിട്ടുണ്ട്:

“ ആരാദ്യം പറയും ആരാദ്യം പറയും

പറയാതിനി വയ്യ പറയാനും വയ്യ.”

എന്നുള്ള വളരെ മനോഹരമായ ഒരു കവിതയാണ്. ഞാൻ ഈ കവിത പറയാൻ കാരണം, ആർക്കും ഇത് പറയാതിരിക്കാൻ കഴിയില്ല. സത്യത്തിൽ ഈ ബഡ്ജറ്റിനെ പല തരത്തിൽ വിമർശിക്കുകയുണ്ടായി. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട മേഖല കാർഷിക മേഖലയാണ്. മാണിസാറിന്റെ ബഡ്ജറ്റിലൂടെ കടന്നുപോകുമ്പോൾ ഏതാണ്ട് 26 സ്ഥലങ്ങളിലാണ് കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുന്നത്. മാണിസാറിന്റെ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ, നടപ്പാക്കാതിരുന്ന ഒട്ടേറെ കാര്യങ്ങളൊക്കെ പ്രതിപക്ഷത്തുനിന്ന് ധനകാര്യമന്ത്രിയുൾപ്പെടെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ ചോദ്യം, നമുക്ക് മാറാതിരിക്കാൻ കഴിയുക യില്ല. കാരണം നമ്മുടെ കാർഷിക മേഖലയിൽനിന്ന് യുവാക്കളും പുതിയ തലമുറക്കാരും പിന്മാറുന്ന ഒരു ദുരന്ത കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് ഇവിടെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്, നമ്മുടെ കാർഷികോ ത്പന്ന മേഖലയിലെ കർഷകർക്ക് പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയാവകാശവും... ഞാൻ സാമ്പത്തിക ശാസ്ത്രം കോളേജിൽ പഠി

പ്പിച്ച ഒരദ്ധ്യാപകനാണ്. അടിസ്ഥാനപരമായി പഠിപ്പിച്ച കാലത്ത് മുഴുവൻ പറയുന്ന ഒരു കാര്യമുണ്ട്.

കൃഷിക്കാർക്ക് ന്യായമായ വില പലപ്പോഴും ലഭിക്കുന്നില്ലെന്നുള്ളതാണ് ഇന്ത്യയിലെ കാർഷികമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പലപ്പോഴും ഇക്കാര്യങ്ങളെക്കുറിച്ച് പ്രസംഗിക്കുന്നതിനപ്പുറത്ത്, ക്രിയാത്മകമായ നിർദ്ദേശം ആ മേഖലയിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലായെന്നുള്ളതാണ് ഏറ്റവും പ്രധാനം. അതുകൊണ്ടാണ് കർഷകർ കാർഷിക മേഖലയിൽ നിന്ന് പിന്മാറുന്നത്. അവർ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നത്തിന്റെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ പലപ്പോഴും ഇടത്തട്ടുകാർക്കാണ് കൂടുതൽ ലാഭം ലഭിക്കുന്നത്. അവിടെയാണ് യഥാർത്ഥത്തിൽ ഇൻകം ഗാരണ്ടി സ്കീമിന്റെ പ്രസക്തിയെന്ന് എനിക്കു തോന്നുന്നത്. നടപ്പിലാക്കാൻ കഴിയുമോയെന്നുള്ള ആശങ്കയെ സംബന്ധിച്ച് എനിക്കൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് പ്രൊപ്പോസൽ മുന്നോട്ട് വയ്ക്കാനേ സാധിക്കുകയുള്ളൂ. ഇരുഭാഗത്തു നിന്നുമുള്ള ക്രിയാത്മകമായ പിന്തുണ ഉണ്ടെങ്കിൽ മാത്രമേ, അത് ഇടതുപക്ഷത്തിന്റെയോ വലതുപക്ഷത്തിന്റെയോ ഭരണമാകട്ടേ, ഭരിക്കുന്നതിനപ്പുറത്തേയ്ക്ക് ഇതെങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്നുള്ള ക്രിയാത്മകമായ നല്ല നിർദ്ദേശത്തെ ആ തലത്തിൽ കണ്ടെങ്കിൽ മാത്രമേ കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകാൻ കഴിയുകയുള്ളൂവെന്നുള്ള യാഥാർത്ഥ്യമാണ് നമ്മുടെ മുമ്പിലുള്ളത്. ഇതൊരു പ്രൊപ്പോസലാണ്, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അക്കാര്യത്തിൽ മുൻകയ്യെടുത്ത് നടപ്പിലാക്കാനുള്ള ശ്രമം തീർച്ചയായും ഉണ്ടാകണം. രണ്ട്

ഭാഗത്തുനിന്നുമുള്ള ആളുകളുടെ, പ്രത്യേകിച്ച് കേരളത്തിന്റെ പൊതുസമൂഹം അത്തരം കാഴ്ചപ്പാടുകളെ വളരെ സന്തോഷപൂർവ്വം കാണുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ പറഞ്ഞ കവിതയിലെ പ്രധാനപ്പെട്ട കാര്യം, ഒട്ടേറെ വികസന പ്രവർത്തനങ്ങൾ, ഓരോ ജനപ്രതിനിധികൾ പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ മണ്ഡലത്തിൽ അതുവേണം ഇതുവേണമെന്ന് പറഞ്ഞുകൊണ്ട് ഒരോരോ ആവശ്യങ്ങൾ മുമ്പോട്ടുവയ്ക്കുകയാണ്. നമ്മുടെ സമൂഹത്തിന്റെയും സംസ്ഥാനത്തിന്റെയും പൊതുവായ ഒട്ടനവധിയായ ആവശ്യങ്ങൾ മുന്നോട്ട് നിൽക്കുകയാണ്. ഇതിനാവശ്യമായ വിഭവ സമാഹരണം തീർച്ചയായും ഉണ്ടാകണം. ഇവിടെ ശ്രീ. കെ. എം. മാണി സാർ ബഡ്ജറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങളിൽ, lump sum tax വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മാത്രമാണ് കുറച്ച് ആശങ്കയുള്ളത്. ഓട്ടോറിക്ഷയ്ക്കുള്ള lump sum tax വർദ്ധിപ്പിക്കുന്ന കാര്യത്തിൽ രണ്ടുഭാഗത്തുനിന്നും അഭിപ്രായഭിന്നതയുണ്ടായി. അദ്ദേഹം വളരെ സ്നേഹശീലനാണ്, കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ആളുമാണ്. ഈ ബഡ്ജറ്റ് ചർച്ചയുടെ അവസാന ദിനത്തിൽ പ്രത്യേകിച്ച് സാധാരണക്കാരായ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയമെന്ന നിലയിൽ വളരെ ഗൗരവമായി കണ്ടുകൊണ്ട് അതിന് പരിഹാരം ഉണ്ടാക്കുമെന്നുള്ള പ്രതീക്ഷയുണ്ട്. മറ്റ് പ്രൊപ്പോസലിന്റെ കാര്യത്തിൽ എവിടെയാണ് കുഴപ്പം; ക്യാരവാൻ കാറിനുവേണ്ടി ടാക്സ് ഈടാക്കുന്ന കാര്യത്തിൽ ആർക്കാണ് ബുദ്ധിമുട്ടുള്ളത്; മദ്യത്തിന് നികുതി വർദ്ധിപ്പിച്ചതുകൊണ്ട് എന്താണ് കുഴപ്പം? കേരളത്തിൽ അടുത്ത കാലത്ത് നടത്തിയ സ്റ്റഡി റിപ്പോർട്ടിൽ ഉദരരോഗങ്ങൾ മലയാളികളിൽ കൂടിക്കൊണ്ടിരിക്കുന്നുവെണ്ണെന്നാണ് പറയുന്നത്. മലയാളികൾക്ക് അമിതമായ മദ്യപാനശീലമാ

ണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആഡംബര കാറുകൾക്കും ആഡംബര ബൈക്കുകൾക്കുമുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ റവന്യൂ ടാക്സ് കൂട്ടിയിട്ട് 17 വർഷമായി. ഇവിടെ വീടുവയ്ക്കുന്ന ആളുകളാരും ഒന്നോ രണ്ടോ മുറികളോടുകൂടി വീടുവയ്ക്കുന്നവരല്ല. കോടി ക്കണക്കിന് രൂപയുടെ രമ്യഹർമ്മ്യങ്ങളാണ് റോഡിൽകൂടി പോകുമ്പോൾ കാണാൻ കഴിയുന്നത്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് ഉണ്ടാക്കുന്ന വീടുകളുടെ ഇന്റീരിയൽ ഡെക്കറേഷനുവേണ്ടി ചെലവാക്കുന്ന പണം കണ്ടുകഴിഞ്ഞാൽ ഭയപ്പെട്ടുപോകും. ജനപ്രതിനിധികൾ പലപ്പോഴും പുതിയ വീടിന്റെ പാലുകാച്ചിന് പോകാറുണ്ട്. സത്യത്തിൽ എത്ര കോടിരൂപ യുടെ വീടുകളാണ് നമ്മൾ കാണുന്നത്. അവിടെയാണ്, 17 വർഷത്തിനു ശേഷം നികുതി സർക്കാരിന് കിട്ടാൻ വേണ്ടി റവന്യൂ ടാക്സ് വർദ്ധിപ്പിച്ചത് അത്രവലിയ കുറ്റമായി തോന്നുന്നില്ല. കാരണം, ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസനങ്ങൾക്കുമുള്ള പണം എവിടെനിന്നാണ് കണ്ടെത്താൻ കഴിയുന്നത്? അദ്ദേഹം വിദുരരുടെ വാക്യം പറഞ്ഞുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചത്. വിദുരർ മഹാഭാരത്തിൽ പറയുന്ന മറ്റൊരു കാര്യമുണ്ട്. എങ്ങനെയാണോ വണ്ട് പൂവിൽ നിന്ന് പൂന്തേൻ നുകരുന്നത് അതേ അർത്ഥത്തിൽ പൂവിന് വേദനിക്കാതെയാണ് നികുതി രാജാവ് എടുക്കേണ്ടതെന്ന് ധൃതരാഷ്ട്രർക്ക് പറഞ്ഞുകൊടുക്കുന്നുണ്ട്. സത്യ ത്തിൽ ഇവിടെ ശ്രീ. കെ. എം. മാണി സാർ ചെയ്തിരിക്കുന്നത്, ആ പറഞ്ഞ വാക്കുകളെ അക്ഷരാർത്ഥത്തിൽ.... ഒന്നുരണ്ട് കാര്യങ്ങളൊഴിച്ച്, ബാക്കി കാര്യങ്ങളിൽ, നികുതി ഈടാക്കിയിരിക്കുന്നത്, വലിയ സമ്പന്നൻമാരിൽ നിന്ന് പണം ഈടാക്കുകയാണ് ചെയ്തിരിക്കുന്നത്. ഞാൻ ഒരുകാര്യം സൂചി

പ്പിക്കാൻ ആഗ്രഹിക്കുകയാണ് കാളിദാസന്റെ രഘുവംശത്തിലെ ഒന്നാം സർഗ്ഗത്തിൽ ഒരു ശ്ലോകമുണ്ട്,

''പ്രജാനാമേവ ഭൂത്യർത്ഥം

സ താഭ്യോ ബലിമഗ്രഹീത്

സഹസ്രഗുണ മുത്സ്രഷ്ടു–

മാദത്തേ ഹി രസം രവി:''

ആ ശ്ലോകത്തിലെ രഘുവംശ രാജാക്കന്മാരെക്കുറിച്ച് കാളിദാസൻ പറയുന്ന ഭാഗത്തുള്ള അർത്ഥം ഇതാണ്, പ്രജകളുടെ ക്ഷേമത്തിനുവേണ്ടിയാണ് രാജാവ് അല്ലെങ്കിൽ അദ്ദേഹം കരം പിരിക്കുന്നത്. അങ്ങനെ കരം പിരിക്കുന്നത് എന്തിനാണെന്ന് ചോദിച്ചാൽ, ആയിരം മടങ്ങായി സൂര്യൻ സമുദ്രത്തിൽ നിന്ന് ജലം ആവാഹിച്ച് മുകളിലേയ്ക്ക് കയറ്റി ആ ജലം പിന്നീട് മഴയായി മുഴുവൻ പ്രകൃതിക്കും ഭൂമിക്കും തിരികെ നൽകുകയാണ്. എടുക്കുന്ന ചെറിയ ജലത്തിന്റെ എത്രയോ ഇരട്ടിയായാണ് ജലമായി വീണ്ടും വർഷിക്കുന്നത്. ഇവിടെ ശ്രീ. കെ. എം. മാണി സാർ ചെയ്യുന്നത് അതുതന്നെ യാണ്. ബഡ്ജറ്റിൽ 26 സ്ഥലങ്ങളിലാണ് കൃഷിയെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. അദ്ദേഹം വളരെ സമ്പന്നൻമാരിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതി പിന്നീട് പ്രകൃതിയിലേയ്ക്ക് മഴയായി പെയ്തിറങ്ങുന്നതുപോലെ എത്രയോ സാധാരണക്കാർക്ക്, അഗതികളായ ആളുകൾക്ക് ആയിരം രൂപ........ സമയക്കു റവുകൊണ്ട് അതിലേയ്ക്കൊന്നും പോകുന്നില്ല. കാരുണ്യപൂർണ്ണമായ സ്പർശനമാണ് നിരാലംബരായ ആളുകളോട് കാണിക്കുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. ആര് ഭരിച്ചാലും, അവിടെയിരിക്കുന്ന ആളുകൾ ഇവിടെ വരുമ്പോഴും ഇവിടെയിരിക്കുന്ന ആളുകൾ അങ്ങോട്ടുപോകുമ്പോഴും

നമുക്കറിയാം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ധനം കണ്ടെത്തേണ്ടതുണ്ട്. ശ്രീ. കെ. എം. മാണി സാർ വിട്ടുപോയ കാര്യമാണ് മണ്ണ്. നമ്മുടെ സംസ്ഥാനത്ത് വൻതോതിൽ മണ്ണ് വിൽപ്പന വ്യാപകമാണ്. മണ്ണിന്റെ റോയൽറ്റി വളരെ കുറവായതുകൊണ്ട് റോയൽറ്റി കൂട്ടണം. ഓട്ടോറിക്ഷക്കാരിൽ നിന്ന് അധിക നികുതി വർദ്ധനവിലൂടെ ലഭിക്കുന്ന 25 കോടി രൂപ വേണ്ടെന്ന് വച്ചുകൊണ്ട് മണ്ണ് ലോബികൾപോലുള്ള വൻകിടക്കാരെ പിടിക്കാനുള്ള ശ്രമം തീർച്ചയായും ഉണ്ടാകേണ്ടതുണ്ട്. അക്കാര്യത്തിലുള്ള തീരുമാനം ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. നമ്മുടെ ബഡ്ജറ്റ് ചരിത്രത്തിന്റെ ഭാഗമാകുന്നത് എവിടെയാണെന്ന് ചോദിച്ചാൽ ശ്രീ. കെ. എം. മാണിസാറിന്റെ പന്ത്രണ്ടാമത്തെ ബഡ്ജറ്റാണിത്. പന്ത്രണ്ട് എന്ന് പറയുന്ന സംഖ്യയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ഇത് ഒരു വ്യാഴവട്ടമാണ്. വ്യാഴഗ്രഹം സൂര്യനെ ചുറ്റുന്നത് പന്ത്രണ്ട് വർഷങ്ങളായിട്ടാണെന്നാണ് ഭാരതീയ ജ്യോതിഷശാസ്ത്രം സൂചിപ്പിക്കുന്നത്. നീലകുറിഞ്ഞി പൂക്കുന്നത് പന്ത്രണ്ട് വർഷത്തിലൊരിക്കലാണ്. എന്നാൽ എന്നും പൂക്കുന്ന നീലകുറിഞ്ഞിയാണ്, പന്ത്രണ്ട് ബഡ്ജറ്റിലൂടെ ഒരുപക്ഷേ, പ്രകൃതിക്ക്, പ്രകൃതിയുടെ സാധാരണ താളത്തിനപ്പുറത്തുനിന്നുകൊണ്ട് പന്ത്രണ്ട് വർഷങ്ങളിലും പൂത്ത നീലകുറിഞ്ഞിയുടെ പ്രധാനപ്പെട്ട അല്ലെങ്കിൽ അന്ന് പൂത്ത അത്തരം പന്ത്രണ്ട് ബഡ്ജറ്റുകളാണ് ശ്രീ. കെ. എം. മാണി സാർ കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളിലൂടെ ഇവിടെ അവരിപ്പിച്ചതെന്ന കാര്യത്തിൽ ഇവിടെ യാതൊരു സംശയവുമില്ല. കൃഷിയുടെ വലിയ സംസ്കാരം തീർച്ചയായുമുണ്ട്. ഈ ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളുമായി മുന്നോട്ട് പോകുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് മൂന്നാം വർഷത്തിലേയ്ക്ക്

കടക്കുകയാണ്. കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജറ്റിൽ ഞാറ്റുവേലയുടേതായ മുഴുവൻ ആഹ്ലാദങ്ങളുമുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഞാറ്റുവേലകൾ ഇന്ന് അന്യമാവുകയും പുതിയ തലമുറയ്ക്ക് ഞാറ്റുവേല എന്താണെന്ന് തിരിച്ചറിയാൻ കഴിയാത്ത സാമൂഹ്യ അന്തരീക്ഷത്തിൽ ഞാനും സാറുമൊക്കെ ഇവിടെ നിൽക്കുമ്പോൾ തീർച്ചയായും അതിനെ തിരികെ കൊണ്ടുവരുവാൻ കേരളത്തിന്റെ കാർഷിക സമൃദ്ധിക്ക് വീണ്ടും വീണ്ടും ഉത്തേജനം നൽകാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾക്ക് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, നമ്മുടെ സംസ്ഥാനത്തിന്റ പൊതുവായ കാഴ്ചപ്പാടിനെ മനസ്സിലാക്കി കൊണ്ട് നമ്മുടെ നാടിന്റെ മണവും ഗന്ധവുമൊക്കെ ഏറ്റുവാങ്ങാൻ കഴിയുന്ന രീതിയിലുള്ള ഒരു അവസ്ഥയിലേയ്ക്ക് പോകാൻ നമുക്ക് കഴിയണം. രോഗാതുരമായ കാർഷിക മേഖലയ്ക്ക് മൃതസഞ്ജീവനിയായി ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ മാറുമെന്ന കാര്യത്തിൽ സംശയമില്ല. കാർഷിക മേഖല മുഴുവൻ തകരുന്നുവെന്ന് പറയുമ്പോഴും വൈലോപ്പിള്ളിയുടെ പ്രശസ്തമായ കവിതയായ കന്നികൊയ്ത്തിൽ പറഞ്ഞ കാര്യമുണ്ട്

‘‘ ഹാ വിജിഗീഷു മൃത്യുവിന്നാമോ

ജീവിതത്തിൽ കൊടിപ്പടം താഴ്ത്താൻ’’

എന്ന് ചോദിച്ചത് വളരെ പ്രസക്തമാണ്. ഇവിടെ ശ്രീ. കെ. എം. മാണി സാർ കേരളീയ സമൂഹത്തോട് ചോദിച്ചത് ഒരു ചോദ്യമതാണ്, ‘ഹാ വിജിഗീഷു മൃത്യുവിന്നാകുമോ ഇവിടത്തെ കാർഷിക മേഖലയെ തകർക്കാൻ കഴിയുമോ’ യെന്നുള്ളത് വളരെ പ്രസക്തമായ ചോദ്യമാണ്. അതുകൊണ്ട് എത്ര പ്രതിഷേധത്തിന്റെയിടയിലും തീർച്ചയായും നമ്മുടെ കാർഷിക സംസ്കൃതിയുടെ ജീവിതം തിരികെ പിടിക്കാനുള്ള വളരെ ബോധപൂർവ്വമായ

ശ്രമം ഇവിടെയുണ്ട്. അത് പൂവിട്ട്, തളിരിട്ട് കായിട്ട് തീർച്ചയായും കേരളത്തിന്റെ സാംസ്കാരിക തലത്തിലും കാർഷിക തലത്തിലും ആവേശകരമായി മാറുമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ടുകാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ട, അദ്ദേഹം കേൾക്കേണ്ട കാര്യമാണ്, ഇവിടെയില്ലെങ്കിലും അദ്ദേഹം അവിടെയിരുന്ന് കേൾക്കുന്നുണ്ട്. നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലേഴ്സുണ്ട്. അവരുടെ ഓണറേറിയം പതിനായിരം രൂപയിൽ നിന്ന് പതിനയ്യായിരം രൂപയായി വർദ്ധിപ്പിക്കണം. വിമൺസ് ടെക്നോളജി പാർക്ക് കേരളത്തിൽ സ്ഥാപിക്കാൻ മുൻകൈയ്യെടുക്കണം. അതോടൊപ്പം സഹകരണ മേഖലയിലുള്ള ഗഹാൻ പതിക്കുന്നതിനുള്ള ഫീസ് എടുത്തുകളയണമെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. എന്റെ പിതാവിനെക്കുറിച്ച് അദ്ദേഹം ഓർത്തതിലുള്ള നന്ദി ഈ സന്ദർഭത്തിൽ അറിയിക്കുന്നു. വൈള്ളാവൂർ കുടിവെള്ള പദ്ധതിക്ക് കൂടുതൽ പണം അനുവദിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് സന്തോഷത്തോടുകൂടി ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഡ്ജറ്റ് എന്ന് പറയുന്നത് കേരളത്തിന്റെ പരിപാവനമായ ഒരു പ്രമാണമാണ്. ബഡ്ജറ്റിന്റെ വിശുദ്ധിയും വിശ്വാസ്യതയും നഷ്ടപ്പെടുത്തി അവാസ്തവമായ കണക്കുകൾ പറഞ്ഞൊരു ബഡ്ജറ്റാണ് ഈ ബഡ്ജറ്റ്. നിയമസഭയോടുള്ള അനാദരവുകളാണ് ഈ ബഡ്ജറ്റിലുടനീളം തെളിഞ്ഞു കാണുന്നത്. കഴിഞ്ഞ 3 വർഷത്തെ ബഡ്ജറ്റ് കണക്കുകൾ പരിശോധിച്ചാൽ എല്ലാം അവാസ്തവമായിട്ടുള്ള

കണക്കുകളാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ആ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചു നോക്കിയാൽ നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ വളരെ വ്യക്തമായി തെളിഞ്ഞു കാണാൻ സാധിക്കും. 3 വർഷവും കസർത്തുകളല്ലാതെ ഒന്നും കാണിച്ചിട്ടില്ല. അതാണ് മാണി സാറിന്റെ ഗിമിക് എന്ന് പറഞ്ഞുകൊണ്ട് ചില സുഹൃത്തുകൾ ഇവിടെ സംസാരിച്ചത്. കഴിഞ്ഞ വർഷത്തെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ വിലക്കയറ്റം ഉണ്ടാകുമെന്ന് പറഞ്ഞിരുന്നു. രണ്ടര മണിക്കൂർ നീണ്ടുനിന്ന ബഡ്ജറ്റ് പ്രസംഗത്തിൽ വില വർദ്ധനവിനെ സംബന്ധിച്ച് ഒരു കാര്യം പോലും പറയാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു പുതിയ നിർദ്ദേശം പോലും ബഡ്ജറ്റിൽ ഇല്ലായിരുന്നു. ജന ജീവിതത്തെയാകെ പൊറുതി മുട്ടിക്കുന്ന ഒരു ബഡ്ജറ്റാണിത്. ഉടുതുണിക്ക് മറുതുണിയില്ലാത്ത നാടായി കേരളം മാറാൻ പോകുകയാണ്. 40 വർഷംകൊണ്ട് 1,26,000/- കോടി രൂപയായിരുന്നു കടമെങ്കിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് 24,000 കോടി രൂപയാണ് കേരളത്തിന്റെ കടം. 1,200/- കോടി രൂപ അധിക നികുതിയായി ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചതുകൊണ്ടാണ് ഈ ദുരന്തസ്ഥിതിയുണ്ടായത്. ഈ ബഡ്ജറ്റിൽ 1,556/- കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളാണുള്ളത്. അതുകൊണ്ട് അടുത്ത വർഷം 30,000/- കോടി രൂപയുടെ കട ബാധ്യത വർദ്ധിക്കും. ഇങ്ങനെ വരുമ്പോൾ കടം കൂടി കൂടി കേരളീയ സമൂഹത്തിന് നിൽക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാകും. തല ഉയർത്തി നടക്കാൻ കഴിയില്ല. ആ രീതിയിലേയ്ക്ക് കേരളം മാറുകയാണ്. ഇങ്ങനെ കൂടുന്ന

കടം വില വർദ്ധനവിന് കാരണമാകും. വലിയ വിലക്കയറ്റത്തിലേയ്ക്ക് കേരളം പോകുകയാണ്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും വില വർദ്ധനവ് ഉണ്ടാകുന്ന സംസ്ഥാനമായി കേരളം വരും നാളുകളിൽ മാറാൻ പോകുകയാണ്. കടത്തിന്റെയും വിലക്കയറ്റത്തിന്റെയും അമിതമായ വളർച്ചയാണ് ഭാവി കേരളത്തിന്റെ ഏറ്റവും വലിയ ഭീഷണി. അത് നമ്മൾ ഇവിടെ ചർച്ച ചെയ്യണ്ടേ? ഇവിടെ കടം പെരുകുന്നതോടൊപ്പം റവന്യൂ വരുമാനം കുറഞ്ഞു വരികയാണ്. സ്വീകരിക്കേണ്ട പല പരിപാടികളും സ്വീകരിക്കുന്നില്ല. വൻകിട മുതലാളിമാരിൽ നിന്നും പിരിച്ചെടുക്കേണ്ട നികുതികൾ സ്റ്റേ ചെയ്തു കൊടുക്കുന്നു. വൻകിട മുതലാളിമാർക്ക് സ്റ്റേ ചെയ്തു കൊടുക്കുന്നതുകൊണ്ട് റവന്യൂ വരുമാനം കുറഞ്ഞു വരികയാണ്. നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഈ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല. കൃഷി, വ്യവസായം, നിർമ്മാണ മേഖല, ടൂറിസം, ഗതാഗതം എന്നീ മേഖലകളെ തകർക്കുവാൻ ഈ ബഡ്ജറ്റിൽ ഒരുപാട് നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. ആകെയുള്ള സമ്പദ് വ്യവസ്ഥയുടെ തകർച്ചയാണ് ഈ ബഡ്ജറ്റിന്റെ പ്രധാനപ്പെട്ട നേട്ടം എന്ന് എടുത്ത് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാവപ്പെട്ട ഓട്ടോറിക്ഷാക്കാർക്കും ടാക്സിക്കാർക്കും ജീവിക്കാൻ കഴിയാത്ത സ്ഥിതിയാണ് വന്നിരിക്കുന്നത്. 29–ാം തീയതി കേരളത്തിലെ എല്ലാ മോട്ടോർ തൊഴിലാളികളും വലിയ സമരത്തിലേയ്ക്ക് ഇറങ്ങാൻ പോകുകയാണ്. ഓട്ടോറിക്ഷയുടെയും ടാക്സിയുടെയും നികുതി പിൻവലിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. സ്വർണ്ണ വ്യാപാരികൾക്ക് തലോടൽ, ഓട്ടോറിക്ഷാകാർക്ക് തൊഴി ഇതാണ് ഈ ബഡ്ജറ്റിൽ നമുക്ക് തെളിഞ്ഞ് കാണാൻ സാധിക്കുന്നത്.

മാണി സാറിന്റെ അദ്ധ്വാന വർഗ്ഗ സിദ്ധാന്തം ഇതിനനുസരിച്ചാണോ പ്രവർത്തിക്കുന്നത്. അങ്ങ് ഈ സിദ്ധാന്തം പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? കെ.എസ്.ആർ.ടി.സി.-ക്ക് 150 കോടി രൂപയാണ് നീക്കി വച്ചത്. ഈ തുക കൊണ്ട് ശമ്പളമോ പെൻഷനോ നൽകാൻ തികയുകയില്ല. കെ.എസ്.ആർ.ടി.സി.-ക്ക് 500 കോടി രൂപ നീക്കി വയ്ക്കണമെന്നാണ് എന്റെ നിർദ്ദേശം. പാവപ്പെട്ട സ്കൂൾ കുട്ടികൾക്ക് യൂണിഫോം കൊടുക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞു. ബി.പി.എൽ. കുട്ടികൾക്ക് കംപ്യൂട്ടർ വാങ്ങിച്ച് കൊടുക്കുമെന്ന് ഇപ്പോൾ അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച യൂണിഫോം ഇതുവരെ കേരളത്തിലെ ഒരു ജില്ലയിലെ ഒരു സ്കൂളിലും കൊടുത്തിട്ടില്ല. യൂണിഫോമിന് ആകെ 400 രൂപയേയുള്ളൂ. എങ്ങനെയൊരു യൂണിഫോം തയ്ക്കാൻ സാധിക്കും. രണ്ട് ജോഡി യൂണിഫോം നൽകണമെന്നാണ് നിയമത്തിൽ പറയുന്നത്. എങ്ങനെ നടപ്പിലാക്കും?. വില വർദ്ധനവ് മൂലം ഒന്നും നടക്കുന്നില്ല. കഴിഞ്ഞ വർഷത്തേത് കൊടുത്തശേഷമല്ലേ ഇപ്പോഴത്തേത് കൊടുക്കാൻ സാധിക്കുകയുള്ളൂ. എല്ലാം നിശ്ചലമായി കിടക്കുകയാണ്. ഈ ബഡ്ജറ്റിൽ ഒരുപാട് അവ്യക്തമായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. കേരളത്തിന്റെ 14 ജില്ലകളിൽ ഒന്നായ കൊല്ലം ജില്ല മാണി സാറിന്റെ ഭൂപടത്തിലല്ലേ? രണ്ടാനമ്മ പെറ്റ മക്കളാണോ കൊല്ലം ജില്ലക്കാർ. രണ്ടാനമ്മ പെറ്റ മക്കളല്ല, യു.ഡി.എഫിന് രണ്ട് എം.എൽ.എ.-മാരാണ് കൊല്ലം ജില്ലയിലുള്ളത്. ബാക്കി 9 പേരും എൽ.ഡി.എഫ്.-ന്റേതാണ്. കൊല്ലം ജില്ലയുടെ സമഗ്രമായ വികസനത്തിന് എന്തെങ്കിലും ഈ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ടോ? ആരോഗ്യവകുപ്പുമന്ത്രി കൊല്ലം ജില്ലയിൽ ഒരു പൊതുമീറ്റിംഗിൽ ജില്ലാ പഞ്ചായത്ത്-ജനപ്രതിനിധി

കളോടടക്കം പറഞ്ഞത്, നിങ്ങൾ ഭൂമി കണ്ടെത്തിയാൽ ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് കൊല്ലം ജില്ലയിൽ അനുവദിക്കാം എന്നാണ്. അതുപ്രകാരം 10 കിലോമീറ്റർ ചുറ്റളവിൽ കൊല്ലത്ത് ഭൂമി കണ്ടെത്തി. പക്ഷെ നടപ്പിലായോ സർ; നടപ്പിലായില്ല. കൊല്ലത്തിനെ എന്തിനാണ് ഇങ്ങനെ അവഹേളിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത പിടിച്ചുനിർത്തുന്ന കശുവണ്ടി, കൈത്തറി, കയർ മേഖലയുടെ ആസ്ഥാനമാണ് കൊല്ലം ജില്ല. കശുവണ്ടി മേഖലയ്ക്ക് എന്തെങ്കിലും മാറ്റി വച്ചിട്ടുണ്ടോ? 105 കോടി രൂപ ആവശ്യപ്പെട്ടു. അനുവദിച്ചത് വെറും 36 കോടി രൂപയാണ്. പെൻഷൻ, ഗ്രാറ്റുവിറ്റി, ക്ഷാമബത്ത എന്നിവ കൊടുക്കാൻ കഴിയുന്നില്ല. കൊല്ലത്തും കേരളത്തിന്റെ ഇതര മേഖലകളിലും ശ്വാസം വലിച്ചുകൊണ്ടാണ് ഇന്ന് കശുവണ്ടി മേഖല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കാഷ്യു ബോർഡ് വരാൻ പോകുന്നുവെന്ന് പറഞ്ഞു. കൊല്ലത്തിന്റെ പരമ്പരാഗത മേഖലയായ കാഷ്യൂ മേഖലയിൽ 95 ശതമാനത്തോളം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. കൊല്ലത്ത് കാഷ്യൂ ബോർഡ് വരണമെന്നത് എത്രയോ നാളുകളായി ബഹുമാന്യനായ സി. എം. സ്റ്റീഫന്റെ മനസ്സിലെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു കൊല്ലത്ത് കശുവണ്ടി തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കാഷ്യൂ ബോർഡ് വേണമെന്നുള്ളത്. അത് സാധിച്ചോ? അദ്ദേഹം കോൺഗ്രസ്സുകാരനായതുകൊണ്ടായിരിക്കും മാണി സാർ അത് അംഗീകരിക്കാത്തത്. ഈ ബഡ്ജറ്റിൽ എന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ? അങ്ങനെ കൊല്ലത്തിന്റെ പശ്ചാത്തല മേഖലയുടെ വികസനത്തിന് വേണ്ടി ഒന്നും മാറ്റി വയ്ക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞില്ല. അങ്ങയുടെ ബഡ്ജറ്റിൽ യുവജനങ്ങൾക്ക് ഏതാണ്ടൊക്കെ കൊടുക്കുമെന്ന് പറഞ്ഞു. ഇവിടെ

യുവജനങ്ങൾക്ക് കൊടുക്കാൻ ഒന്നുമില്ല. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം, 500 കോടി രൂപ യുവാക്കൾക്കായി മാറ്റി വയ്ക്കുമെന്ന് മുഖ്യമന്ത്രി പുറത്തുപോയി സംസാരിച്ചു. അകത്തില്ലാത്തത് പുറത്തെങ്ങനെ കൊടുക്കാൻ സാധിക്കും. ഈ ബഡ്ജറ്റിനകത്തില്ലാത്തത് എങ്ങനെയാണ് പുറത്ത് പറഞ്ഞാൽ നേടുന്നത്? ഇത് എന്തൊരു വിരോധാഭാസമാണ്? ആദ്യം നിങ്ങൾ തമ്മിൽ ഒരു ധാരണയാകണം. യുവാക്കൾക്ക് ഇനിയും സമരത്തിന് ഇറങ്ങേണ്ട ഒരു സ്ഥിതിയാണ് വന്നു കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിക്ക് നാട്ടിൽ ഇറങ്ങി നടക്കാൻ കഴിയാത്ത സ്ഥിതിയാണ്. തിരുവനന്തപുരത്ത് ചെന്നാൽ നാടാർ സമുദായം, കൊട്ടാരക്കരയിൽ ചെന്നാൽ പിള്ള സാർ. ചങ്ങാശ്ശേരിയിൽ ചെന്നാൽ എൻ.എസ്.എസ്, കോട്ടയത്ത് ചെന്നാൽ ദേവലോകം, ആലപ്പുഴയിൽ ചെന്നാൽ ഗൗരിയമ്മ, എറണാകുളത്ത് ചെന്നാൽ പുത്തൻ കുരിശ്, ഇടുക്കിയിൽ ചെന്നാൽ രണ്ടാം സീറ്റും ഗാഡ്ഗിൽ റിപ്പോർട്ടും, മലപ്പുറത്ത് ചെന്നാൽ മൂന്നാം സീറ്റ്, കോഴിക്കോട് ചെന്നാൽ വീരൻ, കണ്ണൂര് ചെന്നാൽ കെ. സുധാകരൻ, വയനാട് ചെന്നാൽ ആദിവാസിയും കസ്തൂരിരംഗനും, കാസർഗോഡ് ചെന്നാൽ എൻഡോസൾഫാൻ. ഈ സ്ഥിതിയായിരിക്കും മുഖ്യമന്ത്രിക്ക് വരും നാളുകളിൽ ഏറ്റെടുക്കേണ്ടി വരുന്നത്. വില വർദ്ധവുമൂലം കെ. എം. മാണി സാറിന് മുഖ്യമന്ത്രിയുടെ ഇതേ സ്ഥിതി തന്നെയായിരിക്കും വരാൻ പോകുന്നത്. കേരളത്തിലെ 14 ജില്ലകളിലും അങ്ങേയ്ക്ക് പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ ദുരന്ത സ്ഥിതി മാറ്റി എടുക്കാൻ കഴിയുമോ? മാണി സാറിന് ജൂബ തയ്ക്കണമെങ്കിൽ ആരും കൊടുക്കുകയില്ല. വസ്ത്ര വ്യാപാരികൾക്ക് കട നടത്താൻ കഴിയുന്നില്ല. ഒരു

ബനിയനോ മുണ്ടോ വാങ്ങണമെന്നുണ്ടെങ്കിൽ എങ്ങനെ സാധിക്കും. ജൂബ തയ്ക്കണ്ടേ. ദിവസവും നാലെണ്ണം മാറുന്ന ആളാണല്ലോ; തുണിക്കടക്കാരെയും അങ്ങ് അവഹേളിക്കുകയാണ്. കോഴിക്കച്ചവടക്കാരെയും സ്വർണ്ണ വ്യാപാരികളെയും സഹായിച്ചു. ഇപ്പോൾ എം-സാന്റ് മുതലാളിമാരെ/ക്വാറി മുതലാളിമാരെ സഹായിക്കാൻ വില വർദ്ധിപ്പിച്ചിരിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ക്വാറിയുണ്ട്. കോന്നിയിൽ 100 കണക്കിന് ക്വാറി ഉടകളുണ്ട്. അവരെ സഹായിക്കാൻ എം-സാന്റിനും പാറയ്ക്കും വില കൂട്ടി. സാധാരണക്കാരന് വീട് നിർമ്മിക്കാൻ സാധിക്കുമോ? ജനകീയാസൂത്രണ പദ്ധതി പ്രകാരം 2 ലക്ഷം രൂപ ഒരു ഗുണഭോക്താവിന് കിട്ടിയാൽ, ഒരു ലോഡ് മണൽ വാങ്ങുന്നതിന് 26,000 രൂപ കൊടുക്കണം. എം-സാന്റിന് അതിനെക്കാൾ വില കൂടുതലാണ്. അപ്പോൾ ആരെ സഹായിക്കാനാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഒരു സഹായവും ആർക്കും ചെയ്യുന്നില്ല. വരും നാളുകളിൽ കേരളം ഉജ്ജ്വലമായ പ്രക്ഷോഭത്തിലേയ്ക്ക് പോകാൻ പോകുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉജ്ജ്വലമായി തിരിച്ചു വരാൻ പോകുന്നു. കേന്ദ്രത്തിൽ ഇടതുപക്ഷ മതേതരത്വ ഗവൺമെന്റ് അധികാരത്തിൽ വരുന്നു. അവിടെ മോഡിയുമല്ല രാഹുൽ ഗാന്ധിയുമല്ല വരാൻ പോകുന്നത്. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ മതനിരപേക്ഷ കക്ഷി കേന്ദ്രത്തിൽ അധികാരത്തിൽ വരാൻ പോകുകയാണ്. അതിന് നിങ്ങൾ ഞങ്ങളെ സഹായിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ നിശിതമായി വിമർശിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 12-ാമത്തെ

ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ആ ബഡ്ജറ്റിന്റെ അവസാനം മഹാഭാരതത്തിലെ വിദുരർ പറയുന്നതെന്ന് പറഞ്ഞുകൊണ്ട് ചില കാര്യങ്ങൾ അദ്ദേഹം പറയുകയുണ്ടായി. മഹാഭാരതത്തിലെ വിദുരർ പറഞ്ഞത് അനുസരിക്കാൻ ധൃതരാഷ്ട്രർ തയ്യാറായില്ല. ആ ധൃതരാഷ്ട്രരുടെ റോളിലാണ് ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിനെ കൈകാര്യം ചെയ്തത് എന്നാണ് എനിക്ക് തോന്നുന്നത്. കാരണം കേരളത്തിലെ ജനങ്ങൾക്ക് ഏറെ ദുരിതവും കഷ്ടപ്പാടും സംഭാവന ചെയ്യുന്ന ഒരു ബഡ്ജറ്റാണ് കൊട്ടിഘോഷിക്കപ്പെട്ട് അവതരിപ്പിച്ച ഈ 12-ാമത് ബഡ്ജറ്റ് എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഒട്ടേറെ അംഗങ്ങൾ ഇവിടെ സംസാരിക്കുകയുണ്ടായി. ഭരണ കക്ഷിയിലും പ്രതിപക്ഷത്തുമുള്ള ബഹുമാനപ്പെട്ട പല അംഗങ്ങളും ഈ ബഡ്ജറ്റിലെ കുറവുകളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു ബഡ്ജറ്റ് എന്നുപറയുന്നത്, ഒരു വർഷത്തെ വരവ്-ചെലവ് കണക്കുതന്നെയാണ്. ആ വരവ്-ചെലവ് കണക്ക് കൃത്യമായി നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്താണ് സംഭവിക്കുക എന്നുള്ളത് ഇപ്പോൾ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരുപാട് സമയമെടുത്ത് ചർച്ച ചെയ്ത് അംഗീകരിക്കുന്നതാണ് ഈ ബഡ്ജറ്റ്. ഒരുപാട് സമയവും ധനവുമെല്ലാം ചെലവഴിച്ചുകൊണ്ട് ചർച്ച ചെയ്ത് ഈ ബഡ്ജറ്റ് പാസ്സാക്കി കൊടുത്താൽ അത് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും 90 ശതമാനമെങ്കിലും നടപ്പിലാക്കാനുള്ള ഇച്ഛാശക്തി കാണിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ നമ്മൾ പാസ്സാക്കിക്കൊടുത്തതൊന്നുംതന്നെ നടപ്പിലാക്കുന്നതിൽ യാതൊരു തരത്തിലുമുള്ള ഉത്തരവാദിത്തവും

ഇച്ഛാശക്തിയും കാണിക്കാത്ത ഒരു കാലഘട്ടമായിരുന്നു എന്നാണ് കേരളത്തിലെ പൊതുസ്ഥിതിയെടുത്ത് പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. എല്ലാ രംഗത്തും നാം പുറകോട്ട് പോകുന്ന സ്ഥിതിയിലേയ്ക്ക് പോകുകയാണ്. കേരളം ആർജ്ജിച്ച നേട്ടങ്ങൾ നമുക്ക് നിലനിർത്താൻ കഴിയുന്നില്ലെന്നുമാത്രമല്ല നേടിയ നേട്ടങ്ങളെല്ലാം പുറകോട്ട് പോകുന്നു എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ശ്രീ. പി. സി. ജോർജ് മാണിസാറിനെക്കുറിച്ച് പറഞ്ഞ കാര്യം ഞാൻ ഓർത്തുപോകുകയാണ്. ഞാൻ 1996-ലാണ് ഈ നിയമസഭയിലേയ്ക്ക് കടന്നുവന്നത്. അന്ന് ശ്രീ. പി. സി. ജോർജ് ഭരണ കക്ഷിയിലും ശ്രീ. കെ. എം. മാണി പ്രതിപക്ഷത്തുമായിരുന്നു. ആ സന്ദർഭത്തിൽ അമ്പത് പ്രാവശ്യമെങ്കിലും മാണിസാറിന് എതിരായി ശ്രീ. പി. സി. ജോർജ് പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങൾ മാണിസാർ എന്നുപറഞ്ഞാലുടനെ എവിടത്തെ സാർ, പാല മെമ്പർ എന്നല്ലാതെ വേറെ ഒന്നും മിണ്ടിപ്പോകരുതെന്ന് പറഞ്ഞ് ശ്രീ. പി. സി. ജോർജ് ചാടി എഴുന്നേൽക്കും. അതുപോലെ പൂഞ്ഞാറിൽ ദുരിതവും പാലായിൽ ആശ്വാസവും എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ മാറ്റി പറയുന്നതിൽ വലിയ സന്തോഷമുണ്ട്. മാണിസാർ ഇപ്പോൾ എവിടെ നിൽക്കണം എന്നുള്ളതിനെ സംബന്ധിച്ചുള്ള കൺഫ്യൂഷനാണ്. ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തെ കോൺഗ്രസ്സിലേയ്ക്ക് ക്ഷണിക്കുകയുണ്ടായി. എന്റെ ഗുരുവാണ് മാണിസാർ എന്ന് അദ്ദേഹം പറഞ്ഞു. ഗുരുവിനെ ശിക്ഷ്യൻ നയിക്കേണ്ട ഒരു സ്ഥിതിയിലേയ്ക്ക് യു.ഡി.എഫ്. എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. കാരണം കേരള കോൺഗ്രസ്സിന്റെ പ്രസക്തി

നഷ്ടപ്പെട്ടു എന്നാണ് നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ ഇവിടെ പറയുന്നത്. പ്രസക്തി നഷ്ടപ്പെട്ടതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കറാണ് വിളിച്ചത്; പ്രതിപക്ഷമല്ല.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ, അങ്ങ് മുൻ സ്പീക്കറായിരുന്ന ആളാണ്. കേരള കോൺഗ്രസ്സിന്റെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്നുമാത്രമല്ല ആൾ ഇന്ത്യാ ലെവലിൽ സംസ്ഥാന പാർട്ടിയുടെ പ്രസക്തി കൂടിവരികയാണ്. അപ്പോൾ കേരള കോൺഗ്രസ്സിന് പ്രസക്തിയുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞുവരുന്നത്, 12–ാമത് ബഡ്ജറ്റുകൊണ്ട് യാതൊരു കാര്യവുമില്ലായെന്ന് കോൺഗ്രസ്സുകാർക്കു പോലും തോന്നി. അതുകൊണ്ടാണ് അങ്ങനെ പറയാൻ കാരണം. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലും ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിലും ഏതെങ്കിലും തരത്തിലുള്ള ഉത്തരവാദിത്വം കാണിച്ചിട്ടുണ്ടോ? 2013–14 കാലഘട്ടത്തിൽ നികുതി പിരിവ് ലക്ഷ്യമിട്ടിരുന്നത് ഏകദേശം 28,400 കോടി രൂപയാണ്. എന്നാൽ ഇതുവരെ പിരിച്ചെടുക്കാൻ കഴിഞ്ഞത് 11,579 കോടി രൂപ മാത്രമാണ്. അതായത് ലക്ഷ്യമിട്ടതിന്റെ 11 ശതമാനത്തിൽ മാത്രമേ എത്താൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ ബഡ്ജറ്റിൽ നീക്കിവച്ച സംഖ്യ ചെലവഴിക്കുന്ന കാര്യത്തിൽ കഴിഞ്ഞ ദിവസം റിവ്യൂ നടത്തുന്ന സന്ദർഭത്തിൽ 40 ശതമാനം സംഖ്യപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പറയുന്നത്. കഴിഞ്ഞ ഒരു വർഷം ഈ ഗവൺമെന്റ് പ്രവർത്തിച്ചത് എന്തിനുവേണ്ടിയാണ്? അതായത് ബഡ്ജറ്റിൽ നികുതി പിരിക്കാൻവേണ്ടി തീരുമാനമെടുക്കുകയും

ആ നികുതി പിരിച്ചെടുക്കാതിരിക്കുകയും അതോടൊപ്പം ചെലവഴിക്കാൻ വേണ്ടി പാസ്സാക്കിക്കൊടുക്കുന്ന സംഖ്യ ചെലവഴിക്കാതിരിക്കുകയുമാണ്. എന്നിട്ടാണ് വികസനത്തിന്റെ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കിയെന്ന് നാം അവകാശപ്പെടുന്നത്. നമ്മുടെ കാർഷിക മേഖലയിൽ വമ്പിച്ച മുന്നേറ്റമുണ്ടാക്കുമെന്നാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. എം. മാണി പറഞ്ഞത്. പക്ഷേ, കാർഷിക മേഖല വമ്പിച്ച തകർച്ചയെ നേരിടുന്ന ഒരു സന്ദർഭമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ കർഷകർക്കുവേണ്ടി പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമ്പോൾ കർഷകർക്കുവേണ്ടി പ്രഖ്യാപിച്ചതല്ലാതെ ഒന്നും നടപ്പിലായിട്ടില്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ കാർഷിക മേഖലയിൽ വമ്പിച്ച പ്രതിസന്ധി ആ രംഗത്തുണ്ടാവുകയാണ്. അതോടൊപ്പമാണ് കസ്തൂരിരംഗൻ റിപ്പോർട്ടും ഗാഡ്ഗിൽ റിപ്പോർട്ടുമെല്ലാം മലയോര കർഷകരെ വലിയ ആശങ്കയിലെത്തിച്ചത്. മലയോര കർഷകരും കർഷകരുമെല്ലാംതന്നെ യു.ഡി.എഫിനെ വിട്ടുപോകും എന്നുള്ള സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ആ വിട്ടുപോകൽ അല്പമെങ്കിലും തടഞ്ഞുനിർത്താൻ കഴിയുമോ എന്നുള്ള പരീക്ഷണമാണ് ശ്രീ. കെ. എം. മാണി ഈ ബഡ്ജറ്റിലൂടെ ചെയ്തത്. അതുകൊണ്ടാണ് കർഷകർക്കുവേണ്ടി എന്തെല്ലാമോ ചെയ്യുന്നു എന്നുള്ള പ്രചരണത്തിനുവേണ്ടി കുറെ പ്രഖ്യാപനങ്ങൾ നടത്തിയത്. ഈ പ്രഖ്യാപിച്ച കാര്യങ്ങളൊന്നും തന്നെ നടപ്പിലാക്കാൻ കഴിയില്ലെന്ന് നല്ലതുപോലെ അറിഞ്ഞുകൊണ്ടുതന്നെയാണ് കർഷകരെ കബളിപ്പിക്കാൻ വേണ്ടിയുള്ള പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, അദ്ദേഹം കർഷക സുഹൃത്താണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അത് വാക്കിൽ മാത്രമാണ്. പ്രവർത്തിയിൽ ഇല്ല. കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ വേണ്ടിയുള്ള ക്രിയാത്മകമായിട്ടുള്ള എന്തെങ്കിലും നിർദ്ദേശം ഈ ബഡ്ജറ്റിലുണ്ടോ? നമ്മുടെ കേരളത്തിന്റെ കാർഷിക മേഖല വമ്പിച്ച തകർച്ചയിലേയ്ക്ക് പോകുകയാണ്. നെല്ലുല്പാദന രംഗത്ത് വളരെ പുറകോട്ടു പോകുകയാണുണ്ടായത്. ഈ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ഏകദേശം 11000 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ഇല്ലാതാവുകയാണ് ചെയ്തത്. ഏകദേശം 12,00,000 ഹെക്ടർ സ്ഥലം നമുക്ക് നെൽക്കൃഷിക്കായി ഉണ്ടായിരുന്നു എന്ന് നേരത്തെ ഇവിടെ ആരോ പ്രസംഗിക്കുന്നത് കേട്ടു. അത് ചുരുങ്ങി 2,00,000 ഹെക്ടറിൽ എത്തിനിൽക്കുകയായിരുന്നു. ഈ ഗവൺമെന്റ് വന്ന് 2 വർഷം കൊണ്ടുതന്നെ 11000 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷിയാണ് ഇല്ലാതായത്. ശ്രീ. റ്റി. എൻ. പ്രതാപനൊക്കെ ഇവിടെയുണ്ട്, ഹരിത വലിയ മുന്നേറ്റമുണ്ടാക്കുമെന്ന് പറയുന്നതാണ്. പക്ഷേ നമ്മുടെ നെൽക്കൃഷി കുറഞ്ഞുപോകുകയാണ്. 11000 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷിയാണ് ഈ രണ്ട് വർഷംകൊണ്ട് ഇല്ലാതായത്. കാർഷിക മേഖലയെ ക്രിയാത്മകമായി മാറ്റിമറിക്കാനോ ആ രംഗത്ത് മാറ്റമുണ്ടാക്കാനോ ഉള്ള ഒരു നിർദ്ദേശവും ഇതിലില്ല എന്നുമാത്രമല്ല കർഷകരെ കബളിപ്പിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ മാത്രമാണ് ഈ ബഡ്ജറ്റിൽ മുന്നോട്ടുവച്ചിരിക്കുന്നത്. അതുപോലെ ഇന്ത്യയിൽ പൊതുവിതരണ സമ്പ്രദായ രംഗത്ത് കേരളം ഏറ്റവും മാതൃകയാണ്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തിക്കൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയുമെന്ന് തെളിയിച്ച ഒരു സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ

വിലക്കയറ്റം വർദ്ധിപ്പിക്കുന്ന സംസ്ഥാനമായി ഇന്ന് കേരളം മാറി. വിലക്കയറ്റം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്നുപറഞ്ഞാൽ കോർപ്പറേറ്റുകൾക്കും സമ്പന്നർക്കും സൗകര്യം ചെയ്തുകൊടുക്കുക എന്നുള്ളതാണ്. അതുകൊണ്ടുതന്നെയാണ് ഇടയ്ക്കിടെ പെട്രോളിയം ഉല്പന്നങ്ങളുടെയും പാചക വാതകത്തിന്റെയും വില വർദ്ധിപ്പിക്കാൻ വേണ്ടി കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നത്. ആ വിലക്കയറ്റത്തിൽ നിന്ന് ജനങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം നൽകാൻ വേണ്ടിയുള്ള നിലപാടാണ് പലപ്പോഴും നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. ഇവിടെ ആഗോള സാമ്പത്തിക പ്രതിസന്ധിയാണ് എന്ന് ഇപ്പോൾ വിലപിക്കുകയാണ്. ആഗോള സാമ്പത്തിക രംഗത്ത് വലിയ പ്രതിസന്ധിയുണ്ടായപ്പോഴും നമ്മുടെ കേരളത്തിൽ ആ പ്രതിസന്ധിയൊന്നും തന്നെ ഏൽക്കാതെ ജനങ്ങളെ സംരക്ഷിക്കാൻ കഴിയുമെന്നുള്ള കാര്യം കാണിച്ചുകൊടുത്ത ഒരു ഗവൺമെന്റ് ഇവിടെയുണ്ടായിരുന്നല്ലോ. അന്നും ഈ ആഗോള പ്രതിസന്ധിയും സാമ്പത്തിക പ്രതിസന്ധിയും ഉണ്ടായിരുന്നല്ലോ.

2006–2011 കാലഘട്ടത്തിൽ ആഗോളരംഗത്ത് വലിയ സാമ്പത്തികപ്രയാസവും പ്രതിസന്ധിയുമെല്ലാമുണ്ടായപ്പോഴും ഈ കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് ആശ്വാസം നൽകാനും, വിലക്കയറ്റം പിടിച്ചുനിർത്താനും വികസനരംഗത്ത് മുന്നോട്ടുപോകാനുമുള്ള നിലപാട് സ്വീകരിച്ചിരുന്നു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് സാമ്പത്തികരംഗത്തെ പ്രയാസവും പ്രതിസന്ധിയും പുതിയ നികുതിഭാരവും ജനങ്ങളുടെമേൽ അടിച്ചേല്പിക്കാതെ

മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു എന്നത് ഏറ്റവും വലിയൊരു പ്രത്യേകതയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റിലൂടെ ഏകദേശം 4,821 കോടി രൂപയാണ് അധികമായി ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ചത്. ഒരു നയാപൈസപോലും പുതിയ നികുതി അടിച്ചേല്പിക്കാതെ, വിലക്കയറ്റം പിടിച്ചുനിർത്തുന്ന നടപടികൾ സ്വീകരിച്ചു കൊണ്ട് ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നിലയിലാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചത്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്ക് അനുകൂലമായ നിലപാടാണ് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞതുപോലെ വിലക്കയറ്റം കൂടുതൽ രൂക്ഷമാക്കാൻ കഴിയുന്ന ബഡ്ജറ്റ് പ്രൊപ്പോസലാണ് ഇവിടെ വച്ചിരിക്കുന്നത്. എല്ലാ സാധനങ്ങളുടെയും വില വർദ്ധിക്കുകയാണ്. സാധാരണ വീടുകളിലെ വയസ്സായ ആളുകൾ അന്നവും വസ്ത്രവും മുട്ടാതെ മുന്നോട്ടുപോകണമേയെന്ന് പ്രാർത്ഥിക്കാറുണ്ട്. ഈ ബഡ്ജറ്റിലൂടെ കേരളത്തിലെ ജനങ്ങളുടെ അന്നവും വസ്ത്രവും മുട്ടിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കേരളം ഇന്ന് വസ്ത്രംപോലും കിട്ടാത്ത ഒരവസ്ഥയിലേയ്ക്ക് പോകുകയാണ്. റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് മാത്രമാണ് ഇതുവരെ നികുതിയുണ്ടായിരുന്നത്. ഇൻഡ്യയിലൊരുസ്ഥലത്തും റെഡിമെയ്ഡ് വസ്ത്രങ്ങളൊഴികെയുള്ള വസ്ത്രങ്ങൾക്ക് നികുതിയില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ കേരളത്തിലുണ്ടായിരുന്നില്ല. റെഡിമെയ്ഡ് ഒഴികെയുള്ള വസ്ത്രങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ പാവപ്പെട്ട ആളുകൾക്ക് നാണം മറയ്ക്കാൻപോലും വസ്ത്രമില്ലാത്ത അവസ്ഥയിലേയ്ക്ക് നാടിനെക്കൊണ്ടുപോകാൻവേണ്ടിയാണ് ഈ ബഡ്ജ

റ്റിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പൊതുവിതരണ സമ്പ്രദായം ആകെത്തന്നെ തകർക്കപ്പെട്ടു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ചെറിയ തോതിൽ നികുതി യെന്നു പറഞ്ഞു. ഈ ഖാദിക്കും ഹാന്റ്ലൂമിനും പോലും നികുതി ഏർപ്പെടു ത്തണോ; ഇൻഡ്യയിലെവിടെയാണ് ഖാദിക്കും ഹാൻഡ്‌ലൂമിനും നികുതി ഏർപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കടത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളം ഇന്ന് വലിയൊരു കടബാധ്യതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരി ക്കുകയാണ്. ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതകൊണ്ടാണ് കേരളം കടബാധ്യതയിലേയ്ക്ക് പോകുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ കേരളത്തിന്റെ പൊതുകടമെന്ന് പറയുന്നത് 78,673 കോടി രൂപയായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധി കാരത്തിൽ വന്ന് 3 വർഷം തികയാൻ പോകുകയാണ്. കേരളത്തിന്റെ ഇപ്പോ ഴത്തെ പൊതുകടം 1,31,578/- കോടി രൂപയാണ്. അതായത് കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലംകൊണ്ട് 52,905/- കോടി രൂപയാണ് കേരളം പുതുതായി കടം വാങ്ങിയിരിക്കുന്നത്. ഒരുപക്ഷെ യു.ഡി.എഫ്. തന്നെയാണ് 5 വർഷവും ഭരിക്കുന്നതെങ്കിൽ നമ്മുടെ കേരളത്തിന്റെ കടബാധ്യത എത്ര കോടിരൂപയായി മാറും എന്നുള്ളത് വ്യക്തമാക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. ഓരോ വർഷം കഴിയുന്തോറും കേരളത്തിന്റെ റവന്യൂ കമ്മി വർദ്ധിച്ചുവരികയാണ്. അത് കുറയ്ക്കണമെന്നുപറഞ്ഞ് ഫിസ്കൽ റെസ്പോൺസിബിലിറ്റി ബില്ലൊക്കെ പാസ്സാക്കിയ ആളാണ് ശ്രീ. കെ. എം. മാണി. അദ്ദേഹം ഭരിക്കുമ്പോൾതന്നെയാണ് റവന്യൂകമ്മി ഓരോ വർഷം

ചെല്ലുന്തോറും വർദ്ധിച്ചുവരുന്നത്. നമ്മുടെ കേരളം കടക്കെണിയിലേയ്ക്ക് പോകുകയാണ്. പദ്ധതികൾക്കുവേണ്ടി മാറ്റിവച്ച തുകയൊന്നുംതന്നെ ചെലവഴിക്കാത്ത സ്ഥിതി വരികയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇതുവരെയുള്ള പദ്ധതിച്ചെലവെന്ന് പറയുന്നത് വെറും 40% മാത്രമാണ്. അത് ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കേണ്ട സംഖ്യകൾ ഒന്നുംതന്നെ കൊടുത്തിട്ടില്ലായെന്ന മറ്റൊരാക്ഷേപംകൂടി നിലനിൽക്കുകയാണ്. പദ്ധതി ചെലവിന്റെ വെറും 37% തുക മാത്രമേ ത്രിതലപഞ്ചായത്തുകൾക്ക് നൽകാൻ കഴിഞ്ഞിട്ടുള്ളൂ.. അതിൽ ഗ്രാമപഞ്ചായത്തുകൾക്ക് 30%-വും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 55%-വും മുനിസിപ്പാലിറ്റിക്ക് 25%-വും കോർപ്പറേഷനുകൾക്ക് 27%-വുമാണ് കൊടുത്തിരിക്കുന്നത്. ത്രിതലപഞ്ചായത്തുകളെ തകർക്കുന്ന ഒരു സമീപനം ഇതിന്റെ ഭാഗമായിട്ട് വന്നുചേർന്നിരിക്കുകയാണ്. വികസന മേഖലയിൽ ആകെ മുരടിപ്പാണ്. പദ്ധതികൾ എല്ലാം തന്നെ വെട്ടിക്കുറയ്ക്കുകയാണ്. നിർമ്മാണരംഗത്ത് സ്തംഭനാവസ്ഥയാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മണൽ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിയും എത്തിയിരിക്കുകയാണ്. അതോടൊപ്പംതന്നെ കഴിഞ്ഞ 11 മാസമായി കരാറുകാർക്ക് കൊടുക്കേണ്ട തുക കൊടുക്കാത്തതിനാൽ അവർ സമരത്തിലാണ്. ഏകദേശം 2,100 കോടിയിൽപ്പരം രൂപ കരാറുകാർക്ക് ഇപ്പോൾതന്നെ കുടിശ്ശികയുണ്ട്. ഇപ്പോൾ നടന്നുവരുന്ന വർക്കുകൾക്കല്ല. നിലവിൽ കുടിശ്ശിക 2,100 കോടിയിൽപ്പരം രൂപയായി. കരാറുകാർ കരാറെടുക്കാത്ത ഒരവസ്ഥയിലേയ്ക്ക് പോയിരിക്കുകയാണ്. കേരളം വികസന രംഗത്ത് സ്തംഭനാവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. കരാറുകാർ കരാർ റദ്ദാക്കി പോകുകയാണ്. ഇത് ഭരണ-പ്രതിപക്ഷകക്ഷികൾ

തമ്മിലുള്ള തർക്കമല്ലല്ലോ; കേരളത്തിലെ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ കരാറുകാരും പണി നിർത്തി പോകുന്നൊരു സ്ഥിതിവിശേഷമാണു ള്ളത്. എന്തുകൊണ്ട്? ഈ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടാണ് അത്തരം കാര്യങ്ങളിലെത്തുന്നത്. അതുപോലെതന്നെ വികസനരംഗത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് വൈദ്യുതിയുടെ കാര്യം. ഇവിടെ എമർജിംഗ് കേരള നടത്തിയതുകൊണ്ടോ ജിം നടത്തിയതുകൊണ്ടോ വ്യവ സായങ്ങൾ വരികയില്ല. അതിന് കോടിക്കണക്കിനുരൂപ ചെലവഴിക്കുകയ ല്ലാതെ മറ്റ് വലിയ നേട്ടമൊന്നുമുണ്ടായിട്ടില്ല എന്നാണ് അനുഭവം പറയുന്നത്. നേരെമറിച്ച് നമ്മുടെ കേരളം വികസിക്കണമെന്നുണ്ടെങ്കിൽ, മുന്നോട്ടുപോക ണമെന്നുണ്ടെങ്കിൽ വൈദ്യുതിരംഗത്ത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. എന്താണ് വൈദ്യുതിരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻവേണ്ടി കഴിഞ്ഞകാലത്ത് ചെയ്തത്. ഒന്നും ചെയ്തില്ല എന്നുമാത്രമല്ല വൈദ്യുതി ഉല്പാദനം കുറഞ്ഞുവരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിനാവശ്യമായ വൈദ്യുതിപോലും കിട്ടാത്ത അവസ്ഥയിലേയ്ക്ക് പോകുന്നു. ഇവിടെ എടുത്തുപറഞ്ഞ മറ്റൊരു കാര്യം കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങളാണ്. കഴിഞ്ഞവർഷം ജലസേചന പദ്ധതികൾക്കായി മാറ്റിവച്ച തുകയിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്നതിനെപ്പറ്റി പരിശോധിക്കേണ്ടതാണ്. അഞ്ച് നയാപൈസ പോലും ഈ രംഗത്ത് ചെലവഴിച്ചിട്ടില്ല. അതുകൊണ്ട് ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിലും അതിനുശേഷം ഈ ചർച്ച നടക്കുന്ന സന്ദർഭത്തിലും നമ്മുടെ ഇറിഗേഷൻ വകുപ്പുമന്ത്രി ഈ സഭയിലേയ്ക്ക് തിരിഞ്ഞുനോക്കിയിട്ടില്ല. തൊടുപുഴയിൽ ഇറിഗേഷൻ വകുപ്പ് ഒരു മ്യൂസിയം പണിയുമെന്നാണ് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് എന്ന് നേരത്തെ ബഹുമാനപ്പെട്ടൊരംഗം

പറയുകയുണ്ടായി. ഇനിമുതൽ ജലസേചനം കണ്ണാടിക്കൂട്ടിൽ കാണാൻ കഴിയുന്നൊരു സാധനമായി മാറാൻപോവുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളപ്രശ്നം പരിഹരിക്കാനാവശ്യമായ ക്രിയാത്മകമായിട്ടുള്ള ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാൻ കഴിയുന്നില്ല. ശ്രീ.എൻ. കെ. പ്രേമചന്ദ്രൻ ഇറിഗേഷൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ ഇവിടെ ജലസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് അതിന്റെ ഒരു സംവിധാനമുണ്ടാക്കിയിരുന്നു. ഫോറസ്റ്റ് മുതൽ സീഷോർ വരെയുള്ള വാട്ടർ മാനേജ്മെന്റിലൂടെ ഭൂമിയിൽ വെള്ളം താങ്ങി നിർത്താനും അതുവഴി വെള്ളത്തിന്റെ ദൗർലഭ്യം കുറയ്ക്കാനും വേണ്ടിയുള്ള നിലപാട് സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ അതിനെസംബന്ധിച്ച് യാതൊരു നിലപാടും പിന്നീട് വന്ന ഗവൺമെന്റ് സ്വീകരിച്ചില്ല. അതുകൊണ്ട് തന്നെയാണ് കുടിവെള്ളം കിട്ടാക്കനിയായിമാറുന്ന അവസ്ഥയിലേയ്ക്ക് പോകുന്നത്. ഇവിടെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അവർക്ക് പൈസ മാറ്റിവച്ചു, മാറ്റിവച്ചില്ല, സഭയ്ക്കകത്തു ബഡ്ജറ്റിൽ പറഞ്ഞില്ല, പുറത്ത് പറഞ്ഞു എന്നൊക്കെ പറയുന്നുണ്ട്. ഞാനൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. തൊഴിൽസംരംഭക മിഷൻ വഴി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നത്. ഒരാൾക്കുപോലും അതിലൂടെ ജോലി കൊടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ മിഷന്റെ പരിപാടിതന്നെ എന്താണെന്നുള്ളത് ഇപ്പോൾ ആർക്കും അറിയാത്തൊരു സ്ഥിതിയാണ്. ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിലും തൊഴിൽ സംരംഭകർക്കുവേണ്ടിയുള്ള ഒരുപാട് ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുമെന്നാണ് പറയുന്നത്. അതുകൊണ്ട് കേരളത്തിന് യാതൊരു ഗുണവു

മുണ്ടാകാൻ പോകുന്നില്ലെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. പട്ടികജാതി–പട്ടികവർഗ്ഗ വികസന രംഗത്തുണ്ടായ പരാജയം ശ്രദ്ധിക്കാതെ പോകുന്നത് ശരിയല്ല. കേരളം പട്ടികജാതി–പട്ടികവർഗ്ഗ വികസന രംഗത്ത് മാതൃകാപരമായിട്ടുള്ള പ്രവർത്തനം കാഴ്ചവെച്ചതാണ്. എന്നാൽ, കേരളത്തിന് അപമാനമുണ്ടാക്കുന്ന രീതിയിലാണ് ആദിവാസിമേഖലയിൽ പിറന്നുവീഴുന്ന കുഞ്ഞുങ്ങളെല്ലാം പോഷകാഹാരക്കുറവുകൊണ്ട് മരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയുണ്ടാകുന്നത്. അവർക്കുവേണ്ടി മാറ്റിവെച്ച സംഖ്യ സമയബന്ധിതമായി ചെലവഴിക്കാനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റ് കാണിച്ചിട്ടുണ്ടോ; പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി മാറ്റിവച്ച സംഖ്യയിൽ മഹാഭൂരിപക്ഷവും ചെലവഴിക്കാതിരിക്കുകയാണ്. അവരുടെ താല്പര്യത്തിനുവേണ്ടി മാറ്റിവച്ച സംഖ്യ ചെലവഴിക്കാതെ ലാപ്സാക്കിക്കളയുന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായിട്ടുള്ള പാവപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കാൻ വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞു. അതിനുവേണ്ടി കഴിഞ്ഞവർഷം 100 കോടി രൂപയാണ് മാറ്റിവച്ചത്. ആ 100 കോടിയിൽ 62 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഈ പാവപ്പെട്ട പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻവേണ്ടി നീക്കിവച്ചതിൽ കേവലം 62 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കഴിഞ്ഞവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഭൂമി വാങ്ങുന്നതിനുവേണ്ടി 100 കോടി രൂപ നീക്കിവച്ചതിൽ 62 ലക്ഷം രൂപമാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂവെ

ന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഏത് കണക്കിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് ഇത് ഉദ്ധരിക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കഴിഞ്ഞ വർഷം എത്ര രൂപയാണോ നീക്കിവച്ചത് അത് പൂർണ്ണമായിത്തന്നെ ചെലവഴിച്ചിട്ടുണ്ട്. അങ്ങയ്ക്ക് തെറ്റായ വിവരം എങ്ങനെയാണ് ലഭിച്ചതെന്ന് എനിക്കറിയില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിലുള്ളതാണ്. അക്കാര്യം പരിശോധിച്ചാൽ മതി. പരിശോധിച്ച് എന്റെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ അത് തിരുത്താൻ ഞാൻ തയ്യാറാണ്. പക്ഷെ ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് അനുസരിച്ച് 62 ലക്ഷം രൂപയാണ് ചെലവഴിച്ചത് 51 പേർക്ക് മാത്രമാണ് ഭൂമി കൊടുത്തിരിക്കുന്നത്. അതുപോലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി 4000 വീടുകൾ പണിയാനാണ് തീരുമാനിച്ചത്. പക്ഷെ പല വീടുകളുടെയും പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മുൻസ്പീക്കർ 11 മിനിട്ട് കൂടുതലായി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഒരൊറ്റകാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. തൃശ്ശൂർ ജില്ലയെ അവഗണിച്ച ഒരു ബഡ്ജറ്റാണ് എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിനെ അവഗണിച്ചതിലുള്ള പ്രതിഷേധം മുൻസ്പീക്കർ കൂടിയായ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. ഏറ്റവും നിരാശയുണ്ടാക്കുന്ന ഒരു ബഡ്ജറ്റാണിത്. ജനപ്രതിനിധിയെന്ന നിലയിൽ 25 വർഷം പിന്നിട്ടെങ്കിലും ഇത്രയും മോശമായി തൃശ്ശൂർ ജില്ലയോട് പെരുമാറിയ ഒരു കാലഘട്ടമുണ്ടായില്ലെന്ന് ശ്രീ. തേറമ്പിൽ

രാമകൃഷണനുപോലും പറയേണ്ടിവന്ന ഒരു ബഡ്ജറ്റായി ഈ ബഡ്ജറ്റ് മാറുകയാണ്.

മി. ഡെ. സ്പീക്കർ: അങ്ങ് മുൻസപീക്കറായതുകൊണ്ടാണ് ഇത്രയും സമയം അനുവദിച്ചത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, എല്ലാവരും സമയം ലിമിറ്റ് ചെയ്തിരുന്നെങ്കിൽ ഞാനും ലിമിറ്റ് ചെയ്യുമായിരുന്നു.

മി. ഡെ. സ്പീക്കർ: 12 മിനിട്ട് കൂടുതലായി .

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 4 മിനിട്ടുള്ളത് 8-10 മിനിട്ട് എടുത്തു. അതുകെണ്ടാണ്. അങ്ങ് പോലും കൂടുതലെടുത്തു. അങ്ങ് മാതൃകയായിരുന്നെങ്കിൽ ഞാനും അങ്ങനെ .....

മി. ഡെ. സ്പീക്കർ: ഞാൻ 7 മിനിറ്റേ കൂടുതലായി എടുത്തുള്ളൂ.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എന്റെ സമയം കുറഞ്ഞുപോയത് അങ്ങയുടെ പ്രസംഗം ക്വാട്ട് ചെയ്തതുകൊണ്ടാണ്. ഞാൻ കൂടുതലായി വിശദീകരിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ല. എന്തായാലും ഇത് നമ്മുടെ നാടിന് ഗുണം ചെയ്യുന്നൊരു ബഡ്ജറ്റല്ലെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ഇവിടെ മഹാഭാരതത്തിൽ വിദുരർ പറയുന്നുവെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. വിദുരർ പറഞ്ഞത്, കണ്ണുകൊണ്ടും മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും ജനങ്ങളെ സന്തുഷടരാക്കുന്നവരെ ജനങ്ങളും സന്തുഷ്ടരാക്കുമെന്ന് പറഞ്ഞുകൊണ്ടാണ് ഈ ബഡ്ജറ്റ് അവസാനിപ്പിത്. ഞങ്ങൾക്ക് പറയാനുള്ളത് കണ്ണുകൊണ്ടും മനസ്സുകൊണ്ടും വാക്ക്കൊണ്ടും കർമ്മംകൊണ്ടും ജനങ്ങളെ ദ്രോഹിക്കുന്ന ഒരു ബഡ്ജറ്റാണിത്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയാണ്. ബഡ്ജറ്റ് ചർച്ചയിലേയ്ക്ക് വരുന്നതിനുമുമ്പ് സാമ്പത്തിക അവലോകന രേഖകൂടി പരിശോധിച്ചതിനുശേഷമേ ഇത്തവണത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളെ വിലയിരുത്താൻ പാടുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം 8.2 ശതമാനം സാമ്പത്തിക വളർച്ച നേടിയ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ചയിൽ ദേശീയ ശരാശരിയേക്കാൾ മുകളിലാണ് കേരളമെന്നത് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പ്രതിശീർഷ വരുമാനത്തിൽ കേരളത്തിന്റെ വളർച്ചാനിരക്ക് 7.5 ശതമാനമാണ്. കഴിഞ്ഞ സാമ്പത്തികവർഷം കാർഷിക മേഖലയിൽ നാല് ശതമാനം വളർച്ച നേടാൻ മാത്രമേ സാധിച്ചുള്ളുവെങ്കിൽ ഉൽപ്പന്ന നിർമ്മാണ മേഖലകളിൽ 18.83 ശതമാനം വളർച്ച കൈവരിക്കുവാൻ കഴിഞ്ഞത് ഒരഭിമാനം തന്നെയാണ്. കഴിഞ്ഞ വർഷം നികുതി വരുമാനത്തിൽ കാതലായ കുറവ് സംഭവിച്ചിട്ടുണ്ട്. എങ്കിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ ഒന്നിനും ഒരുവീഴ്ചയും വരുത്താത്ത ഒരു സാമ്പത്തിക വർഷമാണ് കടന്നുപോയത്. ഈ സാഹചര്യത്തിലാണ് 2014–15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിനെ വിലയിരുത്തേണ്ടത്. കഴിഞ്ഞവർഷം കാർഷിക ഭക്ഷ്യോത്പാദന മേഖലയിൽ ഗണ്യമായ കുറവുണ്ടായത് വിലക്കയറ്റത്തിന് കാരണമായെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. 2014–15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിന് രൂപം നൽകുമ്പോൾ ഭക്ഷ്യോത്പാദന രംഗത്ത് കൂടുതൽ മാറ്റം വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും കാർഷിക മേഖലയിൽ ശക്തമായ ഊന്നൽ നൽകിക്കൊണ്ട് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതും അതുകൊണ്ടാണ്. ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതക്കുറവ് ഇവിടത്തെ മാർക്കറ്റിനെ വല്ലാതെ ബാധി

ക്കുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത കുറയുമ്പോൾ സ്വാഭാവികമായി ഡിമാന്റ് വർദ്ധിക്കുകയും വില വർദ്ധനവുണ്ടാകുയും ചെയ്യും. അങ്ങനെ വില ക്കയറ്റമെന്ന പ്രതിഭാസമുണ്ടായത് കേരളം കാർഷിക രംഗത്തുനിന്ന് പുറകോട്ടു പോയതുകൊണ്ടാണ്. കാർഷിക രംഗത്ത് കൂടുതൽ ഊന്നൽ നൽകത്തക്ക രീതിയിലുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിൽ വിഭാവന ചെയ്തിരിക്കുന്നത്. ഭക്ഷ്യോത്പാദന രംഗത്ത് കാര്യമായ വളർച്ച ലക്ഷ്യം വയ്ക്കുന്നതും വിലവർദ്ധനവ് തടയുന്നതുമായ ഒരു ബഡ്ജറ്റായാണ് ഞാൻ ഇതിനെ കാണുന്നത്. ഇത് വിലക്കയറ്റമുണ്ടാക്കുന്ന ബഡ്ജറ്റാണെന്നാണ് ഇവിടെ സംസാരിച്ച ശ്രീ. കെ. രാധാകൃഷ്ണനും മുൻ ധനകാര്യ വകുപ്പു മന്ത്രി ഡോ. തോമസ് ഐസക്കും സൂചിപ്പിച്ചത്. ഇവിടെ എന്തിനൊക്കെയാണ് നികുതി വർദ്ധിപ്പിച്ചത്; മദ്യത്തിന്, ആഡംബര കാറുകൾ, ആഡംബര കെട്ടിട ങ്ങൾ, ആഡംബര ഹോട്ടലുകൾ എന്നിവയ്ക്കാണ് നികുതി വർദ്ധിപ്പിച്ചിരിക്കു ന്നത്. ഇതിലൂടെ ഏത് ഭക്ഷ്യ സാധനങ്ങൾക്കാണ് വില വർദ്ധിക്കുന്നതെന്ന് ഇനി പ്രസംഗിക്കുന്നവരെങ്കിലും പറയാൻ തയ്യാറാകണം. ഇത് പാവപ്പെട്ടവ രെയും സാധാരണക്കാരെയും ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളല്ല എന്നുള്ള കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. ഭക്ഷ്യ വസ്തു ക്കൾക്കൊന്നും തന്നെ നികുതി വർദ്ധിപ്പിച്ചിട്ടില്ലെന്നുള്ളതാണ് ഈ ബഡ്ജ റ്റിന്റെ പ്രത്യേകത. നിത്യോപയോഗ സാധനങ്ങൾക്കൊന്നും നികുതി വർദ്ധി പ്പിക്കാത്ത ഒരു ബഡ്ജറ്റായിട്ടാണ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പി ച്ചിരിക്കുന്നത്. മൈദ, ഗോതമ്പ് പൊടി, അരിപ്പൊടി, ഉഴുന്നുപൊടി, ബേക്കറി സാധനങ്ങൾ, വെളിച്ചെണ്ണ, എൽ.പി.ജി. ഗ്യാസ് തുടങ്ങിയ സാധന ങ്ങൾക്കെല്ലാം നികുതി കുറച്ചിരിക്കുകയാണ്. എന്നുവച്ചാൽ അതിന്റെ വില കുറഞ്ഞിരിക്കുകയാണ്. ഒരു ഗ്യാസ് സിലിണ്ടറിനുതന്നെ ഏകദേശം നാൽപ്പ

ത്തിയഞ്ചോളം രൂപയുടെ വിലക്കുറവാണ് വാറ്റ് നികുതി എടുത്തുകളഞ്ഞതു കൊണ്ട് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് വരുന്ന വർഷം വിലക്കുറവുണ്ടാകുന്ന വർഷമായിരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇതൊരു തെരഞ്ഞെടുപ്പ് ബഡ്ജറ്റല്ല. ആവശ്യത്തിന് വിഭവ സമാഹരണം നടത്തിക്കൊണ്ട് ഒരു സന്തുലിത ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പാവങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. സാധാരണ തെരഞ്ഞെടുപ്പ് വർഷത്തിൽ നടക്കുന്ന ബഡ്ജറ്റ് പൊള്ളയായ വാഗ്ദാനങ്ങൾകൊണ്ട് നിറഞ്ഞതായിരിക്കും. പൊള്ളയായ വാഗ്ദാനങ്ങൾ ഒന്നുംതന്നെ ഇവിടെയില്ല. വോട്ടു നേടാനുള്ള മറിമായങ്ങളൊന്നും ഈ ബഡ്ജറ്റിൽ കാണിച്ചിട്ടില്ല. ഇവിടെ സമ്പന്നവർഗ്ഗത്തിൽ നിന്നും എടുക്കാനുള്ളത് എടുത്ത് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കൈമാറുന്ന തികച്ചും പുരോഗമനപരമായ നടപടിയാണ് ഈ ബഡ്ജറ്റിലൂടെ ശ്രീ. കെ. എം. മാണി സ്വീകരിച്ചിരിക്കുന്നതെന്ന് പറയാതിരിക്കാൻ വയ്യ. എങ്കിലും ചില നോട്ടപിശകുകൾ വന്നത് എടുത്തു പറയാതിരിക്കാൻ കഴിയില്ല. സാധാരണക്കാരും പാവപ്പെട്ടവരും ഉപയോഗിക്കുന്ന വാഹനമായ ഓട്ടോറിക്ഷയ്ക്ക് ചുമത്തിയ നികുതി ഒഴിവാക്കണം. 75 സി.സി. വരെയുള്ള ഇരുചക്രവാഹനങ്ങളെ നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. പാവപ്പെട്ട മത്സ്യത്തൊഴിലാളികളും പച്ചക്കറിക്കച്ചവടക്കാരും മുട്ട, പാൽ എന്നിവ വിൽക്കുന്നവരും ഇത്തരം ചെറിയ വാഹനങ്ങളിലാണ് കച്ചവടം നടത്തുന്നത്. ഇതുപയോഗിക്കുന്നവരിൽ നിന്നും ടാക്സ് ഈടാക്കാൻ പാടില്ല. ഇവരിൽ നിന്നും പൂർണ്ണമായി ടാക്സ് ഒഴിവാക്കണം. അതുപോലെതന്നെ 800 സി.സി.ക്കുതാഴെയുള്ള. മാരുതി വാനുകൾ ഉപയോഗിച്ചാണ് പല വിപണനകേന്ദ്രങ്ങളിലും സാധാരണ

ക്കാരും ഇടത്തരക്കാരും കച്ചവടം നടത്തുന്നത്. എന്നാൽ അഞ്ച് ലക്ഷത്തിനു മുകളിൽ വിലപിടിപ്പുള്ള ആഡംബര കാറുകൾ ഉപയോഗിക്കുന്ന എത്രയോ സമ്പന്നന്മാർ നമ്മുടെ നാട്ടിലുണ്ട്. 800 സി.സി.ക്ക് താഴെയുള്ള വാഹനങ്ങളിൽ നിന്നും ടാക്സ് ഈടാക്കുന്നതിനുപകരം ഇത്തരം ആഡംബര വാഹനങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും ടാക്സ് ഈടാക്കണം. പാവപ്പെട്ടവരിൽ നിന്നും ഈടാക്കുന്ന നികുതി പണം ഈ ഗവൺമെന്റിന് വേണ്ട. ഈ മത്സ്യക്കച്ചവടക്കാരും പച്ചക്കറി-പാൽ-മുട്ടക്കച്ചവടക്കാരും സാധാരണക്കാരും ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നികുതി ചുമത്തി, ആ നികുതി പണമുപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്തണമെന്നുള്ള അഭിപ്രായം എനിക്കില്ല. അത് ഭിക്ഷക്കാരെ പോക്കറ്റടിക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് പാവപ്പെട്ടവരിൽ നിന്നും നികുതി ഈടാക്കാൻ പാടില്ല. ഇതിനുപകരമായി മറ്റൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. മദ്യത്തിനുള്ള നികുതി 10%-ൽ നിന്നും 15% ആക്കിയാൽ 200 കോടി രൂപ ഗവൺമെന്റിന് അധികമായി ലഭിക്കും. അങ്ങനെ 200 കോടി രൂപ ലഭിക്കുമ്പോൾ പാവങ്ങളുടെ നികുതിഭാരം കുറയ്ക്കുവാൻ കഴിയും

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാനൊരു മദ്യപാനിയല്ല, മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നുമില്ല. പക്ഷേ, മദ്യത്തിന് അമിതമായി വിലകൂട്ടിയാൽ, മദ്യം ഉപയോഗിക്കുന്നവർ അത് ഉപയോഗിക്കാതിരുന്നാൽ കുഴപ്പമില്ല. ഇങ്ങനെ വില കൂട്ടുമ്പോൾ അവന്റെ പോക്കറ്റിൽ നിന്നും കാശ് പോവുകയാണ്. ആ കാര്യം കൂടി പരിഗണിക്കണ്ടേ?

ശ്രീ. എം. എ. വാഹീദ്: സർ, മദ്യത്തിന്റെ ഉപയോഗം കുറയ്ക്കണമെന്നാണ് എല്ലാവരും പറയുന്നത്. അതുകൊണ്ട് മദ്യത്തിന്റെ ടാക്സ് കൂട്ടുന്ന

തിൽ കുഴപ്പമില്ലെന്നുള്ള അഭിപ്രായമാണുള്ളത്. ഞാൻ ഇതുവരെ മദ്യം ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. ബിവറേജസ് കോർപ്പറേഷന്റെ മുന്നിലുള്ള തിരക്ക് കുറയ്ക്കണമെങ്കിൽ മദ്യത്തിന്റെ ടാക്സ് കൂട്ടുകയും അങ്ങനെ കൂട്ടുന്നതിലൂടെ ലഭിക്കുന്ന നികുതി വരുമാനം പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി ഉപയോഗിക്കണം. അതിന് കാരുണ്യംകൊണ്ട് കാരുണ്യവാനായ ശ്രീ. കെ. എം. മാണി പാവങ്ങളുടെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി ഒഴിവാക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട കെ. എം. മാണി ഈ ബഡ്ജറ്റിലൂടെ ധാരാളം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ വിട്ടുപോയ ഒന്നുരണ്ട് കാര്യങ്ങളുണ്ട്. മറ്റൊരു വകുപ്പിനുമില്ലാത്തൊരു ദയനീയാവസ്ഥയാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ളത്. കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷൻപറ്റിയ പതിനായിരക്കണക്കിന് ആളുകൾക്ക് ഇന്ന് പെൻഷൻ ലഭിക്കുന്നില്ല. അവരിന്ന് തെരുവാധാരമാണ്. അവരിന്ന് പട്ടിണിയിലാണ്. ഒരു ജീവിതകാലം മുഴുവൻ കെ.എസ്.ആർ.ടി.സി.യുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതിന്റെ വികസനത്തിനും നന്മയ്ക്കും വേണ്ടി പ്രവർത്തിച്ച, അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്ക് ജീവിതാവസാനംവരെ ലഭിക്കേണ്ട പെൻഷൻ കൊടുക്കാൻ കഴിയാത്ത സാമ്പത്തിക സ്ഥിതിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.യെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഒരുപാട് ആനുകൂല്യങ്ങൾ കെ.എസ്.ആർ.ടി.സി.ക്ക് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒരു പൈസയും ഗവൺമെന്റ് കൊടുക്കുന്നില്ല. അങ്ങനെ കൊടുത്തില്ലെങ്കിൽപ്പോലും ജീവനക്കാരുടെ പെൻഷനെങ്കിലും കൊടുക്കുവാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുക്കണം. ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ ഇക്കാര്യം ശ്രീ. കെ. എം. മാണി വിട്ടു

പോയിട്ടുണ്ടെന്നാണ് കരുതുന്നത്. അങ്ങനെ വിട്ടുപോയിട്ടുണ്ടെങ്കിൽ അദ്ദേഹ ത്തിന്റെ മറുപടി പ്രസംഗത്തിൽ അത് ഉൾപ്പെടുത്തണം. കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

പത്തും പതിനഞ്ചും ഇരുപതും വർഷം പഞ്ചായത്ത് മെമ്പറായി ജന ങ്ങളെ സേവിച്ചതിനുശേഷം, ജീവിത സായാഹ്നത്തിൽ രോഗംമൂലം അവശത യിൽ കഴിയുന്ന ധാരാളം പഞ്ചായത്ത് മെമ്പർമാരുണ്ട്. സർക്കാരിന്റെ ഒരാനു കൂല്യവും കിട്ടാത്ത, മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത അവരുടെ കാര്യം വളരെ ദയനീയമാണ്. ഞാൻ ഏഴര വർഷക്കാലം പഞ്ചായത്ത് മെമ്പറും അതിനുശേഷം അഞ്ച് വർഷക്കാലം കോർപ്പറേഷൻ കൗൺസിലറുമായിരു ന്നു. എന്റെ കൂടെ ഉണ്ടായിരുന്ന പഞ്ചായത്ത് മെമ്പർമാരുടെ സ്ഥിതി വളരെ ദയനീയമാണ്. അവരുടെ ദയനീയാവസ്ഥ ഈ സർക്കാർ കാണുന്നില്ല. ജന ങ്ങൾക്കുവേണ്ടി കാരുണ്യം ചെയ്യുന്ന, നന്മ ചെയ്യുന്ന ഒരു സർക്കാരാണിത്. ജീവിതകാലം മുഴുവൻ ജനങ്ങളെ സേവിക്കുകയും ഗ്രാമങ്ങളുടെ വിക സനത്തിനുവേണ്ടി ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന പഞ്ചായത്ത് മെമ്പർമാർക്കുകൂടി പെൻഷൻ അനുവദിക്കാനുള്ള പ്രഖ്യാപനം മാണി സാറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ള ഒരു അഭ്യർത്ഥന എനി ക്കുണ്ട്.

ഒട്ടനവധി സാമൂഹ്യപരിഷ്കർത്താക്കൾക്ക് സ്മാരകങ്ങൾ നിർമ്മിക്കുന്ന തിന് പണം അനുവദിച്ചുകൊണ്ട് പ്രഖ്യാപനമുണ്ടായി. തെക്കൻ തിരുവിതാം കൂറിലെ അദ്ധ്വാനവർഗ്ഗത്തിന്റെ ആത്മീയ നേതാവായ വൈകുണ്ഠസ്വാമി കൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് പത്ത് ലക്ഷം രൂപയാണ് മാറ്റിവച്ചിരിക്കു ന്നത്. വൈകുണ്ഠസ്വാമികളുടെ പേരിൽ അന്താരാഷ്ട്ര പഠന കേന്ദ്രം സ്ഥാപി

ക്കാൻ പോകുന്നൂവെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. പത്ത് ലക്ഷം രൂപ വളരെ തുച്ഛമായ തുകയാണ്. സ്മാരകത്തിനാവശ്യമായ സ്ഥലം ഗവൺമെന്റ് നൽകണം, ഇതിനുവേണ്ടി ആവശ്യമായ പണം നീക്കിവയ്ക്കുവാൻ ബഹുമാനപ്പെട്ട മാണി സാർ തയ്യാറാകണം. തെക്കൻ തിരുവിതാംകൂറിലെ അദ്ധ്വാനശീലരായ, കർഷകത്തൊഴിലാളികളായ കറുത്തവർഗ്ഗക്കാരായ നാടാർ സമുദായത്തിന്റെ ആത്മീയനേതാവാണ് വൈകുണ്ഠസ്വാമികൾ. മറ്റുള്ള സാംസ്കാരിക നേതാക്കന്മാരെ കാണുന്നതുപോലെ അദ്ദേഹത്തെ കാണാതെ, അദ്ധ്വാനവർഗ്ഗത്തിന്റെ പ്രതിനിധിയെന്ന നിലയിൽ കാണണം. അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ മാണിസാർ ഇക്കാര്യം പരിഗണിക്കുമെന്നും അദ്ധ്വാനവർഗ്ഗത്തിന് അദ്ദേഹത്തിന്റെ പിന്തുണ ഉണ്ടാകുമെന്നുമാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പല മുൻ മുഖ്യമന്ത്രിമാർക്കും മന്ത്രിമാർക്കും സ്മാരകം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുണ്ട്. പ്രഗത്ഭനായ ലീഡർ കെ. കരുണാകരന്റെ നാമധേയത്തിൽ തിരുവനന്തപുരത്ത് ഒരു സ്മാരകം നിർമ്മിക്കുന്നതിന് തറക്കല്ലിടൽ ചടങ്ങ് നടത്തിയതാണ്. അതിൽ മാണിസാർ പങ്കെടുത്തതുമാണ്. ഗവേഷണകേന്ദ്രംപോലെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആ സ്മാരകത്തിന് ബഡ്ജറ്റിൽ പണം അനുവദിച്ചുകാണുന്നില്ല. വിട്ടുപോയതാണെങ്കിൽ അതുകൂടി ഉൾപ്പെടുത്തി കെ. കരുണാകരൻ സ്മാരക പഠനകേന്ദ്രത്തിന് പണം അനുവദിക്കണം എന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ സർക്കാർ കാരുണ്യത്തിന്റെ സർക്കാരാണ്. വളരെയേറെ നല്ല കാര്യങ്ങൾ ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ചെയ്യുകയുണ്ടായി. കാരുണ്യം ലഭിച്ചവരുടെ മനസ്സ്

ഈ സർക്കാരിന്റെ കൂടെയാണ്. രോഗികളെയും യാതനകൾ അനുഭവിക്കുന്നവരെയും സഹായിക്കുന്ന സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. ഒരു സർക്കാരിനും ഇങ്ങനെ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത്രയും നല്ലകാര്യങ്ങൾ ചെയ്ത സർക്കാരിനെ പിന്തുണയ്ക്കുവാൻ ഈ സഹായം ലഭിച്ച പതിനായിരക്കണക്കിനാളുകൾ ഗ്രാമങ്ങളിലുണ്ട്.

ഗവൺമെന്റ് നൽകിയ അത്തരം സഹായങ്ങളിലൊന്നാണ് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി. പാവപ്പെട്ടവരും തൊഴിലാളികളും നിശ്ചിതവരുമാനക്കാരും പട്ടിണി കിടക്കാൻ പാടില്ല. പട്ടിണി രഹിതമായ സമൂഹം എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്ന് ആറ് മാസത്തിനുള്ളിൽ പാവപ്പെട്ടവരുടെ കുടിലുകളിലേയ്ക്ക് ഭക്ഷ്യധാന്യം എത്തിക്കുന്നതിനുവേണ്ടി ഒരു രൂപയുടെ അരി നൽകിയ സർക്കാരാണിത്. അവരുടെ കുടിലുകളിൽ ഇരുന്നുകൊണ്ട് ഈ സർക്കാരിനുവേണ്ടി അവർ പ്രാർത്ഥിക്കുകയാണ്. പ്രതിപക്ഷ നേതാക്കന്മാർ എന്തെല്ലാം ആക്ഷേപങ്ങൾ പറഞ്ഞാലും അവരുടെ പ്രാർത്ഥനയും പിന്തുണയും ഈ സർക്കാരിനോടൊപ്പം എന്നും ഉണ്ടാകും.

കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ സൗജന്യമായി അനുവദിച്ച സർക്കാരാണിത്. സംസാരിക്കാൻ കഴിയാത്ത കുട്ടികൾ ഇനി കേരളത്തിൽ ഉണ്ടാകാൻ പാടില്ല എന്ന് തീരുമാനിച്ച സർക്കാരാണിത്. സംസാരശേഷിയില്ലാത്ത കുട്ടികൾക്ക് സംസാരശേഷിയുണ്ടാക്കുന്നതിനായി, അവരുടെ ശ്രവണശേഷി വീണ്ടെടുക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ നൽകുകയും സൗജന്യമായി ശസ്ത്രക്രിയ ചെയ്യുന്നതിന് സഹായം നൽകുകയും ചെയ്ത സർക്കാരാണിത്. അങ്ങനെ വളരെയേറെ പാവപ്പെട്ടവരുടെ കുട്ടികൾ ഇന്ന്

സംസാരിക്കുന്നവരായി മാറി. ആ കുടുംബങ്ങളുടെയെല്ലാം പ്രാർത്ഥന ഈ സർക്കാരിനോടൊപ്പമുണ്ട്.

18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സയും മരുന്നും നൽകുന്ന സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. ആ ആനുകൂല്യങ്ങൾ കൈപ്പറ്റിയ പാവപ്പെട്ടവർ ഈ ഗ്രാമങ്ങളിലുണ്ട്. അവരുടെ പ്രാർത്ഥന ഈ സർക്കാരിന് അനുകൂലമാണ്.

കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം മുപ്പതിനായിരത്തോളം വരുന്ന രോഗികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി 250 കോടി രൂപ നൽകിയ സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. നിരാലംബരായ, അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണം ഈ സർക്കാർ ഏറ്റെടുക്കുകയാണ്. അത്തരം കുട്ടികളെ ദത്തെടുത്ത് പഠിപ്പിക്കുകയും അവരടെ ചെലവുകൾ വഹിക്കുകയും ചെയ്തുകൊണ്ട് അനാഥരില്ലാത്ത, അനാഥാലയങ്ങളില്ലാത്ത കേരളമാണ് ഈ സർക്കാർ വിഭാവനം ചെയ്യുന്നത്. അവരുടെ പ്രാർത്ഥന ഈ സർക്കാരിന് അനുകൂലമായുണ്ടാകും. ഈ സർക്കാരിന്റെ എല്ലാ ബഡ്ജറ്റുകളിലും സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചിരിക്കുകയാണ്.

പാവപ്പെട്ടവർക്ക് നൽകുന്ന എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ച ഒരു സർക്കാരാണിത്. അഗതികളുടെയും ആലംബഹീനരുടെയും പ്രാർത്ഥന ഈ സർക്കാരിന് അനുകൂലമായിട്ടുണ്ട്. പ്രതിപക്ഷത്തുനിന്ന് എന്തൊക്കെ ആക്ഷേപങ്ങളും എതിർപ്പുകളും ഉണ്ടായാലും ഈ സർക്കാർ നിലനിന്നുപോകണമെന്നാണ് ഗ്രാമങ്ങളിൽ ജീവിക്കുന്ന ലക്ഷോപലക്ഷം പാവപ്പെട്ടവർ ആഗ്രഹിക്കുന്നത്. പാവപ്പെട്ടവർക്കുവേണ്ടി ഒട്ടേറെ ഗുണകരങ്ങളായ പ്രവർത്തനങ്ങൾ ചെയ്യുന്നതോടൊപ്പംതന്നെ, ഈ നാട് ആഗ്രഹിക്കുന്ന തര

ത്തിൽ ജനക്ഷേമകരങ്ങളായ വികസനപ്രവർത്തനങ്ങളും ഏറ്റെടുത്ത സർക്കാരാണിത്. കഴിഞ്ഞ സർക്കാരിന് ചെയ്യാൻ കഴിയാതെ പോയ കണ്ണൂർ എയർപോർട്ട്, സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, കേരളത്തിന്റെ വികസനത്തിന് നാന്ദി കുറിക്കുന്ന ഏറ്റവും ബൃഹത്തായ, അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം എന്നിവ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ സർക്കാരാണിത്.

ടെക്നോപാർക്കിന്റെ 3-ാം ഘട്ട വികസനത്തിന്റെ ഭാഗമായി നിർമ്മിച്ച കെട്ടിടങ്ങൾ കഴിഞ്ഞ ദിവസം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ബി.സി.എയും ബി.ടെക്കും എം.ടെക്കും എം.സി.എ.യുമൊക്കെ പാസ്സായ അഭ്യസ്തവിദ്യരായ പതിനായിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ നൽകുവാൻ ടെക്നോപാർക്കിന്റെ 3-ാം ഘട്ട വികസന പ്രവർത്തനം കൊണ്ട് കഴിഞ്ഞിരിക്കുകയാണ്. കമ്പനികൾ ടെക്നോപാർക്ക് അന്വേഷിച്ച് വരികയാണ്. ലക്ഷോപലക്ഷം ആൾക്കാർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന രീതിയിൽ ടെക്നോപാർക്കിനെ വികസിപ്പിക്കുവാനുള്ള ബൃഹത്തായ പരിപാടിയാണ് നമ്മുടെ ഐ. ടി. വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നടത്തിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ധാരാളം റോഡുകളും പാലങ്ങളും ബൈപ്പാസുകളും ഫ്ളൈ ഓവറുകളും റെയിൽവേ ഓവർബ്രിഡ്ജുകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് വർഷത്തെ മഹത്തായ ഈ നേട്ടങ്ങളെ ചെറിയ കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് എതിർക്കാതിരിക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. മാണി സാറിന്റെ മൂന്നാമത്തെ ഈ ബഡ്ജറ്റ്, ഉത്സവാഘോഷ പരി

പാടിയിൽ പൂർവ്വാധികം ഭംഗിയായി അവതരിപ്പിക്കപ്പെടുന്ന കലാപരിപാടി പോലെ ഒരു തുടർച്ചയാണ്. മാണി സാറിന്റെ 2012–2013 –ലെ ബഡ്ജറ്റ് പുസ്തകത്തിന്റെ പിൻകവറിലെ ചിത്രം നെൽക്കൃഷിയുടേതായിരുന്നു. അത് ഇപ്പോൾ ഏകദേശം ഇല്ലാതായിരിക്കുകയാണ്.

2013–2014–ലെ ബഡ്ജറ്റിന്റെ പിൻകവറിലെ ചിത്രം യൂണിഫോം ധരിച്ച കുട്ടികളായിരുന്നു, അതും ഈ വർഷം ഇല്ലാതെയായി. ഈ രണ്ട് ചിത്രങ്ങളും പേജ് നിറയെ കൊടുത്തിരുന്നു. അതുകൊണ്ട് ഈ വർഷം പേജ് നിറയെ പടം കൊടുത്തിട്ടില്ല, കുറച്ച് പ്രൊഫഷണലുകളുടെ പടവും കുറച്ച് പച്ചക്കറികളുടെ ചിത്രവുമാണ് ഈ വർഷം കൊടുത്തിരിക്കുന്നത്. അത് അടുത്ത വർഷം ഇല്ലാതെയാകും. അവതരിപ്പിക്കുന്ന കാര്യങ്ങളെല്ലാം മിക്കവാറും പടം മാത്രമായി മാറുന്ന ബഡ്ജറ്റാണ് അദ്ദേഹം കഴിഞ്ഞ മൂന്ന് വർഷമായി അവതരിപ്പിച്ചു കൊണ്ടിരിക്കുന്നത്. ആ ബഡ്ജറ്റുകളിലെ നടപ്പാക്കിയ കാര്യങ്ങളെയും നടപ്പാക്കാത്ത കാര്യങ്ങളെയും സംബന്ധിച്ച് എനിക്ക് മുമ്പ് പ്രതിപക്ഷത്തുനിന്ന് ഇവിടെ സംസാരിച്ചവരെല്ലാം വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

മാണി സാർ കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽ മഹാഭാരതത്തിൽനിന്ന് ചില ഭാഗങ്ങൾ ഉദ്ധരിച്ചെങ്കിലും വിദുരരെ കൂട്ടു പിടിച്ചില്ല. അതിനുമുമ്പ് ഇടശ്ശേരിയെയാണ് കൂട്ടു പിടിച്ചത്. ഇത്തവണ അദ്ദേഹം വിദുരരെയാണ് പിടിച്ചിരിക്കുന്നത്. വ്യാസൻ ലോകത്തിന് സമർപ്പിച്ച ഏറ്റവും സൗമ്യനായ, അന്തസ്സുള്ള ഒരു കഥാപാത്രമാണ് വിദുരർ. അധികാരത്തിൽനിന്നെല്ലാം മാറി നിന്ന മഹാഭാരതത്തിലെ ഒരു കഥാപാത്രമാണ് വിദുരർ. മാണി സാറാണെങ്കിൽ 48–50 വർഷമായി അധികാരത്തിൽ നിൽക്കുന്ന ഒരു കഥാപാത്രമാണ്.

വിദുരരും മാണി സാറും തമ്മിൽ ഒരു ബന്ധവുമില്ല. വിദുരർ പറഞ്ഞത് അദ്ദേഹം ഇവിടെ ഉദ്ധരിച്ചിട്ടുണ്ട് –

"ചക്ഷുഷാ മനസാ വാചാ

കർമ്മണാ ച ചതുർവിധം

പ്രസാദയതി യോ ലോകം

തം ലോകോ അനുപ്രസീദതി". ഇതിന് അദ്ദേഹം വ്യാഖ്യാനവും പറഞ്ഞു. ജനങ്ങളെ സന്തുഷ്ടിപ്പെടുത്തിയാൽ ജനങ്ങൾ ഭരിക്കുന്നവരേയും സന്തുഷ്ടപ്പെടുത്തും. സത്യത്തിൽ ഇത് നല്ലൊരു കാര്യമാണ്.

കേരളത്തിലും ഇൻഡ്യയിലും ജനങ്ങൾ സന്തുഷ്ടരാണോ? കേരളത്തിൽ ആധാർ കാരണം വഴിയാധാരമായവർ സന്തുഷ്ടരാണോ; ഇവിടെ ഗ്യാസ് വില കൊടുത്ത് വാങ്ങിച്ച് അത്താഴം വയ്ക്കാത്ത അമ്മമാർ സന്തുഷ്ടരാണോ; വിലക്കൂടുതൽ കൊണ്ട് ഹോട്ടലിൽ കയറി ഒരു നേരത്തെ ആഹാരം കഴിക്കാൻ പറ്റാത്തവർ സന്തുഷ്ടരാണോ; ഒരു ടാക്സി വിളിച്ചാൽ ചാർജ്ജ് വർദ്ധന, ആട്ടോ ടാക്സിയുടെ കൂലി കൂടി കൂട്ടിയാൽ അതിലും കയറാൻ സാധിക്കില്ല, ജനങ്ങൾ സന്തുഷ്ടരാണോ; മാനമായി നടന്ന് വീട്ടിൽ പോകാൻ സമാധാനപരമായ അന്തരീക്ഷമില്ലെങ്കിൽ നാട്ടുകാർ സന്തുഷ്ടരാണോ? തുണിത്തരങ്ങൾക്കുകൂടി വില കൂട്ടിയാൽ. . . . ., ദുശ്ശാസനന്റെ വേഷത്തിൽ നിന്നുകൊണ്ട് മാണി സാർ കേരളത്തെ പാഞ്ചാലിയെപ്പോലെ വസ്ത്രാക്ഷേപം ചെയ്യുകയാണ്. ഇന്ന് കേരളത്തിൽ ആരാണ് സന്തുഷ്ടർ; കേരളത്തിലെ ട്രാൻസ്പോർട്ട് തൊഴിലാളികളിൽ പെൻഷൻ കിട്ടാത്തവർ സന്തുഷ്ടരാണോ; പങ്കാളിത്ത പെൻഷനിൽപ്പെട്ട് 56 വയസ്സുകഴിഞ്ഞാൽ അല്ലെങ്കിൽ 60 വയസ്സുകഴിഞ്ഞാൽ ജീവിതം അന്ധകാരത്തിലാകുന്ന പുതിയ ജീവനക്കാർ

സന്തുഷ്ടരാണോ; നിയമനനിരോധനത്തിൽ കേരളത്തിലുള്ളവർ സന്തുഷ്ട രാണോ; ഇവിടെ അവതരിപ്പിച്ച ദേവസ്വം ബോർഡ് ബില്ലിൽ ഒരു സ്ത്രീ പ്രാതിനിധ്യമുണ്ടായിരുന്നത് ഇല്ലാതായി. സ്ത്രീവിരുദ്ധ സമീപനമെടു ക്കുന്നതിന്റെ പേരിൽ കേരളത്തിലെ സ്ത്രീകൾ സന്തുഷ്ടരാണോ; പ്രകൃ തിയെ നശിപ്പിക്കുമ്പോൾ കേരളത്തിലെ സാധാരണ ജീവജാലങ്ങൾ പോലും അസന്തുഷ്ടരാകാറുണ്ട്. എല്ലാം നഷ്ടപ്പെടുമ്പോൾ കേരളത്തിൽ ആരാണ് സന്തുഷ്ടർ ആകുക? അസംതൃപ്തമായ, അസ്വസ്ഥതയുള്ള, ഭരണകൂട രീതി കളോട് രോഷമുള്ള, പ്രതിഷേധമുള്ള ഒരു ജനം കേരളത്തിലും ഇൻഡ്യ യിലും ഇതുവരെ ഉണ്ടായിട്ടില്ല. അദ്ദേഹം വിദുരരെ ഉദ്ധരിച്ചതുകൊണ്ട് ഞാൻ ഒരു കാര്യം പറയുന്നു, ഇതൊരു കൗരവ–പാണ്ഡവ സഭയായി വേണമെ ങ്കിൽ എടുക്കാം. ഇൻഡ്യൻ സഭയും ഏതാണ്ട് അങ്ങനെയാണ്. മാണി സാറിന്റേതുൾപ്പെടെ അപ്പുറത്തു നിൽക്കുന്ന എല്ലാവരുടെയും പ്രസംഗ ത്തിലെ ആദ്യഭാഗം സത്യസന്ധമായി തുടങ്ങി അസത്യത്തിലൂടെ സഞ്ചരിച്ച് ജനങ്ങളുടെ തലയിൽ എല്ലാ ഭാരവും വയ്ക്കുന്ന ഒന്നായിട്ടാണ് അവ സാനിച്ചത്.

കേന്ദ്ര ഗവൺമെന്റിന്റെ നയംകൊണ്ട് കേരളത്തിനും പൊറുതിമുട്ടൽ ഉണ്ടെന്നും പണപ്പെരുപ്പം കൊണ്ട് വിലക്കയറ്റമുണ്ടെന്നുമാണ് ആദ്യം അദ്ദേഹം പറഞ്ഞത്. അദ്ദേഹം പിന്നീട് പറഞ്ഞത്, പല സാധനങ്ങൾക്കും വിലയില്ലെന്നും പ്രതീക്ഷിച്ച നികുതി പിരിക്കാൻ പറ്റുന്നില്ലെന്നും അതുകൊ ണ്ടുതന്നെ വരവുചെലവെല്ലാം കൃത്യമായി കൊടുക്കാൻ സാധിക്കുന്നില്ലെ ന്നുമാണ്. പറഞ്ഞുപറഞ്ഞ് അവിടെ എത്തിയപ്പോൾ അദ്ദേഹത്തിനുപോലും ഉള്ളിൽ ബുദ്ധിമുട്ടുണ്ടായി. ആ കൗരവപ്പടയുടെ കൂട്ടത്തിൽ ഭീഷ്മരെ പ്പോലെ, ശല്യരെപ്പോലെ, ദ്രോണരെപ്പോലെ, കർണ്ണനെപ്പോലെ ഇരിക്കുന്ന

ധാരാളം പേരുണ്ട്. ഗാന്ധാരിയെപ്പോലെ ഇരിക്കുന്നവർ പോലുമുണ്ട്. (. . . . ബഹളം). . . .അത് ഗൗരിയമ്മയാണോ ആർ. ബാലകൃഷ്ണപിള്ളയാണോ എന്നൊന്നും ഞാൻ പറയുന്നില്ല. കാരണം അവിടെ ഇരിക്കാൻ ഉള്ളുകൊണ്ട് പറ്റാത്തവരുമുണ്ട്. എന്നാൽ ചിലരൊക്കെ അവിടെനിന്ന് ഇറങ്ങിത്തുടങ്ങി. തെരഞ്ഞെടുപ്പാകുമ്പോൾ എത്ര പേർ ഇറങ്ങിത്തുടങ്ങുമെങ്ങ് എനിക്കറിയില്ല.

കേരളത്തിലെ ഓരോ മനുഷ്യന്റെയും ഓരോ സ്ത്രീയുടെയും ഓരോ അമ്മയുടെയും ഓരോ സഹോദരിയുടെയും ഉള്ളിൽ പ്രതിഷേധമുണ്ട്. അപ മാനിക്കപ്പെട്ട പാഞ്ചാലി മുടി അഴിഞ്ഞുവീണപ്പോൾ കൗരവസഭയിൽവച്ച് പറഞ്ഞ ഒരു വാചകമുണ്ട് – അതിന്റെ കാരണക്കാരനായ ദുശ്ശാസനന്റെ നെഞ്ച് ഭീമൻ പിളർന്ന് ആ ചോര വാരി മുടിയിൽ പുരട്ടിയേ ഞാൻ ഈ മുടി കെട്ടൂ. അതുപോലെ, കേരളത്തിലെ ഒരുപാട് പാഞ്ചാലിമാർ യു.ഡി.എഫ്. ന്റെയും യു.പി.എ.യുടെയും നെഞ്ച് പിളർന്ന് ചോര വാരി മുടിയിൽ തടവി മുടി കെട്ടുന്ന ഒരു തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെക്കുറിച്ച് പറയുമ്പോൾ എനിക്ക് സഹതാപമുണ്ട്. തിരുവഞ്ചൂരിന് ഏഴര ശനിയാണെന്ന് തോന്നുന്നു, അല്ലെ ങ്കിൽ കെ.എസ്.ആർ.ടി.സി. കിട്ടുമായിരുന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് കെ.എസ്.ആർ.ടി. സി. വിട്ടുകൊടുത്തതുകൊണ്ട് താൻ പെട്ടുപോയ ഒന്നിൽനിന്ന് രക്ഷപ്പെട്ടു എന്നാണ്. അതിനെക്കുറിച്ച് മാണി സാർ എന്താണ് പറഞ്ഞത്?

കെ.എസ്.ആർ.ടി.സി.ക്ക് 150 കോടി രൂപ അനുവദിച്ചുവെന്ന് മാണി സാർ പറഞ്ഞു. അത് എന്തിനാണ് തികയുന്നത്? ഇവിടെ ശ്രീ. എം. എ. വാഹീദ് പ്രസംഗിച്ചപ്പോൾ കെ.എസ്.ആർ.ടി.സി–യുടെ പെൻഷൻ ബാധ്യത

യെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താനുള്ള ഒരു പ്രോജക്ട് കൊണ്ടുവരാത്തത് എന്തുകൊണ്ടാണ്; അല്ലെങ്കിൽ പരസ്പരം ചർച്ച ചെയ്ത് ഒരു ധാരണയിൽ എത്താത്തത് എന്തുകൊണ്ടാണ്? അങ്ങനെയില്ലാതെ കെ.എസ്.ആർ.ടി.സി രക്ഷപ്പെടുമോ? ഈ നരകക്കുഴിയിൽനിന്ന്, ഈ പ്രതിസന്ധിയിൽ നിന്ന് ഏതെങ്കിലും ഒന്നിനെ രക്ഷപ്പെടുത്താനുള്ള - കൃഷിയുടെ കാര്യത്തിലാകട്ടെ, വ്യവസായത്തിന്റെ കാര്യത്തിലാകട്ടെ, കെ.എസ്.ആർ.ടി.സി-യുടെയും കെ.എസ്.ഇ.ബി.യുടെയും കാര്യത്തിലാകട്ടെ, കേരളത്തിലെ പണപ്രതിസന്ധിയുടെയും വിലക്കയറ്റത്തിന്റെയും കാര്യത്തിലാവകട്ടെ ഒരു പ്രോജക്ട് ഉണ്ടോ?

കേരളത്തിൽ വിലക്കയറ്റമുണ്ടെന്ന് മാണിസാറും സമ്മതിച്ചു. പക്ഷേ, അതിന് പരിഹാരമെന്താണ്; കമ്പോള ഇടപെടലിന് എന്ത് പ്രോജക്ടാണുള്ളത്; കേരളത്തിലെ സാധാരണ മനുഷ്യനെ വിലക്കയറ്റത്തിന് നിന്ന് രക്ഷിക്കുന്നതിന് മാണിസാർ എന്താണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്? ഒരാൾ മീശയ്ക്ക് തീ പിടിച്ച് ഓടിയപ്പോൾ മറ്റൊരാൾ അതിൽനിന്ന് ബീഡി കത്തിച്ചുവെന്ന് ഒരു പഴഞ്ചൊല്ലുണ്ട്. ഇവിടെ വിലക്കയറ്റമെന്ന കനൽക്കട്ടയിൽനിന്ന് തീ പിടിച്ച് സാധാരണ മനുഷ്യൻ അടുക്കള പൂട്ടി തെരുവിലേയ്ക്കോടുമ്പോൾ മാണിസാർ ബീഡി കത്തിക്കാൻ നിൽക്കുകയല്ലേ; ഇങ്ങനെയാണോ ഒരു പ്രശ്നത്തെ നേരിടുന്നത്? കേരളം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നത്തേയോ വെല്ലുവിളിയേയോ നേരിടുന്നതിന് യാതൊരു സംവിധാനവുമുണ്ടാക്കാത്ത ബഡ്ജറ്റാണിത്. കേരളം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു ശ്രമമോ സംവിധാനമോ ഇതിനകത്തുണ്ടെന്ന് ഇവിടെ ഇരിക്കുന്ന ആർക്കെങ്കിലും പറയാൻ കഴിയുമോ?

കേരളത്തിലെ കാർഷിക പ്രശ്നവുമായി ബന്ധപ്പെട്ട് അദ്ദഹം ആകെ പറഞ്ഞിരിക്കുന്ന ഒരു വാക്കാണ് ഹൈടെക്, ഏതു പഠനത്തിന്റെ അടിസ്ഥാന ത്തിലാണ് അത് പറഞ്ഞിട്ടുള്ളത്? കേരളത്തിന്റെ ജലത്തേയും പരിസ്ഥിതി യേയും കൂട്ടായ്മയേയും സംസ്കാരത്തേയും സംഗീതത്തേയും സർവ്വതി നേയും തകർക്കുന്ന ഭക്ഷ്യവിള പ്രതിസന്ധിയാണ് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതിൽത്തന്നെ ഏറ്റവും വലുതാണ് നെല്ലിന്റെ പ്രതിസന്ധി. കേരളത്തിൽ നെൽക്കൃഷി ഏറ്റവും കൂടുതൽ മുന്നോട്ട് പോയത് 2008–09–ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച കാലത്താണ്. അന്ന് എന്തുകൊണ്ട് മുന്നോട്ട് പോയി; ഇപ്പോൾ എങ്ങനെ പുറകോട്ട് പോകുന്നു; അതിന്റെ കാരണ മെന്ത്; നിയമം പരിപാലിക്കുന്നതിൽ വന്ന പാളിച്ചയാണോ; നെല്ലിന്റെ വില കൊടുക്കാത്തതാണോ; സമയത്ത് കൊടുക്കാത്തതാണോ; കേരളത്തിൽ വേറെ എന്തെങ്കിലും പ്രശ്നമുണ്ടോ? ജലസംരക്ഷണത്തിനു വേണ്ടി കുറച്ച് തുക വയ്ക്കണമെന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. ഞാൻ പറയുന്നു, കേരളത്തിൽ ഇപ്പോഴുള്ള നെൽക്കൃഷിയുടെ അളവ് ഇരട്ടിയാക്കിയാൽ ജലസംഭരണത്തിനുവേണ്ടി ഒരു തുകയും മാറ്റിവയ്ക്കേണ്ടിവരില്ല. കേരള ത്തിലെ എല്ലാ വയലുകളും ജല സംഭരണികളാണ്. പാവനമായ, എല്ലാ നന്മയും ഉൾക്കൊള്ളുന്ന ഫെർട്ടൈലായിട്ടുള്ള ഈ സംവിധാനം കാത്തു സൂക്ഷിക്കുന്നതിന് ഒരു പദ്ധതിയുണ്ടോ? നെൽക്കൃഷി ഒരിക്കലും ഹൈടെ ക്കായി നടത്താൻ കഴിയില്ല. നെൽക്കൃഷി സംരക്ഷിക്കുന്നതിനും അതിലൂടെ കാലാവസ്ഥയേയും ജലത്തെയും സംരക്ഷിക്കുന്നതിനും എന്ത് പദ്ധ തിയാണുള്ളത്? ഭരണപക്ഷത്തും ഇതിനെക്കുറിച്ച് ചിന്തിക്കുന്ന കുറച്ച് എം. എൽ.എ–മാരുണ്ടല്ലോ. കടൽനിരപ്പിനേക്കാളും താഴ്ന്ന പ്രദേശത്ത്

നെൽക്കൃഷി ചെയ്യുന്നത് സംബന്ധിച്ച് പഠിക്കാൻ ഒരു ഇന്റർനാഷണൽ സ്വഭാവമുള്ള ഗവേഷണ കേന്ദ്രം ഉണ്ടാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞിരുന്നു, എന്നിട്ട് എവിടെയാണ്? കുട്ടനാടൻ കൃഷിയും, ശ്രീ. വി. ഡി. സതീശന്റെ മണ്ഡലത്തിലെ പൊക്കാളി കൃഷിയും, ശ്രീ. വി. എസ്. സുനിൽകുമാറിന്റെ നാട്ടിലുള്ള കോൾ കൃഷിയുമെല്ലാം കടൽനിരപ്പിൽ നിന്നും താഴെയാണ്. ഗവേഷണകേന്ദ്രം പ്രഖ്യാപിച്ചത് എവിടെയാണ് നടപ്പാക്കിയത്; എന്തു പഠനമാണ് നടത്തിയത്; കേന്ദ്രവുമായി ഇതുസംബന്ധിച്ച് എന്ത് ചർച്ചയാണ് നടത്തിയത്; അത് പറയേണ്ടേതല്ലേ? അദ്ദേഹം ഇപ്പോൾ 'വലുതായി' പ്രഖ്യാപിച്ച ഒരു കാര്യം കർഷകർക്കുള്ള ഇൻഷ്വറൻസാണ്. 90 ശതമാനം പ്രീമിയം ഗവൺമെന്റ് അടയ്ക്കുമെന്നാണ് പറയുന്നത്. ഞാൻ അഭിമാനത്തോടെ പറയുന്നു, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് 2009–10–ൽ നൂറ് ശതമാനം പ്രീമിയം അടച്ച് കേരളത്തിലെ 5,26,000 കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടു വന്ന ഫയൽ ശ്രീ. കെ. എം. മാണി കണ്ടിട്ടില്ലെങ്കിലും ശ്രീ. കെ.പി. മോഹനന്റെ കയ്യിലുണ്ടാകും. പിന്നെ എങ്ങനെയാണ് ഇതിനെ ഒരു പുതിയ പദ്ധതിയെന്ന് പറയുന്നത്?

കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പ്രഖ്യാപിച്ചതൊന്നും നടപ്പാക്കുന്നില്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്തുള്ളതൊന്നും മുന്നോട്ടു കൊണ്ടുപോകുന്നുമില്ല. നെൽക്കൃഷി പാടെ തകരുന്നു, കേരളത്തിലെ മുഴുവൻ ഭക്ഷ്യ വിളകളുടെയും ഉല്പാദനം പുറകോട്ട് പോകുന്നു. നെൽക്കൃഷിയുടെ വിസ്തൃതി കുറയുന്നു എന്നുമാത്രമല്ല അതിന്റെ ഉൽപ്പാദനക്ഷമതയും വളരെ കുറഞ്ഞു. കേരളത്തിൽ നെല്ലിന്റെയും റബ്ബറിന്റേയും ഇഞ്ചിയുടേയും മുളകിന്റേയുമെല്ലാം ഉൽപ്പാദനക്ഷമത കുറഞ്ഞിരിക്കുകയാ

ണ് – ഇത് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? കാർഷിക യൂണിവേഴ്സിറ്റിയുടെ ഗവേഷണ വിഭാഗത്തിന്റെ പ്രശ്നമാണോ; കാർഷിക യൂണിവേഴ്സിറ്റിയും കൃഷി വകുപ്പും കർഷകരും തമ്മിലുള്ള ബന്ധത്തിന്റെ കുറവാണോ; എന്താണ് പ്രശ്നമെന്ന് പരിശോധിക്കേണ്ടതല്ലേ? ഇതൊന്നും പരിശോധിക്കാതെ അദ്ദേഹം ഇവിടെ വന്ന് കുറച്ച് പ്രഖ്യാപനങ്ങൾ നടത്തിയാൽ അത് കേരളത്തിലെ കർഷകർ എങ്ങനെയാണ് ഏറ്റെടുക്കുന്നത്; കഴിഞ്ഞ തവണ പ്രഖ്യാപിച്ച ഹൈടെക്ക് കൃഷി എന്തുകൊണ്ടാണ് കേരളത്തിലെ സാധാരണ കർഷകൻ ഏറ്റുവാങ്ങാത്തത്? അദ്ദേഹം ഇപ്പോൾ പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ ആനുകൂല്യം അന്നുണ്ടായിരുന്നു, ഹൈടെക്ക് കൃഷിക്ക് 75 ശതമാനം സബ്സിഡിയായിരുന്നു. ഇപ്പോൾ ഹൈടെക്ക് കൃഷിയെക്കുറിച്ച് പറയുന്നതിൽ ഒരു വ്യക്തതയുമില്ല.

അഗ്രി കാർഡിനെകുറിച്ചാണ് അദ്ദേഹം പറയുന്നത്. അഗ്രി കാർഡിനേക്കാൾ പ്രയോജനമുള്ളതാണ് കേന്ദ്ര ഗവൺമെന്റുകൂടി അംഗീകരിച്ച കിസാൻ കാർഡ്. ആധാർ കാർഡും മറ്റു കാർഡുകളുംപോലെ കൂട്ടത്തിലൊരു അഗ്രി കാർഡ് കൂടി ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ കർഷകർക്കും ഗ്യാസും, ലോണുമുൾപ്പെടെ എല്ലാ കാര്യങ്ങളും മറ്റു കാർഡുകളില്ലാതെ, ആധാർ കാർഡുപോലുമില്ലാതെ അഗ്രി കാർഡുവഴി കൊടുക്കുമെന്ന് പറയാൻ അദ്ദേഹം സന്നദ്ധനാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇവിടെ ഒരുപാട് കാർഡുകളുണ്ട്. ഈ കാർഡുകളെല്ലാംകൂടി എവിടെയാണ് സൂക്ഷിച്ചുവയ്ക്കുന്നത്? കുട്ടനാട്ടിൽ ഒരു വെള്ളപ്പൊക്കം വന്നാൽ അവിടത്തെ കുടിലുകളെല്ലാം വെള്ളത്തിനടിയി

ലാകും. അപ്പോൾ ഇതെല്ലാം എവിടെ സൂക്ഷിച്ചുവയ്ക്കും; എന്തെങ്കിലും അർത്ഥമുള്ള കാര്യമാണോ ഇത്?

ശ്രീ. മുല്ലക്കര രത്നാകരൻ: അതും ഒരു പ്രശ്നമാണ്. നമ്മുടെ സമൂഹത്തിൽ ഒരു കർഷകന് റവന്യൂ കാർഡ്, അഗ്രി കാർഡ്, കിസാൻ കാർഡ്, തിരഞ്ഞെടുപ്പിന്റെ ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ് എന്നിങ്ങനെ ഒരുപാട് കാർഡുകളുണ്ട്. ഏതെങ്കിലുമൊരു കാർഡ് പോരെ? ഈ കാർഡിന്റെയെല്ലാം ഭാരം ചുമന്ന്, അക്കാരണംകൊണ്ടുതന്നെ കർഷകന് മരിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്?

എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഉത്തരം നൽകിയിട്ടുണ്ട് - കഴിഞ്ഞ വർഷം ജനുവരി ഒന്നു മുതൽ നവംബർ 30 വരെ 8041 പേർ കേരളത്തിൽ ആത്മഹത്യ ചെയ്തു. ഇത്രയധികമാളുകൾ ആത്മഹത്യ ചെയ്യേണ്ട ഒരു സംസ്ഥാനമാണോ കേരളം? ബിവറേജസ് കോർപറേഷന്റെ മുമ്പിൽ ക്യൂ നിൽക്കാനും ലോട്ടറി വാങ്ങി നിരാശനാകാനും –ലോട്ടറി ഇപ്പോൾ അഡിക്റ്റായിട്ടുണ്ട്, അവസാനം ആത്മഹത്യ ചെയ്യാനും വിധിക്കപ്പെട്ടവരാണോ കേരളത്തിലെ മനുഷ്യർ? കേരളത്തിൽ മൗലികമായി ചർച്ച ചെയ്യപ്പെടേണ്ട ഒരുപാട് വിഷയങ്ങളുണ്ട്. ക്യാൻസറിന്റെയും പ്രമേഹത്തിന്റേയും തറവാടായി കേരളം മാറുകയാണ്. കുളമ്പുരോഗം വന്നതിന് കഴിഞ്ഞ വർഷത്തെ വരൾച്ച ഒരു കാരണമായി എന്ന് പലരും പറയുന്നുണ്ട്, അത് എത്രത്തോളം ശാസ്ത്രീയമായിട്ടാണെന്ന് എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ അത് പഠിക്കേണ്ടതല്ലേ? 36 ഡിഗ്രിക്കപ്പുറം ചൂട് പോകാത്തതും 10–12 ഡിഗ്രിക്ക് താഴെ തണുപ്പു വരാത്തതുമായ ഒരു സംസ്ഥാനത്ത് ഹൈടെക്ക് കൃഷി കൊണ്ടു വരുമ്പോൾ,

അത് പ്രകൃതിയെ സംരക്ഷിക്കുന്നതിനും പ്രകൃതിയുമായി ബന്ധപ്പെട്ട ഒരു ജീവിതരീതിക്കും കൃഷിക്കും, ജലം സംരക്ഷിക്കുന്നതിനും കാലാവസ്ഥ സംരക്ഷിക്കുന്നതിനും കന്നുകാലി ഉൾപ്പെടെയുള്ള നമ്മുടെ ജീവസമൂഹത്തെ സംരക്ഷിക്കുന്നതിനും അനുയോജ്യമായ തരത്തിലാണോ എന്ന് പരിശോധിക്കണം. അത് കർഷകർ സ്വീകരിക്കാത്തതിന്റെ കാരണവും അന്വേഷിക്കണം. ശാസ്ത്രീയമായ ഒരു പഠനത്തിന്റെ സഹായമില്ലാതെ ഇത്തരം പ്രഖ്യാപനങ്ങൾ നടത്തിയാൽ കേരളത്തിൽ നടപ്പാക്കാൻ പ്രയാസമാണെന്ന് ഞാൻ കഴിഞ്ഞ വർഷവും മാണിസാറിനോട് പറഞ്ഞതാണ്.

കേരളത്തിന്റെ ഭൂപ്രകൃതിയും നെൽക്കൃഷിയും ധാന്യവിളകളും കർഷകരുടെ സ്വാഭാവികമായ താൽപര്യങ്ങളുമാണ് സംരക്ഷിക്കപ്പെടേണ്ടത്. അത് ഇതുപോലെ പ്രഖ്യാപിച്ച് തകിടം മറിച്ചാൽ കേരളത്തിന് സംഭവിക്കുന്നത് പൊതു നഷ്ടമാണ്. ആ നഷ്ടത്തിന്റെ മൂന്നാമത്തെ പ്രഖ്യാപനമാണ് ഈ ബഡ്ജറ്റ് എന്നുള്ളതുകൊണ്ട്, ഒരു ഉൽസവം നടത്തിപ്പുപോലെ ആവർത്തിച്ചുള്ള കാര്യമായതുകൊണ്ട് ഇതിനോട് ശക്തിയായി വിയോജിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സാജു പോൾ: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ മാണിസാർ പന്ത്രണ്ടാമത് ബഡ്ജറ്റ് അവതരിപ്പിച്ചു, ഒരു വ്യാഴവട്ടം പൂർത്തിയാക്കി എന്നെല്ലാം പറഞ്ഞുകൊണ്ട് ഇത് നീലക്കുറിഞ്ഞിയാണ്, കുഭമേളയാണ്, മാമാങ്കമാണ് എന്നൊക്കെ പലരും വാഴ്ത്തിപ്പാടുകയുണ്ടായി. ജനങ്ങളെ ഏറ്റവും കൂടുതൽ ദ്രോഹിക്കുന്ന ഈ ബഡ്ജറ്റിനെ ന്യായീകരിക്കാൻ ശ്രമിച്ച ഭരണപക്ഷത്തുള്ളവർ യഥാർത്ഥത്തിൽ ഗോവിന്ദച്ചാമിയുടെ കേസ് വാദിച്ച വക്കീലൻമാരുടെ

അവസ്ഥയിലാണ്. എത്ര വിഷമത്തോടുകൂടിയായിരിക്കും ഗോവിന്ദച്ചാമിക്കു വേണ്ടി കേസ് വാദിച്ചത്. ഇതുപോലെ ജനങ്ങളെ ദ്രോഹിച്ച......., മാണിസാ റിന്റെ കുഴപ്പമാണെന്ന് ഞാൻ പറയില്ല, അദ്ദേഹത്തിന് ഇതിൽ മൈന്റ് അപ്ലൈ ചെയ്യാനോ പ്ലാനിംഗ് ബോർഡിന്റെയോ ധനകാര്യ വിദഗ്ദ്ധൻമാരുടെയോ സഹായത്തോടെ നല്ല ബഡ്ജറ്റ് ഉണ്ടാക്കി അവതരിപ്പിക്കാനോ പറ്റിയ രാഷ്ട്രീയ കാലാവസ്ഥയല്ല ഇവിടെയുള്ളത്. അക്കാര്യം ഓരോ ജില്ല തിരിച്ച് ബഹുമാന്യനായ ശ്രീ. കോവൂർ കുഞ്ഞുമോൻ പറയുകയുണ്ടായി. ബഹുമാ ന്യനായ മാണിസാർ പന്ത്രണ്ടാമത്തെ ബഡ്ജറ്റിലെത്തിയപ്പോൾ അദ്ദേഹം റബ്ബറിൽ നിന്ന് ചക്കയിലെത്തി. അങ്ങനെ റബ്ബറിൽ നിന്ന് ചക്കയിലേക്കും എണ്ണക്കുരുവിൽ നിന്ന് ചക്കക്കുരുവിലേക്കും എത്തിയ ഒരു ബഡ്ജറ്റാണിത്. മാണിസാർ ഇനി 'മെയ്ഡ് ഇൻ കേരള, സേഫ് ടു ഈറ്റ്' എന്നു പറഞ്ഞ് ഒരു പുതിയ  കേരള ബ്രാൻഡ് ഉണ്ടാക്കാൻ പോകുകയാണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ 'മെയ്ഡ് ബൈ സരിത, സേഫ് ടു കൺസ്യൂം' എന്നാണ് ഈ ബഡ്ജറ്റ് പുസ്തകത്തിന്റെ പുറത്ത് അച്ചടിക്കേണ്ടിയിരുന്നത്. അല്ലെങ്കിൽ 'ലെഡ് ബൈ സരിത, ട്യൂൺഡ് ബൈ സലീം രാജ്' എന്നടിക്കണമായിരുന്നു. ഇതാണ് ഏറ്റവും അനുയോജ്യമായ, എഴുതിവയ്ക്കാൻ പറ്റിയ ഏറ്റവും നല്ല വാചകം. ഇവിടെ ശ്രീ. കോവൂർ കുഞ്ഞുമോൻ പ്രസംഗിച്ചപ്പോൾ, പന്ത്രണ്ടു മണ്ഡലങ്ങളിൽ ഒമ്പതും എൽ.ഡി.എഫ്-ന് ആയതുകൊണ്ട് കൊല്ലം ജില്ലയെ അവഗണിച്ചുവെന്ന് പറഞ്ഞു. എറണാകുളം ജില്ലയിൽ കഴിഞ്ഞ വർഷത്തേ ക്കാൾ 911 കോടി രൂപയുടെ അധികം നികുതി ഇക്കൊല്ലം പിരിക്കാൻ പോവു കയാണ്. കഴിഞ്ഞവർഷം 12400 കോടിയായിരുന്നത് ഇക്കൊല്ലം 15740 കോടി രൂപയാകുമെന്നാണ് കണക്ക്.

'വ്യവസായ ജില്ലയ്ക്ക് ആനമുട്ട' എന്നുപറഞ്ഞ് ദേശാഭിമാനിയിൽ തലക്കെട്ട് വന്നു. ഇനി ദേശാഭിമാനി പറയുന്നത് കുഴപ്പമാണെങ്കിൽ ഇതേ രീതിയിൽത്തന്നെ, 'സംസ്ഥാന ബഡ്ജറ്റിൽ കൊച്ചിക്ക് ആനമുട്ട' എന്നുപറഞ്ഞ് മലയാള മനോരമയിലും തലവാചകകം വന്നു. ഇതിൽ കൂടുതൽ എറണാകുളത്തിന് എന്താണ് വേണ്ടത്? 15,740 കോടി രൂപ നികുതി പിരിച്ചു കൊടുക്കുന്ന എറണാകളും ജില്ലയ്ക്ക് ഇതുപോലൊരു അവഗണന ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ടോ? എറണാകുളം ജില്ലയിൽ ബഹുമാന്യനായ ലൂഡി ലൂയിസ് ഉൾപ്പെടെ 15 എം.എൽ.എ.–മാരുള്ളതിൽ 12 പേരും യു.ഡി.എഫ്.–ന്റെ ആളുകളാണ്. കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായ ശ്രീ. ബെന്നി ബെഹനാൻ, എ.ഐ.സി.സി. സെക്രട്ടറി ശ്രീ. വി. ഡി. സതീശൻ എല്ലാവരും മഹാരഥൻമാരാണ്, മൂന്ന് മന്ത്രിമാരും, ശ്രീ. ജോസഫ് വാഴക്കൻ ഇവരെല്ലാവരും യു.ഡി.എഫ്–ൽ ഉള്ളവരാണ്. കൊച്ചി മെഡിക്കൽ കോളേജിനെയും ക്യാൻസർ സെന്ററിനേയും പറഞ്ഞ് പറ്റിച്ചു. ഇത് മലയാള മനോരമ എഴുതിവച്ചിട്ടുള്ളതാണ്. (പത്രം ഉയർത്തിക്കാണിച്ചു.) അപ്പോൾ ഇത്രയേറെ അവഗണന, അതായത് കൊച്ചിക്ക് വട്ടപൂജ്യം. ഇങ്ങനെയൊരു അവസ്ഥ ഈ കേരളത്തിലെ ഒരു ബഡ്ജറ്റിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? വിലക്കയറ്റം തടയാൻ യാതൊരു നടപടിയുമില്ല. ഏറ്റവും രൂക്ഷമായ പ്രശ്നമല്ലേ. പൊടി പോലുമില്ല കണ്ടുപിടിക്കാനെന്ന് പറഞ്ഞതുപോലെയാണ് കൺസ്യൂമർഫെഡിന്റെ അവസ്ഥ. നൻമ സ്റ്റോർ, എന്തൊക്കെ പറഞ്ഞാണ് വന്നത്. പക്ഷേ ഇപ്പോൾ കൺസ്യൂമർഫെഡിനും സപ്ലൈകോയ്ക്കും സഹകരണ സ്ഥാപനങ്ങൾക്കും ഒന്നും ചെയ്യാൻ പറ്റുന്നില്ല. മദ്യപാനികൾ

എന്നുപറഞ്ഞാൽ ഏറ്റവും മോശക്കാരാണോ; അല്ലെങ്കിൽ അവർ രാജ്യദ്രോഹികളാണോ? 400 കോടി രൂപയാണ് മദ്യപാനികളോട് അധികം വാങ്ങിക്കാൻ പോകുന്നത്. അതുപോലെതന്നെ ലോട്ടറിയുടെയും വില വർദ്ധിപ്പിച്ചു. നിങ്ങൾ ശ്രദ്ധിച്ചുനോക്കൂ, കേരളത്തിൽ ഏറ്റവും കൂടുതൽ ലോട്ടറി വാങ്ങുന്ന ആളുകൾ മദ്യപാനികളാണ്. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾക്കും ബാറുകൾക്കും മുമ്പിലാണ് ഏറ്റവും കൂടുതൽ ലോട്ടറികൾ വാങ്ങുന്ന ആളുകളുള്ളത്. മദ്യത്തിന് അധികം വില 400 കോടി രൂപ കൊടുക്കണം. അത് 1,000 കോടിയോളം രൂപ വരുമെന്നാണ് ബഹുമാന്യനായ പി. കെ. ഗുരുദാസൻ സഖാവ് പറഞ്ഞത്. മദ്യത്തിനും ലോട്ടറിക്കും പൈസ അധികം കൊടുക്കണം. 'ആരാന്റെ മുല്ല കൊച്ചുമുല്ല'-യിൽ ഭാഗ്യവും ഭക്തിയുമാണ് ഏറ്റവും കൂടുതൽ പെട്ടെന്ന് വിപണനം ചെയ്യാൻ പറ്റുന്നതെന്ന് ബാലചന്ദ്രമേനോൻ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഭാഗ്യാന്വേഷിയായ ഒരു മദ്യപാനി ഈ പറയുന്ന ലോട്ടറി എടുത്താലും മദ്യം വാങ്ങിയാലും പൈസ അധികം കൊടുക്കണം. തുണിത്തരങ്ങളുടെ വിറ്റുവരവിന്മേൽ 2 ശതമാനം ടേൺ ഓവർ ടാക്സ് ചുമത്തുകവഴി 100 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടിരിക്കുകയാണ്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ എന്ന പദ്ധതി എന്തിനാണ് ഡോ. ടി. എം. തോമസ് ഐസക് കൊണ്ടുവന്നത്? കേരളത്തിലെ വ്യാപാരികളെ മുഴുവൻ രജിസ്റ്റർ ചെയ്യിച്ചാൽ ഒരു ലക്ഷം കോടി രൂപ കിട്ടുമെന്നൊക്കെ അപ്പുറത്തുനിന്ന് ചില ആളുകൾ പറഞ്ഞല്ലോ. വ്യാപാരികൾക്ക് വാറ്റ് രജിസ്ട്രേഷൻ എടുക്കുന്നതിനും നികുതി നൽകുന്നവരാക്കി മാറ്റാനുംവേണ്ടിയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ കൊണ്ടുവന്നത്. പക്ഷേ ഇപ്പോൾ കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുമായി

ചേർന്ന് 10 രൂപ ഒരു കൂപ്പണിന് കൊടുത്തുകൊണ്ട് അഞ്ചുരൂപ സമിതിക്കും അഞ്ചുരൂപ ഗവൺമെന്റിനുമെന്ന നിലയിൽ അങ്ങനെ ഇത് നടപ്പാക്കി. രജിസ്ട്രേഷനൊന്നുമില്ലാത്ത വ്യാപാരികളെയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പെരുമ്പാവൂരിലെ മീരാ ടെക്സ്റ്റയിൽസിൽനിന്ന് ഞാനും എന്റെ കുടുംബവുംപോയി തുണി വാങ്ങിയതിനെത്തുടർന്ന് കിട്ടിയ കൂപ്പണിന് നാലാമത്തെ നറുക്കെടുപ്പിൽ എട്ടുഗ്രാം സ്വർണം കിട്ടി. അതാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഗുണം. എനിക്ക് ആ സമ്മാനം കിട്ടിയ വിവരം സന്തോഷപൂർവ്വം ഞാൻ ഇവിടെ അറിയിക്കുകയാണ്. ഈ വിൽപ്പന നികുതി യുക്തിസഹമാക്കാൻ പറ്റിയിട്ടുണ്ടോ? ഈ രാജ്യത്തെ സ്വർണ്ണ വ്യാപാര മേഖല ഉൾപ്പെടെ വ്യവസായ സംരംഭകർ രക്ഷപ്പെടുമോ? ഒരു പവൻ എന്നുപറയുന്നത് എട്ടുഗ്രാമാണ്. നമ്മൾ ഇപ്പോൾ ഒരു കോടി രൂപ കിട്ടിയാലും 100 ലക്ഷം രൂപയെന്ന് ഒരന്തസ്സിൽ പറയുമല്ലോ. അതുപോലെ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. വിൽപ്പന നികുതി യുക്തിസഹമാക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടിയുണ്ടോ? ഇവിടെ ഓട്ടോ ടാക്സി ഡ്രൈവർമാരുടെ കാര്യം പറഞ്ഞു. സ്വർണ്ണവ്യാപാരികൾ ഉൾപ്പെടെ സമരം ചെയ്യാൻ പോകുകയാണ്. അവരൊക്കെ വലിയ നിവേദനം എഴുതി നമ്മുടെയെല്ലാം ക്വാർട്ടേഴ്സിൽ തന്നിട്ടുണ്ടല്ലോ. ഞങ്ങളുടെ മരവ്യവസായ മേഖല, പന്ത്രണ്ടര ശതമാനമായിരുന്ന നികുതി പതിനാലര ശതമാനമാക്കിയില്ലേ. എങ്ങനെയാണ് ഇതൊക്കെ നിലനിൽക്കുന്നത്? ബഹുമാന്യനായ ചീഫ് വിപ്പ് ഇവിടെയില്ല. അദ്ദേഹം പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിനുവേണ്ടി മാണി സാർ പറഞ്ഞ പല കാര്യങ്ങളും വിട്ടുപോയി. അത് ഞാൻ പറയാം. ചീഫ് വിപ്പിന്റെയും മാണി സാറിന്റെയുമൊക്കെ നാട്ടിൽനിന്നുള്ള റബ്ബർത്തടി മുഴുവൻ പെരുമ്പാവൂരല്ലേ

സംസ്ക്കരിക്കുന്നത്? ചീഫ് വിപ്പ് പറയാൻ വിട്ടുപോയ കാര്യമാണ്. ബഹുമാന്യനായ ചീഫ് വിപ്പ് ഉൾപ്പെടെയുള്ള മാണി സാറിന്റെ ശിഷ്യൻമാർക്കുവേണ്ടി 11 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. അത് ബഡ്ജറ്റ് പ്രസംഗത്തിലെ 18–ാമത്തെ പേജിലുണ്ട്. പാഴ്വസ്തു ക്കളിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ ഒരു കോടി രൂപ, വന്യ മൃഗങ്ങളുടെ ശല്യം ദൂരീകരിക്കാൻ 10 കോടി രൂപ. ഇതിൽ കൂടുതൽ എന്താണ് അദ്ദേഹത്തിനുവേണ്ടി ചെയ്യേണ്ടത്? മാണി സാർ ചെയ്തത് ഏറ്റവും നല്ല കാര്യമാണ്. ചെക്ക് പോസ്റ്റുകളെ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റുക ളാക്കാൻ ബഹുമാന്യനായ ആര്യാടൻ സാർ ഉൾപ്പെടെ പോയിനോക്കി. സ്കാനറും മറ്റ് സംവിധാനങ്ങളും സ്ഥാപിക്കാൻ വാളയാറിലും വേലന്താവളത്തും മുത്തങ്ങയിലുമെല്ലാം പോയില്ലേ? ആ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് സംവിധാനം വന്നോ; ഇപ്പോൾ ആ ചെക്ക് പോസ്റ്റുകളെല്ലാം അഴിമതി കളുടെ കേന്ദ്രങ്ങളായില്ലേ? 30 ഏക്കർ സ്ഥലമേറ്റെടുത്താണ് വാളയാറിലെ ചെക്ക് പോസ്റ്റ് നവീകരിക്കാൻ തീരുമാനിച്ചത്. ഏതെല്ലാം ധനാഗമന മാർഗ്ഗങ്ങ ളുണ്ട്. ഇവിടെ മുൻപ് ബഹുമാന്യനായ വക്കം പുരുഷോത്തമൻ സാരിക്ക് നികുതി ഏർപ്പെടുത്തിയപ്പോൾ അന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ യിരുന്ന് പറഞ്ഞ ഒരു വാചകമുണ്ട്, നിങ്ങൾ കൊതുകിനെ കൊന്നല്ല ഇറച്ചി തിന്നാൻ നോക്കേണ്ടത്. ഈ രാജ്യത്തെ സ്ത്രീകളോട്, വസ്ത്രം വാങ്ങുന്ന ജനങ്ങളോടൊക്കെ ആത്മാർത്ഥയുണ്ടെങ്കിൽ ഇതിൽനിന്നെല്ലാം വ്യത്യസ്ത മായ എത്രയോ മാർഗ്ഗങ്ങളുണ്ട്. ഞാനൊക്കെ വനമേഖലയിൽനിന്ന് വരുന്ന ഒരു എം.എൽ.എ. ആണ്. നമ്മുടെ വനസമ്പത്ത് വേണ്ടവിധത്തിൽ പ്രയോജന പ്പെടുത്തുന്നുണ്ടോ? ബഹുമാന്യനായ വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണൻ ഇടപെടട്ടെ. സെലക്ഷൻ ഫെല്ലിംഗ് നടത്തിയാൽ മാത്രം 1,000 കോടി രൂപ ലഭിക്കും. കാരണവൻമാരും പൂർവ്വികൻമാരും പറഞ്ഞിട്ടുണ്ട്, നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഏറ്റവും വലിയ വരുമാന സ്രോതസ്സുകൾ കാടും കടലുമാണ്. ആ കടൽ അരിച്ചുപെറുക്കി വിദേശ ബഹുരാഷ്ട്ര കുത്ത കകൾക്ക് കൊടുത്തില്ലേ? സെലക്ഷൻ ഫെല്ലിംഗുപോലെ, വനത്തിന് ദോഷം വരാത്ത രീതിയിൽ വരുമാനം ലഭിക്കുന്ന എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. ഇപ്പോൾ എന്റെയടക്കം പേരിൽ തോക്കിന് ലൈസൻസുണ്ട്. ആ ലൈസൻസുക ളൊന്നും പുതുക്കി കൊടുക്കുന്നില്ല. പത്തിരുപത്തയ്യായിരം പേർക്ക് തോക്കിന് ലൈസൻസുണ്ട്. ലൈസൻസ് ഫീസ് കൂട്ടിക്കോ. എന്നിട്ട് അവരുടെ തോക്കിന് ലൈസൻസ് പുതുക്കി കൊടുക്കൂ. ആഭ്യന്തര വകുപ്പുമന്ത്രി ആ കാര്യമൊന്ന് അന്വേഷിക്കണം. അതുപോലെ പരസ്യനികുതി കൂട്ടൂ. കേരള ത്തിൽ എവിടെ നോക്കിയാലും ഓരോ ആളുകളുടെ ഫ്ളക്സ് ബോർഡിരി ക്കുകയാണ്. ഇനി ഫ്ളക്സ് ബോർഡുകളിൽ പടം വയ്ക്കുന്ന ആളുകളോട് നികുതി ഈടാക്കാൻ ഒരു സംവിധാനമുണ്ടാക്കണം. ഈ ആളുകൾ പൈസ കൊടുക്കട്ടെ. രണ്ടുലക്ഷം രൂപ റോഡ് നന്നാക്കാൻ കൊടുത്തതിന് അഭിവാദ്യങ്ങൾ. ചില പത്രങ്ങളിൽ വന്നു, എനിക്ക് ഞാൻ അഭിവാദ്യം അർപ്പിക്കുന്നുവെന്നൊക്കെയുള്ള രീതിയിലാണ് ഫ്ളക്സ് ബോർഡുകൾ വന്നിരിക്കുന്നത്. അപ്പോൾ ആവശ്യത്തിൽ കൂടുതൽ പരസ്യം നടത്തുന്ന ആളുകൾക്ക് നികുതി ഏർപ്പെടുത്തണം. ബഹുമാന്യനായ ചീഫ് വിപ്പിനു വേണ്ടി മാണി സാർ ചെയ്ത കാര്യം ഞാൻ ഇവിടെ പറഞ്ഞു. അത് മറ്റൊന്നു മല്ല, പാഴ്വസ്തുക്കളിൽനിന്ന് വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉൽപ്പാദിപ്പി ക്കാനും വന്യമൃഗങ്ങളുടെ ശല്യം ദൂരീകരിക്കാനുമായി 11 കോടി രൂപ വകയി

രുത്തിയിട്ടുണ്ട്. അതിന് ഞാൻ മാണി സാറിനെ അഭിനന്ദിക്കുന്നു. കേന്ദ്ര സഹായം 11,000 കോടി രൂപ, ഇപ്പോൾ കിട്ടും പാക്കേജ് എന്നുപറഞ്ഞു കൊണ്ട് ഇവിടെനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും പരിവാരങ്ങളുമൊക്കെ ഡൽഹിയിൽപ്പോയി. 11 കോടി രൂപ കിട്ടിയോ? കേന്ദ്രത്തിൽനിന്ന് ഇപ്പോൾ വരും, കർത്താവ് വാനിൽ വരുമെന്നൊക്കെ പറയുന്നതുപോലെ കേന്ദ്രവിഹിത പാക്കേജ് 11,000 കോടി രൂപ വരുമെന്ന് പറഞ്ഞിട്ട് എവിടെയാണ് കിട്ടിയത്? ബംഗാളിന് കൊടുക്കാൻ പോകുന്നു, ബീഹാറിന് കൊടുക്കാൻ പോകുന്നു. അഞ്ചുപൈസ കേരളത്തിന് കിട്ടിയോ? എ.ഐ.സി.സി. സെക്രട്ടറിയും പാർലമെന്ററി പാർട്ടി സെക്രട്ടറിയുമൊക്കെ വന്ന് പറയുകയാണ്, തൊഴിലില്ലായ്മ പരിഹരിക്കാൻ ഈ ബഡ്ജറ്റിൽ എന്തെങ്കിലുമൊരു കാര്യം പറഞ്ഞിട്ടുണ്ടോ; പ്രവാസി മലയാളികളുടെ പ്രശ്നം പറഞ്ഞിട്ടുണ്ടോ; ചെറുകിട വ്യവസായ മേഖലയെ പറഞ്ഞിട്ടുണ്ടോ; സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കൊടുത്തോ; ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് കൊടുത്തോ; കരാറുകാരന് 2,000 കോടി രൂപ കൊടുത്തോ; ട്രാവൻകൂർ റയോൺസ് തുറക്കാൻ പദ്ധതി പറഞ്ഞോ; ഞങ്ങളുടെ അഭയാരണ്യത്തെപ്പറ്റി പറഞ്ഞോ; അന്യസംസ്ഥാന തൊഴിലാളികളെപ്പറ്റി പറഞ്ഞോ; മുല്ലപ്പെരിയാർ ഡാമിന് ഭൂതത്താൻകെട്ട് സ്ഥാപിച്ചുകിട്ടണമെന്ന് സമരം ചെയ്തപ്പോഴാണ് ബഹുമാന്യനായ കുരുവിള ചേട്ടന്റെ മണ്ഡലത്തിൽ ഡാം കെട്ടിയത്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് എന്തെല്ലാം പ്രശ്നങ്ങളുണ്ടായി. മുല്ലപ്പെരിയാർ ഡാം അവിടെ പണിത് കിട്ടാൻവേണ്ടി ഞാനും ബഹുമാന്യനായ എസ്. രാജേന്ദ്രനും ശ്രീമതി ഇ. എസ്. ബിജിമോളും ശ്രീ. റോഷി അഗസ്റ്റിനുമൊക്കെ നിരാഹാരം കിടന്നില്ലേ? ഈ ബഡ്ജറ്റിൽ അതിനെപ്പറ്റി ഒരക്ഷരം മിണ്ടുന്നുണ്ടോ? ജനു

വരി 26 റിപ്പബ്ലിക് ദിനംപോലെത്തന്നെ തൃക്കുന്നത്ത് സെമിനാരിയിൽ ജനുവരി 25-ന് ഈ വർഷവും അവിടെ കബറടങ്ങിയ പിതാക്കൻമാരുടെ ഓർമ്മപ്പെരുന്നാൾ നടന്നു. അവിടെചെന്ന ശ്രേഷ്ഠ കാതോലിക്കാ ബാവയെ പരിശോധിക്കാൻ പോലീസ് മുതിർന്നു. എത്ര അപഹാസ്യമായ കാര്യമാണ് അത്. ശ്രേഷ്ഠ ബാവാ തിരുമേനിയെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയായ രമേശ് ചെന്നിത്തല സന്ദർശിച്ച് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങിച്ചതാണ്. അദ്ദേഹത്തോടൊപ്പം യു.ഡി.എഫ്. കൺവീനർ, ഡി.സി.സി. പ്രസിഡന്റ് എല്ലാവരുംപോയി അനുഗ്രഹം വാങ്ങിച്ചിട്ട് ശ്രേഷ്ഠ ബാവാ തിരുമേനിയെ കുപ്പായമെല്ലാം ഊരി പരിശോധിക്കാൻ ശ്രമിക്കുന്ന കാഴ്ചയാണ് അവിടെ കണ്ടത്. ഇത് എന്തൊരു അപഹാസ്യമായ അവസ്ഥയാണ്. ഇതിന് മന്ത്രിസഭാ ഉപസമിതി വച്ചു. ആ ഉപസമിതി എന്ത് ചെയ്തു?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. മാണി സാറും ഡോ. എം. കെ. മുനീറും ശ്രീ. കെ. ബാബുവും ഒക്കെയുള്ള മന്ത്രിസഭാ ഉപസമിതിക്ക് എന്തുപറ്റി; അതിനെപ്പറ്റി ഒരന്വേഷണം നടത്താൻ വേണ്ടി തയ്യാറാകണം. മുൻ പ്രഖ്യാപനങ്ങളെല്ലാം പാഴ്വാക്കായി മാറിയ, ധൂർത്തും അഴിമതിയും മാത്രമായി മാറിയ, സർക്കാർ പരിപാടികൾക്ക് വാരിക്കോരി പണം ചെലവഴിച്ച് അങ്ങേയറ്റം അപഹാസ്യമായ ഒരു സർക്കാരാണിത്. ഇവിടെ സമരമോ പ്രക്ഷോഭമോ നടത്തുമ്പോൾ ചിലയാളുകൾ സമരം പാടില്ല എന്നാണ് പറയുന്നത്. വ്യാപാര ബന്ദ്, മെഡിക്കൽ ബന്ദ്, വിദ്യാഭ്യാസ ബന്ദ്, ക്ഷീര ബന്ദ്, പത്ര ബന്ദ്, ഹോട്ടൽ ബന്ദ്, ജ്വല്ലറി ബന്ദ്, വർക്ക്ഷോപ്പ് ബന്ദ്, ജീവനക്കാരുടെ ബന്ദ്, പെൻഷൻ ബന്ദ്, ആദിവാസികളുടെ ബന്ദ്, മതമേലധ്യക്ഷൻമാരും സാമുദായിക നേതാക്കൻമാരും നടത്തിയ ബന്ദ്, ഗാഡ്ഗിൽ റിപ്പോർട്ട്, കസ്തൂ

തിരംഗൻ റിപ്പോർട്ട് ഇവയ്ക്കെതിരായി ഇടുക്കിയിലും വയനാട്ടിലും നടത്തിയ ബന്ദ് മതമേലധ്യക്ഷൻമാരല്ലേ; എന്റെ നിയോജക മണ്ഡലത്തിൽ യൂത്ത് കോൺഗ്രസ്സുകാർ ആനയെ ബ്രീഡിംഗിന് കൊണ്ടുപോകാൻ പാടില്ല എന്നുപറഞ്ഞുവരെ സമരം നടത്തി. കോന്നിയിലേക്ക് ഒരു പിടിയാനയെ കൊണ്ടുപോകുന്നതിനെതിരെ യൂത്ത് കോൺഗ്രസ്സുകാർ സമരം നടത്തി. അപ്പോൾ അങ്ങനെ വരെ സമരം നടത്തിയിട്ടുള്ള ഈ കേരളത്തിൽ ഒരു സമരവും പാടില്ല എന്നു പറയുന്നവർ, വിമോചനസമരം നടത്തിയ ആളുകൾ, ക്വിറ്റ് ഇന്ത്യ സമരം നടത്തിയ ആളുകൾ, സ്വാതന്ത്ര്യസമരം നടത്തിയ ആളുകൾ, ഇവരൊക്കെ കേരളത്തിൽ സമരം നടത്തിയതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്ന, ഇക്കൂട്ടത്തിൽപ്പെട്ട ചില വ്യവസായ പ്രമുഖന്മാരും മാന്യമഹതികളും ഉൾപ്പെടെ സമരം പാടില്ല എന്നു പറഞ്ഞാൽ ഇതുപോലെയുള്ള ജനദ്രോഹ ബഡ്ജറ്റിനെതിരെ സമരം നടത്താതിരിക്കാൻ പറ്റുമോ; ആ ശക്തിയായ പ്രക്ഷോഭ സമരങ്ങൾ ഇനിയും ഈ കേരളത്തിൽ അലയടിച്ചുയരുകയും വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാകുകയും ചെയ്യും എന്നു ഞാൻ സൂചിപ്പിച്ചുകൊണ്ട് ഈ ജനവിരുദ്ധബഡ്ജറ്റിനെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രിയങ്കരനായ ധനകാര്യമന്ത്രി കെ. എം. മാണി സാർ ഈ സഭയിലവതരിപ്പിച്ച 2014-15 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിന് സ്വാഭിമാനം സർവാത്മനാ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളം വികസനക്കുതിപ്പിന്റെ നാൾവഴികളിലൂടെയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഒരു സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ

വികസനം എന്ന സ്വപ്നം സാക്ഷാൽകൃതമായത് ആദരണീയനും ജനകീയ നുമായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നേതൃത്വം നല്കുന്ന സർക്കാരിലൂടെ യാണെന്ന് എടുത്തു പറയയേണ്ടതുണ്ട്. പൂവും കായും ഭൂമിയും സ്വർഗവും ഒരിടത്തു സമ്മേളിക്കുന്നുവെങ്കിൽ അത് ഇന്നത്തെ കേരളത്തിലാണെന്ന് നിസംശയം പറയാം. സോഷ്യലിസത്തിന്റെയും കമ്മ്യൂണിസ്റ്റ് ചിന്തകളുടെയും ആചാര്യന്മാരെന്ന് അഭിമാനിക്കുന്നവർ കേരളജനതയെ നാശത്തിന്റെ പടുകു ഴിയിലേക്ക് തള്ളിവിട്ട ചരിത്രമാണ് നമ്മുടെ മുന്നിലുള്ളത്. മർദ്ദിതരെ വീണ്ടും വീണ്ടും മർദ്ദിച്ചൊതുക്കുകയും ചൂഷിതരെ വീണ്ടും വീണ്ടും ചൂഷണം ചെയ്യു കയും ചെയ്യുന്നു ഈ രാഷ്ട്രീയ തമ്പ്രാക്കന്മാർ. എന്നാൽ ഇന്ന് കേരളം സ്വപ്നം കാണാനും ജീവിക്കുവാനും സാധിക്കുന്ന ഒരിടമായി മാറിയിട്ടുണ്ട്. ജനങ്ങളിൽ നിന്ന് ജനങ്ങളിലേക്ക് രാവെന്നോ പകലെന്നോ ചിന്തിക്കാതെ ശാരീരിക ക്ലേശം മറന്ന് മുന്നോട്ടുപോകുന്ന കേരളത്തിന്റെ ആശയും ആവേശവുമായ പ്രിയപ്പെട്ട മുഖ്യമന്ത്രിയോട് കേരളജനത അങ്ങേയറ്റം കടപ്പെ ട്ടിരിക്കുന്നു. ഈ ഒരു സാഹചര്യത്തിലാണ് ഭാരതീയ പുരാണത്തിലെ മാർക്കണ്ഡേയനെപ്പോലെ തേജസ്വിയും ഇച്ഛാശക്തിയോടുകൂടിയവനുമായ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി തന്റെ പന്ത്രണ്ടാ മത്തെ ജനകീയ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. ബഡ്ജറ്റുകൾ വെറും ഗിമ്മിക്കുകൾ ആകുന്ന വർത്തമാനകാല രാഷ്ട്രീയ സാഹചര്യത്തിൽ ഒരു ദേശത്തിന്റെയും ജനതയുടെയും ക്ഷേമം മാത്രം മുൻനിർത്തിയുള്ള കെ.എം. മാണി സാറിന്റെ ബഡ്ജറ്റിന് ഏറെ പ്രസക്തിയുണ്ട്. വരുംവർഷങ്ങളിലെ ബഡ്ജറ്റുകൾ കൂടി കെ.എം. മാണി സാറിന്റെ പരിശ്രമത്തിലൂടെ അവതരിപ്പി ക്കപ്പെടുമ്പോൾ കേരളം ഇന്ത്യയിലെ മികച്ച സംസ്ഥാനമാകുമെന്ന കാര്യ ത്തിൽ സംശയമില്ല. പട്ടിണിയും കർഷകമരണവും പോലീസിന്റെ നരവേട്ട

യും ജാതിമതപീഡനങ്ങളും കൊണ്ട് ജനം പൊറുതി മുട്ടിയ ഒരു കാലഘട്ടമായിരുന്നുവല്ലോ എൽ.ഡി.എഫ്. സർക്കാരിന്റേത്. 'വായ്ക്ക് തോന്നിയത് കോതയ്ക്ക് പാട്ട്' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം മാർക്സിസ്റ്റ് പാർട്ടി പലകാലങ്ങളിൽ പലരെയും വെല്ലുവിളിച്ചു. മലയാള ഭാഷാനിഘണ്ടുവിൽ ഇവരെഴുതിച്ചേർത്ത അശ്ലീലവും മ്ലേച്ഛവുമായ പദാവലികൾ ജനങ്ങൾ ഇന്നും ഓർക്കുന്നുണ്ടാകും. കർദ്ദിനാൾമാർ തൊട്ട് സാഹിത്യ സാംസ്കാരിക മാധ്യമപ്രവർത്തകർ വരെ മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയുടെ ആക്ഷേപത്തിനിരയായി. ഇന്ന് ഇവരെയൊക്കെ വാനോളം പുകഴ്ത്തിക്കൊണ്ട് പള്ളികളിലും പള്ളിക്കെട്ടുകളിലും പള്ളിയറകളിലും വരെ ഇവർ കയറിയിറങ്ങുന്നതോർത്ത് നമുക്ക് ലജ്ജിക്കാം. 48 വർഷമായി കെ.എം. മാണിസാർ കേരള നിയമസഭയിൽ ജനപ്രതിനിധിയായി തുടരുന്നു. വെള്ളിത്തിരയിലെ നിത്യഹരിത നായകനായിരുന്ന പ്രേംനസീറിനെപ്പോലെ കെ.എം. മാണി സാർ നമ്മുടെ ഭരണ രാഷ്ട്രീയ നേതൃതലങ്ങളിൽ മുടിചൂടാമന്നനായി വിലസുന്നു. പാലായിലെ ജനങ്ങൾക്ക് കെ.എം. മാണി സാർ മാണിക്യമാണ്. പാലയുടെ മാണിക്യം. അല്ല സർ അല്ല. അങ്ങ് പാലയുടെ മാത്രം മാണിക്യമല്ല. അങ്ങയെ അങ്ങനെ വിശേഷിപ്പിച്ചാൽ പാലയിലെ ജനങ്ങളോട് കേരളം പ്രതിഷേധിക്കും. അങ്ങ് കേരളത്തിന്റെ മാണിക്യമാണ്. രാഷ്ട്രീയ ശത്രുക്കൾ പിച്ചിച്ചീന്തി എറിയാൻ ശ്രമിച്ചപ്പോഴെല്ലാം കചനെപ്പോലെ അദ്ദേഹം ഉയർത്തെഴുന്നേറ്റുകൊണ്ടേയിരുന്നു. കെ.എം. മാണി സാറിനെ കൂടെ കിട്ടിയാൽ നന്ന് എന്ന് ചിന്തിക്കുന്ന ഇടതുപക്ഷം വച്ച ചെമ്പുവെള്ളം വാങ്ങിവയ്ക്കുന്നതായിരിക്കും നല്ലതെന്ന് മാർക്സിസ്റ്റ് പാർട്ടി ഓർക്കുന്നത് നല്ലതാണ് എന്നുപറയാൻ ആഗ്രഹിക്കുന്നു.

"ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ
ഊഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം"–

എന്ന് മലയാളത്തിന്റെ പ്രിയപ്പെട്ട കവി വൈലോപ്പിള്ളി ശ്രീധരമേനോൻ പാടിയിട്ടുണ്ട്. ഇടതുപക്ഷ ഭരണകാലത്ത് തീരാദു:ഖത്തിൽപ്പെട്ട ജനങ്ങൾ ആത്മഹത്യചെയ്യാൻ കയ്യിലെടുത്ത കയറുകൾ ഇന്ന് ഊഞ്ഞാലുകളായി മാറിയിട്ടുണ്ടെങ്കിൽ ആരും സംശയിക്കേണ്ടതില്ല, ഇതിന് ഉത്തരവാദി കെ.എം. മാണി സാറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ.കെ. കുഞ്ഞാലിക്കുട്ടി സാഹിബും അടക്കമുള്ള മന്ത്രിമാരും അവരെ തുണയ്ക്കുന്ന ഉദ്യോഗസ്ഥന്മാരുമാണ്. രാഷ്ട്രീയ വൈരാഗ്യമൂലം ജീവിതത്തിൽ നിന്നും തന്നെ തുടച്ചുനീക്കാൻ ശ്രമിച്ചിട്ടും ഒരു ഫിനിക്സ് പക്ഷിയെപ്പോലെ ശ്രീ.കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ചാരത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റുകൊണ്ടേയിരുന്നു. തന്റെ ആത്മവീര്യം കേരളത്തിന്റെ വ്യാവസായിക പുരോഗതിക്കും ഐ.ടി. വികസനത്തിനും വേണ്ടി ഉഴിഞ്ഞുവച്ച ശ്രീ. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്ബിന്റെ വിജയഗാഥകൾ സുവർണ്ണ ലിപികളിൽ കൊത്തിവയ്ക്കുന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ ഗ്രാമാന്തരങ്ങളിൽ ചെന്നാൽ –

"നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം
നിരന്നിരിക്കിലും വികൃതമെങ്കിലും
ഇവിടെ സ്നേഹിപ്പാൻ ഇവിടെ ആശിപ്പാൻ
ഇവിടെ ദു:ഖിപ്പാൻ കഴിവതേ സുഖം"

എന്ന് സമാധാനിക്കുന്ന ജനങ്ങളെക്കാണാം. മന:സമാധാനത്തോടെ ജനങ്ങൾക്ക് ജീവിക്കാനുള്ള അന്തരീക്ഷം യു.ഡി.എഫ്. സർക്കാർ ഉണ്ടാക്കി

ക്കൊടുത്തു. മതമേലധ്യക്ഷൻമാരെ നികൃഷ്ടജീവി എന്നു വിശേഷിപ്പിച്ച ഒരു രാഷ്ട്രീയ നേതാവിന്റെ വർത്തമാനകാല ദുരന്തത്തിന് നാമൊക്കെ സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്. അരമനകളിൽ കയറിയിറങ്ങി മുട്ടയും പാലും കഴിച്ച് ചെങ്കൊടി വച്ച് സാഷ്ടാംഗ പ്രണാമം ചെയ്യുന്ന കാഴ്ച ഏറെ ദയനീയവും ബീഭത്സവുമാണ്. ആ തൊലിക്കട്ടി വാഴ്ത്തപ്പെടേണ്ടതാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റൊരു വിഭാഗം നരേന്ദ്രമോഡിക്ക് ഹല്ലേലൂയ പാടിക്കൊണ്ട് നമോ നമസ്കാരം പറയുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഉറക്കമില്ലാത്ത നാളുകൾ എന്നെപ്പോലെയുള്ളവരെ ദു:ഖിപ്പിക്കുന്നുണ്ട്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു ഭരണകൂടം സ്വപ്നം കണ്ട ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ചിലപ്പോൾ പാലിക്കുന്ന മൗനം അർത്ഥപൂർണ്ണമാണ്. വസ്തുക്കളുടെ വിതരണത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുമ്പോഴാണ് സോഷ്യലിസം സമാഗതമാകുന്നതെന്ന് മാർക്സും ഏംഗൽസുമെല്ലാം പറഞ്ഞിട്ടുണ്ട്. എന്നാൽ അവരെയെല്ലാം അൽഭുതപ്പെടുത്തിക്കൊണ്ട് പുതുമാർക്സിയൻ പ്രഭുക്കന്മാർ ഉയർന്നുവരുന്നത് കേരളത്തെ വലിയ വിപത്തുകളിലേക്ക് തള്ളിയിടും എന്ന കാര്യത്തിൽ സംശയമില്ല. ടി.പി. ചന്ദ്രശേഖരനെ ഒറ്റികൊടുത്തും വെട്ടിക്കൊന്നും ഭർത്താവും അച്ഛനും മകനും സുഹൃത്തും മനുഷ്യസ്നേഹം നഷ്ടപ്പെട്ട കാലത്തെയും മനുഷ്യരെയും തീർക്കാൻ എങ്ങനെ ഈ രാഷ്ട്രീയ പ്രഭുക്കന്മാർക്ക് സാധിക്കുന്നുവെന്ന് ഓർത്ത് ഒരു ജനപ്രതിനിധിയായ ഞാൻ ദു:ഖിക്കുകയാണ്. തെയ്യവും തിറയും പടയണിയും കഥകളിയും പൂരക്കളിയും സാഹിത്യവുമെല്ലാം അടക്കി ഭരിക്കാനുള്ള തത്രപ്പാടിലാണിപ്പോൾ ഇടതുപക്ഷം പ്രത്യേകിച്ചും മാർക്സിസ്റ്റ് പാർട്ടി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിവിധ മതങ്ങളുടെയും ജാതികളുടെയും കൂട്ടായ്മകളുണ്ടാക്കാൻ

ഇവരൊക്കെ ശ്രമിക്കുന്നത് തീർത്തും ആഭാസകരമാണ്. പ്രഹരവും തലോടലും അതിന്റെ പിന്നിലെ കപടരാഷ്ട്രീയ വിചാരവും ജനങ്ങൾ തിരിച്ച റിയുന്നില്ലെന്ന് ഈ മാർജാരജീവിതം നയിക്കുന്നവർ അറിയാതെ പോകുന്നു. കണ്ണൂരിൽ ഡോ. തോമസ് ഐസക്ക് ആണ് ഇതിന് നേതൃത്വം നൽകിയത് എന്ന് മാധ്യമങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ചുക്കാൻ പിടി ക്കേണ്ടിയിരുന്നത് ബഹുമാന്യനായ ഡോ. കെ.ടി. ജലീൽ ആയിരുന്നു. പ്രിയ പ്പെട്ട ജലീലിന് അത്രത്തോളം താഴാൻ സാധിക്കുകയില്ലെന്ന് ഞങ്ങൾക്കറി യാം. മാർക്സിസ്റ്റ് പാർട്ടിയുടെ താളത്തിനൊത്ത് തുള്ളുന്ന കുരങ്ങന്മാരാ കാൻ മുസ്ലീം സഹോദരൻമാരെ കിട്ടില്ലെന്ന് അസാന്നിധ്യത്തിലൂടെ വിളിച്ചു പറഞ്ഞ പഴയ യൂത്ത് ലീഗ് നേതാവിന്റെ വിവേകത്തെ ഞാൻ പ്രശംസിക്കുക യാണ്. മനുഷ്യത്വം മരവിച്ച മനസ്സിന്റെ ഉടമകൾ ആരെങ്കിലും ആ ഭാഗത്തു ണ്ടെങ്കിൽ അവർക്കുമാത്രമേ ഈ ബഡ്ജറ്റിനെ നിന്ദിക്കാനും അവഹേളി ക്കുവാനും സാധിക്കുകയുള്ളൂ. എല്ലാ ക്ഷേമ പെൻഷനുകളിലും നൂറുരൂപ മുതൽ ഇരുനൂറ് രൂപവരെ വർദ്ധന വരുത്തിയതിനൊപ്പം സാക്ഷരതാ പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ചത് സാമൂഹ്യക്ഷേമ മേഖലയിൽ സർക്കാരിനുള്ള പ്രതിബദ്ധത വ്യക്തമാക്കുന്ന താണ്. നിത്യരോഗികളായവർക്ക് പ്രതിമാസം ആയിരം രൂപ ചികിൽസാ സഹായം അനുവദിക്കുവാനും അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമ ത്തിനും ഒട്ടേറെ നിർദ്ദേശങ്ങൾ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. കാൻസർ രോഗികൾക്ക് ആശ്വാസം നൽകുന്ന പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലെ മറ്റൊരു സവിശേഷത. കാൻസർ രോഗനിർണ്ണയത്തിന് എല്ലാ പഞ്ചായത്തുകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുവാനുള്ള നടപടി പനിയും തലവേദനയും പോലെ അർബുദം സർവ്വത്രമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അഭിനന്ദനീയമാ

ണ്. അനാഥവിദ്യാർത്ഥികളുടെ ഹയർസെക്കണ്ടറി തലം വരെയുള്ള വിദ്യാഭ്യാസ ചെലവ് സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചതിലൂടെ ഒരിക്കലും വറ്റാത്ത മനുഷ്യത്വത്തിന്റെ നീരുറവയാണ് തന്റെ ഹൃദയത്തിലുള്ള തെന്ന് കെ.എം. മാണി സാർ തെളിയിച്ചിരിക്കുകയാണ്. വിദ്യാർത്ഥിനിക ളുടെ വിദ്യാഭ്യാസ പ്രോൽസാഹനം ലക്ഷ്യമിട്ട് സൗജന്യ ലാപ്ടോപ്പ് നൽകും തുടങ്ങിയ പ്രഖ്യാപനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഐ.ടി. പാർക്കുകളുടെ വികസനത്തിന് 134 കോടിരൂപയും മൽസ്യമേഖലയുടെ വികസനത്തിന് 30 കോടിരൂപയും പ്രഖ്യാപിച്ചത് ശ്ലാഘനീയം ആണ്. എല്ലാ മൽസ്യത്തൊഴിലാളികൾക്കും സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുമെന്ന പ്രഖ്യാപനം ഏറെ പ്രയോജനം ചെയ്യുന്നതാണ്.

നമ്മുടെ ഭാരതം കാർഷിക രാജ്യമാണ്. 1952-ലെ ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏറ്റവുമധികം ഊന്നൽ കൊടുത്തത് കാർഷിക മേഖല യ്ക്കായിരുന്നു. ആ പ്രാധാന്യത്തിന്റെ ഫലമായിട്ടാണ് ഭിക്ഷാപാത്രവുമായി ഭക്ഷണസാധനങ്ങൾക്ക് വിവിധ രാജ്യങ്ങളുടെ പടിവാതിൽക്കൽ കാത്തുനി ന്നിരുന്ന ഇന്ത്യ ഇന്ന് ഭക്ഷ്യസമൃദ്ധിയിലേയ്ക്കെത്തുന്നത്. പക്ഷേ രണ്ടും മൂന്നും പഞ്ചവത്സര പദ്ധതികളായപ്പോൾ കാർഷികവൃത്തിക്ക് പ്രാധാന്യ മുണ്ടായിരുന്ന രാജ്യത്തിന് എന്തുസംഭവിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നവരുടെ, പ്രത്യേകിച്ച് പുതുതലമുറയിലെ ആളുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാർഷിക വൃത്തിയോടോ മണ്ണിൽ പണിയെടുക്കുന്നതി നോടോ ഉള്ള വിമുഖത മാത്രമല്ല ഈ വിട്ടുനിൽക്കലിന് കാരണം. കാലാ

വസ്ഥാ വ്യതിയാനം പോലുള്ള കാരണങ്ങളും അടിക്കടിയുണ്ടാകുന്ന വിളനാശവും മറ്റും നിമിത്തം കാർഷികവൃത്തി ലാഭകരമല്ല എന്നതുകൂടി ഇതിന് കാരണമാക്കിത്തീർക്കുന്നു. വിളനാശം വഴി കർഷകന് നഷ്ടം നേരിടേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ പ്രയോജനപ്പെടുന്നതാണ് ബഡ്ജറ്റിൽ അവതരിപ്പിച്ച വിള ഇൻഷ്വറൻസ് പദ്ധതി. കൂടുതൽ ആളുകളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനും നഷ്ടം വരുന്ന ഇടപാടല്ല കൃഷിയെന്ന ആത്മധൈര്യം പകർന്നുനൽകുവാനും ഒട്ടേറെ പദ്ധതികൾ ബഡ്ജറ്റിലുണ്ട്. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിനുള്ള പാക്കേജിനായി പത്ത് കോടി രൂപ വകയിരുത്തിയ മാണി സാറിനെ അഭിനന്ദിക്കുവാൻ എനിക്ക് പരിചയമുള്ള വാക്കുകൾ മതിയാകില്ലെന്നോർത്ത് വിഷമിക്കുന്ന അടയ്ക്കാ കർഷകരുടെ നാട്ടിൽ നിന്നും വരുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, ഡോ. തോമസ് ഐസക്കിന്റെ മുൻ ബഡ്ജറ്റുകളിലും അടയ്ക്കാ കൃഷിക്കാർക്ക് പത്ത് കോടി രൂപ പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ വർഷവും മാണി സർ അത് പ്രഖ്യാപിച്ചു. ഇന്നേവരെ ഒരു രൂപ പോലും ആർക്കും കൊടുത്തിട്ടില്ലെന്ന് താങ്കൾക്ക് അറിയാം. ഇപ്പോഴത്തെ ബഡ്ജറ്റനുസരിച്ച് അടക്കയ്ക്ക് 100 രൂപയിൽ താഴെ വിലയുണ്ടെങ്കിൽ മാത്രമേ അത് കൊടുക്കാൻ പറ്റുകയുള്ളൂ. ഇപ്പോൾ 155 രൂപയാണ് അടയ്ക്കായുടെ വില. അത് താങ്കൾക്ക് അറിയാമോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : കഴിഞ്ഞ ബഡ്ജറ്റിൽ 10 കോടി രൂപയൊന്നും പ്രഖ്യാപിച്ചിട്ടില്ല. മാണി സാറിന്റെ ഈ മഹാമനസ്കതയെ അവഹേളിച്ചും ചിലർ ഇപ്പോൾ രംഗത്തുവന്നു. ബഡ്ജറ്റിൽ ടോക്കണായി 1,000 രൂപ

മാത്രം നീക്കിവച്ച് ജില്ലയെ അപമാനിച്ചവർ ഇപ്പോൾ 10 കോടി രൂപ അനുവദിച്ച യു.ഡി.എഫ്.-നെ തള്ളിപ്പറയുന്ന തൊലിക്കട്ടി അപാരമാണെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. കുരുടൻ ആനയെ കണ്ടതുപോലെയാണ് അപ്പുറത്തിരിക്കുന്ന പലരുടെയും ബഡ്ജറ്റ് വിലയിരുത്തലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാസർഗോഡിന് ഒന്നും കിട്ടിയില്ലെന്നും പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് എവിടെയാണെന്ന് അറിയാത്ത അവസ്ഥയാണെന്നും തെറ്റിദ്ധാരണാജനകമായ പ്രസ്ഥാവനയുമായി ചിലർ രംഗത്ത് വരുന്നുണ്ട്. കാള പെറ്റെന്ന് കേട്ടപ്പോൾ കയറെടുത്തു എന്ന് പറയുന്നതുപോലെയാണ് അവർ ഈ ബഡ്ജറ്റിനെ വിലയിരുത്തുന്നത്. കാസർഗോഡ് പാക്കേജിനെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിലും പറഞ്ഞതാണ്. അത് ഇത്തവണയും ബഡ്ജറ്റ് പ്രസംഗത്തിൽ ആവർത്തിക്കേണ്ടതില്ലെന്ന് പരിമിതമായ എന്റെ അറിവിൽ നിന്നും ഞാൻ മനസ്സിലാക്കുന്നു. ഡിമാന്റ് ഫോർ ഗ്രാന്റിലെ വോള്യം നമ്പർ II, പേജ് നമ്പർ 403-ൽ കാസർഗോഡ് പാക്കേജിനുവേണ്ടി 72 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. നീണ്ട കാലത്തിനുശേഷം കേരളത്തിൽ സർക്കാർ തലത്തിൽ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ച യു.ഡി.എഫ്. സർക്കാർ എൻഡോസൾഫാൻ മൂലം ദുരിതം പേറുന്ന കാസർഗോഡ് ജില്ലയ്ക്കും മെഡിക്കൽ കോളേജ് അനുവദിച്ചിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്തു. പ്രസ്തുത മെഡിക്കൽ കോളേജിന് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കാസർഗോഡ് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമ്മറ്റോളജിയുടെ കീഴിൽ ഒരു സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മെഡിസിൻ

ആന്റ് പബ്ലിക്ക് ഹെൽത്ത് ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയിട്ടും കാസർഗോഡിന് ഒന്നും കിട്ടിയില്ലെന്ന് പറഞ്ഞ് ജില്ലയിലെ ജനങ്ങളുടെ വികാരം ഇളക്കിവിടാൻ ശ്രമിക്കുന്നവർ ഒന്നും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുകയാണ്. ഇന്ത്യയിൽ ഒരു ഗവൺമെന്റും ഈ രീതിയിൽ ഒരു സഹായവും അനുവദിച്ചിട്ടില്ല. കാസർഗോഡ് പ്രവർത്തിക്കുന്ന ഐ.എ.ഡി.യുടെ പ്രാധാന്യം മനസ്സിലാക്കി ധീരമായ നടപടി സ്വീകരിച്ച മാണി സാറിനെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. 22 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും 12 വിദേശ രാഷ്ട്രങ്ങളിൽ നിന്നും ഫയലേറിയാസിസ്, സോറിയാസിസ്, ലീക്കോഡെർമ്മ തുടങ്ങിയ രോഗങ്ങൾ ചികിത്സിക്കുന്നതിന് ഇവിടെ ആളുകൾ വരുന്നുണ്ട്. IAD is a lead centre for elephentiasis എന്നാണ് 2010–ൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറഞ്ഞത്. അത്തരം ഒരു സ്ഥാപനത്തെ ജില്ലയിലെ എന്റെ ചില സഹപ്രവർത്തകർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും പ്രീയപ്പെട്ട മാണി സർ അതിന്റെ മഹത്വം മനസ്സിലാക്കിയല്ലോയെന്നോർത്ത് ഞാൻ അദ്ദേഹത്തിന് നന്ദി പറയുകയാണ്. എൻഡോസൾഫാനുമായി ബന്ധപ്പെട്ടാണ് ഇന്ന് സഭയിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചത്. പ്രതിപക്ഷനേതാവ് സബ്മിഷനും കൊണ്ടുവന്നു. മുഖ്യമന്ത്രിയായി അധികാരമേറ്റയുടൻ പ്രീയപ്പെട്ട ഉമ്മൻ ചാണ്ടി സർ ആദ്യമായി ചെന്നത് സ്വന്തം നിയോജക മണ്ഡലത്തിലേയ്ക്കായിരുന്നില്ല. എൻഡോസൾഫാൻ മൂലം നരകതുല്ല്യമായ ജീവിതം നയിക്കുന്ന സഹോദരീ സഹോദരന്മാരെ കാണാൻ കാസർഗോട്ടേയ്ക്ക് കുതിക്കുകയാണ് അദ്ദേഹം ചെയ്തത്. അതിനുശേഷം അവിടെ നടപ്പിലാക്കിയ പദ്ധതികൾ ഒരു പുതിയ വെളിച്ചമല്ലേ അവിടെയുണ്ടാക്കിയത്. എൻഡോസൾഫാൻ യു.ഡി.എഫിന്റെ

സംഭാവനയല്ല. പ്രതിപക്ഷം ഭരിക്കുമ്പോഴും എൻഡോസൾഫാനും അതു മൂലം ദുരിതംപേറുന്നവരും അവിടെയുണ്ടായിരുന്നു. അന്ന് നിങ്ങൾക്ക് ചെയ്യാൻ കഴിയാത്തതിന്റെ എത്രയോ ഇരട്ടി ആനുകൂല്യങ്ങളാണ് എൻഡോ സൾഫാൻ ഇരകൾക്കുവേണ്ടി യു.ഡി.എഫ്. സർക്കാർ നൽകിയതെന്ന് എല്ലാ വർക്കും അറിയാവുന്ന കാര്യമാണ്. എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി നമ്മളെല്ലാം രാഷ്ട്രീയം മറന്ന് ഒന്നിച്ചുനിൽക്കേണ്ടതുണ്ടെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സഹോദരീസഹോദരന്മാരുടെ ദുരിതം രാഷ്ട്രീയ ലാഭം കൊയ്യാൻ ഉപയോഗപ്പെടുത്തരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഓട്ടോറിക്ഷകൾക്കും ടൂറിസ്റ്റ് കാറുകൾക്കും നികുതി വർദ്ധിപ്പിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന വിഷയമാണെന്ന് ആവർത്തിക്കാൻ ഞാനും ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകു പ്പുമന്ത്രിയുടെ പുന:പരിശോധന ഇക്കാര്യത്തിൽ വേണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. സ്വർണ്ണ ഇറക്കുമതിയിൽ ഏർപ്പെടുത്തിയ നിയന്ത്ര ണങ്ങളും സംസ്ഥാനത്തെ ഉയർന്ന മൂല്യവർദ്ധിത നികുതിയും മൂലം സ്വർണ്ണ വ്യാപാര മേഖല പ്രതിസന്ധിയിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ സ്വർണ്ണാഭരണ ങ്ങൾക്ക് ഒരു ശതമാനം മാത്രം വാറ്റ് ഈടാക്കുമ്പോൾ കേരളത്തിൽ ഇത് അഞ്ച് ശതമാനമാണ്. ഇതുമൂലം കേരളത്തിലെ ആഭരണ വ്യാപാരം മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും ഇന്ത്യയ്ക്ക് വെളിയിലേയ്ക്കും വഴിമാറിപ്പോകു ന്നുവോ എന്ന് ഞാൻ സംശയിക്കുന്നു. പരിണിതപ്രജ്ഞനായ മാണിസാർ എന്റെ സംശയം ദൂരീകരിക്കുമെന്ന് ഞാൻ കരുതുകയാണ്. 5,000 രൂപയിൽ കൂടുതൽ മൂല്യം വരുന്ന വിൽപ്പനയ്ക്ക് ബിൽ നൽകാതിരുന്നാൽ 10,000 രൂപ പിഴയോ ആറ് മാസം വരെ തടവോ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാക്കി

മാറ്റുന്ന നയം നമ്മുടെ ചെറുകിട കച്ചവടക്കാർക്ക് ദ്രോഹമാവില്ലേ എന്ന സംശയം ഞാൻ ഇവിടെ ഉന്നയിക്കുന്നു. ഞാൻ കാസർഗോഡ് നഗരസഭാ പ്രദേശത്ത് ജീവിക്കുന്ന ആളാണ്. കാസർഗോഡിന്റെ പ്രത്യേകത നമുക്കെല്ലാ വർക്കും അറിയാം. അതിർത്തി പ്രദേശവും സപ്തഭാഷാ സംഗമ ഭൂമിയുമാണത്. വിവിധ സംസ്കാരങ്ങൾ ഒത്തുകൂടി ഇന്ത്യയുടെ ഒരു പരിച്ഛേ ദമാകേണ്ട നഗരത്തിൽ ടൗൺ ഹാളിന്റെ സൗകര്യം ഇല്ലായെന്നത് നമ്മെയെല്ലാം വേദനിപ്പിക്കുന്ന കാര്യമാണ്. കുറേ വർഷങ്ങളായി അറ്റകുറ്റപ്പ ണികൾക്കായി ടൗൺ ഹാൾ അടച്ചിട്ടിരിക്കുകയാണ്. സാമ്പത്തിക പരാധീനത മൂലം നഗരസഭയ്ക്ക് പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മാണിസാറിനോട് ബഡ്ജറ്റിൽ ഇതിനുവേണ്ടി ഒരു കോടി രൂപ നീക്കിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അപേ ക്ഷിക്കുകയാണ്. അഡ്വ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ മഹാകവി പുലി ക്കോട്ടിൽ ഹൈദർ സ്മാരക മാപ്പിള കലാപഠന പരിശീലന കേന്ദ്രത്തിന് 10 ലക്ഷം രൂപ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. അതിനുവേണ്ടി 2 കോടി രൂപയായിരുന്നു ആവശ്യപ്പെട്ടിരുന്നത്. ഒരു കോടി രൂപയെങ്കിലും അനുവദി ക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ സവിനയം അപേക്ഷിക്കുന്നു. അതുപോലെ കാരുണ്യ ബനവലന്റ് പദ്ധതി മാണി സാറിന് ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിക്കൊടുത്തിരിക്കുകയാണ്. അതിർത്തി പ്രദേശമായ കാസർഗോട്ടെ സാധാരണക്കാർക്ക് അത് വേണ്ടുവോളം അനുഭവവേദ്യമാകുന്നില്ലെന്ന കാര്യം കൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുടെ ലഭ്യതയില്ലായ്മ പല

രെയും മംഗലാപുരം നഗരത്തിലെ ആശുപത്രികളെ ആശ്രയിക്കാൻ നിർബ ന്ധിതരാക്കുന്നു. എൻഡോസൾഫാൻ പദ്ധതിയുടെ കീഴിൽ ഫ്രീ മെഡിക്കൽ കെയർ മംഗലാപുരത്തെ ആശുപത്രികളിൽ ലഭിക്കുന്നു. ആയതിനാൽ കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മംഗലാപുരത്തെ ആശുപത്രികളെക്കൂടി കാരുണ്യ ബനവലന്റ് സ്കീമിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മാണിസാറിനോട് സവിനയം അപേക്ഷിക്കുകയാണ്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. എം. സാൻഡിന് നികുതി ഏർപ്പെടുത്തുകയും മെറ്റൽ ക്രഷറുകളുടെ നികുതി വർദ്ധിപ്പിക്കുകയും ചെയ്യുകവഴി പാർപ്പിട നിർമ്മാണം കൂടുതൽ ദുഷ്കരമാകില്ലേയെന്ന സംശയം കൂടി ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ട മാണിസാറിന് ഇനിയും കുറെ പൂർണ്ണചന്ദ്രന്മാരെ കാണാൻ കഴിയട്ടെ എന്നാണ് എന്റെ പ്രാർത്ഥന. അതുപോലെതന്നെ ഇവിടെ പലരും സൂചിപ്പിച്ച തുപോലെ നഗരസഭകളിലും പഞ്ചായത്തുകളിലും മുമ്പ് അംഗങ്ങളായിരുന്ന വർക്ക് പെൻഷൻ നൽകേണ്ടത് അനിവാര്യമാണ്. മറ്റൊരു കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ കായികയിനങ്ങളുടെ സംസ്ഥാന ടീമുകളിലും ജില്ലാ ടീമുകളിലും കളിച്ച പല കളിക്കാരും ഇന്ന് സാമ്പത്തികക്ലേശം കൊണ്ട് ബുദ്ധിമുട്ടുകയാണ്. അവർക്കുകൂടി പെൻഷൻ നൽകുന്ന പദ്ധതി ആവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ നമ്മുടെ സഹകരണ ബാങ്കുകളിൽ നിന്നും വി.ആർ.എസ്. എടുത്തവരുടെ കുടുംബങ്ങൾക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല. അതും ബഹുമാനപ്പെട്ട മാണി സർ ഗൗരവപൂർവ്വം പരിഗണിക്കണം. അതുപോലെ റോഡ് ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും വൻ തുക നൽകി ഫാൻസി നമ്പറുകൾ വാങ്ങുന്നവർ വാഹനം

വിൽക്കുമ്പോൾ ആ നമ്പർ നഷ്ടപ്പെടുന്നു. ഈ സാഹചര്യം കണക്കിലെ ടുത്ത് അവരോട് അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചതിന് അടുത്ത ദിവസം ഇറങ്ങിയിട്ടുള്ള പത്രവാർത്തകൾ വായിച്ചാൽത്തന്നെ ഈ ബഡ്ജറ്റ് എത്രമാത്രം ജനദ്രോഹകരമാണെന്നും ജനവിരുദ്ധമാണെന്നും നമുക്ക് ബോദ്ധ്യമാകും 'പോറ്റാൻ പോക്കറ്റടി, വിലക്കയറ്റം രൂക്ഷമാകും' മാർസിസ്റ്റ് പാർട്ടിയുടെ പത്രമല്ല മംഗളമാണ്. 'കാരുണ്യപൂർവ്വം കർഷകമാണിക്യം'- മലയാള മനോരമ; മാണിസാറിന്റെ സ്വന്തം പത്രമാണ്. എത്രമോശമായാലും മാണിസാറിനെക്കുറിച്ച് നല്ലതുമാത്രമേ എഴുതാവൂ എന്ന് നിർബന്ധബുദ്ധി യുള്ള മനോരമ അങ്ങനെ എഴുതിയില്ലെങ്കിൽ മാത്രമേ അത്ഭുതമുള്ളൂ. അതിൽ പറയുന്നത് വിലകൂടുന്നു എന്നുകൂടിയാണ്. കർഷകമാണിക്യമാണ് എന്ന് പറഞ്ഞിട്ടും വിലകൂടുകയാണ് എന്ന് കൂടി അതിൽ സൂചിപ്പിക്കുക യാണ്. 'ഹരിതം ദുരിതം കൃഷിക്ക് കൈതാങ്ങ്, ജീവിതച്ചെലവ് കുതിച്ചുയ രുന്നു' - കേരള കൗമുദി പറയുകയാണ് 'ജയ് കിസാൻ, നികുതിഭാരം കൂടും' - മാതൃഭൂമി. ബഡ്ജറ്റ് നിരാശാജനകം – ബിസിനസ്സ് ലോകമാണ്. ബിസിനസ് ലോകമെന്നുപറഞ്ഞാൽ യു.ഡി.എഫ്–നെ പിൻതാങ്ങുന്നവരാണ്. യു.ഡി. എഫ്. – കാരാണ് അവർ. അവരാണ് പറയുന്നത് മാണിസാറിന്റെ പന്ത്രണ്ടാമത് ബഡ്ജറ്റ് നിരാശാജനകം, പ്രതിഷേധാർഹം – മർച്ചന്റ്സ് യൂണി

യൻ അവർ ഞങ്ങളുടെ ആൾക്കാരല്ലല്ലോ മർച്ചന്റ്സ് യൂണിയനും പറയുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കച്ചവടക്കാരോട് അങ്ങേയറ്റത്തെ ദ്രോഹമാണ് ഈ ബഡ്ജറ്റിലൂടെ മാണിസാർ കാണിച്ചിരിക്കുന്നത്. വെളിച്ചെണ്ണ ഒഴികെ ബാക്കി എല്ലാ എണ്ണകൾക്കും നികുതി കൂട്ടിയതിനാൽ ഹോട്ടലുകളിലെ ഭക്ഷണചാർജ് കൂട്ടുകയും ഇതിന്റെ ഫലമായി ഹോട്ടലുകൾ അടച്ചുപൂട്ടേണ്ടിവരും എന്നുമാണ് ഹോട്ടൽ ഉടമകൾ പറഞ്ഞിരിക്കുന്നത്. 'കാത്തിരിക്കുന്നത് സാമ്പത്തിക അരാജകത്വം, പൊറുതിമുട്ടും; ബൈക്കിനേയും ഓട്ടോറിക്ഷയേയും വെറുതെവിട്ടില്ല' - ദേശാഭിമാനി. ഇങ്ങനെ നികുതിയുടെ കാര്യത്തിൽ മാദ്ധ്യമങ്ങളെല്ലാം ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു ബഡ്ജറ്റിനേയും മാണിസാറിനെയും എന്റെ പ്രിയ സുഹൃത്ത് ശ്രീ. എൻ. എ നെല്ലിക്കുന്ന് ആദ്യം വാനോളം പുകഴ്ത്തി. മാർക്സിസ്റ്റ് പാർട്ടിയേയും ഒരു കുത്തൽ കുത്തി. അവസാനം ഈ ബഡ്ജറ്റിൽ വിലക്കയറ്റത്തിന് ഉപകരിക്കുന്ന എന്തെല്ലാം ദ്രോഹ നടപടികളാണ്, എന്തെല്ലാം നികുതികളാണ് ഉള്ളത് എന്ന് അദ്ദേഹം അക്കമിട്ട് നിരത്തി. ഭരണപക്ഷം എന്നുള്ള നിലയ്ക്ക് ഭരണപക്ഷത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവരുന്ന ബഡ്ജറ്റിനെ അംഗീകരിക്കുകയെന്നുള്ളത് സാമാന്യമായി ചെയ്യേണ്ടതാണ്. പക്ഷേ ആദ്യം പുകഴ്ത്തി പറയുകയും അവസാനം അതിലുള്ള കാര്യങ്ങളെയെല്ലാം എണ്ണി എണ്ണി, ഇന്നിന്ന കാര്യങ്ങൾ ജനദ്രോഹകരമാണെന്ന് പറയുകയും ചെയ്യുന്നത് ഒരു വിരോധാഭാസമാണ്; എന്തിനാണ് ഇങ്ങനെ മനസ്സാക്ഷിക്ക് നിരക്കാത്ത കാര്യങ്ങൾ പറയുന്നത്? കഴിഞ്ഞ വർഷം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കാസർഗോഡ് ജില്ലയോട് കാണിച്ചിട്ടുള്ള അവഗണനയിൽ അദ്ദേഹം മാത്രമല്ല, ഞങ്ങളെല്ലാപേരും

അതിശക്തമായ അമർഷം പ്രകടിപ്പിച്ചതാണ്. ഇക്കൊല്ലം അതിൽ നിന്നും എന്താണ് വ്യത്യാസമുള്ളത്. അദ്ദേഹം പറയുന്നത് 10 കോടി രൂപ കവുങ്ങ് കൃഷിക്കാർക്കുവേണ്ടി മാറ്റി വച്ചുവെന്നാണ്. ഇത് മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ വന്നതാണ്. നമ്മുടെ കൃഷിവകുപ്പ് മന്ത്രിയും ഞാനും ശ്രീ. എൻ. എ. നെല്ലിക്കുന്നും പങ്കെടുത്ത യോഗത്തിൽ ഇക്കാര്യം നിരന്തരം പറഞ്ഞപ്പോൾ ഞങ്ങൾ അതിന് പ്രോജക്ട് ഉണ്ടാക്കുന്നു നടപ്പിലാക്കാൻ നോക്കാം എന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞതാണ്. ആ കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ടാണ് എന്റെ സുഹൃത്ത് ശ്രീ. എൻ.എ നെല്ലിക്കുന്ന്, അന്ന് കേവലം 1000 രൂപ മാത്രമേ വച്ചിട്ടുള്ളൂ; ഇപ്പോൾ മാണി സാറാണ്............. അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് കഴിഞ്ഞ മൂന്ന് കൊല്ലം നടപ്പിലാക്കിക്കൂടേ? അടയ്ക്കായ്ക്ക് സാമാന്യം മോശമല്ലാത്ത വില ഇപ്പോൾ കിട്ടുന്നുവെന്ന് എല്ലാവർക്കും അറിയാമല്ലോ, എന്നാൽ തീരെ വിലയില്ലാത്ത കാലഘട്ടമായിരുന്നല്ലോ കടന്നുപോയ രണ്ട് മൂന്ന് വർഷക്കാലം. എന്തു കൊണ്ട് അന്ന് ശ്രീ. എൻ.എ. നെല്ലിക്കുന്ന് തന്റെ പ്രിയപ്പെട്ട മാണിസാറിനോട് ഞങ്ങളുടെ കാര്യം ഇങ്ങനെയാണ്, ഞങ്ങളുടെ നാട്ടിൽ അടയ്ക്കാ കൃഷി ക്കാരാണ്, അതും ലീഗ്-കാരാണ്, കോൺഗ്രസ്-കാരാണ്, ഒന്ന് സഹായി ക്കണം, പത്ത് പൈസ കൊടുക്കണം എന്ന് പറയാനുള്ള ആർജ്ജവം കാണി ക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലല്ലോ? കഴിഞ്ഞോ? എന്താ നിങ്ങൾ ഇപ്പോൾ വന്ന് നടപ്പിലാക്കാതിരുന്നത്? ഇടതുപക്ഷജനാധിപത്യ മുന്നണി കവുങ്ങ് കൃഷിക്കാർക്ക് 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ട് ഞങ്ങളങ്ങ് പോയി. പിന്നെ നടപ്പിലാക്കേണ്ടത് നിങ്ങളല്ലേ? നിങ്ങൾ നടപ്പിലാക്കിയോ? ഇപ്പോൾ വന്ന് കുറ്റം പറയുകയാണ്. ഇതും നടപ്പിലാകാൻ പോകുന്നില്ല. പ്രിയപ്പെട്ട

എൻ. എ. നെല്ലിക്കുന്നേ മോഹന സുന്ദരവാഗ്ദാനങ്ങൾ നൽകുകയെന്നുള്ളത് യു.ഡി.എഫിന്റെ പതിവ് സ്വഭാവമാണ്. ഇവിടെയും നടക്കാൻ പോകുന്നത് ഈ 10 കോടിരൂപ കിട്ടാൻ പോകുന്നില്ല. ............പ്രഭാകരൻ കമ്മീഷനെ കുറിച്ചാണ് പിന്നെ പറയുന്നത്. കെ.പി.സി.സി പ്രസിഡന്റ്, ശ്രീ. ഉമ്മൻചാണ്ടി അതുപോലുള്ള ആളുകളെല്ലാം കാസർഗോഡ് ജില്ലയിലെ ഗ്രാമങ്ങളിലൂടെ, കോളനികളിലൂടെ സഞ്ചരിച്ചു. എന്നിട്ട് അവിടങ്ങളിലെ ജനങ്ങളുടെ ദയനീയാവസ്ഥ കണ്ടിട്ട് പറഞ്ഞു ഇതെന്തൊരു നാടാണ്. ഈ കാസർഗോഡ് എന്താ ഇങ്ങനെയായിപ്പോയത്. അതുകൊണ്ട് ഞാൻ ഒരു പദ്ധതി പ്രഖ്യാപിക്കുന്നു. അതിനാണ് പ്രഭാകരൻ കമ്മീഷനെ നിശ്ചയിച്ചതെന്നാണ് ബഹുമാനപ്പെട്ട കെ.പിസി.സി. പ്രസിഡന്റ്, ഇന്നത്തെ ആഭ്യന്തരമന്ത്രി പറഞ്ഞത്. ആ പ്രഭാകരൻ കമ്മീഷൻ നാട്ടിന്റെ മുക്കിലും മൂലയിലും പോയി സഞ്ചരിച്ചു. കഴിഞ്ഞകൊല്ലം. 11,000 കോടിയിൽപ്പരം രൂപയുടെ വികസനപദ്ധതികൾക്ക് നല്ലൊരു റിപ്പോർട്ടുണ്ടാക്കി. ഞങ്ങൾ പ്രതിഷേധിച്ചതിനുശേഷമാണല്ലോ, കഴിഞ്ഞകൊല്ലം 10 കോടി രൂപ അനുവദിച്ചത്. ആ 10 കോടി എന്തിനാ? മൂക്കുപ്പൊടി വലിക്കാനാണോ 11,000 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിട്ട് 10 കോടി രൂപ അനുവദിച്ചത് എന്തിനുവേണ്ടി ആളുകളെ പറ്റിക്കാനല്ലേ? ബഹുമാനപ്പെട്ട മെമ്പർക്കറിയില്ലേ ആളുകളുടെ കണ്ണിൽ പൊടിയിടാനല്ലേ അല്ലാതെ നടപ്പിലാക്കാൻ വേണ്ടിയല്ല. 70 കിലോമീറ്റർ നീളമുള്ള മലയോര പാതയ്ക്ക് 5 കോടി രൂപയാണ് അനുവദിച്ചത് എങ്ങനെ പാതയുണ്ടാക്കും ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ആ പണിയും തുടങ്ങിയിട്ടില്ല. എങ്ങനെ തുടങ്ങാൻ? 5 എം.എൽ.എ-മാർ ഉണ്ട്. ഏത് മണ്ഡലത്തിലാണ് തുടങ്ങുന്നതെന്ന് തർക്കമല്ലേ? അവിടെ എം.

എൽ.എ- മാരെ തമ്മിലടിപ്പിക്കാനുള്ള പദ്ധതിയാണ് മാണിസാർ ഇതിലൂടെ നടപ്പിലാക്കിയത്. നടപ്പിലാക്കാൻവേണ്ടി കഴിയുന്ന കാര്യമല്ല. ഈ വർഷം 76 കോടി രൂപ അനുവദിച്ചുവെന്നാണ് പറയുന്നത്. ബഡ്ജറ്റ് പ്രസംഗത്തിലില്ല. അങ്ങനെയാണെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പറയാമല്ലോ അതിന്റെ ബഡ്ജറ്റ് വിശദാംശങ്ങൾ ഞങ്ങൾ നോക്കിയിട്ടില്ല. ഇവിടെ പറഞ്ഞുകേട്ടത് 76 കോടി രൂപയുണ്ടെന്നാണ്. 76 കോടി രൂപ വച്ച് 11,000 കോടി രൂപയുടെ യുടെ വികസനപ്രവർത്തനം നടത്താൻ എന്റേയും നിങ്ങളുടേയും ജീവിത കാലത്ത് കഴിയുമോ? നിങ്ങളുടെ മക്കളുടെ ജീവിതകാലത്ത് കഴിയുമോ? എന്തൊരു തട്ടിപ്പാണ്? തട്ടിപ്പല്ലാതെ പിന്നെ എന്താ ഇതിനെക്കുറിച്ച് പറയാൻ? ഇങ്ങനെയുള്ള കാര്യങ്ങളാണ് ഈ ബഡ്ജറ്റിലെല്ലാം തന്നെ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നിട്ട് ഇതിനെക്കുറിച്ച് മഹത്വവത്ക്കരിച്ച് എന്താ പ്രസംഗം .... മാണിസാർ കുറച്ച് യാഥാർത്ഥ്യം മനസിലാക്കി വരികയാണ്. കഴിഞ്ഞ ബഡ്ജറ്റിലെല്ലാം തന്നെ മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ചും ഇടതുപക്ഷ ജനാധിപത്യമുന്നണിയെക്കുറിച്ചും കുത്തുവാക്കുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അതില്ല. ഇടതുപക്ഷജനാധിപത്യമുന്നണിയെന്നും സി.പി.ഐ.-എന്നുമെല്ലാം പറയുന്ന ഈ പുത്തൻ സാമ്പത്തിക നയം, അതിന്റെ ഭാഗമായിട്ടുള്ള തകർച്ച കേരളത്തിന്റെ സമ്പദ്ഘടനയിലും ഉണ്ടാകും. എല്ലാപേരും അത് സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. 2012-ൽ ധനഉത്തരവാദിത്ത നിയമത്തെക്കുറിച്ച് ഞങ്ങളെല്ലാപേരും പ്രസംഗിച്ചപ്പോൾ എന്തായിരുന്നു മറുഭാഗത്തെ പരിഹാസ്യം ...ഇപ്പോൾ എവിടെ എത്തി? ഇപ്പോൾ പറയുകയാണ്, ധനഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നത് അപ്രായോഗികമായിരിക്കുന്നു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ 14-ാം

ധനകാര്യകമ്മീഷന് സംസ്ഥാനം നൽകിയ നിവേദനത്തിൽ കമ്മിസംബന്ധമായ സാമ്പത്തിക സൂചകങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതാണ് കേന്ദ്രത്തിന്റെ അവഗണനയെന്ന് പണ്ടേ ഞങ്ങൾ പറയുന്നത്. അത് അംഗീകരിക്കാൻ തയ്യാറായല്ലോ, അവഗണിക്കുന്നില്ല എന്നാണല്ലോ മുൻപ് നിങ്ങളെല്ലാപേരും പറഞ്ഞത്.

അതുപോലെ, കേന്ദ്ര നികുതിവിഹിതം 32 ശതമാനത്തിൽ നിന്ന് 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനങ്ങൾക്കിടയിലെ നികുതി വിഭജനത്തിന് കൂടുതൽ ശാസ്ത്രീയമായ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്നും സംസ്ഥാനത്തിന്റെ നിവേദനത്തിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ശക്തമായി ആവശ്യപ്പെടുക മാത്രമേയുണ്ടാകൂ. അത് നടക്കാൻ പോകുന്ന കാര്യമല്ല. കേന്ദ്രം ഇതൊന്നും അനുവദിക്കാൻ പോകുന്നില്ല. നമ്മുടെ അനുഭവം അതല്ലേ. സംഖ്യ കുറയ്ക്കാനാണ് സാധ്യത എന്നാണ് മനസ്സിലാക്കേണ്ടത്. അപ്പോൾ മാണിസാർ കൂടുതൽ യാഥാർത്ഥ്യത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. ഈ ബഡ്ജറ്റിന്റെ 409–ാമത്തെ ഖണ്ഡികയിൽ പറയുന്നത്, – ഈ പശ്ചാത്തലത്തിൽ കേരള ധന ഉത്തരവാദിത്ത നിയമത്തിൽ നിഷ്ക്കർഷിച്ച പ്രകാരം റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 1.53% റവന്യൂ കമ്മിയും 3.10% ധനകമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. അവിടെയൊന്നും നിൽക്കാൻ പോകുന്നില്ല. ഞങ്ങൾ പറഞ്ഞാലൊന്നും നിങ്ങളുടെ തലയിൽക്കയറുകയില്ല. കഴിഞ്ഞ പ്രാവശ്യം 3000 കോടി ഉണ്ടായിരുന്നത് ഇപ്പോൾ 50000 കോടി

ആയല്ലോ. അപ്പോൾ ഈ രീതിയിലാണ് ബഡ്ജറ്റിലെ കാര്യങ്ങളെല്ലാം പോകുന്നത് അതുകൊണ്ട് അത്തരം കാര്യങ്ങളിലേക്ക് കൂടുതൽ കടക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പുതിയ നികുതികൾ, 1556 കോടി രൂപയാണ് പുതിയതായി ഇക്കൊല്ലം ചുമത്തിയത് പ്രിയപ്പെട്ട എൻ.എ. നെല്ലിക്കുന്ന്, കഴിഞ്ഞ 3 കൊല്ലം എത്ര കോടി രൂപയാണ് നിങ്ങൾ നികുതിയായി ചുമത്തിയത് എന്നു പറയാൻ കഴിയുമോ. ഇവിടെ അഞ്ചു കൊല്ലം ഞങ്ങളും ഭരിച്ചതല്ലേ, പത്ത് പൈസയുടെ നികുതി ഞങ്ങൾ ചുമത്തിയോ, അതൊരു മാതൃകയായി കാണാൻ നിങ്ങൾക്ക് കഴിയേണ്ടതല്ലേ. കാസർകോഡ് ജില്ലയിലെ നൂറുകണക്കിന് കോടി രൂപയുടെ വികസനം, മഞ്ചേശ്വരം മണ്ഡലത്തിൽ ആയിരം കോടി രൂപയുടെ വികസനമാണ്. എന്റെ മണ്ഡലത്തിൽ 400 കോടിരൂപയുടെ വികസനം, ആ വികസനമാണ് ഇപ്പോൾ ഉദ്ഘാടനം ചെയ്തത്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്ക് മലബാർ പാക്കേജിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള പാലത്തിന്റെ ഉദ്ഘാടനം നടത്താനെത്തിയത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അഞ്ച് മന്ത്രിമാരാണ്. എങ്ങനെയാണ് ദുർവ്യയം അവസാനിപ്പിക്കുന്നത്. ഒരു പാലത്തിന്റെ ഉദ്ഘാടനം നടത്താൻ വേണ്ടി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അഞ്ച് മന്ത്രിമാർ വരിക. ഇതിന്റെയെല്ലാം ഫലമായിട്ടാണ് ധനക്കമ്മിയും മറ്റുകമ്മിയുമെല്ലാം കൂടുന്നത്. കണ്ടമാനം ദുർചെലവാണ് നടക്കുന്നത്. 1556 കോടി രൂപയുടെ പുതിയ നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഏതാണ്ട് മൂന്ന് വർഷക്കാലം കൊണ്ട് 3000-ൽപ്പരം കോടി രൂപയുടെ നികുതി ബാധ്യത ഈ രാജ്യത്തെ പാവപ്പെട്ടവന്റെമേൽ അടിച്ചേൽപ്പിച്ചിട്ടുള്ള ഭരണമാണ് നിങ്ങളുടെ ഭരണം. ഞങ്ങളുടെ ഗവൺമെന്റ് ഒരു ചില്ലിക്കാശുപോലും അധികമായി നികുതി ചുമത്തിയിട്ടില്ല. അതൊരു

മാതൃകയാക്കി എടുക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല എന്നിട്ട് നികുതി വർദ്ധിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി എന്തൊരു ആഘോഷമാണിവിടെ നടത്തുന്നത്. 4500 കോടി രൂപയിലേറെ നികുതി കുടിശ്ശികയാണ് പിരിച്ചെടുക്കാനുള്ളത്. ഇവിടെ പോലീസും പട്ടാളവുമില്ലേ, മാർക്സിസ്റ്റുകാരെ തല്ലാനും കൊല്ലാനും വരുന്ന പോലീസുകാരും ആളുകളുമിവിടെ ഇല്ലേ, എന്തുകൊണ്ടാണ് ഇത് പിരിച്ചെടുക്കാത്തത്. 4500 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുത്തിരുന്നുവെങ്കിൽ 1556 കോടി രൂപയുടെ പുതിയ നികുതിയുടെ ആവശ്യമുണ്ടോ? അപ്പോൾ വെറുതെ ആളുകളെ പൊട്ടൻമാരാക്കുകയാണ്, ജനങ്ങളെ പട്ടികളാക്കുകയാണ്. ഈ രീതിയിലുള്ള സമീപനമാണ് യൂ.ഡി.എഫിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് എന്നാണ് എനിക്ക് പറയുവാനുള്ളത്. എന്റെ മണ്ഡലത്തിലെ വളരെ ദയനീയമായ ഒരു കാര്യം കൂടി പറയാനുണ്ട്. ഇ.എം.എസ്.–നെക്കുറിച്ച് എല്ലാവർക്കും അറിയാമല്ലോ. ഈ ലോകത്തിനു കേരളത്തിന്റെ ഒരു സമ്മാനമാണ് ഇ.എം.എസ്. അദ്ദേഹം നീലേശ്വരത്ത് നിന്നും വിജയിച്ച് കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായി. അങ്ങനെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്.–ന്റെ നൂറാം ജന്മവാർഷികം പ്രമാണിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി അദ്ദേഹത്തിന്റെ സ്മാരകമായി ഒരു സ്റ്റേഡിയം നീലേശ്വരത്ത് പണിയുന്നതിന് തീരുമാനിച്ചു. 2 കോടി രൂപ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചിരുന്നു. അടുത്ത കൊല്ലത്തെ 1 കോടിരൂപ കൂടി ചേർത്ത് 3 കോടി രൂപ മൊത്തം അനുവദിച്ചു. ഞങ്ങളുടെ ഗവൺമെന്റ് പോയി, ആ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ ഈ ഗവൺമെന്റ് വന്നപ്പോൾ എന്താണ് ചെയ്തത്. അത് എടുത്തുകളഞ്ഞു, ബഡ്ജറ്റിലേയില്ല. ഞാൻ മാണിസാറിന്റെ അടുത്തുപോയി, ഇ.എം.

എസ്-നോട് കാണിക്കുന്ന നിന്ദയാണ്, നന്ദികേടാണ് ഇതെന്ന് പറഞ്ഞു. അയ്യോ, ഇ.എം.എസിനെ മറക്കാനോ, അങ്ങനെ മറക്കാൻ കഴിയുമോ, ഞാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്താമെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ, ഈ ബഡ്ജറ്റിലുമില്ല. ഇ.എം.എസ്-നോട് ഇങ്ങനെയൊരു നന്ദികേട് കാണിക്കാമോ? ഇത് വളരെ മോശമായിപ്പോയി. മാണിസാറിനെപ്പോലെ മാന്യനായ, പന്ത്രണ്ട് ബഡ്ജറ്റുകൾ അവതരിപ്പിച്ച ഒരു നേതാവ് ഇ.എം.എസ്.-നെപ്പോലുള്ള ആളുകളോട് നെറികേട് കാണിച്ചു, നിന്ദ കാണിച്ചു എന്നത് ഓർക്കാൻപോലും കഴിയുന്നില്ല. അദ്ദേഹം ഇത് കേൾക്കാത്തതുകൊണ്ട് ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഇത് പെടുത്തുകയും ഇ.എം.എസ്.-ന് സമുചിതമായിട്ടുള്ള ഒരു സ്മാരകം എന്ന നിലയിൽ നീലേശ്വരത്ത് സ്റ്റേഡിയം, അവിടെ സ്ഥലവും മറ്റെല്ലാ സൗകര്യങ്ങളുമുണ്ട്, അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 'കേരം തിങ്ങും കേരളനാട്' എന്ന പ്രയോഗം കവിതയിൽ മാത്രമാക്കി കൃഷിയെ ജീവിതത്തിന് പുറത്തുനിർത്തുന്ന ഒരു സമൂഹമായി കേരളം മാറുന്ന കാലത്ത് നമ്മുടെ അതിജീവനം കൃഷിയിലൂടെ മാത്രമാണെന്ന വ്യത്യസ്തവും പ്രായോഗികവുമായ കാഴ്ചപ്പാട് പങ്കു വയ്ക്കുന്നതാണ് ഈ ബഡ്ജറ്റ്. കർഷകർക്ക് അനുകൂലമായ ബഡ്ജറ്റ് എന്ന് പൊതുവെ

വിലയിരുത്തപ്പെട്ട ഈ ബഡ്ജറ്റിനെ കേരളത്തിന്റെ ഭാവിയെ കരുതിയുള്ള ബഡ്ജറ്റാണെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. വിദ്യാർത്ഥി കൾക്കും ഒപ്പം യുവസംരംഭകർക്കും മുമ്പെങ്ങുമില്ലാത്തവിധം പ്രാധാന്യം ഈ ബഡ്ജറ്റ് നൽകുകയാണ്. ബഡ്ജറ്റ് എന്നാൽ ഒരു നാടിന്റെ ഭാവിയുടെ ബ്ലൂപ്രിന്റാണ്. നാം കെട്ടിപ്പടുക്കുവാൻ പോകുന്ന ക്ഷേമസമൂഹത്തിന്റെ അടി സ്ഥാനശിലകൾ ഈ ബഡ്ജറ്റിലെമ്പാടും പ്രകടമാണ്. കൃഷിയോടൊപ്പം മത്സ്യമേഖലയ്ക്കും ഏറെ പ്രാധാന്യം കൊടുത്ത, അടിസ്ഥാനവർഗ്ഗത്തിന് അനുഗ്രഹം ചൊരിഞ്ഞ ബഡ്ജറ്റായി ഇത് മാറുകയാണ്. സംസ്ഥാനത്തെ ഏറ്റവും ശക്തമായ അടിസ്ഥാന തൊഴിൽ മേഖലയായ മത്സ്യമേഖലയ്ക്ക് ആഹ്ലാദം പകർന്നുകൊണ്ട് മണ്ണെണ്ണ സബ്സിഡി എന്ന ആവശ്യം ബഡ്ജറ്റി ലൂടെ അംഗീകരിച്ച് 100 കോടി രൂപ മാറ്റിവച്ചതിന് മാണിസാറിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. മത്സ്യവിപണന കേന്ദ്രങ്ങൾക്കായി 177 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പുത്തൻ മത്സ്യവിപണന കേന്ദ്രങ്ങൾ വികസിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 30 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഏറ്റവും നീളം കൂടിയ തീരപ്രദേശമുള്ള സംസ്ഥാനമെന്ന നിലയിൽ കേരള ത്തിന്റെ തീരങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്ന നയമാണ് ഇതിൽകൂടി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതി നുള്ള സംവിധാനങ്ങൾ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് കാര്യമായിട്ടില്ല. ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരി ക്കുകയാണ്. കൂടുതൽ മത്സ്യം ലഭിക്കേണ്ട സമയങ്ങളിൽ മത്സ്യം കേടുകൂ ടാതെ സംഭരിച്ചുവയ്ക്കുന്നതിന് വലിയ തോതിലുള്ള സംഭരണശാലകൾ

ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ നമുക്കുണ്ട്. കൂടാതെ പുറത്തു നിന്നും കൊണ്ടുവരുന്ന മത്സ്യം പാഴാകാതിരിക്കുവാൻ പലതരം മരുന്നുകൾ ചേർക്കുന്നതുമൂലം ഇതുപയോഗിക്കുന്നവർക്ക് പല രോഗങ്ങളും പിടിപെടുകയാണ്. ഇതിനെല്ലാം പരിഹാരമുണ്ടാക്കുവാൻ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാനുള്ള സംഭരണശാലകൾ അനുവദിച്ചാൽ അത് കേരളത്തിലെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾക്കും മത്സ്യം വിറ്റ് ഉപജീവനം നടത്തുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്കും പ്രയോജനം ചെയ്യും. അതുകൊണ്ട് അതിനുവേണ്ടി ഒരു പ്രത്യേക പരിഗണന നൽകണമെന്ന് ബഹുമാനപ്പെട്ട മാണിസാറിനോട് ഞാൻ അഭ്യർത്ഥിക്കുന്നു. ചെറുപ്പക്കാരുടെ സംരംഭങ്ങളായ നിരവധി സ്റ്റാർട്ടപ്പ് പ്രോജക്ടുകൾ നാടെങ്ങും മുളച്ചുവരുന്നുണ്ട്. വൻമുതൽമുടക്കില്ലാതെ വലിയ സ്വപ്നങ്ങൾ മാത്രം മുതൽമുടക്കി തുടങ്ങുന്ന ഇതുപോലെയുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വളർച്ചയുടെ മറ്റൊരു ഘട്ടത്തിൽ പിന്തുണയുമായി എത്തുന്നവരെ എയ്ഞ്ചൽ ഇൻവെസ്റ്റർ എന്നാണ് മാനേജ്മെന്റ് വിദഗ്ദ്ധൻമാർ വിലയിരുത്തുന്നത്. ബഡ്ജറ്റിലൂടെ മാണിസാർ നിക്ഷേപകരായ ചെറുപ്പക്കാരുടെ മാലാഖയായി മാറിയിരിക്കുകയാണ്.

തകഴിയുടെ കാലംമുതൽ ഔതക്കുട്ടിയുടെ പിടിയിലാകുന്ന കേശവൻ നായന്മാരായിരുന്നു കേരളത്തിലെ കർഷകരിൽ ബഹുഭൂരിപക്ഷവും. കൊള്ളപ്പലിശക്കാരിൽ നിന്ന് കടം വാങ്ങി കൃഷി നടത്തിയിരുന്ന കർഷകരിൽ ബഹുഭൂരിപക്ഷംപേർക്കും കടംമാത്രമായിരുന്നു മിച്ചമുണ്ടായിരുന്നത്. ഇതിനുള്ള ഒരു മാറ്റമാണ് ഈ ബഡ്ജറ്റിലൂടെ മാണിസാർ പരിഹാരം കണ്ടിരിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി 90% പ്രീമിയം നൽകികൊണ്ട് കർഷക ഇൻ

ഷുറൻസ് പദ്ധതി പ്രഖ്യാപിച്ചതും രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഒരു ഇൻകം ഗ്യാരന്റി സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി 50 കോടി രൂപ മാറ്റിവച്ചതും ചരിത്രത്തിന്റെ ഭാഗമാകുകയാണ്. രണ്ടു ഹെക്ടറിനുതാഴെ കൃഷിഭൂമിയുള്ള കർഷകർക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരിക്കുന്നു. അതിനും 50 കോടി രൂപ മാറ്റിവച്ചതിന് മാണിസാറിനെ അഭിനന്ദിക്കുന്നു. ഒരു ഹെക്ടറിനുതാഴെ കൃഷിഭൂമിയോ രണ്ടര ഹെക്ടറിനുതാഴെ നെൽകൃഷിയോ ഉള്ള ചെറുകിട കർഷകർക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും ലാപ്ടോപ്പ് നൽകുവാൻ മാണിസാർ തീരുമാനിച്ചിരിക്കുന്നു. പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഇപ്പോൾ ഈ തീരുമാനം വന്നിരിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുമാത്രമല്ല ആൺകുട്ടികൾക്കുകൂടി കൊടുക്കുവാൻ അങ്ങ് മുൻകൈ എടുക്കണമെന്ന് പ്രത്യേകം ആവശ്യപ്പെടുകയാണ്. അതോടൊപ്പം കർഷകരെപ്പോലെ ഏറ്റവും ദുരിതം അനുഭവിക്കുന്ന ആളുകളാണ് കർഷക തൊഴിലാളികൾ. കർഷകരുടെ കൃഷിയിടങ്ങളിൽ രാപ്പകലില്ലാതെ കഷ്ടപ്പെടുകയും വിയർപ്പൊഴുക്കുകയും ചെയ്യുന്നവരുടെ വിയർപ്പിന്റെ ഫലമാണ് കർഷകർകൂടി അനുഭവിക്കുന്നത്. അതുകൊണ്ട് കർഷകർക്ക് കൊടുക്കുന്ന ഈ ആനുകൂല്യങ്ങൾ തീർച്ചയായും കർഷകത്തൊഴിലാളികൾക്കുകൂടി കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മാണിസാർ എഞ്ചിനീയറിംഗ്, മെഡിസിൻ പോലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കർഷകത്തൊഴിലാളികളുടെ വിദ്യാർത്ഥിനികൾക്കുകൂടി ലാപ്ടോപ് കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

പട്ടിക വികസന വകുപ്പിൽനിന്നും എഞ്ചിനീയറിംഗ് മെഡിസിൻ കോഴ്സുകൾക്ക് മാത്രം പഠിക്കുന്നവർക്കേ ഇപ്പോൾ ലാപ്ടോപ് കൊടുക്കുവാൻ കഴിയുന്നുള്ളു. ഈ പദ്ധതി മറ്റ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുകൂടി കർഷകർക്കുള്ള മക്കൾക്ക് ലഭിക്കുമ്പോൾ ഏറ്റവും പിന്നോക്കം നില്ക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കുകൂടി ലാപ്ടോപ് കൊടുക്കുവാനുള്ള അനുമതിക്ക് ഉത്തരവ് ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ബഡ്ജറ്റിൽ പട്ടികജാതി ക്ഷേമത്തിനായി 1034.42 കോടി രൂപയും പട്ടികവർഗ്ഗത്തിനായി 460.78 കോടി രൂപയും വകയിരുത്തിയതിന് നന്ദി പറയുകയാണ്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ മഹാഭൂരിപക്ഷം പേരും ഇന്നും ദാരിദ്ര്യവും പട്ടിണിയും കഷ്ടപ്പാടും അനുഭവിച്ച് കഴിയുന്നവരാണ്. ഇന്നും പല കോളനികളിലേയ്ക്കും കടന്നുചെല്ലുമ്പോൾ അവരുടെ സ്ഥിതി അതിദയനീയമാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റുമായ ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിൽ ഗാന്ധിഗ്രാം പരിപാടി നടത്തപ്പെടുകയുണ്ടായി. അദ്ദേഹത്തോടൊപ്പം 14 ജില്ലകളിലും കടന്നുചെന്നപ്പോൾ ഓരോ കോളനികളിലേയും സ്ഥിതി നേരിൽ കാണുവാൻ അവസരമുണ്ടായി. പല ജില്ലകളിലും വ്യത്യസ്തമായ പ്രശ്നങ്ങളാണ് നിലനിൽക്കുന്നത്. പല സ്ഥലങ്ങളിലും ദയനീയമായ അവസ്ഥയാണ് നിലനിൽക്കുന്നത്. തലസ്ഥാന നഗരിയായ തിരുവനന്തപുരം ജില്ലയിലെ ശ്രീ. പാലോട് രവിയുടെ മണ്ഡലമായ നെടുമങ്ങാട്ടുള്ള ഏകദേശം മൂന്നൂറോളം കുടുംബങ്ങൾ അധിവസിക്കുന്ന അപ്പോള കോളനിയിലേക്ക് കടന്നു ചെന്നപ്പോൾ അവിടെ മൂന്ന് സെന്റ് വീട്ടിൽ നാലോളം കുടുംബങ്ങൾ ഒന്നിച്ച് താമ

സിക്കുന്ന ദയനീയാവസ്ഥ കാണുവാൻ കഴിയുകയുണ്ടായി. അവിടെ പ്രാഥമികാവാശ്യങ്ങൾപോലും നിർവ്വഹിക്കാൻ നിവൃത്തിയില്ലാതെ ഒത്തിരിയേറെ കുടുംബങ്ങൾ അവിടെ ചെലവഴിക്കുകയാണ്. വിവാഹം കഴിച്ച് പുതിയ കുടുംബങ്ങളായി മാറുമ്പോൾ അവർക്ക് മറ്റൊരു സ്ഥലത്തേക്ക് പോയി തല ചായ്ക്കുവാൻ ഇടമില്ലാതെ സ്വന്തം വീടുകളിൽത്തന്നെ വീണ്ടും വീണ്ടും ചെറിയ ചെറിയ പോർഷനാക്കി തിരിച്ചുകൊണ്ട് അവിടെതന്നെ കഴിയുന്ന അവസ്ഥയാണ് ഇന്നും പല കോളനികളിലും പട്ടികജാതി ജനവിഭാഗങ്ങളുടെയിടയിൽ കാണുവാൻ കഴിയുന്നത്. കെ.പി.സി.സി. പ്രസിഡന്റിന്റെ സന്ദർശനത്തിനുശേഷം ഒരു കോടി രൂപയുടെ പണം ആ കോളനിയുടെ വികസനത്തിനുവേണ്ടി കൊടുത്തെങ്കിലും ഇപ്പോൾ നൂറുകണക്കിനും ആയിരക്കണക്കിനുമുള്ള കോളനികൾ കേരളത്തിൽ ഇപ്പോഴും ഇതേ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ നാം ഭൂരഹിതകേരളം നടപ്പിലാക്കി വരുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പായി കേരളത്തിൽ മുഴുവനാളുകൾക്കും ഭൂമി കൊടുക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു ലക്ഷം പേർക്ക് പട്ടയം കൊടുത്തുകൊണ്ട് അതിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. കണ്ണൂർ ജില്ലയെ ആദ്യ ഭൂരഹിത ജില്ലയായി പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ബാക്കി ജില്ലകളിലുള്ളവർക്കുകൂടി ഭൂമി കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത് കേരളത്തിലെ പട്ടികജാതിക്കാരായ ഭൂമിയില്ലാത്ത നിരവധി ആളുകൾ ഇന്നും പലപ്രദേശങ്ങളിലും കോളനികളിലും അധിവസിക്കുന്നു. ഇന്ന് ഭൂമി

വാങ്ങിക്കുവാൻ അവർക്ക് അനുവദിച്ചിരിക്കുന്ന തുക എന്നുപറയുന്നത് ഏകദേശം ഒരു ലക്ഷത്തി അമ്പതിനായിരം രൂപയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 75000 രൂപയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി എ.പി. അനിൽ കുമാർ അത് ഇരട്ടിയാക്കി വർദ്ധിപ്പിക്കുകയുണ്ടായി. അത് പഞ്ചായത്തുകളിലും ഗ്രാമങ്ങളിലും ഭൂമി വാങ്ങുന്ന കാര്യം നമുക്ക് ആലോചിക്കുവാൻ സാധിക്കുകയില്ല. പക്ഷേ, ഒന്നര ലക്ഷം രൂപയ്ക്ക് കേരളത്തിലെ ഏത് പഞ്ചായത്തുകളിലാണ് ഭൂമി ലഭിക്കുക എന്നറിയില്ല. വെള്ളവും വെളിച്ചവും റോഡുകളുമില്ലാത്ത പ്രദേശങ്ങളിൽപോലും 50000 രൂപയ്ക്ക് മൂന്നു സെന്റ് അല്ലെങ്കിൽ ഒന്നര ലക്ഷം രൂപയ്ക്ക് മൂന്ന് സെന്റ് സ്ഥലം ഭൂമിയും ലഭിക്കില്ല എന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നില്ക്കുമ്പോൾ ഈ തുക വർദ്ധിപ്പിക്കുവാൻ അങ്ങയുടെ ഭാഗത്തുനിന്നുള്ള നിലപാടുണ്ടാകണമെന്ന് പറയുന്നു. അതോടൊപ്പം വീട് പണിയുന്നതിനുള്ള സാമ്പത്തിക ധനസഹായം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ലക്ഷം രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അത് രണ്ടു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയുണ്ടായി. പക്ഷേ, രണ്ടു ലക്ഷം രൂപയ്ക്ക് ഇന്നത്തെ സാധനങ്ങളുടെ വിലക്കയറ്റവും അതുപോലെ കൂലിവർദ്ധനവും കാരണം വീടിന്റെ പകുതി പണിപോലും പൂർത്തിയാക്കുവാൻ കഴിയാതെ വിഷമിക്കുകയാണ് പല ആളുകളും. അതുകൊണ്ട് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മാണിസാർ വീടു വയ്ക്കുവാനും സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഇപ്പോൾ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 100 കോടി കുറവാണെന്നും കുറച്ചുകൂടി വർദ്ധിപ്പിച്ച് കേരളത്തിലെ ഇപ്പോഴത്തെ സാഹചര്യത്തിന് മാറ്റമുണ്ടാക്കണ

മെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 50000 രൂപ വരെയാണ് ഇപ്പോൾ കടം എഴുതിത്തള്ളിക്കൊണ്ടിരിക്കുന്നത്. 50000 രൂപ കടമെന്നുള്ളത് ഒരു ലക്ഷ മാക്കി വർദ്ധിപ്പിക്കണം. എത്രയോ കടങ്ങൾ കിട്ടാതെപോകുന്നു. എത്രയോ കടങ്ങൾ നാം എഴുതിത്തള്ളുന്നു. അതുകൊണ്ട് പട്ടികജാതിക്കാരായ ആളുക ൾക്കുള്ള കടം അമ്പതിനായിരത്തിൽ നിന്ന് ഒരു ലക്ഷമാക്കുന്നതിന് യാതൊരു മടിയും കൂടാതെ പ്രത്യേക തുക മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥി ക്കുകയാണ്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നി ത്തലയുടെ ഗാന്ധിഗ്രാം പരിപാടിയിൽ അദ്ദേഹത്തിന്റെ അവസാന പരിപാടി കഴിഞ്ഞപ്പോൾ പട്ടികജാതിക്കാരുടെ കടമെന്നുള്ളത് 50,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തുവാൻ അദ്ദേഹം ഗവൺമെന്റിനോട് ആവശ്യ പ്പെട്ടു. ഇതേ ആവശ്യം ബഹുമാനപ്പെട്ട മാണിസാർ ഒരു പ്രത്യേക തുക മാറ്റി വയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ പട്ടികജാതി വികസന വകുപ്പ് പാലക്കാട് ഒരു മെഡിക്കൽ കോളേജ് തുടങ്ങുവാൻ വേണ്ടി ഈ ഗവൺമെന്റ് വന്നപ്പോൾ അതിനുള്ള തുടക്കം കുറിച്ചു. മന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ നേതൃത്വത്തിൽ അതിനുള്ള പ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിൽ മുന്നോട്ടുപോകുകയാണ്. ഇന്നിപ്പോൾ ആ മെഡിക്കൽ കോളേജ് സ്ഥാപിച്ചാൽ ഏകദേശം 70 ശതമാനത്തോളം സീറ്റുകളിൽ പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ കഴിയും. കേരളത്തിലെ പതിനാലോളം കോളേജുകളിൽ പഠിക്കുന്ന അതേ സീറ്റുകൾ ഈ ഒറ്റ കോളേജിൽനിന്ന് ലഭിക്കുവാൻ പോകുകയാണ്. നിരവധി കുടുംബ ങ്ങൾ ഇതുവഴി രക്ഷപ്പെടുക എന്നുമാത്രമല്ല പാലക്കാടിന് സ്വന്തമായി ഒരു

മെഡിക്കൽ കോളേജും ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് ഡിപ്പാർട്ടുമെന്റിന്റെ പണം ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ മെഡിക്കൽ കോളേജ് തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. അങ്ങയുടെ കാരുണ്യം നിറഞ്ഞ മനസ്സ് പട്ടികജാതി ജനവിഭാഗത്തോട് കാണിക്കണം. അടിയന്തരമായി മെഡിക്കൽ കോളേജിന്റെ പണി തുടങ്ങുവാനാവശ്യമായ തുക അനുവദിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. പട്ടികജാതി ക്കാർക്ക് എയ്ഡഡ് മേഖലയിൽ ഒരു കോളേജ് തുടങ്ങുവാൻ ഇതുവരെ സാധിച്ചിട്ടില്ല. മഹാനായ അയ്യങ്കാളി ജീവിച്ചിരുന്ന കാലഘട്ടത്തിൽ എനിക്കൊരു ഒരു ബി.എ. കാരനെയെങ്കിലും കണ്ടിട്ട് മരിച്ചാൽ മതിയെന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ മരണശേഷം ഇന്ന് ലക്ഷക്കണെ ക്കിന് ബി.എ. കാരും അതുപോലെ ഈ സമുദായത്തിൽ നിരവധി എഞ്ചിനീ യർമാരും ഡോക്ടർമാരും ഐ.എ.എസ്സുകാരും ഐ.പി.എസു.കാരും നിര വധി ശാസ്ത്രജ്ഞന്മാരടക്കമുള്ള ആളുകളുണ്ടായി. കേരളത്തിന് പ്രഥമ പൗരനായി രാഷ്ട്രപതി കെ. ആർ. നാരായണനെ ലഭിക്കുകയുണ്ടായി. പക്ഷേ, കേരളത്തിൽ ഇതുവരെ എയ്ഡഡ് മേഖലയിൽ ഒരു കോളേജ് തുട ങ്ങുവാൻ കഴിഞ്ഞിട്ടില്ല. മറ്റ് സമുദായങ്ങൾക്കെല്ലാം കോളേജുകൾ തുടങ്ങു വാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിന്നിരുന്ന കേരളത്തിലെ സമുദായങ്ങൾ പട്ടികജാതിക്കാരും മുസ്ലീങ്ങളു മായിരുന്നു. ഇന്ന് മുസ്ലീം സമുദായത്തിന്റെ പേരിൽ നിരവധി സ്ഥാപനങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിരിക്കുന്നു. അവർക്ക് വിദേശ രാജ്യങ്ങളിൽ നിന്നും ഗൾഫ് നാടുകളിൽ നിന്നും കഷ്ടപ്പെട്ട് പണിയെടുക്കുന്ന ആയിരക്കണക്കിന് പുതിയ ആളുകൾ ഇവിടേയ്ക്ക് സാമ്പത്തിക സഹായം ചെയ്യുമ്പോൾ അവർക്ക് അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നു. പക്ഷേ, പട്ടികജാതി

ക്കാർക്ക് ഇതുവരെ ഒരു കോളേജ് തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മാണിസാറിനോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് എയ്ഡഡ് മേഖലയിൽ ഒരു കോളേജ് തുടങ്ങുവാൻ അങ്ങ് അനുമതി കൊടുക്കണം. ബഹുമാനപ്പെട്ട മന്ത്രി എ. പി. അനിൽ കുമാറിനോട് സംസാരിച്ചപ്പോൾ മാണിസാർ കോളേജ് അനുവദിച്ചാൽ തീർച്ചയായും അതിനുള്ള ഫണ്ട് കണ്ടെത്തുവാനും സ്ഥലം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞത്. അതുകൊണ്ട് ബഹുമാനപ്പെട്ട മാണിസാർ ഇതിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മാണി സാർ അങ്ങ് നടത്തുന്ന കാരുണ്യ ബെനവലന്റ് സ്കീം അത് കേരളത്തിലെ ഒത്തിരി ആളുകൾക്ക് പ്രയോജനം ചെയ്തുവരികയാണ്. ഒത്തിരിയേറെ നിത്യരോഗികളെ അങ്ങ് ജീവിതത്തിൽ നിന്നും കൈപിടിച്ച് ഉയർത്തിക്കൊണ്ടുവന്നു. കാരുണ്യ ബെനവലന്റ് സ്കീമിൽ ഇന്ന് ഒരു ലോട്ടറിവച്ചാണ് നടത്തികൊണ്ടിരിക്കുന്നത്. ഏകദേശം പതിനായിരത്തോളം കോടി രൂപ പിരിഞ്ഞുകിട്ടുമ്പോൾ ഏകദേശം 25000 കോടി രൂപയോളം ഇതിനുവേണ്ടി ചെലവഴിക്കപ്പെടേണ്ടിവരുന്നു. പുതിയ പുതിയ രോഗികളുണ്ടാകുന്നു, പുതിയ പുതിയ ആവശ്യക്കാർ ഉണ്ടാകുന്നു. അപ്പോൾ പുതിയ രോഗികളും പുതിയ ആവശ്യക്കാരുമുണ്ടാകുമ്പോൾ തീർച്ചയായും പുതിയ ലോട്ടറി തുടങ്ങുവാൻ ആവശ്യപ്പെട്ടപ്പോൾ അത് സന്മനസ്സോടുകൂടി ഒരു ലോട്ടറി തുടങ്ങുവാൻ അദ്ദേഹം തീരുമാനിച്ചതിനെ പ്രത്യേകം ഞാൻ അഭിനന്ദിക്കുകയാണ്.

ആയിരങ്ങളാണ് അങ്ങേയ്ക്കുവേണ്ടി അമ്പലങ്ങളിലും പള്ളികളിലുംപോയി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാ

ലത്ത് ഇവിടെ ലോട്ടറി നടത്തിയത് എന്തിനുവേണ്ടിയായിരുന്നുവെന്ന് നമു ക്കെല്ലാവർക്കുമറിയാം. ലോട്ടറി രാജാവായ സാന്റിയാഗോ മാർട്ടിന് കോടിക്ക ണക്കിന് രൂപ കൊണ്ടുപോകാൻ വേണ്ടി കേരളത്തിൽ ലോട്ടറി നടത്തിയ പ്പോൾ ഇന്ന് മാണി സാർ ആരുടേയും അശ്രയമില്ലാത്ത രോഗികളായ പാവ ങ്ങൾക്കുവേണ്ടി, ഗുരുതരമായ രോഗം ബാധിച്ചുകിടക്കുന്നവർക്കുവേണ്ടി ലോട്ടറി നടത്തിക്കൊണ്ട് മുന്നോട്ടുപോകുന്നു. അതിഗുരുതരമായ രോഗം ബാധിച്ച ധാരാളം ആളുകളെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ കഴിഞ്ഞതിൽ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കേരളത്തിൽ പുതി യതായി തുടങ്ങുന്ന ലോട്ടറിക്ക് അങ്ങയുടെ പടംവച്ച് അങ്ങയുടെ പേരിട്ടു തന്നെ ലോട്ടറി ഇറക്കിയാൽ എത്രയോ ആളുകൾ സന്തോഷത്തോടുകൂടി ആ ലോട്ടറി വാങ്ങുവാൻ തയ്യാറാകും. നിത്യരോഗികളായ പാവങ്ങൾക്ക് പ്രതിമാസം ആയിരം രൂപവീതം ചികിത്സാ സഹായംകൊടുക്കുവാൻ അങ്ങ് ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചത് അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. എത്രയോ ആളുകളാണ് പലപ്പോഴും മരുന്നുവാങ്ങുവാൻ പണമി ല്ലാതെ വിഷമിച്ച് നടക്കുന്നത്. പലപ്പോഴും ചികിത്സയ്ക്കായി സർക്കാരാശുപ ത്രികളിൽ അഭയം പ്രാപിക്കുമ്പോൾ കൂടുതൽ പരിശോധനകൾക്കായി കുറി ച്ചുകൊടുത്താൽ ഒരു ഇ.സി.ജി. എടുക്കണമെങ്കിൽ അല്ലെങ്കിൽ ഒരു എക്സറേ എടുക്കണമെങ്കിൽ പണമില്ലാത്തതിന്റെ പേരിൽ അഭിമാനബോധം കാരണം പലരും പുറത്തുപറയാൻ മടിച്ച് തുടർചികിത്സ വേണ്ടെന്നുവച്ച് ഉള്ള മരുന്ന് കഴിച്ചുകൊണ്ട് വീട്ടിലിരിക്കുന്ന എത്രയോ ആളുകൾ നമ്മുടെ സമൂഹത്തിലുണ്ട്. അതുകൊണ്ടാണ് നിത്യരോഗികളായവർക്ക് ആയിരം രൂപവീതം പ്രതിമാസം കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. കെ. എം. മാണി എന്നാൽ കരിങ്ങോഴക്കൽ മാണി എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇന്നിപ്പോൾ കെ.എം. മാണി എന്നാൽ കാരുണ്യമുള്ള മനസ്സുള്ളവൻ മാണി എന്നാണ് കേരളത്തിലെ ജനങ്ങൾക്കിടയിൽ അറിയപ്പെടുന്നത്. ഇത്രയും കാരുണ്യം കാണിക്കുന്ന മാണിസാറിനെക്കുറിച്ച് എന്തൊക്കെ ആരോപണ ങ്ങളാണ് പ്രതിപക്ഷത്തുനിന്നും പറഞ്ഞുകൊണ്ടിരിക്കുന്നത്. കെ.എം. മാണി എന്നാൽ കുട്ടിയമ്മ ചേച്ചിയോടും മോനോടും മാത്രം സ്നേഹമുള്ളവൻ എന്ന് ചില ദോഷൈകദൃക്കുകൾ പറഞ്ഞുനടക്കുന്നുണ്ട്. കേരളത്തിൽ ഒരാ ളെങ്കിലും ഇനി അത് പറഞ്ഞുനടന്നാൽ സാധാരണക്കാരായ ആളുകൾ ചൂലുവച്ച് അടിച്ചോടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശവയുമില്ല. അങ്ങ് നിഷ്പക്ഷനായ ഒരു ധനമന്ത്രിയാണെന്ന് പ്രതിപക്ഷംപോലും സമ്മതി ക്കും. രണ്ടര വർഷത്തിനിടയിൽ പ്രതിപക്ഷത്തിന് ഏറ്റവും കൂടുതൽ പണം കൊടുത്തു എന്നുള്ളത് മാണിസാർ ഇവിടെ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഇക്കാര്യം മാണി സാർ സഭയിൽ പരസ്യമായി സമ്മതിച്ചപ്പോൾ പ്രതിപക്ഷ ത്തിരുന്ന ഒരാളുപോലും അതിനെതിരായി ഒന്നും പറഞ്ഞില്ല. ഭരണപക്ഷത്തേ ക്കാൾ ഏറ്റവും കൂടുതൽ പണം കൊടുത്തിരിക്കുന്നത് പ്രതിപക്ഷത്തിനുത ന്നെയാണ്. ഞങ്ങൾക്ക് മാണിസാറിനോട് അഭ്യർത്ഥിക്കാനുള്ളത് ഞങ്ങൾ എൽ.കെ.ജി.-യും യു.കെ.ജി.-യും കഴിഞ്ഞ് ഒന്നാംക്ലാസിൽ വന്നിരിക്കുക യാണ്. ഇനിയുള്ള രണ്ടര വർഷത്തിനുള്ളിൽ പുറകിലിരിക്കുന്ന ഞങ്ങളുടെ കാര്യംകൂടി ബഹുമാനപ്പെട്ട മാണിസാർ മനസുതുറന്ന് പരിഗണിക്കണം എന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗി ക്കുന്നു. ഓട്ടോറിക്ഷാ വാങ്ങുന്നവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സംസാരിച്ച എല്ലാവരും സൂചിപ്പിച്ചു. അങ്ങ് പാവപ്പെട്ടവരോട് ഇത്രയും കാരു ണ്യം കാണിക്കുമ്പോൾ ഓട്ടോറിക്ഷാക്കാരോടുകൂടി ദയകാണിക്കണം. പത്തും ഇരുന്നൂറും മൂന്നൂറും രൂപയൊക്കെയാണ് കൂട്ടിയിരിക്കുന്നതെ

ങ്കിൽപ്പോലും..... ഓട്ടോറിക്ഷക്കാർ വളരെ ബുദ്ധിമുട്ടി ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നവരാണ്. ചെറിയ ഓട്ടംകൊണ്ട് വലിയ കുടുംബം പുലർത്തുന്ന ആളുകളാണവർ. ഇന്ന് നഗരങ്ങളിൽ മാത്രമാണ് സവാരി ഉള്ളത് ഗ്രാമപ്രദേശങ്ങളിൽ ഓട്ടം വളരെ കുറവാണ്. കാരണം ഇപ്പോൾ എല്ലാവർക്കും സ്വന്തം വണ്ടികളുള്ളതുകാരണം എല്ലാ ആവശ്യങ്ങൾക്കും സ്വന്തം വാഹനത്തിൽ പോകുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ ചുരുങ്ങിയ സവാരി മാത്രമെ അവർക്ക് കിട്ടുന്നുള്ളൂ. അതിനിടയിൽ പോലീസിന്റേയും മറ്റുദ്യോഗസ്ഥരുടേയും പീഡനങ്ങൾ സഹിച്ചും അപകടമുണ്ടായാൽ അതിനെയെല്ലാം അതിജീവിച്ചും അവർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് അങ്ങ് ബജറ്റിന് മറുപടി പറയുമ്പോൾ തീർച്ചയായും ഓട്ടോറിക്ഷക്കാരുടെ കാര്യത്തിൽ വളരെ താൽപര്യമെടുക്കണം എന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. വേറൊരുകാര്യം അഭ്യർത്ഥിക്കാനുള്ളത് എന്റെ സ്നേഹിതൻ ശ്രീ. സാജു പോൾ ഇവിടെ സംസാരിച്ചപ്പോൾ, ഫ്ളക്സ് ബോർഡുകൾ വയ്ക്കുന്നവർക്ക് പ്രത്യേക നികുതി ഏർപ്പെടുത്തണമെന്ന് പറയുകയുണ്ടായി. ഞാനതിനെ അനുകൂലിക്കുകയാണ്. കാരുണ്യ ലോട്ടറി പോലെതന്നെ ഫ്ളക്സ് വയ്ക്കുന്നതിന് നിശ്ചിത നികുതി നിശ്ചയിച്ച് അതിൽനിന്നും ലഭിക്കുന്ന വരുമാനം ചികിത്സാ സഹായ നിധിയിലേക്ക് കൊണ്ടുവരുന്ന സംവിധാനമേർപ്പെടുത്തണം. അങ്ങനെ ഏർപ്പെടുത്തിയാൽ എ.കെ.ജി. സെന്ററിൽനിന്നും കോടിക്കണക്കിന് രൂപ ഈ ചികിത്സാ സഹായ നിധിയിലേക്ക് കിട്ടുമെന്ന കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും ഏത് വഴി പോയാലും സിപി.ഐ.(എം) ജനറൽ സെക്രട്ടറി പിണറായി വിജയന്റെ പല നിറത്തിലുള്ള ഫ്ളക്സുകൾ

ഓരോ മുക്കിലും മൂലയിലും കാണാം. അതുകൊണ്ട് ഇക്കാര്യം ഇവിടെ പറഞ്ഞതിന് ശ്രീ. സാജു പോളിനോട് നന്ദി പറയുന്നു. കേരളത്തിൽ ഫ്ളക്സ് യുഗത്തിൽ തീർച്ചയായും അങ്ങനെ ഒരു തീരുമാനമെടുത്ത്, പാവങ്ങൾക്ക് എ.കെ.ജി. സെന്ററിൽനിന്നും അങ്ങനെയെങ്കിലും ഒരു പ്രയോജനം കിട്ടുവാനുള്ള നടപടി സ്വീകരിക്കണമെന്ന് മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റിനെക്കുറിച്ച് പല രീതിയിലുള്ള വിമർശനങ്ങൾ ഉണ്ടായാലും തീർച്ചയായും ഏറ്റവും നല്ല ബഡ്ജറ്റ് എന്നുവേണമെങ്കിൽ പറയാം. കാരണം ഇവിടെ ഒത്തിരിയേറെ കാര്യങ്ങൾ ഈ രണ്ടര വർഷത്തിനുള്ളിൽ ഗവൺമെന്റ് ചെയ്തുകഴിഞ്ഞിരിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് പാവങ്ങൾക്കുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്ത ഗവൺമെന്റാണ്. കാരണം പാവങ്ങളെ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണെന്ന് സാധാരണ ജനങ്ങൾപോലും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഇവിടെ ജനപക്ഷത്ത് ഇടതുപക്ഷം ഒത്തിരിയേറെ സമരങ്ങൾ നടത്തിയിട്ടും അതൊന്നും വിജയിക്കാതെ പോയത് സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും പിന്തുണയില്ല എന്നുള്ളതുകൊണ്ടാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എന്നും പാവങ്ങളോടൊപ്പം നിൽക്കുന്ന പാർട്ടിയാണെന്ന് പറഞ്ഞിട്ടും കഴിഞ്ഞ അഞ്ചുവർഷം ഇടതുപക്ഷം ഭരിച്ചപ്പോൾ ഈ രാജ്യത്തെ പാവങ്ങൾക്കും സാധാരണക്കാർക്കുംവേണ്ടി ഒന്നും ചെയ്യാതെ പോയതുകൊണ്ട് അടിത്തറ മുഴുവൻ ഒഴുകിപ്പോയ പാർട്ടിയായി ഇന്ന് മാർക്സിസ്റ്റ് പാർട്ടി മാറിയിരിക്കുന്നു. അതിന്റെ ഫലം ഇന്നിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്നിപ്പോൾ സമരത്തിന് വിളിച്ചാൽ ആളെ കിട്ടാത്ത സ്ഥിതിയായിരിക്കുന്നു. പ്രഖ്യാപിച്ച സമരങ്ങളൊന്നും വിജയത്തിലെത്താതെ അപ്രതീക്ഷിത

മായി നിർത്തിപ്പോകേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. അതുകൊണ്ട് ഇന്ന് കേരളത്തിൽ ഐക്യ ജനാധിപത്യമുന്നണിയുടെ മാണിസാർ അവതരിപ്പിച്ച 12–ാമത് ബഡ്ജറ്റ് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന, കേരളത്തിലെ കർഷകർക്ക് പ്രയോജനം ചെയ്യുന്ന ബഡ്ജറ്റ് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടിയുള്ള ബഡ്ജറ്റാണെന്ന് അടിവരയിട്ട് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. അതിനുകാരണം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാറിന് സ്വന്തം പ്രിയ പത്നിയുടെ പ്രതീക്ഷയോടുപോലും നീതി പുലർത്താൻ കഴിയാത്ത ബഡ്ജറ്റാണിത്. അന്നുരാവിലെ എല്ലാവരും ടി.വി.–യിൽ കണ്ടിട്ടുണ്ടാകും മാണി സാർ ബഡ്ജറ്റ് അവതരിപ്പിക്കാൻ പെട്ടിയുമായി ഇങ്ങോട്ട് പുറപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പത്നിയും ഒപ്പമുണ്ടായിരുന്നു. എല്ലാ ചാനലുകാരും ഇതിനെക്കുറിച്ചുള്ള പ്രതികരണമെന്താണെന്ന് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു, ബഡ്ജറ്റ് നന്നാകുമെന്ന്. വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ തീർച്ചയായും വിലയക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളുണ്ടാകുമെന്ന് അദ്ദേഹത്തിന്റെ നിഷ്കളങ്കയായ പത്നി ചിരിച്ചുകൊണ്ട് പറഞ്ഞു. പക്ഷെ ഇവിടെ ബഡ്ജറ്റവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രിയപത്നിയോടുപോലും നീതി പുലർത്താൻ കഴിഞ്ഞില്ല എന്നുള്ളതാണ് നമ്മുടെ അനുഭവം. കേരളത്തിലെ ഏറ്റവും രൂപക്ഷമായ സാമൂഹിക പ്രശ്നം വിലക്കയറ്റമാണല്ലോ അത് നിയന്ത്രിക്കുന്നത് സംബന്ധിച്ച്, വിലക്ക

യറ്റം വർദ്ധിക്കാനിടയായ സാഹചര്യം എന്താണ്; എങ്ങനെ അതിനെ അഭിസം ബോധന ചെയ്യണം അതിനെക്കുറിച്ച് എന്തെങ്കിലും ഒരു വിശകലനം ഇതിന കത്തുണ്ടോ; നേരത്തെ ചിലർ പറഞ്ഞു, സാധാരണ ഗതിയിൽ വില നിയ ന്ത്രിക്കാൻ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനുള്ള ഒരു ഏജൻസി സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കഴിഞ്ഞ ബജറ്റിൽ നൂറുകോടി രൂപ വകയി രുത്തിയതാണ്. ഇക്കൊല്ലം 65 കോടി രൂപയായി കുറഞ്ഞു. വില കൂടു മ്പോൾ സബ്സിഡി തുക കുറയ്ക്കുകയാണ് ചെയ്യുന്നത്. പഴയ യു.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രതിവർഷം ശരാശരി 34 കോടി രൂപ അനുവദിച്ചുവന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും മാർക്കറ്റ് ഇന്റർവെൻഷന് കൊടുക്കുന്ന പണം 235 കോടി രൂപയായി വർദ്ധി പ്പിച്ചു. അതെന്തുകൊണ്ടാണ് വർദ്ധിപ്പിച്ചത്; അന്ന് എൽ.ഡി.എഫ്.-ന്റെ കാലത്ത് വില വർദ്ധനവുണ്ടായി. അതിനെ നിയന്ത്രിക്കാനാണ് കൊടുത്തത്. ഇന്ത്യയിലാകെ ഇത് കൂടുകയല്ലേ. അപ്പോൾ ആനുപാതികമായി ഇത് വർദ്ധി പ്പിക്കണ്ടേ; അതിനുപകരം കുറയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ കൺസ്യൂമർഫെഡിന് 11 കോടി രൂപയാണുപോലും നീക്കിവച്ചത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ ചോദ്യ ത്തിന് മറുപടിയായി പറഞ്ഞത് അൽപ്പാൽപ്പം കിട്ടുന്നുണ്ട് എന്നാണ്. 420 കോടി രൂപയാണ് കൺസ്യൂമർഫെഡിന് സബ്സിഡി ഇനത്തിൽ കൊടുക്കാ നുള്ളത്. അവിടത്തെ ജീവനക്കാരെല്ലാവരുംകൂടി കഴിഞ്ഞ ദിവസം ഇവിടെ സമരം നടത്തി. ആ 420 കോടി രൂപ കൊടുക്കുന്നതിനുപകരം 11 കോടി രൂപ നീക്കിവച്ചിട്ട് എങ്ങനെ കൺസ്യൂമർഫെഡിനെ പുനരുജ്ജീവിപ്പിക്കാനാണ്;

അത് ആകെ തകർന്നിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ജനകീയ പ്രശ്നത്തെ അഭിസംബോധന ചെയ്യുന്ന കാര്യത്തിൽ സ്വന്തം ഭാര്യയോടും ഈ സഭയോടും നീതി പുലർത്താത്ത നിലപാടാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. കേരളത്തിന്റെ ധനമന്ത്രി അനീതിയുടെ അവതാരമാണ്.

ഇവിടെ ശ്രീ. വി.പി. സജീന്ദ്രൻ ധനകാര്യ വകുപ്പുമന്ത്രിയുടെ വ്യാഖ്യാനങ്ങൾ ചമയ്ക്കാൻ നോക്കി. ഞങ്ങൾ പറയാത്തത് അദ്ദേഹം ഇങ്ങോട്ട് പറഞ്ഞു. ഇനി ഞങ്ങൾ അങ്ങോട്ട് പറയാം, കാരുണ്യത്തിന്റെ ആളൊന്നുമല്ല, കാപട്യത്തിന്റെ മൂർത്തിമത്ഭാവമാണ് ശ്രീ. കെ.എം. മാണി. ഇവിടെ ബഡ്ജറ്റിന്റെ പൊതു ചർച്ച നടക്കുകയാണ്. സഭയോട് നീതി പുലർത്തുന്നുണ്ടോ ധനകാര്യ വകുപ്പുമന്ത്രി? അദ്ദേഹം എവിടെ പോയിരിക്കുകയാണ്? ബഡ്ജറ്റിന്റെ പൊതു ചർച്ച കേൾക്കാൻ അദ്ദേഹം സഭയിൽ ഇരിക്കേണ്ടതല്ലേ. അപ്പോൾ പരിഹാസമാണ്. യുക്തിയും ഔചിത്യവുമില്ലാത്ത ആർക്കും അംഗീകരിക്കാൻ കഴിയാത്ത കണക്കുകളും കസർത്തുകളുമായി വന്ന് ബഡ്ജറ്റും അവതിരിപ്പിച്ചിട്ട് എവിടെയോ പോയിരിക്കുകയാണ്. ഇതുപോലുള്ള ഒരു ജനാധിപത്യ സഭയോട് കാണിക്കുന്ന അനാദരവായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. എന്ത് പ്രമാണിത്തരമാണിത്? അത്തരത്തിലുള്ള പ്രമാണിത്തരമൊന്നും ഏത് കൊല കൊമ്പൻ മന്ത്രിയായാലും അംഗീകരിക്കാൻ കഴിയില്ല. ശ്രീ. കെ. എം. മാണി എന്ന ധനമന്ത്രിയിൽനിന്നോ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിൽനിന്നോ ഞങ്ങളോ ഈ നാടോ ഒരു നന്മയും പ്രതീക്ഷിക്കുന്നില്ല. ഓരോ മേഖലയിലും എന്തെല്ലാം കാപട്യമാണ് കാണിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ പലരും ഇവിടെ പ്രസംഗിച്ചു. അതിൽ പറയാത്ത ഒരു കാര്യം ഞാൻ പറയാം. ഗവർണ്ണറുടെ നയപ്രഖ്യാപന

പ്രസംഗത്തിൽ 1500 പുതിയ ബസ് വാങ്ങുമെന്നും 10 വോൾവോ എ.സി. സബസ് വാങ്ങുമെന്നും പറഞ്ഞിട്ടുണ്ട്. ഒരു നയാപൈസ വച്ചിട്ടില്ല. 150 കോടി രൂപ വച്ചത് ഒരുമാസത്തെ കടം തട്ടിക്കഴിക്കാനില്ല. മുൻ ആഭ്യന്തര വകുപ്പുമന്ത്രി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇപ്പോൾ ഗതാഗത വകുപ്പ് കൈകാര്യം ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി. –യുടെ പുന രുദ്ധാരണ പാക്കേജിന് തുടക്കമിടുകയാണെന്ന് അദ്ദേഹം ചോദ്യോത്തരവേള യിൽ പ്രഖ്യാപിച്ചു. ആ പുനരുദ്ധാരണ പാക്കേജിന് പണം എവിടെയാണ്? ആരെ കബളിപ്പിക്കാനാണ് ഇതൊക്കെ പറയുന്നത്? പാപി ചെല്ലുന്നിടം പാതാളം എന്ന് പറയുന്നതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്ന പ്പോൾ ഗതാഗത വകുപ്പ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലത്തേക്കാൾ നിര പ്പാകാൻ പോകുകയാണ്. ആ നിലയിലാണ് ഈ ബഡ്ജറ്റ് കെ.എസ്.ആർ.ടി. സി.–യെ പരിഗണിച്ചത്. പത്രങ്ങളും അതുപോലെതന്നെ അപദാനങ്ങൾ പാടുന്ന അംഗങ്ങളുമൊക്കെ കർഷക മാണിക്യം എന്ന് ബഡ്ജറ്റിനെ വിശേഷിപ്പിച്ചു. കർഷക മാണിക്യമല്ല, കപടമാണിക്യമാണ്. നേരത്തെ ഡോ. ടി.എം. തോമസ് ഐസക് ഉൾപ്പെടെയുള്ളള ആൾക്കാർ മുൻ ബഡ്ജറ്റിന്റെ പൊള്ളയായ പ്രഖ്യാപനങ്ങൾ നടപ്പാക്കാത്തതിനെക്കുറിച്ച് ഇവിടെ ഓരോരോരോന്നായി എണ്ണിയെണ്ണി പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തി ക്കുന്നില്ല. അതിലൊന്ന് മാതൃകാ ഹൈടെക്ക് ഗ്രാമങ്ങൾ/ഹരിത ഗ്രാമങ്ങൾക്ക് 42 കോടി രൂപ നീക്കിവച്ചുവെന്ന് പറയുന്നു. അതിൽ ഒരുകോടി രൂപയെ ങ്കിലും ചെലവാക്കിയതായി കാണിക്കാൻ സാധിക്കുമോ? ഞാൻ ശ്രീ. കെ. എം. മാണിയെ വെല്ലുവിളിക്കുകയാണ്. ഇതിന് മറുപടി പറയാൻ സാധിക്കു മെങ്കിൽ പറയട്ടെ. ഇവിടെ ആരും പറയാത്ത ഒരു കാര്യമാണ് ഞാൻ പറയുന്ന

ത്, 'തൃപ്തി' ന്യായവില ഭക്ഷണശാലകളിൽ നിന്നും 20 രൂപയ്ക്ക് എല്ലാ വർക്കും ഭക്ഷണം ലഭിക്കും. താലൂക്ക് ആസ്ഥാനത്ത് ഓരോന്ന് വീതം 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ തുടങ്ങും എന്ന് പ്രഖ്യാപിച്ചു. എവിടെ യെങ്കിലും ഈ പദ്ധതി തുടങ്ങിയോ? ചീഫ് വിപ്പായ ശ്രീ. പി. സി. ജോർജിന്റെ മണ്ഡലത്തിലെങ്കിലും ഈ പദ്ധതിപ്രകാരം 20 രൂപയ്ക്ക് ഭക്ഷണം കൊടുത്തുകൂടായിരുന്നോ? അതിൽ ഒന്നുപോലും അനുവദിച്ചിട്ടില്ല. ഇങ്ങനെയുള്ള പ്രഖ്യപനങ്ങളാണ് നടത്തിയിട്ടുള്ളത്. 2011–12 ബഡ്ജറ്റിൽ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് എന്ന പ്രഖ്യാപനം നടത്തി. ഒരു ഇൻഷ്വറൻസും ഇവിടെ നടപ്പാക്കിയിട്ടില്ല. ഹൈസ്കൂളിനും ഹയർ സെക്കന്ററിസ്കൂളിനും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും ഡിജിറ്റൽ ലൈബ്രറികൾ അനുവദിക്കുന്നതിന് 5 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഒരു സ്ഥലത്തും നടത്തിയിട്ടില്ല. ഗവൺമെന്റ് സ്കൂളിന്റെ വികസനത്തിനും ആധുനികവത്ക്കരണത്തിനും 26.6 കോടി രൂപയും ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി 56 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതൊക്കെ കഴിഞ്ഞ ബഡ്ജ റ്റിലെ പ്രഖ്യാപനങ്ങളാണ്. എവിടെയെങ്കിലും ഒന്നെങ്കിലും ഭരണാനുമതി കൊടുത്ത്, ഒരു പ്രവൃത്തി ടെണ്ടർ ചെയ്ത് എന്തെങ്കിലും ഒരു നിർമ്മാണ പ്രവൃത്തി എവിടെയെങ്കിലും ആരംഭിച്ചോ? എന്നിട്ടാണ് യാതൊരു ലജ്ജയു മില്ലാതെ, ശ്രീ. കെ.എം. മാണിയുടെ അപദാനങ്ങൾ ഇങ്ങനെ പാടിപുകഴ്ത്തി കൊണ്ടിരിക്കുന്നത്. എന്തെങ്കിലും നക്കാപിച്ച കിട്ടുമെന്ന് കരുതിയിട്ടാണ് ഇങ്ങനെ പാടിപുകഴ്ത്തികൊണ്ടിരിക്കുന്നത്. അവനവന്റെ വ്യക്തിത്വം

പണയപ്പെടുത്തി ശ്രീ. കെ. എം. മാണിയെ ഇങ്ങനെ പുകഴ്ത്തേണ്ട കാര്യ മുണ്ടോ? ഇദ്ദേഹം ഇങ്ങനെയാണ് കാര്യങ്ങൾ ചെയ്യുന്നത്. ഭരണപക്ഷത്തിരി ക്കുന്ന ആൾക്കാർക്കുംകൂടി വേണ്ടിയാണ് ഞാൻ ഈ കാര്യങ്ങൾ പറയുന്നത്. നിങ്ങൾക്ക് പറയാൻ കഴിയില്ലെന്ന് ഞങ്ങൾക്കറിയാം. നിങ്ങളുടെ പ്രശ്ന ങ്ങൾകൂടിയാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. ഞാൻ പറയുന്നത് നേതൃ ത്വത്തെയല്ല. നേതൃത്വമെല്ലാം ആലോചിച്ച് തന്നെയാണ് ഈ ജനവിരുദ്ധ ബഡ്ജറ്റ് കൊണ്ടുവന്നത്. അതിനെ നമ്മെപ്പോലെയുള്ള സാധാരണ അംഗങ്ങ ളുണ്ടല്ലോ, അവർക്ക് അതിന്റെ വിഷമമുണ്ടാകും. യാചക വിമുക്ത കേരളം പദ്ധതിയിൽ 10.5 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടായിരുന്നത്. ഓരോ ജില്ലയിൽ ഒന്ന് വീതം വച്ച് 14 ഷെൽട്ടർ ഹോമുകൾ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എവിടെയാണ് ആരംഭിച്ചത്? മന്ത്രിസ്ഥാനത്തിനുവേണ്ടി യാചിച്ചു നടന്നവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് ഷെൽട്ടർ ഉണ്ടാക്കി കൊടു ത്തുവെന്നല്ലാതെ യാചകന്മാരുടെ പുനരധിവാസത്തിനുവേണ്ടി ഏത് ജില്ല യിൽ, എവിടെ ഷെൽട്ടർ ഉണ്ടാക്കി? അതിന്റെ പ്രശ്നം പരിഹരിച്ചിട്ടില്ല. അതു കൊണ്ട് ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നില്ല. ആധുനിക ശ്മശാനങ്ങൾക്ക് ആമ്പുലൻസ് ഉൾപ്പെടെ 10.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏതെങ്കിലും ജില്ലയിൽ ആധുനിക ശ്മശാനങ്ങൾ നടപ്പിലാക്കിയോ? നല്ല കാര്യവും നല്ല നിർദ്ദേശവുമാണത്. ഒന്നുപോലും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഇതുപോലെ ആളുകളെ കബളിപ്പിച്ചുനടന്നാൽ, അധികം താമസിയാതെ ഇവിടത്തെ ജന ങ്ങൾ ലോക്സഭാ ഇലക്ഷനോടുകൂടി യു.ഡി.എഫ്. സർക്കാരിനു അത്യാധു നിക രീതിയിലുള്ള പട്ടട ഒരുക്കാൻ പോകുകയാണ്. അൾട്രാമോഡൽ പൊളിറ്റിക്കൽ ക്രിമട്ടോറിയം വരാൻ പോകുകയാണ്. പുകയില്ല, ചാരമില്ല,

പുകപോലുമില്ല കണ്ടുപിടിക്കാൻ അങ്ങെനെയായിരിക്കും വരാൻ പോകുന്നത്. കാത്തിരുന്നോളൂ. ആധുനിക ശ്മശാനങ്ങൾ എന്ന് പറഞ്ഞ് ആളുകളെ കബളിപ്പിച്ചാൽ ഉണ്ടാകാൻ പോകുന്ന സ്ഥിതിയാണിത്. കേരളത്തിന്റെ വികസനത്തെക്കുറിച്ച് ഈ ബഡ്ജറ്റിൽ എന്തെങ്കിലും കാഴ്ച്ചപ്പാടുണ്ടോ? ഒരു മോഡലുപോലുമില്ലാതെയാണ് ഈ ബഡ്ജറ്റിന്റെ പ്രസന്റേഷൻ എഴുതിയത്. എന്തൊക്കെയോ ആരൊക്കെയോ ഉദ്യോഗസ്ഥർ എഴുതിക്കൊടുത്തത് തുന്നിക്കൂട്ടിക്കെട്ടി സഭയിൽ വന്ന് ഇരുന്നും നിന്നും ചാരിയും ചെരിഞ്ഞും ആടിയും ഉലഞ്ഞും ബഡ്ജറ്റ് അവതരിപ്പിച്ചു. വികസനവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ ഏറ്റവും പ്രധാപ്പെട്ട പ്രശ്നം വൈദ്യുതിയുടെ പ്രതിസന്ധിയാണ്. കെ.എസ്.ഇ.ബി.യുടെ ചില തനത് പ്രവർത്തനങ്ങളല്ലാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു സപ്പോർട്ട് ഇന്നത്തെ കാലത്ത് വേണ്ടേ? ദുര്യോധന വധം ആട്ടക്കഥ രണ്ടാം ദിവസത്തെ പോലെ ശ്രീ. ആര്യാടൻ മുഹമ്മദ് മൗനിയായി ഇവിടെ ഇരുന്ന് പ്രതിപക്ഷത്തെ നോക്കി ഒന്നുമില്ല എന്നുള്ള രീതിയിൽ കൈകൊണ്ട് ചില ആംഗ്യം കാണിക്കുന്നതായി കണ്ടു. വൈദ്യുതി വകുപ്പിന് ഒന്നുമില്ല എന്നുള്ള നിരാശ ആംഗ്യത്തിലൂടെ കാണിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്തെങ്കിലും ഉണ്ടോ? ഗവൺമെന്റിന്റെ സപ്പോർട്ട് ഒന്നുമില്ല. കെ.എസ്.ഇ.ബി.യുടെ തനത് വർക്കുകൾക്ക് ഒരു യൂണിറ്റ് വൈദ്യുതിപോലും ഉൽപ്പാദിപ്പിക്കാനില്ല എന്നുള്ളതാണ്. കഴിഞ്ഞ വർഷത്തെ പ്രഖ്യാപനത്തിൽ ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ പാനലൽ പദ്ധതിക്ക് തുടക്കമിട്ടു എന്നാണ് അന്ന് പറഞ്ഞത്. ഗ്രിഡ്ഡുമായി ബന്ധിപ്പിച്ച് ഗവൺമെന്റ് ഓഫീസുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ തുടങ്ങിയെന്നും ഗ്രിഡ്ഡ് കണക്ഷനോടുകൂടി റൂഫ് ടോപ്പ് സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്ന വിധത്തിൽ ഗ്രിഡ്ഡിലേക്ക് നൽകുന്ന ഓരോ യൂണിറ്റ്

വൈദ്യുതിക്കും ഒരു രൂപ നിരക്കിൽ സബ്സിഡി നൽകുമെന്നുമാണ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞത്. ഒരു കിലോവാട്ട് ശേഷിയുള്ള 25,000 ഓഫ്ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതുവഴി 25 മെഗാവാട്ടിന്റെ സ്ഥാപിതശേഷി കൈവരിക്കുമെന്നാണ്. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ റൂഫ് ടോപ്പിൽ സോളാർ പാനലുകൾ വച്ചത് സംബന്ധിച്ച് അന്നൊരു ചർച്ച കേട്ടിരുന്നു. അപ്പോൾ ടെന്നി ജോപ്പനും ജിക്കുമോനും സലീം രാജുമൊക്കെ ഗ്രിഡ്ഡിലേക്ക് കണക്ഷൻ കൊടുക്കുന്നത് നമ്മൾ കണ്ടതാണ്. ഇവിടെ കരിക്ക് കുടിക്കുന്നതും ഗ്രിഡ്ഡിലേക്ക് കൊടുക്കുന്നതുമെല്ലാം നമ്മുടെ നാട്ടുകാർ കണ്ടു. വേറെയൊന്നും ഇവിടെ നടന്നില്ല. ഇന്നങ്ങനെ ഗ്രിഡ്ഡിലേക്ക് കൊടുത്ത്, ഓരോ യൂണിറ്റിനും സബ്സിഡി എന്നൊക്കെ പറഞ്ഞുകൊണ്ട് എത്ര മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിച്ചുവെന്ന് അറിയണമെങ്കിൽ സരിതാ എസ്. നായർ ജയിലിൽ നിന്നുവന്ന് പറയേണ്ടിവരും. അതാണ് അവസ്ഥ. ഇങ്ങനെ പറഞ്ഞ ഒരു കാര്യവും നടപ്പാക്കിയിട്ടില്ല. ഒന്നുപോലും നടപ്പാക്കാതെ പരമപരിഹാസ്യമായ കാര്യങ്ങളാണ് രംഗത്ത് വന്നിട്ടുള്ളത്. ഒരു വകുപ്പിനേയും മന്ത്രിയേയും എല്ലാവരേയും അപമാനിക്കുന്ന നിലയിലുള്ള പ്രഖ്യാപനം വന്നത് നിങ്ങൾ കണ്ടോ? എന്റെ ജില്ലക്കാരനാണ് ഡോ. എം. കെ. മുനീർ. അദ്ദേഹത്തിന്റെ വകുപ്പ് പഞ്ചായത്തും സാമൂഹ്യനീതിയുമാണ്. ഇവിടെയൊന്നും തന്നില്ലെങ്കിലും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും നല്ല നിലയിൽ പരിഗണന കൊടുത്താൽ എന്തെങ്കിലും അവിടെ നടക്കില്ലേ? അവിടെയും ഉണ്ടായിട്ടില്ല. ഈ മഹത്തായ ബഡ്ജറ്റിൽ, മഹത്തായ ബഡ്ജറ്റ് എന്ന് ഇവിടെ പറഞ്ഞത്, അതിൽ നാലുവരിയാണ് പഞ്ചായത്ത് വകുപ്പിനെക്കുറിച്ച് എഴുതിയത്.

രണ്ട് വാചകം നാല് വരിയായിട്ടാണ് എഴുതിയത്. എന്നിട്ട് ഏറ്റവും മഹത്തായ ബഡ്ജറ്റിൽ അവതരിപ്പിച്ചത് എന്താണെന്ന് അറിയാമോ? പഞ്ചായത്ത് വകുപ്പിന് ആകെ അനുവദിച്ചത്, തിരുവല്ല പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണ്. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തെ സംബന്ധിച്ച് ഈ ബഡ്ജറ്റിലാണോ പറയേണ്ടത്? തിരുവല്ലയിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകളുണ്ട്, അവിടെ പഞ്ചായത്തുകൾ ഉണ്ടാക്കേണ്ടതല്ലേ? പി.എൻ. പണിക്കർ ഫൗണ്ടേഷൻ വഴി ലക്ഷ്യമിടുന്ന സമ്പൂർണ്ണ ഇ–സാക്ഷരതാ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ പഞ്ചായത്തിനും 2 ലക്ഷം രൂപ വീതം പ്ലാൻ ഫണ്ടിൽനിന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതാണ് എന്നാണ് ബഡ്ജറ്റിൽ പരാമർശിക്കുന്നത്. ഇതിന് ശ്രീ. കെ. എം. മാണിയുടെ അനുവാദം ആവശ്യമാണോ? ആ മന്ത്രിക്ക് ഒരു പെർമിഷൻ സാങ്ഷൻ കൊടുക്കാവുന്നതേയുള്ളു. അദ്ദേഹത്തിന്റെ അധികാരപരിധിയിൽ വരുന്നതാണ്. പഞ്ചായത്ത് വകുപ്പിന് വേണ്ടി ഒന്നുമില്ല. പഞ്ചായത്തുകൾ കൈകാര്യം ചെയ്യേണ്ട ഒരുപാട് പ്രശ്നങ്ങളുണ്ട്. നേരത്തെ പറഞ്ഞ ക്രിമറ്റോറിയം നിർമ്മാണം, സാനിറ്റേഷൻ, സ്ലോട്ടർ ഹൗസുകളുടെ നിർമ്മാണം തുടങ്ങിയ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യേണ്ട കാര്യങ്ങൾക്കൊന്നിനും പണമനുവദിക്കാതെ നഗരകാര്യവകുപ്പിനോ പഞ്ചായത്ത് വകുപ്പിനോ പണം അനുവദിക്കാതെ നാട്ടിലെ വികസനം പ്രതിസന്ധിയിലാക്കിക്കൊണ്ട്......... പ്രിയപ്പെട്ട ആളുകളുടെ ചില മണ്ഡലത്തിൽ മാത്രം രണ്ട് കെട്ടിടമുണ്ടാക്കാൻ........ഇതൊക്കയാണ് ഒരു ബഡ്ജറ്റിൽ എഴുതി വച്ചിരിക്കുന്നത്. എന്നിട്ട് ഈ ബഡ്ജറ്റിനെയാണ് നിങ്ങൾ മഹത്തായ ബഡ്ജറ്റ് എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേര

ളത്തിന്റെ വികസനത്തെക്കുറിച്ച് യാതൊരു കാഴ്ച്ചപ്പാടുമില്ലാത്ത നിലയിലാണ് ഇതിനകത്ത് എല്ലാകാര്യങ്ങളും പറഞ്ഞിരിക്കുന്നത്. എന്താണ് കേരളത്തിന്റെ വികസന സാദ്ധ്യത? നമ്മൾ കഴിഞ്ഞ കുറേ സഭകളിൽ മാറിമാറി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതല്ലേ? അതിൽ ഏറ്റവും പ്രധാനം കേരളത്തിൽ മനുഷ്യവിഭവ ശേഷി വികസനം. മറ്റൊന്ന്, ആധുനിക വികസന സാദ്ധ്യത യുള്ള മേഖലകളായ ടൂറിസം മേഖലയും ഐ.ടി. മേഖലയുമാണ്. ഇതിനകത്ത് മനുഷ്യവിഭവ ശേഷി വികസനം സാദ്ധ്യമാകണമെങ്കിൽ നമ്മുടെ പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ആർത്മാർത്ഥമായ ആഗ്രഹമുണ്ടായിട്ട് കാര്യ മില്ല. പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു തുകയും മാറ്റി വച്ചിട്ടില്ല. നമ്മുടെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ മില്ല. സ്കൂളുകൾ മെച്ചപ്പെടുത്താൻ, അതിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ, അക്കാഡമിക് സ്റ്റാൻഡേർഡ് ഇംപ്രൂവ് ചെയ്യാൻ ഒക്കെ കാലാകാലങ്ങളിൽ കുറവുണ്ടെങ്കിലും കുറച്ച് പണമെങ്കിലും വയ്ക്കാറുണ്ട്. അതുപോലും ഇത്തവണ വിദ്യാഭ്യാസ വകുപ്പിനുവേണ്ടി വച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഐ.ടി. മേഖലയിൽ, തിരുവനന്തപുരം ടെക്നോ പാർക്കിന് ചുറ്റുമുള്ള ജില്ലകളിൽ അനുബന്ധ ടെക്നോപാർക്ക്, കൊച്ചിയിൽ ഇൻഫോപാർക്ക്, തൃശ്ശൂരിലും ആലപ്പുഴയിലും അനുബന്ധ ഇൻഫോ പാർക്കു കൾ, കോഴിക്കോട് സൈബർ പാർക്ക്, വയനാടിലും കണ്ണൂരിലും കാസർഗോ ഡിലും അനുബന്ധ സൈബർ പാർക്കുകൾ എന്നീ നിലയിലുള്ള ഐ.ടി. വിക സനത്തിനെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ മുന്നോട്ട് വച്ചിരുന്നു. കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണം രണ്ട്-രണ്ടര വർഷം വൈകിയിരിക്കുകയാ ണെന്ന കാര്യം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാവുന്ന

താണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ കാര്യത്തിൽ ഒരു താൽപ്പര്യമെടുത്തിട്ടുണ്ടാകും. അവിടെ കാര്യങ്ങൾ ഉദ്യോഗസ്ഥ തലത്തിൽ കൈകാര്യം ചെയ്തതിൽ പോരായ്മകളുണ്ട്. ഇപ്പോഴും അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിത്തുടങ്ങിയിട്ടില്ല. ഇനി ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. ഇതിനെ ആരാണ് ന്യായീകരിക്കുന്നത്? അതിന്റെ വികസന ത്തിനുവേണ്ടി ഗവൺമെന്റ് കൂടുതൽ പണം അനുവദിച്ചിട്ടുമില്ല.

വടക്കൻ കേരളത്തെ സമ്പൂർണ്ണമായി അവഗണിച്ചു, മലബാർ പാക്കേ ജിന്റെ തുടർച്ചയുണ്ടായില്ല. മിനിമം കാര്യങ്ങൾക്കുപോലും പണം അനുവദി ച്ചിട്ടില്ല. ബേപ്പൂർ തുറമുഖ വികസനം, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം, കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ രണ്ടാംഘട്ടത്തിൽ ഭൂമി ഏറ്റെടുക്കാനുള്ള തുക (ആദ്യ ഘട്ടം കഴിഞ്ഞ ഗവൺമെന്റ് തന്നതാണ്) തുടങ്ങിയവയ്ക്കൊന്നും ഈ ബഡ്ജറ്റിൽ തുക വക യിരുത്തിയിട്ടില്ല. ചാതുർവർണ്യ വ്യവസ്ഥയിൽ പഞ്ചമൻമാർ ചണ്ടാളൻമാരെ പരിഗണിച്ചതുപോലെ വടക്കൻ കേരളത്തെ പരിഗണിക്കാത്ത കേരളത്തെ ഒന്നായി കാണാൻ കഴിയാത്ത ഒരു ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റുകൂ ടിയാണിത്. കോഴിക്കോട് കൾച്ചറൽ വില്ലേജ് സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും ഒന്നും നടന്നിട്ടില്ല. വൈക്കം മുഹമ്മദ് ബഷീർ സ്മാരകം തലയോലപ്പറമ്പിൽ വന്നപ്പോൾ കുടുംബംതന്നെ എതിർത്തു. കോഴിക്കോട് 50 ലക്ഷം രൂപ കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ചത് കളക്ടറുടെ കൈയിലുണ്ട്. ഈ ഗവൺമെന്റ് ആ സ്മാരകം പണിയുന്നതി

നുള്ള നേതൃത്വം നൽകണം. കാരണം അദ്ദേഹം ബേപ്പൂർ സുൽത്താനെന്നാണ് അറിയപ്പെടുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു കാര്യം കൂടി പറയട്ടെ. കഴിഞ്ഞ സഭയിൽ മാണി സാർ ബഡ്ജറ്റിന് മറുപടി പറയുമ്പോൾ ഞാൻ ഒരുപാട് ബഹളമുണ്ടാക്കിയിരുന്നു. മൊയ്തു മൗലവി സ്മാരകത്തിന്റെ കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രിയും ഗവൺമെന്റും കടുത്ത വഞ്ചനയാണ് കാണിച്ചത്. കഴിഞ്ഞ രണ്ടുവർഷമായി ഞാൻ സാംസ്കാരിക വകുപ്പുമന്ത്രിയിലൂടെ മൊയ്തു മൗലവി സാഹിബിന്റെ സ്മാരകത്തിനുവേണ്ടി വാർഷിക ഗ്രാന്റായി 10 ലക്ഷം രൂപ നൽകാനായി എഴുതിക്കൊടുത്തു.

മി. ഡെപ്യൂട്ടി സ്കീക്കർ: പ്ലീസ് കൺക്ലൂഡ് .......

ശ്രീ. എ. പ്രദീപ്കുമാർ: സർ, മൈക്ക് ഓഫ് ചെയ്താലും ഞാനിത് പറഞ്ഞിട്ടേ പോകൂ........ രണ്ട് ബഡ്ജറ്റിലായി എന്നെ വഞ്ചിക്കുകയാണ്. അവിടെയിരിക്കുന്ന ബഹുമാനപ്പെട്ട പി. കെ കുഞ്ഞാലിക്കുട്ടിക്ക് അറിയാം, കഴിഞ്ഞ തവണ ഞാൻ ബഹളമുണ്ടാക്കിയപ്പോൾ അങ്ങ് ഇടപെട്ടാണ് മാണി സാറുടെ മറുപടി പ്രസംഗത്തിൽ 10 ലക്ഷം രൂപ അനുവദിച്ചുതന്നത്. പക്ഷേ അത് രേഖയിലില്ല എന്നുപറഞ്ഞ് തുക തന്നില്ല. ഈ വർഷം വീണ്ടും ബഹുമാന്യനായ കെ.സി. ജോസഫ് വഴി ഞാൻ എഴുതിക്കൊടുത്തു. ആരാണ് മൊയ്തു മൗലവി?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രദീപ്കുമാർ.......ഞാൻ പറയുന്നത് കേൾക്കണം, അങ്ങേയ്ക്ക് അനുവദിച്ച സമയത്തിൽനിന്നും എട്ട് മിനിട്ട് കൂടുതലായി.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ കൂടുതൽ സമയം എടുത്തില്ല, അവസാനിപ്പിക്കുന്നു. സ്വാതന്ത്ര്യ സമരസേനാനിയും ജീവിതാന്ത്യം വരെ കോൺഗ്രസുകാരനുമായ മൊയ്തു മൗലവിയുടെ സ്മാരകം നിർമ്മിക്കുന്നതിനായി തുടക്കമിട്ടത് പഴയ എം.എൽ.എ. ആയിരുന്ന സുജനപാലാണ്. പക്ഷേ നിങ്ങളുടെ ഗവൺമെന്റ് അന്ന് പണം അനുവദിച്ചില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എന്റെ എം.എൽ.എ. ഫണ്ടും അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രി തന്ന ഫണ്ടുമുപയോഗിച്ച് സ്മാരകം പണി പൂർത്തിയാക്കി. സ്വാതന്ത്ര്യ സമരസേനാനിയും മരണംവരെ കോൺഗ്രസ് പ്രവർത്തകനുമായിരുന്ന മൊയ്തു മൗലവിയുടെ കണ്ണട, വടി, ചെരുപ്പ് തുടങ്ങിയവയെല്ലാം എന്റെ എം.എൽ.എ. ഫണ്ടുപയോഗിച്ചുണ്ടാക്കിയിട്ടുള്ള മ്യൂസിയത്തിൽ സജ്ജീകരിച്ചിരിക്കുകയാണ്. അതിന്റെ നടത്തിപ്പിനായാണ് തുക ആവശ്യപ്പെട്ടത്. ഇവിടെ കാട്ടുകോഴിക്കെന്തു സംക്രാന്തി? സംക്രാന്തി കിം കാനന കുക്കുടസ്യ എന്നു പറഞ്ഞതുപോലെ മാണി സാറിന് എന്ത് സ്വാതന്ത്ര്യസമരം? അദ്ദേഹത്തിന് സ്വാതന്ത്ര്യസമരം അറിയുമോ? മൊയ്തുമൗലവി സാഹിബ് ആരായിരുന്നുവെന്നുള്ളത് കഴിഞ്ഞ വർഷം ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇടപെട്ട് പറഞ്ഞുകൊടുത്തതാണ്. അപ്പോൾ ശരി...... ശരി..... എന്നുപറഞ്ഞു. പിന്നെ ഒരു വാക്ക് പറഞ്ഞില്ല, വഞ്ചിച്ചു. ഒരു സ്വാതന്ത്ര്യ സമര സേനാനിയുടെ സ്മാരകത്തിനുവേണ്ടി പണം അനുവദിക്കുന്ന കാര്യത്തിൽ വഞ്ചനാപരമായ നിലപാടാണ് ശ്രീ. കെ. എം. മാണിയും ഈ ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നുവെന്നുള്ളതുകൊണ്ട് അത് അംഗീകരിക്കാനാവില്ല. കോഴിക്കോട്ടെ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ വലിയ പൈതൃകവും പാരമ്പര്യവും പോരാട്ടചരിത്രവുമുള്ള കോഴിക്കോടിന്റെ വികാരം കൂടിയാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഈ

ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിലെങ്കിലും ആ തുക അനുവദിച്ചു നൽകിയില്ലെങ്കിൽ വേറെ വിവരമറിയും അത്രയും കൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ശക്തമായി ഞാൻ എതിർക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ ...... ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.)

- *************